
അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി

അയ്മനം ഗ്രാമപഞ്ചായത്ത്


വികസനരേഖ 1996




കേരളം
Kottayam


ERNAKULAM
കോട്ടയം ജില്ല
IDUKKI
ALLEPPEY
PATHANAMTHITTA
VAIKOM TALUK
MEENACHIL TALUK
KOTTAYAM TALUK
CHANGANACHERRY TALUK
KANJIRAPPALLY TALUK
VAIKOM MUNICIPALITY
PALAI MUNICIPALITY
KOTTAYAM MUNICIPALITY
CHANGANACHERRY MUNICIPALITY
VEMBANAD LAKE

അയ്മനം പഞ്ചായത്ത്
ഭൂപടം



പഞ്ചായത്തതിർത്തി
വാർഡ് അതിർത്തി.
ബസ് റൂട്ട്.
മുഖ്യമായ റോഡുകൾ
റെയിൽ, തോട്ട് പാലം

49-2

അയ്മനം ഗ്രാമപഞ്ചായത്ത്

വികസന രേഖ : 1996

എഡിറ്റോറിയൽ ബോർഡ്

ജനറൽ എഡിറ്റർ

വി.എൻ. മുഹമ്മദ് ഇസ്മയിൽ

എഡിറ്റേഴ്സ്

ഒ. എൻ. ഗോപിനാഥൻ
കെ. കെ. കരുണാകരൻ
വി. കെ. രാജശേഖരൻ നായർ
പി. കെ. ഗോവിന്ദൻ
കുടമാളൂർ സെബാസ്റ്റ്യൻ
പി.വി. സുശീലൻ
ആർ. സി. നായർ

റിസോഴ്സസ് ഗ്രൂപ്പ് കൺവീനർമാർ

☐ കൃഷിയും ജലസേചനവും
ഒ. എൻ. ഗോപിനാഥൻ

☐ മൃഗസംരക്ഷണവും മത്സ്യബന്ധനവും
എം. എൻ. കമലൻ

☐ വ്യവസായം
വി. കെ. രാജശേഖരൻ നായർ

☐ വിദ്യാഭ്യാസം
കെ. കെ. ഭാനു

☐ കുടിവെള്ളവും പൊതുജനാരോഗ്യവും
ബാബു ഏബ്രഹാം

☐ ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
കുടമാളൂർ സെബാസ്റ്റൻ

☐ പാർപ്പിടവും സാമൂഹ്യക്ഷേമവും
കെ.സി. ചാണ്ടി

☐ സംസ്ക്കാരം
സി. പി. ദാമോദരൻ

☐ വനിതാ ക്ഷേമം
തങ്കമ്മ കുര്യൻ, പുഷ്പവല്ലി രാജപ്പൻ

☐ സഹകരണം
കെ.കെ കരുണാകരൻ

☐ പട്ടിക ജാതി, പട്ടിക വർഗ്ഗക്ഷേമം
പി.വി. സുശീലൻ

☐ വിഭവസമാഹരണം
കെ. എ. ശശിധരൻ

☐ ലിത്തോമാപ്പ്
പി. കെ. ഗോവിന്ദൻ

അയ്മനം ഗ്രാമപഞ്ചായത്ത്
വികസന രേഖ

ഉള്ളടക്കം

		പേജ്
1.	പഞ്ചായത്ത് പൊതുവിവരണം.	5
2.	ആമുഖം	7
3.	സാമൂഹിക-സാംസ്ക്കാരിക ചരിത്രം	9
4.	ഭൂപ്രകൃതി-ജനപ്രകൃതി	13
5.	വികസനമേഖലകൾ	
	5.1. കൃഷിയും ജലസേചനവും	15
	5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും	26
	5.3. വ്യവസായം	29
	5.4. വിദ്യാഭ്യാസം	35
	5.5. കുടിവെള്ളവും പൊതുജനാരോഗ്യവും	39
	5.6. ഗതാഗതം, വൈദ്യുതി, മാർക്കറ്റ്	44
	5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും	53
	5.8. സംസ്ക്കാരം	59
	5.9. വനിതാക്ഷേമം	62
	5.10. സഹകരണം	66
	5.11. പട്ടികജാതി / വർഗ്ഗക്ഷേമം	70
	5.12. വിഭവസമാഹരണം	74
6.	ഉപസംഹാരം	76


നമ്മുടെ ഭരണസാരഥികൾ



പ്രസിഡൻറ്
ഉഷാ ബാലചന്ദ്രൻ




വൈസ് പ്രസിഡൻറ്
കെ.കെ.ഭാനു



സ്റ്റാൻഡിംഗ്കമ്മിറ്റി ചെ
യർമാൻ കെ.സി.ചാണ്ടി




ബ്ളോക്കു പഞ്ചായത്ത്
പ്രസിഡൻറ് അയ്മനം ബാബു



ഒന്നാമത്തെ തെരഞ്ഞെടു ക്കപ്പെട്ട
പ്രസിഡൻറ് അഡ്വ. ഏ.പി.നായർ



രണ്ടാമത്തെ പ്രസിഡൻറ്
അഡ്വ. കെ.എൻ. കേശവൻനായർ



മൂന്നാമത്തെ പ്രസിഡൻറ്
റ്റി. രാമൻ ഭട്ടതിരിപ്പാട്



നാലാമത്തെ പ്രസിഡൻറ്
കെ. സുകുമാരൻ

പഞ്ചായത്ത് പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	അയ്മനം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	1. അയ്മനം (പൂർണ്ണം)
		2. പെരുമ്പായിക്കാട് (ഭാഗികം)
ഉൾപ്പെടുന്ന ബ്ളോക്ക് പഞ്ചായത്ത്	:	ഏറ്റുമാനൂർ
ഉൾപ്പെടുന്ന അസംബ്ളി മണ്ഡലം	:	ഏറ്റുമാനൂർ
ഉൾപ്പെടുന്ന താലൂക്ക്	:	കോട്ടയം
ഉൾപ്പെടുന്ന ജില്ല	:	കോട്ടയം
വിസ്തീർണ്ണം	:	30.03 ച. കിലോമീറ്റർ
അതിരുകൾ	:	വടക്ക് : കുടമാളൂർ ആറ്
		കിഴക്ക് : കുമാരനല്ലൂർ പഞ്ചായത്ത്
		തെക്ക് : ചുങ്കം ആറ്
		പടിഞ്ഞാറ് : വേമ്പനാട്ട് കായൽ, കുമരകം പഞ്ചായത്ത്.
സ്ഥാനം		(ഉത്തര രേഖാംശം , 10^{o} 35' പൂർവ്വ രേഖാംശം 78^{o} 34' ഇടയ്ക്ക്)
കിടപ്പ്		സമുദ്ര നിരപ്പിൽ നിന്നും 2 മീറ്റർ താഴെ മുതൽ 8 മീറ്റർ ഉയരം വരെ
ജനസംഖ്യ	:	32566 (1991 ലെ സെൻസസ്)
വീടുകളുടെ എണ്ണം	:	6564 (,, ,,)
വാർഡുകൾ	:	13
പ്രസിഡൻറിന്റെ പേര്	:	ഉഷാ ബാലചന്ദ്രൻ
വൈ. പ്രസിഡൻറിന്റെ പേര്	:	കെ.കെ ഭാനു
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	കെ.സി. ചാണ്ടി
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	:	എൻ. എ ദേവേന്ദ്രൻ

അയ്മനം വില്ലേജ് പൂർണ്ണമായി അയ്മനം ഗ്രാമപഞ്ചായത്തിലുൾപ്പെട്ടിരിക്കുന്നു. പെരുമ്പായിക്കാടു വില്ലേജിൽ വാരശ്ശേരി-തൂത്തൂട്ടി റോഡിന്റെ പടിഞ്ഞാറു ഭാഗത്തായി റീസർവ്വെ ബ്ളോക്കു നമ്പർ 26-ൽ സർവ്വെ നമ്പർ 333 മുതൽ 351 വരെയുള്ള ഉദ്ദേശം 85 ഏക്കറോളം സ്ഥലം അയ്മനം പഞ്ചായത്തിൽ പെട്ടതാണ്. ഇപ്പോഴത്തെ വില്ലേജ് അതിർത്തിയിൽ പ്രകൃതിദത്തമായ അതിരുകൾ ഇല്ല. അത് ഭരണപരമായ അസൗകര്യം സൃഷ്ടിക്കുന്നു. അതുപോലെ തന്നെ കുമരകം വില്ലേജിൽ റീസർവ്വെ ബ്ളോക്കു 10 ൽ ഉദ്ദേശം 35 ഏക്കർ സ്ഥലം കവണാറിന്റെ വടക്കേ കരയിലായി തൊള്ളായിരം പാടശേഖരത്തിന്റെ തെക്കുകിഴക്കേ മൂലയിലുണ്ട്. ഇതും അയ്മനം വില്ലേജിൽ ഉൾപ്പെടുത്തേണ്ടതാണ്.

കുമാരനല്ലൂർ പഞ്ചായത്തിൽപ്പെട്ടതും പെരുമ്പായിക്കാടു വില്ലേജിൽ ഉൾപ്പെട്ടതുമായ വാരിശ്ശേരി-തൂത്തൂട്ടി റോഡിന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രദേശം അയ്മനം പഞ്ചായത്തിലും അയ്മനം വില്ലേജിലും ഉൾപ്പെടുത്തി ഉത്തരവാകേണ്ടതാണ്. അതുപോലെ, കുമരകം വില്ലേജിൽപ്പെട്ട മുകളിൽ സൂചിപ്പിച്ച സ്ഥലം അയ്മനം വില്ലേജിൽ ചേർക്കേണ്ടതുമാണ്. ഇപ്രകാരം പുനഃക്രമീകരണം നടത്തിയാൽ അയ്മനം വില്ലേജ് അയ്മനം ഗ്രാമപഞ്ചായത്ത് എന്ന ഏകീകൃത അതിർത്തി സ്വഭാവം നിലനിർത്താനാവുന്നതാണ്. സർക്കാർ നയത്തിനനുസൃതമായ പ്രസ്തുത നടപടിമൂലം പഞ്ചായത്തിനും വില്ലേജിനും പ്രകൃതി ദത്തമായ അതിരുകൾ ഉണ്ടാകുന്നത് ഭരണപരമായ സൗകര്യം വർദ്ധിപ്പിക്കുന്നതുപോലെ തന്നെ പൊതുജനങ്ങൾക്കും ഏറെ ഉപകാര പ്രദമാകുന്നതാണ്

അയ്മനം ഗ്രാമപഞ്ചായത്ത് ഭരണസാരഥികൾ

നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ അയ്മനം വില്ലേജ് യൂണിയൻ

1. അഡ്വ. പി.ജെ. കുര്യൻ (പ്രസിഡൻറ്)
2. ഒളശ്ശ ദാമോദരൻ നായർ (വൈ. പ്രസിഡൻറ്)
3. കോട്ടപ്പറമ്പിൽ നൈനാൻ (മെമ്പർ)
4. K. I. തോമസ്സ് (,,) (വില്ലേജ് ആഫീസർ, അയ്മനം)

തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്തു കമ്മറ്റി

1953 ജൂലൈയിൽ അധികാരമേറ്റു

1. അഡ്വ. A.P നായർ (പ്രസിഡൻറ്)
2. M. N നായർ (വൈസ് പ്രസിഡൻറ്)
3. M. K ഫിലിപ്പ് (മെമ്പർ)
4. M. R. M കൈമൾ (,,)
5. C. ചെറിയാൻ (,,)
6. കെ. കുട്ടി (,,)
7. K. N കേശവൻ നായർ (,,)
8. T. I വാവ (,,)
9. P. K പരമേശ്വരൻ നായർ (,,)

പി.കെ പരമേശ്വരൻ നായരുടെ തെരഞ്ഞെടുപ്പ് അസാധുവാക്കിയതിനെ തുടർന്ന് പി.കെ. ഉണ്ണീര തെരഞ്ഞെടുക്കപ്പെട്ടു.

രണ്ടാമത്തെ പഞ്ചായത്തു കമ്മറ്റി

1 K.N കേശവൻ നായർ (പ്രസിഡൻറ്)
2. M.K വാസു (വൈസ് പ്രസിഡൻറ്)
3. A.V ജോർജ്ജ് (മെമ്പർ)
4. P.K കേശവൻ (,,)
5. T.I വാവ (,,)
6. കൊച്ചാപ്പി മാസ്റ്റർ (,,)
7. M.K ഫിലിപ്പ് (,,)
8. M.K നാരായണൻ നായർ (,,)
9. ഇട്ടി ജോർജ്ജ് മുഞ്ഞനാട്ട് (,,)
10. C.R ദാമോദരൻ നായർ (,,)

മൂന്നാമത്തെ പഞ്ചായത്തു കമ്മറ്റി

1. ടി. രാമൻ ഭട്ടതിരിപ്പാട് (പ്രസിഡൻറ്)
2. M.K വാസു (വൈസ് പ്രസിഡൻറ്)
3. കെ.കെ ഭാനു (മെമ്പർ)
4. ജസ്സി (,,)
5. നീലകണ്ഠ അയ്യർ (,,)
6. പി.എൻ രാജപ്പൻ (,,)
6. ബാബുചാക്കോ (,,)
7. ശാരദാമ്മ (,,)
8. അയ്മനം ബാബു (,,)
9. വർഗ്ഗീസ് വെളാശ്ശേരി (,,)
10. M. K ചെല്ലപ്പൻ (,,)

നാലാമത്തെ പഞ്ചായത്തു കമ്മറ്റി

1. K. S ശാസ്ത്രി (പ്രസിഡൻറ്)
2. K. C ചാണ്ടി (വൈസ് പ്രസിഡൻറ്)
3. M. K പത്മനാഭൻ (മെമ്പർ)
4. V. V മോഹനൻ (,,)
5. T. V രാജപ്പൻ (,,)
6. Dr. സി.കെ. കോമളം (,,)
7. E.I ചാണ്ടി (,,)
8. M. K കരുണാകരൻ (,,)
9. P. V സുശീലൻ (,,)
10. ശശിധരൻ (,,)
11. മണിയമ്മ രവീന്ദ്രൻ (,,)
12. V. P പ്രതാപൻ (,,)

നിലവിലുള്ള പഞ്ചായത്തു കമ്മറ്റി

1. ഉഷാ ബാലചന്ദ്രൻ (പ്രസിഡൻറ്)
2. കെ.കെ. ഭാനു (വൈസ് പ്രസിഡൻറ്)
3. K. C ചാണ്ടി (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
4. P. K പത്മനാഭൻ (മെമ്പർ)
5. ബാബു ഏബ്രഹാം (,,)
6. സുജാത പൊന്നപ്പൻ (,,)
7. ലിസ്സി ഏബ്രഹാം (,,)
8. M.K കരുണാകരൻ (,,)
9. പുഷ്പവല്ലി രാജപ്പൻ (,,)
10. കുടമാളൂർ സെബാസ്റ്റ്യൻ (,,)
11. പി. വി. സുശീലൻ (,,)
12. വി. പി. പ്രതാപൻ (,,)
13. തങ്കമ്മ കുര്യൻ (,,)

ആമുഖം :

ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ ഉളവായിരിക്കുന്ന ആവേശവും ജനപങ്കാളിത്തവും വലിയ പ്രതീക്ഷകൾക്ക് ജന്മം നൽകിയിരിക്കുന്നു. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയർന്ന് ആസൂത്രണ പരിപാടി വിജയകരമായി പൂർത്തിയാക്കുവാൻ നാം തയ്യാറാവേണ്ടതാണ്.

ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടേയും നിയന്ത്രണത്തിലിരിക്കുന്ന ആസൂത്രണ സമിതികളുടെ സ്ഥാനത്ത് ജനപ്രതിനിധികൾക്ക് മഹാഭൂരിപക്ഷമുള്ള സമിതി നിലവിൽ വരുന്നു എന്നതു മാത്രമല്ല ജനകീയാസൂത്രണത്തിന്റെ പ്രത്യേകത - ജനങ്ങൾക്ക് നേരിട്ടു പങ്കെടുക്കാവുന്ന ഗ്രാമസഭകളിലൂടെ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ഭരണകാര്യങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് ഉപയുക്തമായ സംഘടനാ രൂപമുണ്ടാക്കുവാനും ഇതുവഴി കഴിയുന്നു. ആസൂത്രണം ചെയ്യുന്നതിനോ വികസന സ്ക്കീമുകൾ നടപ്പിലാക്കുന്നതിനോ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇല്ലാതിരുന്ന അധികാരം പുതിയ പഞ്ചായത്തീ രാജ് നിയമങ്ങളിലൂടെ ലഭിച്ചു എന്നതാണ് പ്രധാനപ്പെട്ട കാരണം.

ഈ പശ്ചാത്തലത്തിലാണ് ബഹു: കേരളാ ഗവൺമെൻറും സംസ്ഥാന പ്ലാനിംഗ് ബോർഡും ഒൻപതാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതി എന്ന ആശയവും അതിനുള്ള കർമ്മ പരിപാടികളും ആവിഷ്ക്കരിച്ചത്. ആസൂത്രണത്തിനുള്ള അധികാരം ജനങ്ങൾക്കു നൽകിയ തോടൊപ്പം തന്നെ ജനങ്ങളെ ഇതിൽ പങ്കാളികളാക്കുന്നതിനു വേണ്ട പരിശീലന പരിപാടികളും പ്രോത്സാഹനവും നടപ്പിലാക്കി. ജനകീയാസൂത്രണത്തിനാവശ്യമായ വിദഗ്ധ സംഘത്തെ പ്രാദേശികമായി തന്നെ കണ്ടെത്തുവാനും അവർക്കു പരീശീലനം നൽകി ഗ്രാമവികസന റിപ്പോർട്ടുകളും പദ്ധതികളും തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള കോർ ഗ്രൂപ്പുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തന പരിപാടികളും ആവിഷ്ക്കരിച്ചു. വികസന ദാഹികളായ ഗ്രാമീണ ജനത ഈ പുതിയ സങ്കൽപത്തെ ആവേശപൂർവ്വം സ്വാഗതം ചെയ്തു. എങ്ങും കൂട്ടം കൂട്ടമായി ജനങ്ങൾ ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായ ഗ്രാമസഭകളിലും പഠന പ്രവർത്തനങ്ങളിലും പങ്കെടുക്കുന്ന കാഴ്ച സർവ്വ സാധാരണമായി.

1996 സെപ്റ്റ: 15, 16, 17 തീയതികളിലായി കോട്ടയത്ത് പുല്ലരിക്കുന്ന് ജീവധാരയിൽ നടന്ന റിസോഴ്സസ് പേഴ്സൺമാരുടെ പരിശീലന ക്യാമ്പോടു കൂടിയാണ് അയ്മനം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം പ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന് സെപ്റ്റംബർ 22-ാം തീയതി അയ്മനം P.J.M.U.P.S ൽ വച്ച് 250 ഓളം സന്നദ്ധ പ്രവർത്തകർക്ക് പഞ്ചായത്തു തലത്തിൽ പരിശീലനം നൽകുകയുണ്ടായി. നമ്മുടെ ഗ്രാമപഞ്ചായത്തിൽ പെട്ട 13 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ സമയ ബന്ധിതമായി വിളിച്ചു കൂട്ടി ജനകീയാസൂത്രണ സന്ദേശം ഗ്രാമവാസികളിലെത്തിക്കുവാനും വികസന പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുവാനും ഇതുവഴി പരിപാടികളാവിഷ്ക്കരിച്ചു. പ്രതികൂല കാലാവസ്ഥയെപ്പോലും അതിജീവിച്ച് നിശ്ചിത സമയത്തിനുള്ളിൽ തന്നെ നമ്മുടെ 13 വാർഡുകളിലും വിശേഷാൽ ഗ്രാമ സഭകൾ ചേർന്ന് വികസന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന വിവരങ്ങൾ ചർച്ചകളിലൂടെ ശേഖരിച്ചു.

വിവിധ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം, വിദഗ്ധരുമായുള്ള ചർച്ചകൾ, അനുഭവ സമ്പന്നരുമായുള്ള കൂടിക്കാഴ്ചകൾ, പഠന പര്യടനങ്ങൾ, നാട്ടറിവും കേട്ടറിവും എല്ലാം ഈ വികസന റിപ്പോർട്ടിനെ പരിപോഷിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തു അംഗങ്ങളും ജീല്ലാ പരിശീലനം ലഭിച്ച റിസോഴ്സസ് പേഴ്സൺമാരും ഉൾപ്പെടുന്ന അയ്മനം ഗ്രാമപഞ്ചായത്തു വികസന സമിതി നിരന്തരം സമ്മേളിച്ച് 12 വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

വികസന രേഖ ഓരോ വിഷയം അടിസ്ഥാനമാക്കി ചർച്ച ചെയ്യുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും വേണ്ടിയാണ് ഈ സെമിനാർ വിളിച്ചു ചേർത്തിട്ടുള്ളത്. വിശദമായ ചർച്ചയിലൂടെ ക്രിയാത്മകമായ കൂടുതൽ നിർദ്ദേശങ്ങൾ നൽകി രേഖ സമ്പുഷ്ടമാക്കുമെന്നു പ്രതീക്ഷിക്കട്ടെ. സെമിനാറിൽ നിന്നും ഓരോ വിഷയത്തിനും കർമ്മ സമിതികളെ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിദഗ്ധർ, അനുഭവ സമ്പന്നരായ ഗ്രാമീണർ എന്നിവരുൾപ്പെടുന്ന കർമ്മ

സമിതികളാണ് ഒൻപതാം പഞ്ചവൽസര പദ്ധതി വഴി നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാനുള്ള സ്കീമുകളും പ്രോജക്ടുകളും തയ്യാറേക്കേണ്ടത്.

ഒൻപതാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതി എന്നതിൽ നിന്നും ഒരു പടി മുന്നോട്ടു വന്ന് " ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി " എന്ന നിലയിലേക്ക് ഓരോ വ്യക്തിയും വികസന പ്രവർത്തനങ്ങളുമായി കൂടുതൽ ആത്മബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഇതിലേക്കായി നമ്മുടെ ഗ്രാമ സഭകൾ കൂടുതൽ സജീവമാകേണ്ടതും അൻപതു വീട്ടുകാർ വീതം ചേർന്ന അയൽക്കൂട്ടങ്ങൾ എല്ലാ വാർഡുകളിലും നിരന്തരം സമ്മേളിച്ച് ജനകീയാ സൂത്രണ സന്ദേശം. യാഥാർത്ഥ്യമാക്കുവാൻ സജീവമായി പ്രവർത്തിക്കേണ്ടതുമാണ്. പഞ്ചായത്തുതല വികസന സമിതി അർപ്പണ ബോധമുള്ള കൂടുതൽ ആളുകളെ ഉൾപ്പെടുത്തി വിപുലപ്പെടുത്താവുന്നതാണ്. ജനകീയാ സൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും സജീവമാക്കേണ്ടതാണ്. ഈ വെല്ലുവിളി ധൈര്യപൂർവ്വം നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നം യാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞത്തിൽ ഇന്നു ഞങ്ങൾ പങ്കു ചേരുന്നു എന്ന് കൂട്ടായി നമുക്ക് പ്രതിജ്ഞയെടുക്കാം.

□

സാമൂഹിക സാംസ്ക്കാരിക ചരിത്രം

അയ്മനത്തിന്റെ ചരിത്രം ഐതീഹ്യങ്ങളിലും യാഥാർത്ഥ്യങ്ങളിലും കോർത്തിണക്കപ്പെട്ടതാണ്. പഞ്ച പാണ്ഡവർ വനവാസകാലത്ത് താമസിച്ചിരുന്ന വനപ്രദേശത്തിന് " ഐവർ വനം " എന്ന പേരുണ്ടായതായും ക്രമേണ " ഐമനം " ആയി എന്നുമാണ് ഐതീഹ്യം. തെക്കുംകൂർ, ചെമ്പകശ്ശേരി എന്നീ നാട്ടുരാജാക്കൻമാരുടെ അധീനതയിലായിരുന്ന രണ്ടു ഭൂവിഭാഗങ്ങളായ കുടമാളൂരും അയ്മനവും കൂടി ചേർന്നുണ്ടായതാണ് ഇന്നത്തെ അയ്മനം.

കുമാരനല്ലൂർ ക്ഷേത്രത്തിലെ ഊരാണ്മസ്ഥാനം നഷ്ടപ്പെട്ട ചെമ്പകശ്ശേരി മനയിലെ വിധവയും മകൻ ഉണ്ണി നമ്പൂതിരിയും മുത്തശ്ശിയും ' അയ്മനം ' എന്ന പേരിലറിയപ്പെട്ടിരുന്ന ഇവരുടെ ആശ്രിതനും കൂടി തിരുവിതാംകൂറുകാരായ ചില പട്ടാളക്കാരുടെ സഹായത്തോടെ തെക്കുംകൂർ രാജാവിൽ നിന്നും കൗശലപൂർവ്വം നേടിയ പ്രദേശമാണ് കുടമാളൂർ. ഉണ്ണിനമ്പൂതിരിയുടെയും മറ്റും ദയനീയ സ്ഥിതി മനസ്സിലാക്കിയ തെക്കുംകൂർ രാജാവ് ഉടവാൾകൊണ്ട് ഒരു ദിവസം വെട്ടിപ്പിടിക്കാവുന്ന സ്ഥലം തന്റെ രാജ്യത്തു നിന്നും സ്വന്തമാക്കിക്കൊള്ളാൻ കല്പിച്ചുപോലും, സമർത്ഥനായ അയ്മനം, പട്ടാളക്കാരുടെ സഹായത്താൽ രാജാവു നൽകിയ ഉടവാൾകൊണ്ട് വെട്ടിപ്പിടിച്ച ഊര് അഥവാ ദേശം കാലക്രമേണ " കുടമാളൂർ " എന്നു പ്രസിദ്ധമായി എന്നാണ് ഒരൈതിഹ്യം. ചെമ്പകശ്ശേരി രാജസദസ്സിലെ കവിയായിരുന്ന കുഞ്ചൻ നമ്പ്യാർ കുടമാളൂരിൽ താമസിച്ചാണ്. " കിരാതം " വഞ്ചിപ്പാട്ട് എഴുതിയിട്ടുള്ളത് എന്നു ചില രേഖകളിൽ കാണാം. കുടമാളൂർ ചെമ്പകശ്ശേരി മന്ത്രിമാരുടെ ആസ്ഥാനമായിരുന്നെങ്കിൽ, അയ്മനം തെക്കും കൂർ മന്ത്രിമാരുടെ ആസ്ഥാനമായിരുന്നു. കോട്ടയും കൊട്ടാരവും സ്ഥിതി ചെയ്തിരുന്ന തളികോട്ട അയ്മനത്തിന്റെ തെക്കെ അതിർത്തിയിലായിരുന്നു.

അയ്മനം ഒരർത്ഥത്തിൽ ദേവാലയങ്ങളുടെ നാടാണെന്നു പറയാം. ചെറുതും വലുതുമായ മുപ്പതോളം ഹൈന്ദവക്ഷേത്രങ്ങളും പത്തു ക്രൈസ്തവ ദേവാലയങ്ങളും രണ്ടു മൂസ്ലീം പള്ളികളും ഇവിടെ ഉണ്ട്. ഇവ കൂടാതെ S.N.D.P വകയായി നാല് ശ്രീനാരായണഗുരു മന്ദിരങ്ങളും രണ്ടു വിശ്വകർമ്മക്ഷേത്രങ്ങളും ഉണ്ട്. ഈ നാടിന്റെ സാംസ്ക്കാരിക സാമൂഹിക വളർച്ചയിൽ ഇവ നൽകിയിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്.

1. വേട്ടയ്ക്കൊരു മകൻ കോവിൽ, ഒളശ്ശ.

വേട്ടയ്ക്കൊരു മകനെ കുല ദൈവമായി ആരാധിച്ചിരുന്ന ചില ശ്രേഷ്ഠികൾ (ചെട്ടിയാർ) തമിഴ്നാട്ടിലെ കുംഭകോണത്തു നിന്നും കൊച്ചിയിലെത്തി വേമ്പനാട്ടു കായലിലൂടെ വള്ളത്തിൽ യാത്ര തിരിച്ചു. കാറ്റും കോളും മൂലം വള്ളം അപകടത്തിൽ പെട്ടപ്പോൾ കൂടെയുണ്ടായിരുന്ന അപരിചിതൻ പങ്കായം വാങ്ങി വള്ളം നേർവഴിക്കു നയിച്ചു. വള്ളം കരയ്ക്കടുത്തപ്പോൾ അപരിചിതൻ അടുത്തു കണ്ട കെട്ടിടത്തിൽ കയറിയിരുന്നു. ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിനു വേണ്ടി തെക്കുംകൂർ രാജാവു നിർമ്മിക്കുന്ന കെട്ടിടമായിരുന്നു അത്. അടുത്ത ദിവസം ജോലിക്കാരെത്തിയപ്പോൾ ശ്രീകോവിലിനുള്ളിൽ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നതായി കണ്ടു. വള്ളം കരയ്ക്കടുത്ത ഭാഗത്ത് കണ്ട വൃദ്ധനോടാരാണെന്ന് അന്വേഷിച്ചതിൽ " ഏൻ ആദി " യാണെന്നു മറുപടി പറഞ്ഞതായി പറയപ്പെടുന്നു. ഈ സ്ഥലം ഇപ്പോഴും " ഏനാദി " എന്നറിയപ്പെടുന്നു. വള്ളം തുഴയാൻ സഹായിച്ച അപരിചിതൻ വേട്ടയ്ക്കൊരുമകനാണെന്ന സങ്കൽപം നിലനിൽക്കുന്നു. ഇതിന്റെ പഴക്കത്തെപ്പറ്റി രേഖകളൊന്നുമില്ല.

2. പരിപ്പ് ശിവക്ഷേത്രം

കൊല്ലവർഷാരംഭത്തിനു മുമ്പു തന്നെ ഈ ക്ഷേത്രം ഉള്ളതായി പറയുന്നു. ഇടപ്പള്ളി രാജാവിന്റെ വകയായിരുന്ന ക്ഷേത്രഭരണത്തിനായി ഉദ്യോഗസ്ഥന്മാരെ താമസിപ്പിച്ചു ഭരിപ്പ് (ഭരണം) നടത്തിയിരുന്നതിനാൽ ഈ സ്ഥലത്തിന് " പരിപ്പ് " എന്നു പേരുണ്ടായി. നായർ വിഭാഗത്തിൽപെട്ട പരിപ്പുവർ (പള്ളിച്ചാൻമാർ) ഇവിടെ താമസിച്ചിരുന്നു എന്നും പരിപ്പുവരുടെ കേന്ദ്രത്തിനു പരിപ്പ് എന്നു പേരുവന്നതായും പറയപ്പെടുന്നുണ്ട്. മേടമാസത്തിലാണ് ഇവിടെ ഉൽസവം.

3. കുമ്മനം ഇളംകാവ് ഭഗവതിക്ഷേത്രം

കടപ്പന കുടുംബത്തിലെ വലിയമ്മ സ്ഥിരമായി പാറപ്പാടത്തു ദർശനം നടത്തി വന്നിരുന്നു. ഒരു ദിവസം ക്ഷേത്രത്തിലെത്തിയപ്പോഴേക്കും നടയടച്ചുപോയി. ദർശനം കിട്ടാതെ മടങ്ങിപ്പോയ ഭക്തയുടെ മേൽ കാരുണ്യം തോന്നിയ ഭഗവതി കൂടെ വന്നു കടപ്പന കുടുംബത്തിലെ പാലച്ചുവട്ടിൽ കൂടികൊണ്ടു എന്നും അവിടെ ശ്രീകോവിൽ പണിതു എന്നുമാണ് ഐതീഹ്യം. 700 ലേറെ വർഷത്തെ പഴക്കമുള്ളതായി പറയുന്നു.

4. തിരുവാറ്റ ശ്രീകൃഷ്ണസ്വാമിക്ഷേത്രം

പാണ്ഡവരുടെ വനവാസക്കാലത്ത് ധർമ്മ പുത്രർ പ്രതിഷ്ഠിച്ചതാണെന്നാണൈതീഹ്യം. പാണ്ഡവം ശ്രീ സുബ്രഹ്മണ്യ ക്ഷേത്രമുൾപ്പെടെ അഞ്ച് ഉപക്ഷേത്രങ്ങളുണ്ട്.

5 ഇരവീശ്വരം ശിവക്ഷേത്രവും കരീകുളങ്ങര ദേവീക്ഷേത്രവും

ഇരവി എന്നൊരു ബ്രാഹ്മണ സന്യാസി വട്ടക്കോട്ടയിൽ തപസ്സനുഷ്ഠിച്ചിരുന്നു. വനവാസക്കാലത്ത് ശ്രീരാമന്റെ അനുഗ്രഹം വാങ്ങി ക്ഷേത്രം സ്ഥാപിച്ചു എന്ന് ഐതീഹ്യം പരശുരാമൻ കേരളത്തിൽ സ്ഥാപിച്ച ശിവക്ഷേത്രങ്ങളിലും ഭഗവതീക്ഷേത്രങ്ങളിലും ഓരോന്ന് ഇരവീശ്വരത്തും കരീകുളങ്ങരയും സ്ഥാപിച്ചു എന്നും മറ്റൊരു ഐതീഹ്യവുമുണ്ട്. ദേവീക്ഷേത്രത്തിനോടനുബന്ധിച്ചുള്ള കുളത്തിലാണ് ചെമ്പകശ്ശേരി രാജാവിന്റെ ആനയെ കുളിപ്പിച്ചിരുന്നത്. കരി (ആന) യെ കുളിപ്പിച്ച കുളം കരീകുളമായും ക്ഷേത്രത്തിനു കരീകുളങ്ങര ക്ഷേത്രമെന്നും പേരുണ്ടായി എന്നും കേൾക്കുന്നു

6. പാണ്ഡവം ശ്രീ ധർമ്മശാസ്താ ക്ഷേത്രം

വനവാസക്കാലത്ത് പാണ്ഡവർ ഇവിടെ താമസിച്ചിരുന്നു എന്നും സംഹാരമൂർത്തിയായ ശാസ്താവിനെ പ്രതിഷ്ഠിച്ചതായും പറയുന്നു. ഈ ക്ഷേത്രത്തിന്റെ മേൽക്കൂര ഉൾപ്പെടെ പൂർണ്ണമായും കരിങ്കല്ലിൽ തീർത്തതാണ്. ശ്രീകോവിലിന് മുൻഭാഗത്തുള്ള മണ്ഡപം ഒറ്റക്കല്ലിൽ തീർത്തിട്ടുള്ളതാണ്. കേരളത്തിൽ മറ്റൊരു ക്ഷേത്രത്തിലും ഈ വിധത്തിലുള്ള ഒറ്റക്കൽ മണ്ഡപം ഇല്ല. ക്ഷേത്രത്തിന്റെ ഭിത്തികളിൽ പച്ചിലച്ചാറുകൊണ്ടെഴുതിയിട്ടുള്ള വിവിധ ചിത്രങ്ങൾ ക്ഷേത്രത്തിന്റെ പൗരാണികത്വം വിളിച്ചറിയിക്കുന്നതാണ്. അമൂല്യങ്ങളായ ഈ ചിത്രങ്ങൾ വേണ്ടത്ര സംരക്ഷണമില്ലാതെ നശിച്ചുകൊണ്ടിരിക്കുന്നു.

7. വാസുദേവപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം

ചെമ്പകശ്ശേരി രാജാക്കൻമാരുടെ തലസ്ഥാനമായ കുടമാളൂരിലാണീ ക്ഷേത്രം. ക്രിസ്തുബ്ദത്തിന്റെ ആരംഭ ദശകളിൽ കായലായ പ്രദേശമായതിനാൽ വെള്ളം കയറാത്ത ഉയർന്ന സ്ഥലത്താണ് ക്ഷേത്രം സ്ഥാപിച്ചിട്ടുള്ളത്. ക്ഷേത്ര സ്ഥാപനത്തെക്കുറിച്ച് പ്രത്യേക ഐതീഹ്യമൊന്നുമില്ല.

8. ശ്രീ നരസിംഹസ്വാമിക്ഷേത്രം, അയ്മനം.

സനന്തനൻ എന്നൊരു ബ്രാഹ്മണൻ ദൈവത്തെ പ്രത്യക്ഷപ്പെടുത്താനായി അയ്മനത്ത് തപസ്സനുഷ്ഠിച്ചുവെന്നും അതുവഴി വന്ന വനവേടൻ അദ്ദേഹത്തെ സമീപിച്ച് ദൈവത്തെപ്പറ്റി ചോദിച്ചു എന്നും വനവേടൻ സിംഹത്തിന്റെ തലയും മനുഷ്യന്റെ ഉടലുമുള്ള ഒരു ജീവിയെ പിടിച്ചുകൊണ്ടു വന്നു എന്നും അത് യഥാർത്ഥ നരസിംഹം ആയിരുന്നു എന്നും ഐതീഹ്യം. സനന്തനൻ തപസ്സനുഷ്ഠിച്ച സ്ഥാനത്ത് നരസിംഹ വിഗ്രഹം സ്ഥാപിച്ചു. ഇവിടെയാണ് ഇന്നത്തെ തിരു അയ്മനം ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചിങ്ങമാസത്തെ തിരുവോണമാണ് ഇവിടുത്തെ ആറാട്ട്. ദേവസ്വം ബോർഡ് നല്ല നിലയിൽ പരിപാലിച്ചു പോരുന്ന ക്ഷേത്രങ്ങളിലൊന്നാണിത്.

ഇവകൂടാതെ പൂവാങ്കുളങ്ങര ദേവീക്ഷേത്രം, ചെറുവള്ളിക്കാവ് ഭഗവതീക്ഷേത്രം, പൂന്ത്രക്കാവ് ഭഗവതീക്ഷേത്രം, ചെമ്പകശ്ശേരി രാജാവിന്റെ വകയായിരുന്ന പടിഞ്ഞാറ്റുകാവ്, കൃഷ്ണ സ്വാമിക്ഷേത്രം, അയ്യപ്പൻകാവ്, കുടമാളൂർ ഗണപതീ ക്ഷേത്രം എന്നിങ്ങനെ ഏതാനും ക്ഷേത്രങ്ങളും കല്ലുമട ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, വിരിപ്പുകാലാ ശ്രീ ശക്തീശ്വര ക്ഷേത്രം, അമ്പലക്കടവു ക്ഷേത്രം എന്നിവയും നിലനിൽക്കുന്നു. അയ്മനത്തിന്റെ പൗരാണികവും നൂതനവുമായ സംസ്ക്കാരത്തിന്റെ ഉത്തമ നിദർശനങ്ങളാണീ ക്ഷേത്രങ്ങളെല്ലാം.

കുടമാളൂർ സെൻറ് മേരീസ് കത്തോലിക്കാ പള്ളി

പൗരാണിക പാശ്ചാത്യ കലയുടേയും ദേശീയ ക്ഷേത്ര വാസ്തുശില്പകലയുടേയും സമ്മിശ്ര സമ്മേളനമാണ് കുടമാളൂർ പഴയപള്ളി. ചെമ്പകശ്ശേരി രാജാവ് അമ്പലപ്പുഴ വാണിരുന്ന കാലത്ത് മുടിയൂർക്കര, ആർപ്പൂക്കര, കൈപ്പുഴ, നീണ്ടൂർ, ഓണംത്തുരുത്തി, കാണക്കാരി എന്നീ പ്രദേശങ്ങൾ ചേർത്ത് ഒരു സാമന്തര രാജാവ് (നമ്പൂതിരി) കൈപ്പുഴ ഉണ്ടായിരുന്നു. കാലപ്പഴക്കത്തിൽ പ്രജാതൽപരനല്ലാതായ രാജാവ് ദുർഭരമായ വിഷമം ജനങ്ങൾക്കുണ്ടാക്കി. ഇതിൽ പ്രയാസപ്പെട്ട ചിലയാളുകൾ കുഞ്ഞൻനമ്പ്യാരുടെ സഹായത്തോടെ തമ്പുരാനെ സങ്കടമുണർത്തിച്ചു. പാരുഷ്യം പൂണ്ട രാജാവ് പ്രധാനമന്ത്രിയായ മാത്തൂർ ശങ്കരനാരായണപണിക്കരെ വരുത്തി കൈപ്പുഴ രാജാവിന്റെ ഇല്ലം പൊളിച്ച് കുടമാളൂരിൽ ചെമ്പകശ്ശേരി ഇല്ലത്തിനു സമീപത്തായി ക്രിസ്ത്യാനികൾക്ക് ഒരു പള്ളി പണിയിച്ചു നൽകാൻ കൽപ്പനയായി. തന്റെ ശത്രുക്കളായ നമ്പൂതിരിമാരെ കൊന്നൊടുക്കിയതിന്റെ പ്രായശ്ചിത്തമായി അപരിചിതനായ ഒരു സന്യാസിയുടെ ഉപദേശപ്രകാരം ചെമ്പകശ്ശേരി രാജാവ് കൃസ്ത്യാനികൾക്കായി പണിയിച്ചു നൽകിയ ദേവാലയമാണെന്നും പറയപ്പെടുന്നു. കൊട്ടാരത്തിന്റെ സംരക്ഷയ്ക്കായി നിർമ്മിച്ച മൺകോട്ടയ്ക്കകത്തു സ്ഥാപിച്ചിരുന്ന ഗണപതി ക്ഷേത്രത്തിനു നേരെയായിരുന്നു ആദ്യം പള്ളിപണി തുടങ്ങിയത്. ഗണപതീ കോപത്താൽ പണി തടസ്സപ്പെട്ടതിനെ തുടർന്ന് ഗണപതി ക്ഷേത്രം പൊളിച്ച് വിഗ്രഹം പടിഞ്ഞാറേക്കു ദർശനമായി സ്ഥാപിച്ചു. പള്ളിപണി തടസ്സം കൂടാതെ പൂർത്തിയാക്കിയെന്നും പറയപ്പെടുന്നുണ്ട്. ഈ പള്ളിക്കു മോന്തായം പണിതിട്ടില്ലെന്നതു പോലെ തന്നെ പ്രാർത്ഥനാ ഹാളിൽമച്ചും തുലാങ്ങളിൽ പൂക്കളും കൊത്തിയിട്ടുള്ളത് വിശേഷമാണ്.

ചെമ്പകശ്ശേരി രാജാക്കൻമാരുടെ പ്രജാവാൽസല്യവും മതമൈത്രീ തൽപരതയും വിളിച്ചറിയിക്കുന്നതാണീ ദേവാലയം.

1818- ൽ സ്ഥാപിച്ച കല്ലുങ്കത്ര സെൻറ് ജോർജ്ജ് യാക്കോബായ പള്ളി , 1817 ൽ സ്ഥാപിക്കപ്പെട്ട ഐക്ക രച്ചിറ കത്തോലിക്കാപള്ളി, 1840 ൽ സ്ഥാപിച്ച ഒളശ്ശ CSI, വക സെൻറ് മാർക്സ് പള്ളി, എന്നിവയും പ്രസിദ്ധങ്ങളായ ക്രൈസ്തവ ദേവാലയങ്ങളാണ്. ഒളശ്ശ സെൻറ് ആൻറിണീസ് ക്നാനായ കത്തോലിക്കാ പള്ളി, സെൻറ് ജോൺസ് യാക്കോബായ സുറിയാനി പള്ളി (പൊന്നാരത്തു പള്ളി) സെൻറ് മേരീസ് & സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളി, കൊമ്പനാൽ മർത്തോമ്മാ പള്ളി, CSI പള്ളി കൊമ്പനാൽ, സെൻറ് ജോർജ്ജ് യാക്കോബായ പള്ളി കുമ്മനം എന്നിവയും വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു.

ഈ പഞ്ചായത്തിലെ ന്യൂനപക്ഷ സമുദായമായ മുസ്ലീംങ്ങളുടെ വകയായി കുടമാളൂർ പുളിഞ്ചുവടു ഭാഗത്തുള്ള മസ്ജിദ്നൂർ പള്ളിയും വട്ടക്കോട്ടയിലുള്ള ഇസ്ലാഹുൽ ഇഖ്വാൻ മദ്രസ്സയും ഈ അടുത്ത കാലത്തായി സ്ഥാപിക്കപ്പെട്ടവയാണ്.

S.N.D.P സഭയുടെ നേതൃത്വത്തിലുള്ള 34-ാം നമ്പർ വല്യാടു ശാഖയും 36-ാം നമ്പർ കല്ലുമട ശാഖയും 37-ാം നമ്പർ മര്യാത്തുരുത്തു ശാഖയും ശ്രീ നാരായണ ഗുരു നേരിട്ട് രജീസ്ട്രേഷൻ നൽകിയിട്ടുള്ള ശാഖകളാണ്. ഈ കാലഘട്ടത്തിൽ വല്യാട്ടിൽ നടന്ന ഉത്തര തിരുവിതാംകൂർ സഹോദരസംഘം സമ്മേളനത്തിൽ സഹോദരൻ അയ്യപ്പൻ, മുതുകുളം പാർവ്വതിയമ്മ, മുക്കോത്തു കുമാരൻ, കെ.സി. കുട്ടൻ എന്നിവർ പങ്കെടുത്തു. അയ്മനം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ SNDP യോഗം ശാഖകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

രാജഭരണകാലം മുതലേ നായർ സർവ്വീസ് സൊസൈറ്റി സജീവമായി സമുദായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വന്നിരുന്നു. കരയോഗ പ്രവർത്തനം ആരംഭിച്ചത് പരിപ്പിലാണ്. നായർ സമുദായത്തിൻെറ അനിഷേധ്യ നേതാവായിരുന്ന മന്നത്തു പത്മനാഭൻ ഈ പ്രദേശത്ത് വരികയും സമുദായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൻെറ എല്ലാ പ്രദേശത്തും എൻ. എസ്സ്. എസ്സ് സാമൂഹ്യവീക്ഷണത്തോടും സേവന നൽപരതയോടും കൂടി പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ ഒളശ്ശ, അയ്മനം, തിരുവാറ്റ, കുമ്മനം, കുടമാളൂർ, കുടമാളൂർ മര്യാത്തുരുത്ത് എന്നിവിടങ്ങളിലും സജീവമാണ്. പരിപ്പു കരയോഗത്തിൽ കീഴിൽ ഒരു ഹൈസ്ക്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

പിന്നോക്ക വിഭാഗങ്ങളിൽ പെട്ട ചേരമർ സഭ, ഭരതർ മഹാസഭ, വണിക വൈശ്യസംഘം, വിശ്വബ്രഹ്മ സമാജം, വിശ്വകർമ്മ സഭ, എന്നിവയും നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. വിനോദ-ഭാവെ അയ്മനം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂദാന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് സന്ദർശിച്ചിട്ടുണ്ട്. ഇതിൻെറ സ്മാരകമായി നിർമ്മിച്ചതാണ് 12-ാം വാർഡിലെ സർവ്വോദയം റോഡ്.

രാജഭരണം അവസാനിച്ചിട്ടും ജന്മിത്വം ശക്തമായി നിലനിന്നിരുന്ന ഒരു പ്രദേശമായിരുന്ന അയ്മനം സ്വാതന്ത്ര്യത്തിനു ശേഷവും അയ്മനം പഞ്ചായത്തിലെ കൃഷി ഭൂമി മുഴുവൻ മൂന്നു ജന്മിമാരുടെ കൈവശമായിരുന്നു. ചെമ്പകശ്ശേരി മന്ത്രിയായിരുന്ന തെക്കേടത്തു ഭട്ടതിരി, കൊട്ടാരം വൈദ്യന്മാരായിരുന്ന ചീരട്ടമൺ മൂസ്, കൊച്ചീരാജ്യത്തു മന്ത്രിയായിരുന്ന പാലിയത്തച്ചൻ എന്നിവരിൽ നിന്നും നിലം ഏറ്റെടുത്തു കൃഷി നടത്തിയിരുന്നവരിൽ പ്രധാനി കവലയ്ക്കൽ കൊച്ചു തൊമ്മിയായിരുന്നു കുപ്പപ്പുറം, തൊള്ളായിരം, വട്ടക്കായൽ തുടങ്ങി ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി ഇവരുടെ കൈവശമായിരുന്നു. സർക്കാരിൻെറ പിൻബലത്തോടെ കർഷക തൊഴിലാളികളേയും ചെറുകിട കർഷകരേയും ജന്മിമാർ അടക്കി വാണിരുന്നു.

പുന്നപ്ര വയലാർ സമരത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അഖില തിരുവിതാംകൂർ കർഷക തൊഴിലാളിയൂണിയൻ മങ്കൊമ്പ് കേന്ദ്രമാക്കി രൂപം കൊണ്ടു. അഖില തിരുവിതാം കൂർ കർഷക തൊഴിലാളിയൂണിയൻെറ നേതൃത്വത്തിൽ കൂലിക്കും പതത്തിനും വേണ്ടി പല ഭാഗങ്ങളിലും സമരങ്ങൾ നടക്കുകയുണ്ടായി. ഇതിൻെറ ഭാഗമായി അയ്മനം വില്ലേജ് കർഷക തൊഴിലാളി യൂണിയൻ രൂപീകൃതമായി. സ്ത്രീ തൊഴിലാളികളുടെ കൂലി രണ്ടേകാൽ ഇടങ്ങഴി നെല്ല് അഥവാ മുക്കാൽ രൂപാ ആയിരുന്നു. ഇത് 3 ഇടങ്ങഴി നെല്ല് അഥവാ ഒരു രൂപ യാക്കണമെന്നാവശ്യപ്പെട്ട് 1952 ഡിസംബർ 1-ാം തീയതി കർഷക തൊഴിലാളികൾ സമരമാരംഭിച്ചു. കർഷക തൊഴിലാളി യൂണിയൻെറ നേതൃത്വത്തിൽ സമരം ചെയ്ത തൊഴിലാളി നേതാക്കളേയും 21 സ്ത്രീ തൊഴിലാളികളേയും പോലീസ് അറസ്റ്റു ചെയ്തു കഠിനമായി മർദ്ദിച്ചു ജയിലിലടച്ചു. കോട്ടയം ഭാസി, സി.എസ്. ഗോപാലപിള്ള, എൻ രാഘവക്കുറുപ്പ് എന്നീ നേതാക്കളുടെ ശ്രമഫലമായി ഡിസംബർ 5-നു ഇവരെ ജാമ്യത്തിലിറക്കി ചർച്ചകളെ തുടർന്ന് യൂണിയൻെറ ആവശ്യങ്ങളംഗീകരിച്ച് സമരം ഒത്തു തീർപ്പാക്കാൻ കഴിഞ്ഞു. ഈ സമരം കർഷക, കർഷക തൊഴിലാളി മേഖലയിൽ പുത്തനുർവുണ്ടാക്കാനും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ശക്തമായ അടിത്തറ സൃഷ്ടിക്കുവാനും സഹായിച്ചു.

1957 ലെ കാർഷിക ബന്ധ നിയമം മൂലം ചെറുകിട കൃഷിക്കാരും കർഷക തൊഴിലാളികളും ജന്മിമാരുടെ ചൂഷണത്തിൽ നിന്നും മുക്തരായി 1970 ൽ നടപ്പാക്കിയ സമഗ്രഭൂപരിഷ് ക്കരണ നിയമം മൂലം ഭൂ ഉടമാ-

കർഷക ബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി. കുടികിടപ്പവകാശവും കൈവശകർഷകനു ജന്മവും ലഭിക്കുക വഴി കാർഷികോല്പാദനം വർദ്ധിക്കുകയും കാർഷിക മേഖലയിൽ പുത്തനുണർവു ആത്മ വിശ്വാസവും സംജാതമാവുകയും ചെയ്തു. 1990 ആയപ്പോഴേക്കും നമ്മുടെ പഞ്ചായത്തും സംസ്ഥാനത്തോടൊപ്പം സമ്പൂർണ്ണ സാക്ഷരത നേടി. കാർഷിക സംസ്ക്കാരവും സാക്ഷരതാ സംസ്ക്കാരവും സ്വായത്തമാക്കി ഒരു പുത്തൻ വികസന സംസ്ക്കാരം നേടാൻ നമുക്കൊന്നിച്ചു മുന്നേറാം.

□

തെക്കേടത്തു മന

ചെമ്പകശ്ശേരി രാജാവിന്റെ ആഗ്രഹപ്രകാരം കൊച്ചി ശീമയിലെ തലപ്പള്ളി താലൂക്കിൽ പെട്ട തെക്കേടത്തു മനയ്ക്കലെ നാരായണൻ ഭട്ടതിരിപ്പാട് ഏതാണ്ട് 270 വർഷങ്ങൾക്കുമുമ്പ് കുടമാളൂരിലെത്തി രാജാവിന്റെ ആതിഥ്യം സ്വീകരിച്ചു താമസം ആരംഭിച്ചു. ചെമ്പകശ്ശേരി വലിയമഠത്തിനു സമീപം ഭട്ടതിരിക്കും ഗൃഹം പണിതു നൽകി, കരമൊഴിവായി ധാരാളം വസ്തുവകകളും നൽകി. ക്രമേണ നാരായണൻ ഭട്ടതിരി ചെമ്പകശ്ശേരി രാജാവിന്റെ പ്രധാനമന്ത്രീപദം വരെ അലങ്കരിച്ചു.

നാരായണൻ ഭട്ടതിരിയുടെ പിൻ തലമുറയിൽ പെട്ട രാമൻ ഭട്ടതിരിപ്പാട് അയ്മനം പഞ്ചായത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറായിരുന്നു എന്നതും ചരിത്രവസ്തുത.

ഭൂപ്രകൃതി, ജനപ്രകൃതി

കോട്ടയം ജില്ലയിലെ പൂഞ്ഞാർ മലകളിൽ നിന്നാരംഭിച്ച് മീനച്ചിൽ, കോട്ടയം താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്ന മീനച്ചിലാറിന്റെ ചുങ്കം, കുടമാളൂർ എന്നീ കൈവഴികളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈർപ്പമുള്ള താഴ്വാര പ്രദേശമാണ് അയ്മനം. ധാരാളം തോടുകളും വേമ്പനാട്ടു കായലിലന്റെ ഭാഗവും മീനച്ചിലാറിന്റെ കൈവഴികളുമാണ് നമ്മുടെ ജലസ്രോതസ്സുകൾ. പൊതുവെ ഫലപുഷ്ടിയുള്ള മണ്ണാണ് നമ്മുടെ സമ്പത്ത്. പൊതുവെ ഗ്രാമം കിഴക്കു നിന്നും പടിഞ്ഞാറോട്ടു ചരിഞ്ഞു കിടക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ മൂന്നായി തരംതിരിക്കാം.

1. ചരിവുള്ള കുന്നിൻ പ്രദേശം : ഗ്രാമപഞ്ചായത്തിന്റെ കിഴക്കേ അതിർത്തി കുന്നിൻ ചരിവാണ്. കുടമാളൂർ കുന്ന്, വട്ടക്കോട്ട, പാണ്ഡവം കുന്ന്, ഒളശ്ശ കുന്നിൻ പ്രദേശം. തുടങ്ങിചുരുക്കം സ്ഥലങ്ങൾ മാത്രം ഉൾപ്പെട്ട പ്രദേശം കരകൃഷിക്കനുയോജ്യമാണീ പ്രദേശം.

2. സമതലം : കുന്നിൻ ചെരിവുകൾ കഴിഞ്ഞാൽ ഏറെയും സമതലങ്ങളാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗവും ഇപ്രകാരമുള്ള പ്രദേശമാണ്. എല്ലാ വിധ കൃഷികൾക്കും അനുയോജ്യമാണ്. പൊതുവെ ഫലഭൂയിഷ്ഠിയുള്ളതാണ്.

3. തീര സമതലം : പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശം പൊതുവേ സമതലമാണ്. നെൽകൃഷിയും തെങ്ങും പ്രധാന വിളകളാണ്. കാലി വളർത്തലിനും അനുയോജ്യമാണ്. ജലസമ്പന്നമാണെങ്കിലും പരിസ്ഥിതി മലിനീകരണം ശുദ്ധജല ലഭ്യതയെ ബാധിക്കുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ മൂന്നിൽ ഒരു ഭാഗം മാത്രം കരഭൂമിയും ബാക്കി നിലവും തോടുകളും കായലുമാണ്. പൊതുവേ കാർഷിക മേഖലയാണ് നമ്മുടെ ഗ്രാമം.

കുന്നിൻ ചെരുവുകളിലെ ചരൽമണ്ണ് പൊതുവേ ഫലഭൂയിഷ്ഠികുറഞ്ഞതാണ്. സമതല പ്രദേശത്ത് ചെളി മണ്ണും എക്കൽ മണ്ണും കാണപ്പെടുന്നു. എക്കൽ മണ്ണ് ജൈവസമ്പന്നമാണ്. തീര സമതലങ്ങളിൽ കരിയും ചെളിയും കലർന്ന കരിമണ്ണാണ് കാണപ്പെടുന്നത്. ഇതും ജൈവ സമ്പുഷ്ടമാണ് ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷവും സെപ്റ്റംബർ നവംബർ മാസങ്ങളിൽ തുലാവർഷവും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ മെയ് മാസം വരെ ചൂടുകാലമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തു ശരാശരി 3080 മില്ലീമീറ്റർ മഴ പെയ്തതായി കാണുന്നു വർഷകാലത്ത് മീനച്ചിലാറിൽ വെള്ളപ്പൊക്കവും തന്മൂലം കൃഷിനാശവും സാധാരണമാണ്.

ജനപ്രകൃതി : അയ്മനം ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 30.03 ച.കിലോമീറ്റർ അഥവാ 7420 ഏക്കറാണ്. ഏകദേശം മൂന്നിൽ ഒരു ഭാഗം കരഭൂമിയും ബാക്കി നിലവും കായലും ഒക്കെയാണ് ഇവിടുത്തെ ജനസംഖ്യ 1991 ലെ സെൻസസ് അനുസരിച്ച് 32566 ആണ്. പുരുഷൻമാർ 16250 സ്ത്രീകൾ 16316. സ്ത്രീപുരുഷ അനുപാതം 1004 ആണ്. കഴിഞ്ഞ പത്തു വർഷമായി സ്ത്രീ പുരുഷ അനുപാതം കുറഞ്ഞു വരുന്നതായി കാണാം. ഏഴു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ സ്ഥിതിയും ഇതുതന്നെ വിശദാംശങ്ങൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു.

പട്ടിക I

	ജനസംഖ്യ	7 വയസ്സിൽ താഴെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	സ്ത്രീ-പുരുഷ അനുപാതം	സാക്ഷരർ	ശതമാനം	ആൺകുട്ടി-പെൺകുട്ടി അനുപാതം	ജനസാന്ദ്രത
പുരുഷൻ	16250	1879	652	28		14128	98		
സ്ത്രീ	16316	1675	645	25		13922	95		
ആകെ	32566	3554	1297	53	1004	28050	97	891	1084

ജനസംഖ്യയിൽ സ്ത്രീകൾക്കുണ്ടായിരുന്ന മുൻതൂക്കം കുറഞ്ഞതു പോലെ തന്നെ ഏഴു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ രംഗത്തും പെൺകുട്ടികളുടെ എണ്ണം ഗണ്യമായ രീതിയൽ കുറവുള്ളതായി കാണാം. ഈ പ്രതിഭാസം സാമൂഹ്യ രംഗത്തുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പഠനാർഹമാണ്.

സവർണ്ണ മേധാവിത്വവും ജാതിപരമായ ഉച്ചനീചത്വങ്ങളും ശക്തമായി നിലനിന്നിരുന്ന പ്രദേശമായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിന്റെയും സംഘടിത പ്രവർ

ത്തനങ്ങളുടെയും ഫലമായി ഉയർന്ന മതനിരപേക്ഷത എല്ലാ ജനവിഭാഗങ്ങളിലും ദൃശ്യമാണ്. എന്നിരുന്നാലും ജാതിയുടേയും മതത്തിന്റേയും സ്വാധീനം ജനങ്ങളിൽ ഇപ്പോഴും കണ്ടുവരുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് കോട്ടയം ജില്ലയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് അയ്മനം. 135 വർഷം പഴക്കമുള്ള സർക്കാർ സ്ക്കൂളും സ്വകാര്യ സ്ക്കൂളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും സാങ്കേതിക-തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്ത് കാര്യമായ പുരോഗതി നേടാനായിട്ടില്ല.

പ്രധാന തൊഴിൽ സ്രോതസ്സായ കാർഷിക മേഖലയിലെ മാന്ദ്യം സാമ്പത്തിക പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. പരമ്പരാഗത തൊഴിൽ മേഖലകളായ മത്സ്യ ബന്ധനം, പായ്നെയ്ത്, ഇഷ്ടിക നിർമ്മാണം എന്നിവ പ്രതിസന്ധിയെ നേരിടുന്നു. തൊഴിലില്ലായ്മ സ്ത്രീകളിൽ രൂക്ഷമാണ്. മുഖ്യമായി തൊഴിലിനെ ആശ്രയിക്കുന്നവർ, ഭാഗീകമായി തൊഴിൽ ചെയ്യുന്നവർ, തൊഴിലില്ലാത്തവർ എന്നിവരുടെ കണക്കു പ്രത്യേകം പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

പട്ടിക 2-ൽ ചേർത്തിരിക്കുന്ന കണക്കുകളിൽ നിന്നും നമ്മുടെ ഗ്രാമത്തിലെ തൊഴിലില്ലായ്മയുടെ ഏകദേശ രൂപം ലഭിക്കുന്നതാണ്. കൃഷിയും മൃഗസംരക്ഷണവും വികസിപ്പിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. കാർഷിക ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായിത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങളാക്കി പുതിയ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ പരീക്ഷിക്കാവുന്നതാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ അതീവ ശ്രദ്ധ അർഹിക്കുന്നതാണ്.

□

പട്ടിക 2

	ജനസംഖ്യ	മുഖ്യതൊഴിൽ	ഭാഗികതൊഴിൽ	തൊഴിൽരഹിതർ	ശതമാനം
പുരുഷൻ	16250	7299	509	8442	25.92
സ്ത്രീ	16316	2300	365	13651	41.92
ആകെ	32566	9599	874	22093	67.84

(അവലംബം 1991 സെൻസസ്)

കൃഷിയും ജലസേചനവും

അയ്മനം ഗ്രാമപഞ്ചായത്ത്

ഭൂപ്രകൃതി

കാർഷിക മേഖലയാണ് അയ്മനം. ഭൂപ്രകൃതിയും, കാലാവസ്ഥയും, മണ്ണിന്റെ സ്വഭാവവും കാർഷിക പ്രാധാന്യമുള്ള ഘടകങ്ങളാണ്.

അയ്മനം ഗ്രാമപഞ്ചായത്തിൽ വളരെ ഉയർന്ന കുന്നുകളോ, അഗാധ ഗർത്തങ്ങളോ ഇല്ല. സമുദ്ര നിരപ്പിൽ നിന്നും രണ്ടു മീറ്ററോളം താഴ്ന്ന വേമ്പനാടൻ തീരപ്രദേശം പടിഞ്ഞാറും എട്ടു മീറ്റർ വരെ ഉയരമുള്ള കിഴക്കൻ ഭാഗങ്ങളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഗ്രാമപ്രദേശം പൊതുവേ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചാഞ്ഞ് കിടക്കുന്നു. തെക്കും, വടക്കും ഭാഗങ്ങളിൽ കിഴക്കു നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന മീനച്ചിലാറിന്റെ ശാഖകൾ സ്ഥിതി ചെയ്യുന്നു. പഞ്ചായത്ത് ഓഫീസു മുതൽ പടിഞ്ഞാറൻ അതിർത്തി വരെ പൊതുവേ സമതല പ്രദേശമാണ്. തെക്കു പടിഞ്ഞാറൻ അതിർത്തി ഉയർന്നും വടക്കോട്ട് ചെരിഞ്ഞും, 8-ാം വർഡിലെ തീർത്ഥക്കുന്ന് ഏറ്റവും ഉയർന്നതും വടക്കോട്ടും തെക്കോട്ടും ചെരിവുള്ളതുമാണ്. 10-ാം വാർഡിന്റെ മേമക്കുന്ന് ഉയർന്ന് വടക്കോട്ടും തെക്കോട്ടും ചാഞ്ഞും സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറൻ പ്രദേശങ്ങളിൽ (വാർഡ് 1,2,3,4) 36 പാടശേഖരങ്ങൾ ഉൾപ്പെട്ട 1368 ഹെക്ട റോളം നെൽ വയലുകൾ സ്ഥിതിചെയ്യുന്നു. മീനച്ചിലാറിന്റെ രണ്ടു കൈവഴികൾ ഗ്രാമത്തിന്റെ കിഴക്കു മുതൽ പടിഞ്ഞാറു വരെ ഒഴുകുന്നതിനാൽ പശ്ചാൽ ഭാഗങ്ങളായ സമതല പ്രദേശങ്ങൾ പൊതുവേ ഫലപുഷ്ഠ മാണ്.

പൊതുവിൽ ഗ്രാമത്തിന്റെ മുക്കാൽ പങ്കും നിരപ്പുള്ളതും ശേഷിക്കുന്നവ നിമ്നോന്നതങ്ങളുമാണ്.



കാലാവസ്ഥ

ചൂടും ആർദ്രതയുമുള്ള (Humid tropical) കാലാവസ്ഥ അനുഭവപ്പെടുന്നു. സൗത്ത് വൈസ്റ്റ്, നോർത്ത് ഈസ്റ്റ് മൺസൂൺ ഇവ യഥാക്രമം ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷത്തിനും സെപ്റ്റംബർ- നവംബർ മാസങ്ങളിൽ തുലാവർഷത്തിനും കാരണമാകുന്നു. കാലവർഷം പൊതുവെ തുലാവർഷത്തേക്കാൾ ശക്തമാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി 3089, m.m മഴ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വർഷകാലത്ത് മീനച്ചിലാറിൽ വെള്ളപ്പൊക്കവും തന്മൂലം കൃഷിനാശവും സാധാരണമാണ്. ഡിസംബർ ജനുവരി മാസങ്ങളിൽ പകൽ വരൾച്ചയും രാത്രി തണുപ്പും അനുഭവപ്പെടുന്നു.

ഫെബ്രുവരി- മെയ് മാസം വരെ ഉഷ്ണകാലമാണ്. കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഏപ്രിൽ മാസത്തിൽ ഒന്നോ രണ്ടോ വേനൽ മഴ സ്വാഭാവികമാണ്.

വർഷപാതം ഊഷ്മാവ് ഇവയെ സൂചിപ്പിക്കുന്ന സ്ഥിതിവിവര പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 1 വർഷപാതം (RAINFALL)

Year	Jan	Feb	March	April	May	June	July	August	Sept	Oct	Nov	Dec	Total
1991	nil	3.2	68.2	56.4	227.7	1211.2	626.4	448.4	30	188.5	61.6	nil	2921.6
,, 92	nil	nil	nil	36.8	308.2	772.2	731.4	434.6	215	327.8	278.8	41.6	3146.4
,, 93	nil	15.8	7.2	72.2	312.2	998.2	770.6	157.2	199	576.8	198.8	75	3383.0
,, 94	21.2	66.2	25.4	176.2	205.4	604.6	564.8	453.2	216.8	421.8	188	33.2	2976.8
,, 95	0.6	nil	134.4	188.8	525.4	526.8	457.6	518.6	368	2138	83.6	nil	3017.6

പട്ടിക - 2 താപനിലയും ആപേക്ഷിക ആർദ്രതയും

(Temperature and Relative humidity)

1991	Jan	Feb	March	April	May	June	July	Aug	Sept	Oct	Nov	Dec
കൂടിയ താപം	3.2.2^{o}	33.9^{o}	34.8^{o}	34.8^{o}	34.8^{o}	29.6^{o}	29.2^{o}	29^{o}	32.2^{o}	31.2^{o}	32.3^{o}	32.6^{o}
കുറഞ്ഞതാപം	22.1^{o}	21.9^{o}	24.8^{o}	24.8^{o}	25.3^{o}	23.0^{o}	24.6^{o}	23.7^{o}	23.9^{o}	22.9^{o}	22.7^{o}	20.8^{o}
ആപേക്ഷികാദ്രത	67%	72%	72%	67%	74%	89%	81%	87%	75%	81%	74%	65%
1992												
കൂടിയ താപം	32.2^{o}	32.2^{o}	34.6^{o}	35.2^{o}	33.2^{o}	30.6^{o}	28.9^{o}	29.8^{o}	30.7^{o}	30.6^{o}	31.8^{o}	32.6^{o}
കുറഞ്ഞതാപം											27.2^{o}	25.6^{o}
ആപേക്ഷികാദ്രത	65%	71%	72%	77%	80%	86%	88%	86%	83%	81%	82%	66%
1993												
കൂടിയ താപം	32.3^{o}	33.5^{o}	34.6^{o}	34.4^{o}	33.4^{o}	30.8^{o}	29.2^{o}	30.8^{o}	31.6^{o}	31.2^{o}	29.8^{o}	32.4^{o}
കുറഞ്ഞതാപം	21.1^{o}	21.6^{o}	24.2^{o}	24.8^{o}	24.8^{o}	23.6^{o}	21.8^{o}	22.6^{o}	21.9^{o}	71.9^{o}	21.9^{o}	21.6^{o}
ആപേക്ഷികാദ്രത	67%	69%	72%	74%	87%	96%	95%	96%	96%	89%	79%	71%
1994												
കൂടിയ താപം	32.9^{o}	32.9^{o}	33.1^{o}	32.9^{o}	33.1^{o}	28.3^{o}	28.4^{o}	31.1^{o}	32.1^{o}	33^{o}	32.7^{o}	33.4^{o}
കുറഞ്ഞതാപം	20.8^{o}	21.8^{o}	22.1^{o}	20.7^{o}	18.5^{o}	23.9^{o}	23.7^{o}	23.7^{o}	24^{o}	23^{o}	24^{o}	21.9^{o}
ആപേക്ഷികാദ്രത	69%	77%	72%	75%	79%	86%	87%	84%	82%	80%	75%	75%
1995												
കൂടിയ താപം	33.5^{o}	34.2^{o}	35^{o}	34.4^{o}	33^{o}	31.4^{o}	30.5^{o}	30.9^{o}	31.2^{o}	32.4^{o}	32^{o}	33.1^{o}
കുറഞ്ഞതാപം	22.7^{o}	24^{o}	24^{o}	25.0^{o}	25^{o}	24^{o}	23^{o}	24.1^{o}	23.9^{o}	22^{o}	18^{o}	15.7^{o}
ആപേക്ഷികാദ്രത	72%	76%	79%	78%	74%	85%	91%	87%	84%	83%	79%	77%

മണ്ണ്

കറുത്ത മണ്ണ്, ചെളിമണ്ണ്, എക്കൽ മണ്ണ്, മണൽ ചേർന്ന ചെളിമണ്ണ്, ചരൽ മണ്ണ് എന്നീ വിവിധയിനം മണ്ണുകൾ ഈ പഞ്ചായത്തിതിർത്തിക്കുള്ളിൽ കാണപ്പെടുന്നു.

1. കരിമണ്ണ് (Black Soil pH 4-5.5)

ഗ്രാമത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ (വാർഡ് 1 മുതൽ 4 വരെ) കായൽ സാമീപ്യമുള്ളതും സമുദ്ര നിരപ്പിൽ നിന്നും താണു കിടക്കുന്നതുമായ പാടശേഖരങ്ങളിൽ കാണപ്പെടുന്നു. കണ്ടൽ വനങ്ങളിലെ ജൈവാവശിഷ്ടങ്ങൾ വീണടിഞ്ഞ കരിയും ചെളിയും ഇവിടെ കലർന്നു കാണുന്നു. ഉയർന്ന അമ്ലത്വം പ്രത്യേകതയാണ്.

2. ചെളിമണ്ണ് (Clay Soil pH 4.5 -5.5)

കരിമണ്ണ് പ്രദേശത്തിന് തൊട്ടുകിടക്കുന്ന ആഴത്തിലുള്ള ചെളിപ്പാളികളുള്ളതും, വായു സമ്പർക്കവും ജൈവ സമ്പത്തു കുറഞ്ഞതും, ഉയർന്ന അമ്ലത്വ സ്വഭാവത്തോടു കൂടിയതുമായ പ്രദേശമാണ് ചെളിമണ്ണു പ്രദേശം.

3. എക്കൽമണ്ണ് (Reverine Soil pH 5.5-6.5)

നദീജല പ്രവാഹത്താൽ തീരങ്ങളിൽ അടിഞ്ഞു കൂടിയവയാണ്. ജൈവാവശിഷ്ഠങ്ങളും ചെളിയും മണലും കലർന്നതും, ജലസംഭരണശേഷിയുള്ളതും ഫല പുഷ്ടിയുള്ളതുമാണ് നമ്മുടെ എക്കൽ മണ്ണു പ്രദേശം.

4. മണൽ കലർന്ന ചെളിമണ്ണ് (Sandy Clay pH 5.5-6)

ഉയർന്ന പാടശേഖരങ്ങളായ ഏനാദി, കോഴിപ്പുഞ്ച, ഇരവീശപരം, മള്ളൂർപ്പാടം എന്നിവിടങ്ങളിൽ കാണപ്പെടുന്നു. മണലും ചെളിയും കലർന്നതും, ജലസംഭരണശേഷിയും ജൈവാംശവും (water holding capacity) കുറഞ്ഞതുമാണ് ഈപ്രദേശം.

5. ചരൽ മണ്ണ് (Laterite Soil pH 5-6)

ഗ്രാമത്തിന്റെ ഉയർന്ന പ്രദേശത്ത് (വാർഡ് 8.9.13) ചെരുവുകളിൽ കണ്ടുവരുന്നു. ചരലും പൊടിയും ചേർന്നതും ജൈവാംശവും, ജലസംഭരണശേഷിയില്ലാത്തതും അമ്ലരസമുള്ളതുമാണ് ഈ പ്രദേശം

കാർഷിക വിളകൾ

ഗ്രാമപഞ്ചായത്തിലെ കാർഷിക വിളകൾ പ്രധാനമായത് നെല്ലും തെങ്ങുമാണ്. വിസ്തീർണ്ണതയിൽ മുക്കാൽ പങ്കും ഈ വിളകൾ കൃഷി ചെയ്യുന്നു. കപ്പ, വാഴ, പച്ചക്കറി, കുരുമുളക്, റബ്ബർ, കൊക്കോ, ജാതി, ഗ്രാമ്പൂ, ഇവ ഉപകൃഷികളുമാണ്.

(വിള സംബന്ധിച്ച സ്ഥിതി വിവരപട്ടിക 3)

പട്ടിക - 3 വിളവിവരം

ക്രമനമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം (ഹെക്ടറിൽ)
1	നെല്ല്	
	വിരിപ്പ്	1250.00
	പുഞ്ച	1368.00
2	തെങ്ങ്	1260.96
3	വാഴ (നേന്ത്രൻ)	12.00
4	റബ്ബർ	24.00
5	കപ്പ (മരച്ചീനി)	5.50
	ഇടവിളകൾ	
1	കൊക്കൊ	35.00
2	പലവാഴ	50.00
3	പച്ചക്കറി	6.00
4	കുരുമുളക്	5.00
5	ജാതി	3.50
6	ഗ്രാമ്പു	1.50

3. നെല്ല്

അയ്മനം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 1370 ഹെക്ടർ നെൽപ്പാടങ്ങളിൽ 95 ശതമാനവും 1,2,3,4 വാർഡുകളിൽ സ്ഥിതിചെയ്യുന്നു. ശേഷിക്കുന്നവ കുന്നിൻ ചെരുവുകൾക്കിടയിലുള്ള നിരപ്പായ സ്ഥലങ്ങളിൽ ആറുകളോ തോടുകളോ ആയി ബന്ധപ്പെട്ടു കിടക്കുന്നു.

മൊത്തം 36 പാടശേഖരങ്ങളാണുള്ളത്. ഇവയിൽ 29 എണ്ണവും ഗ്രൂപ്പ് ഫാമിംഗ് സമിതികളായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. നാലുപാടശേഖരങ്ങൾ ഒഴിച്ചുള്ളവ ഇരുപ്പു നിലങ്ങളാണ്. നാടൻ വിത്തുകളായിരുന്ന ആര്യൻ, ചെമ്പാവ്, കുളപ്പാല എന്നിവയെ തുടച്ചു നീക്കി ജ്യോതി, പവിഴം, കാർത്തിക തുടങ്ങിയ അത്യുൽപ്പാദന ജനുസ്സുകളാണ് ഇപ്പോൾ കൃഷി ചെയ്തു വരുന്നത്.

ഉല്പാദനക്ഷമത നിരന്തരമായി കുറഞ്ഞു വരുന്നതായി ശ്രദ്ധിക്കപ്പെടുന്നു. ഹെക്ടറിന് ശരാശരി 3500 കിലോ നെല്ലുൽപ്പാദിപ്പിക്കുന്നു. സംസ്ഥാന ശരാശരി കേവലം 2193 കിലോ മാത്രമാണ്. പുഞ്ച വിളവ് പൊതുവേ മോശമാണ്. ഇവിടുത്തെ കർഷകർ ബോധവാൻമാരും അനുഭവ സമ്പന്നരുമാണ്. ഉൽപ്പാദന മാന്ദ്യത്തിന് നിരവധി കാര്യങ്ങൾ അവർക്ക് പറയുവാനുണ്ട്.

നിരന്തരമായ നെൽകൃഷിയും വിളപരിക്രമ സാധ്യതക്കുറവും മണ്ണിന്റെ ശേഷികുറയ്ക്കുന്നു. രണ്ടു കൃഷി മൂലം വർഷകാലത്ത് മീനച്ചിലാറിൽ കൂടി ലഭിച്ചിരുന്ന

ജൈവാംശ നിക്ഷേപം നിശ്ശ്രേഷം തടയപ്പെടുകയും ജനുസ്സുകളുടെ കുറഞ്ഞു വരുന്ന ഉൽപ്പാദനക്ഷമതയും വിളവിനെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണു പരിശോധനയോ അതിനനുസരിച്ചുള്ള വളം ചേർക്കലോ നടന്നു വരുന്നില്ല. ആവശ്യാനുസരണം കുമ്മായ വസ്തുക്കളോ, ജൈവവളമോ ഉപയോഗിക്കാറില്ല. പ്രാദേശികമായി ജൈവസമ്പത്തിന്റെ അഭാവവും കുമ്മായ വസ്തുക്കളുടെ വിലക്കൂടുതലും കാരണങ്ങളാണ്. രാസവള പ്രയോഗത്തിൽ കൂടുതൽ ശ്രദ്ധയുള്ളതായി കാണാം. നൈട്രജൻ വളങ്ങളുടെ ഉപയോഗം ഹെക്ടറിന് 125 കിലോയിൽ നിന്നും 80 ആയി കുറഞ്ഞും പൊട്ടാഷിന്റെ ഉപയോഗ നിരക്ക് 40 ൽ നിന്ന് 60 ആയി വർദ്ധിച്ചതായും കാണുന്നു. ഭാവകത്തിന്റെ കാര്യത്തിൽ അശ്രദ്ധ പ്രകടമാണ്.

കീടനാശിനിയുടെ ഉപയോഗ നിരക്ക് നിർണ്ണായകമായി കുറഞ്ഞിരിക്കുന്നു. പ്രതിരോധ (prophylatic) ത്തിനു വേണ്ടിയുള്ള കീട നാശിനി പ്രയോഗം പാടേ ഉപേക്ഷിക്കപ്പെട്ടു. സാർവത്രികമായി കള നാശിനി ഉപയോഗിക്കുന്നു എന്നാൽ ഉപയോഗം അശാസ്ത്രീയമാണ്. നിശ്ചിത അളവിന്റെ (1 kg/Het) 75% നിർദ്ദിഷ്ട തീയതിയ്ക്ക് (25 days) ഒരാഴ്ച കാലേക്കൂട്ടി തളിക്കുക സർവ്വ സാധാരണമാണ്.

കാർഷിക യന്ത്രങ്ങളുടെ പ്രത്യേകിച്ച് മെതിയന്ത്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. കർഷകതൊഴിലാളികളുടെ അഭാവം യന്ത്രവൽക്കരണത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. രാസവള കീടനാശിനികളുടെ വില വർദ്ധനവ് ഉൽപ്പാദനച്ചിലവ് ക്രമാതീതമായി ഉയർത്തുന്നു. എന്നാൽ തദനുസരണമായ വില ഉല്പന്നത്തിന് ലഭിക്കാറില്ല. പൊതു സംഭരണ സമ്പ്രദായം നിലവില്ലാത്തതിനാൽ വിപണന പ്രതിസന്ധി ഗുരുതരമാണ്. സർക്കാർ ആനുകൂല്യങ്ങൾക്ക് തടസ്സങ്ങളും, കാലതാമസ്സവും നേരിടുന്നു. ഈ വക വെല്ലുവിളികൾ നെല്ലുൽപ്പാദന രംഗത്ത് സ്തംഭനത്തിനും കർഷകർക്ക് നിരാശക്കും കാരണമാകുന്നു. ഇതിന് സ്വീകരിക്കാവുന്ന ലഘുവായ പരിഹാര നടപടി എന്തെന്നു നോക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കി, സാങ്കേതികതക്ക് ഊന്നൽ നൽകി, ജൈവാംശ അളവ് വർദ്ധിപ്പിച്ച് സംയോജിത കീടനിവാരണ രീതി സ്വീകരിച്ച് നെൽകൃഷിക്ക് " Low cost technology "നടപ്പിലാക്കി നിലവിലുള്ള മുരടിപ്പ് പരിഹരിക്കാവുന്നതാണ്.

(അപാകതകളും, പരിഹാര നിർദ്ദേശങ്ങളും പ്രത്യേകം)

പട്ടിക -4 കളനാശിനി ഉപയോഗം

നമ്പർ	വർഷം	വിരിപ്പ്	പുഞ്ച	ആകെ
1	1991-92	675.50	697.25	1372.75
2	92-93	662.25	776.75	1439.00
3	93-94	710.75	829.50	1540.25
4	94-95	750.00	840.00	1590.25
5	95-96	781.25	855.00	1636.25
	ആകെ	3579.75	3998.75	7578.50

പട്ടിക 5 രാസവളവിനിയോഗം

		വിരിപ്പ്			പുഞ്ച		
നമ്പർ	വർഷം	നൈട്രജൻ (കിലോ ഗ്രാം)	ഫോസ്ഫറസ് ആകിലോ ഗ്രാം)	പൊട്ടാഷ് ആകിലോ ഗ്രാം)	നൈട്രജൻ ആകിലോ ഗ്രാം)	ഫോസ്ഫറസ് ആകിലോ ഗ്രാം)	പൊട്ടാഷ് ആകിലോ ഗ്രാം)
1	1991-92	125[illegible]0	31250	37500	150480	27360	34200
2	92-93	1125[illegible]0	35000	40000	136800	38304	43776
3	93-94	100[illegible]0	35000	42500	116280	41040	46512
4	94-95	93[illegible]	37500	43750	109440	41040	54720
5	95-96	81[illegible]	38750	56250	82080	47880	68400

പട്ടിക 6 കീടനാശിനി ഉപയോഗം

നമ്പർ	വർഷം	വിരിപ്പ്		പുഞ	
		സോളിഡ് (ഖരം)	ലിക്യൂഡ് ആദ്രാവകം)	സോളിഡ്	ലിക്യൂഡ്
1	1991-92	1875	3000	2052	3283.20
2	92-93	1500	2250	2000	2462.40
3	93-94	1425	2350.5	1600	3300.00
4	94-95	1250	1094.4	1375	1641.60

പട്ടിക 7 നെല്ലുല്പാദനം

		വിരിപ്പ്		പുഞ		
നമ്പർ	വർഷം	വിസ്തീർണ്ണം ഹെക്ടർ	ഉല്പാദനം കിലോഗ്രാം	വിസ്തീർണ്ണം	ഉല്പാദനം കിലോഗ്രാം	ആകെ കിലോഗ്രാം
1	1991-92	1300	6825000	1470	5733000	12558000
2	92-93	1280	6720000	1450	5220000	11940000
3	93-94	1275	6215625	1435	5166000	11381625
4	94-95	1260	6142500	1400	4200000	10342500
5	95-96	1250	5625000	1368	4104000	9729000

II തെങ്ങ്

ഗ്രാമത്തിലെ പ്രധാന നാണ്യവിളയാണ് തെങ്ങ്. എല്ലാ വാർഡുകളിലും തെങ്ങുകൃഷിയുണ്ട്. പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇട തിങ്ങിയും കിഴക്കോട്ട് ക്രമേണ സാന്ദ്രത കുറഞ്ഞും വരുന്നു. ഗ്രാമത്തിൽ ഒരു തെങ്ങുപോലും കാണാത്ത വീട്ടു വളപ്പുകൾ ഇല്ലതന്നെ.

ഗ്രാമത്തിലെ 1261 ഹെക്ടർ കരഭൂമി കേര കൃഷിക്ക് അധീനമാണ്. ശരാശരി വാർഷിക ഉൽപ്പാദനം ഉദ്ദേശം തേങ്ങയാണ് 1995ൽ നിന്ന് നിലവിലുള്ള ശരാശരി ഉൽപ്പാദനം 30% കുറഞ്ഞതായി കാണുന്നു. ഒരു വ്യാഴവട്ടത്തിനു മുമ്പുണ്ടായിരുന്ന 5 കൊപ്രാക്കളങ്ങളും 3 എണ്ണമില്ലുകളും 3 മരച്ചക്കുകളും അപ്രത്യക്ഷങ്ങളായി. 2 എണ്ണ മില്ല് ഭാഗീകമായി പ്രവർത്തിക്കുന്നു. ഉൽപ്പാദനകമ്മി ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. തെങ്ങൊന്നിന് വാർഷിക ശരാശരി 30 തേങ്ങയായി ഉൽപ്പാദനം ചുരുങ്ങി.

മണ്ണിന്റെ കുറഞ്ഞു വരുന്ന വളക്കൂറും, ശാസ്ത്രീയ പരിചരണങ്ങളിൽ അശ്രദ്ധയും, അമിതമായ കൂലിച്ചെലവ്, ജലസേചനക്കുറവ് ഉൽപന്നത്തിന്റെ വില അസ്ഥിരതയും ഉൽപ്പാദനക്കമ്മിക്ക് കാരണമാണ്. കൂടുതൽ മുതൽ മുടക്കാതെ, കിട്ടുന്നതു മതിയെന്ന മനോഭാവം കർഷകനിൽ വ്യാപകമായി കണ്ടുവരുന്നു.

കീടരോഗ ബാധ കർഷകരെ നിരാശപ്പെടുത്തുന്നു. സംയോജിത നിവാരണ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ ലഭ്യമല്ല. സന്തുലിത വള പ്രയോഗവും, ഉത്തമ പരിചരണവും കാറ്റു വീഴ്ച ബാധിത തെങ്ങുകളെ ഉൽപ്പാദനം കുറയാതെ നിലനിർത്താൻ കഴിയുമെന്ന വസ്തുത കർഷകർക്ക് ഉൾക്കൊള്ളാനാവാത്തതായി കാണുന്നു. ആവശ്യാനുസരണം ജലസേചനം നൽകിയാൽ ഉൽപ്പാദനം ഇരുപത് ശതമാനത്തിലധികം വർദ്ധിപ്പിക്കാമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ശാസ്ത്രീയ അടിത്തറകളിലൂടെ " കുറഞ്ഞ ചെലവിൽ കൂടുതൽ ഉൽപ്പാദനം " നേടുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം കൊടുക്കുകയും, ബോധവൽക്കരണം, ഉൽപ്പാദനത്തിനും സ്ഥിരമായ വില ഉറപ്പു നൽകൽ എന്നീ പരിപാടികളിലൂടെ ഉൽപ്പാദന മാന്ദ്യവും കർഷകരുടെ നിരാശയും തരണം ചെയ്യാവുന്നതാണ്.

അടുത്തകാലത്ത് നിലവിൽ വന്ന കേര കർഷക സമിതി, കേരഫെഡ്, കൃഷി ഡിപ്പാർട്ടുമെൻറ് ഇവയുടെ പ്രവർത്തനങ്ങൾ ആശാവഹമാണ് (പോരായ്മകളും നിർദ്ദേശങ്ങളും പ്രത്യേകം)

III വാഴ

ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വാഴകൃഷി ഉപജീവന മാർഗ്ഗമല്ല. തെങ്ങിൻ തോപ്പുകളും ആറ്റുമാലി കളും ഉൾപ്പെടെ ഏകദേശം 62 ഹെക്ടർ സ്ഥലത്താണ് വാഴ കൃഷി ചെയ്തു വരുന്നു. നേന്ത്രൻ, ആറ്റുകണ്ണൻ, പാളയം തോടൻ, റൊബസ്റ്റാ ഇവയാണ് പ്രധാനയിനങ്ങൾ. നേന്ത്രൻ കൃഷി ശ്രദ്ധിക്കപ്പെടുന്നതും മറ്റുള്ളവയ്ക്ക് പരിചരണം കുറവുമാണ്. തോപ്പുകളായി വാഴകൃഷി വിരളമാണ്. മിക്കവാറും സ്വന്ത ആവശ്യങ്ങൾക്കു ശേഷം മിച്ചമുള്ളവ വിൽക്കുന്ന സ്ഥിതിയാണുള്ളത്. പ്രകൃതി ക്ഷോഭം കൂടുതലും വാഴകൃഷിയെ ബാധിക്കുന്നു. നേന്ത്രന് ശരാശരി 10 കിലോയും മറ്റുള്ളവയ്ക്കും 15 കിലോയും വിളവു ലഭിക്കുന്നു.

ശാസ്ത്രീയമായി വാഴകൃഷി വികസനത്തിന് സാദ്ധ്യ തയുള്ള ഗ്രാമമാണ് നമ്മുടേത്.

IV കിഴങ്ങു വർഗ്ഗങ്ങൾ

മരച്ചീനി, കാച്ചിൽ, കിഴങ്ങ്, ചേന, ചേമ്പ് ഇവ ഗ്രാമത്തിലെ ഉപകൃഷികളാണ്. പ്രാധാന്യം ലഭിച്ചിരുന്ന മരച്ചീനി കൃഷി, റബ്ബറിൻെറ അതിപ്രസരവും, കൃഷിച്ചെ ലവും, അസാദ്ധ്യമായ കീടനിവാരണവും മൂലം മന്ദീഭവി ക്കാൻ ഇടയായി. മറ്റുള്ളവയും അന്യം നിന്നു വരുന്നു. കൂടുതൽ പരിചരണമാവശ്യമില്ലാത്ത ചേന, ചേമ്പ്, മഞ്ഞൾ എന്നിവകൾക്ക് സാദ്ധ്യത ഏറെയാണ് .ഉള്ളികൃഷി പരീക്ഷണാർഹമാണ്.

V പച്ചക്കറി

നിത്യോപയോഗയോഗ്യമായ പച്ചക്കറികൾ കേവ ലം 5 ഹെക്ടറിൽ താഴെ കൃഷി ചെയ്യുന്നു. ഇത് ജീവിത മാർഗ്ഗമാക്കിയ കർഷകർ ഇല്ലെന്നു തന്നെ പറയാം. പാവൽ, പട വലം, ചീര, വഴുതന, വെണ്ട എന്നീ ഇനങ്ങൾ ചെറിയ പ്ലോട്ടുകളായി കൃഷിചെയ്യുന്നു.

ഉന്നത വികസനം അർഹിക്കേണ്ടതും, തീരെ കുറവ ല്ലാത്ത വികസന സാഹചര്യങ്ങളുമുള്ള ഒന്നാണിത്. ദീർ ഘമായ മീനച്ചിലാറിൻെറ തീരങ്ങളും പച്ചക്കറി കൃഷിക്ക് ഉത്തമമാണ്. ഈ സാഹചര്യം പൂർണ്ണമായും വിനിയോഗി ക്കേണ്ടിയിരിക്കുന്നു. എല്ലാ വീടുകളിലും അടുക്കളത്തോട്ട നിർമ്മാണം നിലവിൽ വരണം. അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകൾക്ക് ബോധവൽക്കരണം നൽകുകയും പ്രവർത്തന സഹായത്തിന് സ്ഥിരമായി സന്നദ്ധ കർമ്മ സമിതികൾ എല്ലാ അയൽക്കൂട്ടങ്ങൾക്കും ഉണ്ടാകണം. കീടനാശിനി യും, ഉപകരണവും പൊതുവായി ഉണ്ടായിരിക്കേണ്ടതും. മരുന്നു തളി സൗജന്യമാക്കേണ്ടതുമാണ്. ഇടവിട്ടുള്ള തോട്ട സന്ദർശനം സജീവമാക്കുക. വിത്തും, വളവും സൗജന്യമായി വിതരണം ചെയ്യുക. ഈ കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ പച്ചക്കറിക്കൃഷിയിൽ വികസനവും, സ്വയം പര്യാപ്തതയും കൈവരിക്കാം.

VI കൂൺകൃഷി

വളരെയധികം പോഷക പ്രധാനവും സ്വാധീഷ്ട വുമായ സസ്യാഹാരമാണ് കൂൺ. ഇതിൻെറ ആവശ്യവും വിലയും വലുതാണ്. വളരെ കുറഞ്ഞ സമയംകൊണ്ട് ഈ കൃഷിയിൽ പരിശീലനം ലഭ്യമാണ്. അഭ്യസ്ത വിദ്യർക്കും, വീട്ടമ്മമാർക്കും പറ്റിയ തൊഴിലും, വരുമാന മാർഗ്ഗവു മാണ്. മണ്ണിൽ തൊടാത്ത ഏക കൃഷിയാണിത്. കൃഷിയിട ങ്ങളോ, രാസവളങ്ങളോ ആവശ്യമില്ല. കുമരകം കാർഷിക ഗവേഷണകേന്ദ്രത്തിൽ നിന്ന് പരിശീലനവും സൗജന്യ നിരക്കിൽ വിത്തും ലഭ്യമാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തി കൂൺ കൃഷി ആരംഭിക്കാം.

VII റബ്ബർ

കേരളത്തിൻെറ അഭിമാനകരമായ വ്യാവസായിക കൃഷിയാണ് റബ്ബർ. അയ്മനം ഗ്രാമപഞ്ചായത്തിൽ 30 ഹെക്ടറിൽ താഴെ റബ്ബർ കൃഷിയുണ്ട്. കർഷകരിൽ അമിത പ്രാധാന്യമുള്ളതും സംപൂർണ്ണ പരിചരണമുള്ളതു മായ ഏക " സൗഭാഗ്യ വിളയാണ് റബ്ബർ. ന്യായവില ലഭി ക്കുന്നതിനാൽ മറ്റു സൗകര്യങ്ങൾ വിഗണിച്ച് സ്ഥാന ത്തും അസ്ഥാനത്തും കൃഷിചെയ്യുന്നു. അമിതാവേശ ത്തിൽ കാലാവസ്ഥയും മണ്ണും ശ്രദ്ധിക്കാത്ത കൃഷിരീതി സമീപഭാവിയിൽ മുറിച്ചു മാറ്റുന്ന അനുഭവവും കുറവല്ല. അയ്മനം ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വികസന മേഖല വിരളമാണ്.

VIII കൊക്കോ

തിളങ്ങി മങ്ങിയ കൃഷിയാണ് കൊക്കോ. 35 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി അയ്മനം ഗ്രാമത്തി ലുണ്ട്. തെങ്ങിൻ തോട്ടങ്ങളിലും മറ്റു വിളകളോടൊപ്പവും കൃഷിചെയ്യുന്നു. ആവശ്യാനുസരണം രണ്ടു വിളകൾക്കും പോഷകങ്ങൾ നൽകാത്തതിനാൽ നാളികേര ഉൽപ്പാദ നത്തെ ഇത് പ്രതികൂലമായി ബാധിച്ചു. വിപണി അപൂർ വ്വം ചില സ്വതന്ത്ര ഏജൻസികൾ നിയന്ത്രിച്ചിരുന്നതിനാൽ വില സ്ഥിരത നഷ്ടപ്പെട്ടു. അതോടെ കർഷകരുടെ ആവേശം അസ്തമിച്ചു.

സഹായകമായ പരിതസ്ഥിതികൾ നിലവിലുള്ള പ്രദേശത്ത് തെങ്ങിനോടൊപ്പം, രണ്ടു കൃഷിക്കും ശാസ്ത്രീയ പരിചരണങ്ങൾ പ്രത്യേകം നൽകി ഉൽപ്പാദന ക്ഷമത കൈവരിക്കാനാവും .

IX ഔഷധി കൃഷി

ആയുർ വേദ സസ്യങ്ങൾ പലതും അന്യം നിന്നു വരുന്നു, നമ്മുടെ സാഹചര്യങ്ങൾക്കനുയോജിച്ചവ കൃഷി ചെയ്യാൻ ശ്രമിക്കാവുന്നതാണ്. സാധാരണയിടങ്ങളിൽ

കച്ചോലവും, പറമ്പിന്റെ അതിർത്തികളിൽ രാമച്ചവും കൃഷിചെയ്യാവുന്നതാണ്. കടുത്ത വേനലിനെ ചെറുത്തു നിൽക്കാനും, മണ്ണൊലിപ്പ് തടയാനും രാമച്ചത്തിനു കഴിയും. അധികം നാൾ വെള്ളം കെട്ടി നിൽക്കാത്ത തെങ്ങിൻ പുരയിടങ്ങളിൽ തിപ്പലി കൃഷി ചെയ്യാവുന്നതാണ്.

X പുഷ്പ കൃഷി

സ്ത്രീകളിൽ പ്രീയം ഏറിവരുന്ന ഇനങ്ങളാണ് ആന്തൂറിയവും ഓർക്കിഡും, കുറ്റിമുല്ലയും. റോസാപ്പൂക്കൾ പേരുകേട്ടവയാണ്. ജമന്തിയും സൂര്യകാന്തിയും വിപണന സാദ്ധ്യയുള്ളവയാണ്. സൂര്യകാന്തി ഭക്ഷ്യ എണ്ണ നിർമ്മാണത്തിനും പറ്റിയതാണ്.

അഭ്യസ്തരായ സ്ത്രീകൾക്കും, വീട്ടമ്മമാർക്കുമുള്ള ആദായമാർഗ്ഗമായി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. സാദ്ധ്യത കൂടുതലുള്ള ഇനങ്ങൾ തിരഞ്ഞെടുത്തും ഗുണഭോക്താക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകിയും വികസിപ്പിക്കാവുന്ന ഒരിനമാണ്. മേന്മയേറിയ നടീൽ വസ്തുക്കളുടെ ലഭ്യതയും, ബാങ്കുവായ്പാ നടപടികൾ ലഘൂകരിക്കേണ്ടതും ആവശ്യമാണ്. വനിതാ സമാജങ്ങളുടെ പ്രാമുഖ്യം ഉറപ്പാക്കേണ്ടതാണ്.

ജലസംഭരണവും വിനിയോഗവും

മണ്ണ്, ജലം, വായു, സൂര്യപ്രകാശം എന്നിവയുടെ സന്തുലിതാവസ്ഥ ജീവരാശിയുടെ നിലനിൽപ്പിനും, ഭൂവിഭവങ്ങളുടെ ഏറ്റക്കുറിച്ചിലിനും നിദാനമാണ്. ആകയാൽ പ്രകൃതി ദത്തമായ ഈ ഘടകങ്ങളുടെ അനുപാതം സംരക്ഷിക്കപ്പെടേണ്ടത് വിഭവശോഷണമുണ്ടാകാതിരിക്കാൻ അപരിത്യാജ്യമാണ്. മണ്ണ്, ജലം ഇവയുടെ സംരക്ഷണവും വിനിയോഗവും മനുഷ്യ സാദ്ധ്യമാകയാൽ, ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഭൂമിയുടെ കിടപ്പും, അതിവൃഷ്ടിയും, ഉരുൾപൊട്ടലും വനനശീകരണവും, അശാസ്ത്രീയമായ കൃഷി രീതിയും മണ്ണൊലിപ്പിന് കാരണമാകുന്നു. 38.86 ലക്ഷം ഹെക്ടർ മൊത്ത വിസ്തീർണ്ണത്തിൽ 9.52 ലക്ഷം ഹെക്ടർ ഭൂമി മണ്ണൊലിപ്പിന് വിധേയമാകുന്നു എന്നറിയുമ്പോഴാണ് അതിന്റെ ഭീകരത വ്യക്തമാകുന്നത്. ഫലപ്രദമായ മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ ആവിഷ്ക്കരിക്കാത്ത പക്ഷം നിലവിലുള്ള പ്രതീശീർഷ ലഭ്യത 0.127-ൽ നിന്ന് അനുദിനം കുറഞ്ഞുകൊണ്ടിരിക്കും.

പ്രകൃതിദത്തമായ ഭൂമി, ജലം ഇവ അക്ഷയമോ, മനുഷ്യാവശ്യങ്ങൾക്ക് എക്കാലവും പര്യാപ്തമോ ആയിരിക്കുമെന്ന ചിന്ത മൗഢ്യമാണ്. ഈ യാഥാർത്ഥ്യം 1996 നവംബറിൽ റോമിൽ നടന്ന ലോക ഭക്ഷ്യ ഉച്ചകോടി റിപ്പോർട്ട് ജനശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട്.

ഭൂമിയിലാകെയുള്ള 140 കോടി ക്യൂബിക് കിലോ മീറ്റർ ജലത്തിൽ 1/6 ഭാഗം മാത്രമാണ് കൃഷിക്കുപയോഗിക്കുന്നത് ഇപ്പോൾ ലോകത്ത് സ്വന്ത ആവശ്യങ്ങൾക്ക് വെള്ളമില്ലാത്ത 20 രാജ്യങ്ങളുണ്ട്. ഇവയുടെ എണ്ണം രണ്ടായിരമാണ്ടിൽ 29 ഉം, രണ്ടായിരത്തി ഇരുപത്തി അഞ്ചിൽ 38 ഉം ആകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. U.P യിലും തമിഴ്നാട്ടിലും നടന്ന ഭൂഗർഭ ജല ഖനനം ദോഷം ചെയ്തതായി ലോകഭക്ഷ്യ ഉച്ചകോടി വിലയിരുത്തിയിട്ടുണ്ട്. ലഭ്യമാകുന്ന ജലസമ്പത്ത് മണ്ണൊലിപ്പിനും വെള്ളപ്പൊക്കത്തിനും ഇടനൽകാതെ ഭൂമിയിൽ തന്നെ സംഭരിച്ച് മിതമായി ഉപയോഗിക്കപ്പെടേണ്ടതാണെന്ന് ഈ പഠനങ്ങൾ തെളിയിക്കുന്നു. വനനശീകരണത്തിനും അറുതി വരുത്തി. ഭൂമിയുടെ കിടപ്പിനനുസരിച്ച് ചില ക്രമീകരണങ്ങൾ ചെയ്ത് ശാസ്ത്രീയ കൃഷി രീതികൾ അലലംബിച്ചാൽ മണ്ണൊലിപ്പും, ജലനഷ്ടവും 90% കുറയ്ക്കാനാവും.

ജനതയുടെ ആവശ്യത്തിനുള്ള വെള്ളം മഴയിൽ നിന്നു മാത്രം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം.

നമ്മുടെ ഗ്രാമത്തിന്റെ കാര്യവും മറിച്ചല്ല. മഴക്കാലത്ത് മീനച്ചിലാറിൽ കൂടി വരുന്ന ഒഴുക്കു ജലം മാത്രമാണ് നമ്മുടെ ഉപയോഗയോഗ്യമായ ജലസമ്പത്ത്. കായൽ സാമീപ്യമുണ്ടെങ്കിലും ആ ജലം കൃഷിക്കോ, മറ്റു കാര്യങ്ങൾക്കോ ഉപയുക്തമല്ല. മഴക്കാലത്ത് ലഭിക്കുന്ന ഒഴുക്കു ജലം ആണ്ടു മുഴുവൻ ഉപയോഗിക്കാൻ സാധിക്കാതെ വരുന്നതിനാൽ വേനൽക്കാലത്ത് കടുത്ത ജല ക്ഷാമം അനുഭവപ്പെടുന്നു. ഈ സാഹചര്യം ജല സംഭരണത്തേയും, വിനിയോഗത്തെയും പറ്റി ഗൗരവമായ ചിന്തക്ക് നമ്മെ പ്രേരിപ്പിക്കുന്നു. ജലസംഭരണം നടത്താതെ ജലസേചനത്തെക്കുറിച്ച് ആലോചിക്കാവുന്നതല്ല.

ഈ വിഷയത്തെപ്പറ്റി യാതൊരു വിധ പഠനങ്ങളോ, പദ്ധതികളോ നമ്മുടെ ഗ്രാമത്തിലുണ്ടായിട്ടില്ല. അതിന് പല കാരണങ്ങളുമുണ്ടാകാം. ഗ്രാമത്തിലെ പ്രധാനകൃഷി നെല്ലാണ്. 1370 ഹെക്ടർ നെൽപ്പാടങ്ങളിൽ 95 ശതമാനവും വേനൽക്കാലത്തു പോലും ആറുകളുടെയും തോടുകളുടേയും ജലവിതാനത്തിനു താഴെ സ്ഥിതിചെയ്യുന്നു. ആയതിനാൽ നെൽകൃഷിക്കുള്ള ജലസേചനം മറ്റുപദ്ധതികൾ കൂടാതെ തന്നെ പഴയകാലം മുതൽ തൂമ്പുകൾ മുഖേന നടത്താൻ കഴിയുന്നു. അധികജലം പുറത്തേക്ക് കളയുക (Dewatering) മാത്രമാണ് നെൽകൃഷിക്ക് വേണ്ടി വരുന്നത്. ആയതിലേക്ക് 1825.5 കുതിരശക്തിയുള്ള 51 മോട്ടർ പമ്പു സെറ്റുകൾ ഉപയോഗത്തിലുണ്ട്.

ഗ്രാമത്തിലെ രണ്ടാമത്തേയും, കരകൃഷിയിൽ ഒന്നാമത്തേതും തെങ്ങാണ്. തെങ്ങുകൃഷിയിലധിക പങ്കും പടിഞ്ഞാറൻ വാർഡുകളിലാണ്. ഈപ്രദേശം പൊതുവേ വെള്ളക്കെട്ടായതുകൊണ്ട് ഈർപ്പം ഭൂമിയുടെ അധികം താഴ്ചയിലല്ലാതെ നിലനിൽക്കുന്നു. ആയതിനാൽ ഉണക്കുമൂലം തെങ്ങുകൾ നശിക്കാറില്ല. അതേ കാരണം

കൊണ്ടു തന്നെ കർഷകർ തെങ്ങിനു നനയ്ക്കുന്നതിനെ പ്പറ്റി ചിന്താക്കാൻ മെനക്കെടാറില്ല. എന്നാൽ ജലസേചനം കൊണ്ട് തേങ്ങയുടെ ഉൽപ്പാദനം 20% വർദ്ധിപ്പിക്കാവു മെന്ന് തെളിയിച്ച വസ്തുതയിൽ കേരകർഷകർ ഇന്നു അജ്ഞരാണെന്ന് തോന്നിപ്പോകുന്നു. നെല്ലു പോലെ തന്നെ തെങ്ങ്, വാഴ, പച്ചക്കറികൾ, ജാതി, ഗ്രാമ്പൂ, തുടങ്ങിയ കൃഷികളും ജലസേചനത്തിന് വിധേയമാക്കി യിരുന്നുവെങ്കിൽ വർഷകാലത്ത് ലഭിക്കുന്ന ജലം രണ്ടോ മൂന്നോ മാസങ്ങൾക്കകം ഉപയോഗിച്ചു തീരുകയും, കടുത്ത ജലക്ഷാമത്തിനെ അഭിമുഖീകരിക്കേണ്ടി വരിക യും ചെയ്യുമായിരുന്നു.

" നാനാവിളകൾക്കും അധികയുല്പാദനമാണ് നമ്മു ടെ ലക്ഷ്യം " ഉൽപ്പാദന വർദ്ധനവിന് ജലസേചനം അപ രിത്യാജ്യം. നമ്മുടെ ജലലഭ്യത മഴക്കാലത്തെ ഒഴുക്കു ജലം വേമ്പനാട്ടു കായലിന്റെ ദാഹശമനത്തിന്റെ ബാക്കി 117.7 ഹെക്ടർ ആറുകളിലും തോടുകളിലും തങ്ങിനിൽക്കുന്നവ മാത്രം. കായലിലെ വേലിയേറ്റയിറ ക്കം ഇതിന്റെ അളവിൽ വ്യതിയാനങ്ങളുണ്ടാക്കുന്നു. വിളകൾക്കെന്നവണ്ണം ദാഹജലത്തിനും വഴി കണ്ടെത്ത ണം. അവിടെയാണ് ജലസംഭരണത്തിന്റെയും വിനിയോ ഗത്തിന്റെ പ്രസക്തി ബോധ്യമാകുന്നത്. വർഷകാലത്ത് കിട്ടുന്ന ജലം സംഭരിച്ച് ഒരാണ്ടു മുഴുവൻ ജലസേചന മുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് നഷ്ടം കൂടാതെ വിനിയോഗിക്കുകയാണ് കരണീയമായിട്ടുള്ളത്.

ആയതിനാൽ മീനിച്ചിലാറിലെ ഒഴുക്കുജലം സംഭ രിക്കാനും അത് കുടിവെള്ളത്തിനും. എല്ലാ കൃഷികൾ ക്കും ജലസേചനം നൽകുവാനും ഉതകുമാറ് പദ്ധതി കൾക്ക് രൂപം നൽകണം മൈനർ ഇറിഗേഷൻ, വാട്ടർ അതോറിട്ടി, എന്നീ ഡിപ്പാർട്ടുമെൻറുകളുടെയും നീർതട പദ്ധതികൾക്കായി (water shed) സോയിൽ കൺസർ വേഷൻ ഡിപ്പാർട്ടുമെൻറിന്റെയും സത്വര ശ്രദ്ധ വിഷയീ ഭവിക്കേണ്ടതാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. തണ്ണീർമുക്കം ബണ്ടിന്റെ കേടുപാടുകൾ തീർക്കുക. ഷട്ടറുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ അധികാരിക ളുടെ ശ്രദ്ധ അനിവാര്യമാണ്.

ഓരു വെള്ള നിയന്ത്രണത്തിന് മുൻകാലങ്ങളി ലെന്ന പോലെ തെക്ക് മുത്തേരിമുതൽ വടക്ക് വൈക്കം വരെയുള്ള ജലപ്രവാഹിനികൾക്ക് ഓരുമുട്ടുകൾ നിർമ്മി ക്കുകയും, കരിയാർ മുട്ട് ഉറപ്പിക്കുകയും ചെയ്താൽ ബണ്ട് സ്ഥിരം തുറന്നിടാവുന്നതാണ്. തന്മൂലം ഗ്രാമപ ഞ്ചായത്തിലുള്ള ആറുകളിലും തോടുകളിലും ഓരു കയറാതെയും, വെള്ളം വറ്റാതിരിക്കുകയും, കിണറുക ളിലും കുളങ്ങളിലും ശുദ്ധജലം സംരക്ഷിക്കപ്പെടുകയും കര കൃഷികൾക്ക് ഉണക്കു ബാധാക്കാതിരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ കായലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും കുട്ടനാടൻ പ്രദേശത്തെ ജലമലിനീ കരണം നിയന്ത്രിക്കാനും കഴിയും. ഈ നിർദ്ദേശം പഠനവിഷയമാക്കേണ്ടതാണ്.

2. ഗ്രാമത്തിലെ 10,12,13 എന്നീ വാർഡുകൾ ഒഴികെ മറ്റു വാർഡുകളിലായി 36 പാടശേഖരങ്ങളുണ്ട്. ഇവയ്ക്കെ ല്ലാം പുറം ബണ്ടുകളും, മോട്ടോർ, പെട്ടി, പറ, മോർട്ടോർ ഷെഡ് സ്ഥി രം കറണ്ട് കണക്ഷൻ എന്നിവ ആവശ്യമാണ്. എന്നാൽ 14 പാടശേഖരങ്ങൾക്ക് 512.5 കുതിരശക്തിയുള്ള സ്വന്തം മോട്ടോറുകൾ ഉള്ളതായി പഠനങ്ങളിൽ കാണുന്നു. ഇവയിൽ പ്രവർത്തനശേഷി കുറഞ്ഞവക്കു പകരം പുതിയവയും മറ്റുള്ളവയ്ക്ക് പുതിയ മോട്ടോറും പെട്ടിയും സൗജന്യമായി (100%) നൽകുകയും, മോട്ടോർ ഷെഡുകളും, പറക്കുഴിയും, സ്ഥിരം കറണ്ട് കണക്ഷനും നൽകേണ്ടതാണ്.

P.M.P പദ്ധതി തുടരുന്ന പക്ഷം അനുവദിക്കുന്ന തുക മുഴുവനും മോട്ടാർ, പെട്ടി, പറ, ഷെഡ് നിർമ്മാണം എന്നിവയ്ക്കു വേണ്ടി പ്രഥമ പരിഗണന നൽകുക. രണ്ടാം പരിഗണന സ്ഥിരം കരിങ്കിൽ പുറം ബണ്ട് നിർമ്മാണ ത്തിനും വിനിയോഗിക്കുക. മുൻകാലങ്ങളിലെപ്പോലെ ചെളിബണ്ടിനും തോടു തെളിക്കലിനും മറ്റും നൽകി ക്രമക്കേടുകൾക്ക് ഇടനൽകാതിരിക്കണം മോട്ടോറുകളും, സ്ഥിരം കണക്ഷനും, നൽകിയാൽ പംമ്പിംഗ് ലേലം നിർത്തി പകരം പാടശേഖരങ്ങൾക്ക് നടത്തൽ കൂലി, മെയിൻറനൻസ് ഗ്രാൻറിന് എന്നിവയ്ക്ക് ലേലത്തുക യേക്കാൾ വളരെ കുറഞ്ഞ ബാദ്ധ്യതയേ സർക്കാരിനുണ്ടാ കുകയുള്ളൂ. കൃഷിഭവൻ വഴി ഈ തുക നൽകാവുന്നതും. പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിറുത്തൽ ചെയ്യാവുന്നതു മാകുന്നു.

3. വിവിധ വാർഡുകളിൽ ജലസേചന നിർഗ്ഗമന മാർഗ്ഗ ങ്ങൾ അടയ്ക്കപ്പെട്ടത് ഉടനടി തുറപ്പിക്കാൻ ഗ്രാമപഞ്ചാ യത്ത് നടപടിയെടുക്കേണ്ടതാണ്.

4. 11-ാം വാർഡിലെ ഇരവീശരം പാടശേഖരത്തിലെ കരവെള്ളം തടയുന്നതിന് പാടശേഖരത്തിന്റെ തെക്കു ഭാഗം വള്ളാനി മുതൽ കിഴക്കേ അരികുവഴി കാക്കച്ചേരി പാടത്തിന് സമീപം വരെ സ്ഥിരം കനാൽ നിർമ്മിക്കുക. കനാൽവഴി എത്തുന്ന വെള്ളം പമ്പുചെയ്ത ആറ്റിലേക്ക് വിടാൻ 50H.P മോട്ടോർ സ്ഥാപിക്കുക. മോട്ടോർ സ്ഥാ പിക്കാത്തപക്ഷം ആറ്റിൽ വെള്ളം ഉയരുമ്പോൾ കനാൽ വഴി വെള്ളം പാടത്തേയ്ക്ക് കയറും. മലവെള്ളം തടയുന്ന തിന് കാക്കച്ചേരി പാലം മുതൽ വട്ടക്കാട്ടിൽ പാലം വരെ യുള്ള റോഡ് ഒരു മീറ്റർ ഉയർത്തണം. തെക്കുഭാഗത്തു കൂടി യുള്ളത് തടയുന്നതിന് വട്ടക്കാട്ടിൽ പാലം മുതൽ പാടശേഖരത്തിൽ മുട്ടോളി പറമ്പുവരെ റോഡ് കംബണ്ട് നിർമ്മിക്കുകയും, ഭാഗത്തെ വെള്ളം ഓടകെട്ടി ആലുംമൂ ട്ടിക്കവലയിലേക്കു വിടുകയും ചെയ്യണം. കൊട്ടാരത്തിൽ

പടിയ്ക്കലെ ചപ്പാത്തിനു പകരം ഒരു മീറ്റർ സമചതുരത്തിൽ കൾവർട്ട് നിർമ്മിക്കുക. ടി പദ്ധതിയുടെ സഹായത്തിനായി Central water resource development management (C.W.R.O.M) നെ സമീപിക്കാവുന്നതാണ്.

5. 8-ാം വാർഡിലെ മള്ളൂർ പാടത്തിന്റെ ജലസേചന നിർഗ്ഗമന പരിഹാരത്തിന് മറ്റയ്ക്കാട്ട് പടിമുതൽ ആഴം കുറഞ്ഞ തോടിന്റെ ഭാഗങ്ങൾ മേക്കാട്ടു മുന്നിവരെ താഴ്ത്തുകയും സൈഡുകൾ സ്ഥിരം ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുക. വിരിപ്പു കൃഷിക്ക് വേണ്ടി മൂലക്കാട്ടു മുന്നിലും കുടയംപടി പാലത്തിന് കിഴക്കു വശത്തും മൂട്ടുകൾ നിർമ്മിച്ച് 50 H.P മോട്ടോർ ഉപയോഗിച്ച് കരവെള്ളം പുറത്തു കളയാവുന്നതാണ്.

6. ഇരവിശ്വരം പാടത്തേക്ക് ട്രാക്ടറും മറ്റുപകരണങ്ങളും കൊണ്ടു പോകുന്നതിനുള്ള കടമാട്ടുതാഴ്ച വഴി സുഗമമാക്കുകയും ചെയ്യേണ്ടതാണ്.

7. 9-ാം വാർഡിലെ 6 ഹെക്ടർ കൃഷിക്ക് 75 മീറ്റർ ചിറകെട്ടി 15 H.P മോട്ടോർ സ്ഥാപിക്കണം.

8. 13-ാം വാർഡിലെ മാലിച്ചിറ, പെരുമനമാങ്ങായിൽ ഭാഗം കരിങ്കൽ കെട്ടും, പുലിമുട്ടും നിർമ്മിച്ച് മണ്ണൊലിപ്പ് തടയുകയും ജലസേചന തോട് പുനരുദ്ധരിച്ച് 8 ഹെക്ടർ നിലത്തിൽ കൃഷി ചെയ്യാവുന്നതാണ്.

9. പമ്പിംഗിന് കറണ്ട് കണക്ഷന് സെക്യൂരിറ്റി നൽകേണ്ടതും, കറണ്ട് ചാർജ്ജ് അടച്ചശേഷം റീ ഇമ്പേഴ്സ് ചെയ്യേണ്ടിവരുന്ന ദുരവസ്ഥ ഉടൻ പരിഹരിക്കേണ്ടതാണ്.

10. കൃഷിഭവനുകളിലെ Feild staff strenth വർദ്ധിപ്പിക്കുകയും (3 വാർഡിന് ഒരാൾ) ഓഫീസ് വർക്കിന് ഒരു ക്ലാർക്കിനെ നിയമിക്കുകയും ചെയ്തു. സേവനം വിപുലമാക്കുക, ഗ്രാമത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന അഭ്യസ്ത വിദ്യർക്ക് കൃഷിഭവൻ വഴി ഹ്യസ്വകാല പരിശീലനം നൽകി കൃഷി അസ്സിസ്റ്റന്റുമാരുടെ ഫീൽഡു വർക്കിൽ സഹായിക്കാവുന്നതാണ്. ഇപ്പോൾ ലഭിക്കുന്ന വേതനത്തിനു പുറമേ പ്രവർത്തന ദിവസത്തിന് ചെറിയ തോതിലുള്ള അലവൻസു കൂടി നൽകേണ്ടതാണ്. പ്രവർത്തന ദിവസങ്ങൾ പരിമിതപ്പെടുത്തി എല്ലാ തൊഴിൽ രഹിത വേതനം ലഭിക്കുന്നവരേയും രംഗത്തിറക്കേണ്ടതാണ്.

11. ഓരോ പ്രാവശ്യവും കൃഷിയിറക്കുന്നതിനുമുമ്പ് പാടശേഖരങ്ങളിലെ മണ്ണ് പരിശോധിക്കേണ്ടതാണ്. പറമ്പുകളിലേത് ആണ്ടിൽ ഒരു പ്രാവശ്യം പരിശോധനാ വിധേയമാക്കേണ്ടതും, പരിശോധനാറിപ്പോർട്ടിനേയും ശുപാർശയേയും പറ്റി ബോധക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുമാണ്. Mobile unit-ന്റെ സേവനം പരിശോധനയ്ക്ക് പ്രയോജനപ്പെടുത്തണം.

12 ഉൽപാദനക്ഷമത കൂടിയ ന്യൂക്ലിയർ നെൽവിത്തും മറ്റു നടീൽ വസ്തുക്കളും ആവശ്യത്തിന് യഥാസമയം 50% സൗജന്യനിരക്കിൽ ലഭ്യമാക്കണം.

13 രാസവളം, കീടനാശിനി, കളനാശിനി ഇവയ്ക്ക് 50% സൗജന്യം അനുവദിക്കുക.

14. കാർഷിക ഉപകരണങ്ങൾ പ്രദേശത്തിനനുസരിച്ച് രൂപകൽപന നൽകി 50% സൗജന്യനിരക്കിൽ കർഷകർക്കു നൽകുക.

15. ജൈവവള നടീൽ വസ്തുക്കൾ 100%സൗജന്യമായി വിതരണം ചെയ്യുകയും അവ ഫലപ്രദമായി മണ്ണിൽ ഉപയോഗിക്കുന്നവർക്ക് യുക്തമായ പ്രോൽസാഹനം നൽകുകയും വേണം.

16. മണ്ണു പരിശോധനാടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കൾക്ക് 50% സബ്സിഡി അനുവദിക്കുക.

17. കമ്പോസ്റ്റ് നിർമ്മാണത്തിന് ഒരു ടണ്ണിന് 50 രൂപാ പ്രകാരം സബ്സിഡി നൽകി പ്രോൽസാഹിപ്പിക്കുക.

18. നെൽകൃഷിക്ക് Production Bonus ഹെക്ടറിന് 500 രൂപയാക്കുക.

19. നെല്ല്, നാളീകേരം ഇവയ്ക്ക് തറവില നിശ്ചയിക്കുകയും, ഉൽപന്നങ്ങൾ ഗവഃഏജൻസി വഴിയോ, സഹകരണ പ്രസ്ഥാനങ്ങൾ വഴിയോ പൂർണ്ണമായി ശേഖരിക്കുകയും 90% വില അപ്പോൾതന്നെ നൽകുകയും,. ഉൽപന്നങ്ങൾ ഉയർന്ന വിലയ്ക്കും വിറ്റ് കർഷകന് ബാക്കി വില നൽകുന്നതിനും മാർക്കറ്റിങ്ങ് സംവിധാനം രൂപീകൃതമാക്കുകയും ചെയ്യുക.

20. നെല്ല്, നാളീകേരം ഇവയുടെ സംസ്കരണയൂണിറ്റുകൾ ആരംഭിക്കുക.

21. ഗ്രൂപ്പ് ഫാമിങ്ങ് സമിതി, പാടശേഖരക്കമ്മിറ്റി, പ്രതിനിധികൾ, വാർഡുമെമ്പർമാർ, കേരകർഷകപ്രതിനിധി, കാർഷികവികസനസമിതി, ഗ്രാമത്തിലെ നാലോ അഞ്ചോ കാർഷികജ്ഞാനികൾ, കർഷകതൊഴിലാളി പ്രതിനിധികൾ, കൃഷി ഓഫീസർ എന്നിവർ മാസത്തിലൊരിക്കൽ ഒത്തുകൂടി കാർഷികാഭിവൃദ്ധിയെപ്പറ്റി അവലോകനം ചെയ്യേണ്ടതാണ്.

22. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യപരിഹാരത്തിന്, ഗ്രൂഫാമിങ്ങ് സമിതി പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് വാർഡുമെമ്പർമാർ, കർഷകതൊഴിലാളി പ്രതിനിധി എന്നിവർ സമ്മേളിച്ച്, ലഭ്യമായ തൊഴിലാളികളെ എല്ലാ പാടശേഖരങ്ങളിലും ഉപയോഗിക്കത്തക്കവിധത്തിൽ വിളയിറക്കൽ, അനുബന്ധ ജോലികൾ (Calender of operation) ഇവ ക്രമീകരിച്ച് തീരുമാനമെടുക്കേണ്ടതാണ്.

23. അദ്ധ്വാനഭാരത്തെ ആസ്പദമാക്കി തൊഴിലാളി വേതനവും കയറ്റിയിറക്കു കൂലിയും, മറ്റ് തൊഴിലാളിസംഘടനാപ്രതിനിധികൾ, ട്രേഡ്യൂണിയൻ നേതാക്കൾ,

പാടശേഖര പ്രതിനിധികൾ, പഞ്ചായത്തു പ്രസിഡൻറ്, കൃഷിഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികസ്വഭാവം കണക്കാക്കി തീരുമാനിക്കേണ്ടതാണ്.

24. ഗ്രമത്തിലെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കുക. വർഷകാലത്ത് വെള്ളക്കെട്ടു പ്രദേശങ്ങളെ ഒഴിവാക്കാവുന്നതാണ്. തോട്ടനിർമ്മാണത്തിന് വിത്ത്, വളം ഇവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും, കീടനിയന്ത്രണം 100% സൗജന്യവും സംഘടിതമായും, പഞ്ചായത്ത് ചിലവിൽ വാർഡ്മെമ്പർമാരുടെ നേതൃത്വത്തിലുള്ള സന്നദ്ധസംഘം നടത്തിക്കൊടുക്കേണ്ടതാണ്.

25. കേരവികസനത്തിനു നൽകുന്ന ആനുകൂല്യങ്ങൾ നാമമാത്രവും അശാസ്ത്രീയവുമാണ്. ഗ്രാമത്തിലെ കേടുവന്നതും ആദായകരവുമല്ലാത്ത 0.1 ശതമാനം തെങ്ങുകൾ പോലും വെട്ടിമാറ്റാനുള്ള അനുവാദം ലഭിച്ചിട്ടില്ല. ഇത് തികച്ചും അശാസ്ത്രീയവും വ്യർത്ഥവുമാണ്. കായലിന് സമാന്തരമായി ഒരു ബൽറ്റ് ഏറിയാ നിജപ്പെടുത്തി ആ പ്രദേശത്തെയെങ്കിലും കേടു വന്നവ വെട്ടിമാറ്റേണ്ടതാണ്. ആനുകൂല്യം 50%വർദ്ധിപ്പിക്കണം. കുറഞ്ഞത് 10 സെൻറ് തെങ്ങുകൃഷിയുള്ളവർക്കും പദ്ധതിപ്രകാരം കിണറും പമ്പുസെറ്റും അനുവദിക്കണം. ടി. സ്ഥലത്ത് അനുബന്ധകൃഷികൾക്ക് ഇത് ഉപകാരപ്രദമാകും. രാസവള കിറ്റുകൾ മേയ് മാസം തന്നെ കർഷകരിൽ കിട്ടത്തക്കവണ്ണം നടപടികൾ സ്വീകരിക്കണം.

26. കാർഷികവികസനപദ്ധതിയുമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ വളരെയധികം പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഒന്നും പൂർത്തിയാക്കാൻ കഴിയാതെ വരുന്നത് അശാസ്ത്രീയമാണ്. വിനിയോഗ്യമായ വിഭവങ്ങൾ കണക്കാക്കി മുൻഗണനാക്രമത്തിൽ പൂർണ്ണവും സ്ഥിരവുമായ പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്യണം.

27. ശാസ്ത്രീയകൃഷിരീതി, മികച്ച ഉൽപാദനം ഇവയെ അടിസ്ഥാനമാക്കി കർഷകർക്ക് അവാർഡും ആദരവും നൽകേണ്ടതാണ്.

28. സർവ്വോപരി കർഷകരുടേയും, തൊഴിലാളികളുടേയും സൗഹൃദം ഉറപ്പുവരുത്തേണ്ടതിന് ആവശ്യമായ ബോധനക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

29. മനുഷ്യർക്കും വിളകൾക്കും ഒരുപോലെ ഉപദ്രവകാരിയാണ് എലി. ഭക്ഷ്യധാന്യങ്ങളിൽ പത്ത് ശതമാനത്തിലധികം എലി നശിപ്പിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിലും എലി ശല്യം നിയന്ത്രണാതീതമായതിനാൻ എല്ലാവാർഡുകളിലും എലിനശീകരണ കാംബൈയിൻ നടത്തേണ്ടതാവശ്യമാണ്.

പട്ടിക - കൃഷിഭവൻ മുഖേനയുള്ള ആനുകൂല്യങ്ങൾ

നമ്പർ	ഇനവിവരം	1993 - 94	94 - 95	95 - 96	96 - 97
1	പ്രൊഡക്ഷൻ ബോണസ് (നെല്ല്)	434253.00	515285	,, ,,	
2	പ്രൈമിനിസ്റ്റേഴ്സ് പ്രോഗ്രാം				
	a. അടിസ്ഥാനസൗകര്യ വികസനത്തിന്		10378609.00		
	b. ട്രാക്ടർ		1		
3	സ്കീം ഫോർ സ്മോൾ ഫാം മെക്കനൈസേഷൻ				
	a. ട്രാക്ടർ		2		
	b. റ്റില്ലർ		2		
4	പ്രകൃതി ക്ഷോഭം	522580.00	.3,37467.00		
5	പച്ചക്കറിക്ഷീരവികസനം				
	a. വിത്തുവിതരണം (Kits)	183			
	b. ,, ഹോംഷെഡ്ഗാർഡൻ (സ്കൂൾ കുട്ടികൾ മുഖേന)	700	711	1370	
	c. ,, മഹിളാസമാജം	1	3		
	d. ,, സ്കൂൾ ഗാർഡൻ	1	1	1	1
6	മിനികിറ്റ്				
	a. നെല്ല്		40		

	b. മൈനർ റൂബേഴ്സ്	200	,,		
	c. ഉഴുന്ന്	16	,,		
7	ഡെവലപ്പ്മെൻറ് ഓഫ് ന്യൂട്രീഷനൽ				
	ഗാർഡൻ ഇൻ റൂറൽ ഏറിയാസ്				
	a. പ്ലാവ്	8	20	72	
	b. മാവ്	8	50	92	
	c. മഗോസ്റ്റിൻ	16			
	d. ജാതി	8			
	e. സ്റ്റാർ ആപ്പിൾ	8			
	f. പൈനാപ്പിൾ	16			
8	ഡെവലപ്മെൻറ് ഓഫ് പൾസസ്				
	a. പയർവിത്ത്	1600			
	b. എള്ള്	225			
9	നടീൽ വസ്തുക്കൾ		100		
	a. തെങ്ങിൻ തൈ W.C.T	1900			
	b. ,, T x D	125	650	1600	400
	c. ,, D x T	50	100	100	100
	d. കൊക്കോ	1500	75		100
	e. കുരുമുളക്	1500	150		
	f. വാഴക്കന്ന്				1
	g. നെൽവിത്ത്			2940	
10	**Comprehensive Coconut development Programme**			4800	4000
	a. ജലസേചനകിണർ		8	15	
	b. പമ്പുസെറ്റ്		29	36	
	c. സ്പെയർ		1	1	
	d. തെങ്ങുകയറ്റ യന്ത്രം			2	
	e. കേടുവന്ന തെങ്ങ് വെട്ടി മാറ്റിയത്			800	
	f. തെങ്ങുവളം				420 (Kits)

മൃഗസംരക്ഷണം, മത്സ്യബന്ധനം

മൃഗസംരക്ഷണം

എഴുപത്തിയഞ്ചു ശതമാനത്തോളം ജനങ്ങൾ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുക്കുന്ന രാജ്യമാണ് നമ്മുടേത്. കൃഷിയോടൊപ്പം കാലി വളർത്തലിനും വമ്പിച്ച സാധ്യതയുണ്ട്. നമ്മുടെ കാലി സമ്പത്ത് ഒരു പക്ഷേ ലോകറിക്കാർഡാണെങ്കിലും ഉല്പാദനക്ഷമത തീരെ കുറഞ്ഞവയാണ് സംസ്ഥാനത്തിന്റെ സ്ഥിതിയും ഭിന്നമല്ല. നമ്മുടെ പഞ്ചായത്തിലും കാലിവളർത്തലിന് ഏറെ സാധ്യതയുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര ഉപയോഗത്തിനുപോലും ഇവിടുത്തെ ഉൽപാദനം തികയുന്നില്ല. അതുകൊണ്ടുതന്നെ, പാലിനും മറ്റു ക്ഷീരോൽപന്നങ്ങൾക്കും വേണ്ടി വെളിയിലുള്ള ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്നു.

കാലിവളർത്തൽ മേഖലയിൽ ആസൂത്രിത പദ്ധതികളാവിഷ്ക്കരിച്ച് സംഘടിത പ്രവർത്തനം കാര്യക്ഷമമായി നടത്തേണ്ടിയിരിക്കുന്നു. ഗുജറാത്തിലെ ആനന്ദ് ഗ്രാമത്തിൽ നിന്നും ലോകശ്രദ്ധ പിടിച്ചുപറ്റിയ അമുൽ പ്രസ്ഥാനം നമുക്കു മാതൃകയാക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിലുള്ള വളർത്തു മൃഗങ്ങളുടെ കണക്കു താഴെ ചേർക്കുന്നു.

പട്ടിക **1.**

	സങ്കരം	നാടൻ	ആകെ
1. പശുക്കൾ	2121	1410	3531
2. കാള	---	----	343
3. എരുമ	---	---	10
4. പോത്ത്	---	---	41
5. ആട്			1850

ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ തയ്യാറാകാത്തതുകാരണം ഇവയുടെ ഉല്പാദനക്ഷമത തീരെ കുറവാണ്. കാലിവളർത്തൽ ലാഭകരമല്ല. നാടൻ പശുക്കളെ പരമ്പരാഗത രീതിയിൽ വളർത്തി ആദായം എടുക്കുന്ന രീതി തുടരാൻ പറ്റാത്ത വിധം മേച്ചിൽ സ്ഥല ലഭ്യത കുറഞ്ഞുവരുന്നു. മുൻകാലങ്ങളിൽ "കന്നുകാലിമേച്ചിൽ സ്ഥലം" എന്ന പേരിൽ റവന്യൂ പുറമ്പോക്കു ഭൂമി ഉണ്ടായിരുന്നുത് തീർത്തും അന്യാധീനപ്പെട്ടുപോയിരിക്കുന്നു. തീറ്റപ്പുല്ല് പ്രാദേശികമായി ലഭ്യമല്ല. വൈയ്ക്കോൽ ഉണ്ടെങ്കിൽപ്പോലും അമിത വില നൽകേണ്ടിവരുന്നു. കാലിത്തീറ്റയ്ക്കും വില കൂടുതൽ തന്നെ. സങ്കരയിനം പശുക്കളെ വളർത്താൻ തക്ക ശുചിത്വമുള്ള തൊഴുത്തുകളും ആരോഗ്യപരിപാലന സൗകര്യങ്ങളും ലഭ്യമല്ല. ജലസമ്പത്ത് പൊതുവേ കൂടുതലുള്ള പ്രദേശമാകയാൽ പശുക്കളെപ്പോലെ തന്നെ എരുമകളേയും വളർത്താൻ പറ്റിയ സൗകര്യം ഉണ്ടെങ്കിലും കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

ഈ മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

1. ഉല്പാദന ക്ഷമത കൂടിയ പശുക്കുട്ടികൾ, ആടുകൾ, പന്നികൾ, നല്ലയിനം എരുമകിടാവുകൾ എന്നിവ ആവശ്യാനുസരണം ലഭ്യമല്ല.
2. കാലികൾക്കുണ്ടാകുന്ന സാധാരണ രോഗങ്ങൾക്ക് അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല.
3. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ല.
4. ക്ഷീരോല്പന്നങ്ങൾ എളുപ്പം വിറ്റഴിക്കാനുള്ള പ്രയാസങ്ങൾ.
5. ശാസ്ത്രീയമായി കാലി വളർത്തലിനുള്ള പരിശീലനക്കുറവ്.

സാധ്യതകൾ

1. അത്യുല്പാദനശേഷിയുള്ള പശുക്കുട്ടികൾ, ആടുകൾ, പന്നികൾ, എരുമക്കുട്ടികൾ എന്നിവയെ സൗജന്യ നിരക്കിൽ വിതരണം നടത്തുക.
2. ശുചിത്വമുള്ള കൂടുനിർമ്മാണത്തിനു ധനസഹായം ഉദാരമാക്കുക.
3. കാലിത്തീറ്റയ്ക്ക് സൗജന്യം ഏർപ്പെടുത്തുക. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക.
4. പകർച്ചവ്യാധിക്കും പേവിഷബാധയ്ക്കും പ്രതിരോധകുത്തിവയ്പ് സൗജന്യവും സാർവത്രികവുമാക്കുക.
5. മൃഗാശുപത്രിയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക. ആവശ്യത്തിനു മരുന്നും സ്റ്റാഫും ലഭ്യമാക്കുക.
6. സൗജന്യങ്ങൾക്കുള്ള വരുമാനം, സ്ഥലം ഇവയുടെ പരിധി എടുത്തുകളയുക.
7. സബ്സിഡി നിരക്കുകൾ വർദ്ധിപ്പിക്കുക. മൂലധന വായ്പ ഉദാരമാക്കുക.
8. നിലവിലുള്ള ക്ഷീരവ്യവസായ സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാകുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
9. മികച്ച കർഷകർക്ക് പ്രോൽസാഹനം നൽകുക.
10. കർഷകർക്ക് പരിശീലനവും ബോധവൽക്കരണവും ആദരവും നൽകുക.



അയ്മനം പഞ്ചായത്തു മൃഗാശുപത്രി ഒളശ്ശ എൻ.എസ്.എസ് ഹാളിൽ വച്ച്
ബഹു. ഗ്രാമവികസന വകുപ്പു മന്ത്രി ടി.കെ. രാമകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു.

കോഴിവളർത്തൽ

നാടനും പുതിയ ഇനങ്ങളുമായി ഉദ്ദേശം 29000 കോഴികൾ നമ്മുടെ പഞ്ചായത്തിലുള്ളതായി കണക്കുകളിൽ കാണുന്നു. ഇതിൽ ഉല്പാദനശേഷി കൂടിയതു വളരെ കുറവാണ്. കോഴിമുട്ടയ്ക്കും ഇറച്ചിയ്ക്കും നമുക്ക് മറ്റുള്ളവരെ ആശ്രയിക്കെണ്ടിവരുന്നു. കോഴി വളർത്തലിനു ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിച്ചു കാണുന്നില്ല. കൂടെക്കൂടെയുണ്ടാകുന്ന കോഴിവസന്തയും കോഴിത്തീറ്റയുടെ വിലക്കൂടുതലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്രതിരോധശേഷി കൂടിയ സങ്കരയിനങ്ങളെ കൂടുതലായി ലഭ്യമാക്കുകയും കുറഞ്ഞവിലയ്ക്ക് കോഴിത്തീറ്റ ആവശ്യാനുസരണം നൽകുകയുമാണ് പോംവഴി. വ്യാവസായികാടിസ്ഥാനത്തിൽ കൂടുതൽ കോഴികളെ വളർത്തുന്നതുവഴി ലഭിക്കുന്ന കോഴിക്കാഷ്ടം വിലയേറിയ ജൈവവളമായി ഉപയോഗിക്കാവുന്നതാണ്.

താറാവുകൃഷി

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ലാഭകരമായി നടത്താവുന്നതാണ് താറാവുകൃഷി. 17000 താറാവുകൾ വിവിധ യൂണിറ്റുകളിലായി നമ്മുടെ ഗ്രാമത്തിലുള്ളതായി കാണുന്നു. കൂട്ടത്തോടെ താറാവുകളെ കൊന്നൊടുക്കുന്ന രോഗവും മറ്റും ഈ കൃഷി അനാകർഷകമാക്കുന്നു. രോഗപ്രതിരോഗ നടപടികൾ സൗജന്യമാക്കുകയും ഇൻഷുറൻസു പരിരക്ഷയും തീറ്റ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കു ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുമാണ്. ശാസ്ത്രീയമായ രീതിയിൽ മുട്ടവിരിയിക്കാനുള്ള ഒരു ഇൻകുബേറ്റർ സ്ഥാപിക്കേണ്ടതും ആവശ്യമാണ്.

മത്സ്യകൃഷി, മത്സ്യബന്ധനം

143 ഏക്കറോളം വരുന്ന മീനച്ചിലാറിന്റെ കൈവഴികളും 296 ഏക്കറോളം വിവിധ തോടുകളും 8 ഏക്കർ കുളങ്ങളും 439 ഏക്കർ വിസ്തീർണ്ണമുള്ള വേമ്പനാടു കായലിന്റെ ഭാഗവും കൂടിയതാണ് ഐമനം പഞ്ചായത്തിന്റെ ജലസമ്പത്ത്. ഒരു കാലത്ത് ഇവിടെ ധാരാളം മത്സ്യം ലഭ്യമായിരുന്നു. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന ധാരാളം ആളുകളും ഉണ്ടായിരുന്നു. അമിതവും വിവേചനരഹിതവുമായ മത്സ്യബന്ധനം, പരിസ്തിഥി മലിനീകരണം, കീടനാശിനികളുടേയും രാസവളങ്ങളുടേയും അമിതമായ ഉപയോഗം, കൂടെക്കൂടെയുണ്ടാകുന്ന രോഗങ്ങൾ എന്നിവ. കാരണമാകാം ഇന്ന് മത്സ്യ സമ്പത്ത് ഗണ്യമായി കുറഞ്ഞു. തണ്ണീർമുക്കം ബണ്ടും പുഞ്ചപ്പാടങ്ങളിലെ കടുംകൃഷിയും എല്ലാം കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥ രോഗകാരണവും പ്രതിവിധിയും ഇനിയും കണ്ടുപിടിക്കാൻ കഴിയാത്തതുമൂലം മത്സ്യകൃഷി വികസിപ്പിക്കുവാൻ കഴിയുന്നില്ല.

കടൽ മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ടവർ നമ്മുടെ പഞ്ചായത്തിലുള്ളതായി കാണുന്നില്ല. ഉൾനാടൻ മത്സ്യബന്ധനം തൊഴിലായി

സ്വീകരിച്ചിട്ടുള്ള ഏതാണ്ട് 143 പേർ ഫിഷറീസു വകുപ്പിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നു. രജിസ്റ്റർ ചെയ്യാത്തവരായി വേറെ നിരവധി പേർ ഈ മേഖലയിലുള്ളതായി കാണാം. ഇന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി

1. നമ്മുടെ പഞ്ചായത്തതിർത്തിയിലുള്ള വേമ്പനാട്ടുകായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തി പിടിച്ചെടുക്കാൻ സൗകര്യം ചെയ്യുക.
2. പുഞ്ചപ്പാടങ്ങളിൽ ഒരുപൂ നെൽകൃഷിക്കുശേഷം സംഘടിതമായി മത്സ്യകൃഷി നടത്താൻ സാമ്പത്തിക സാങ്കേതിക സഹായം നൽകുക.
3. മത്സ്യ തൊഴിലാളിക്ഷേമനിധിബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ലഭ്യമാക്കുക.
4. മത്സ്യരോഗത്തിനു ശാസ്ത്രീയ പ്രതിരോധ വിധികൾ കണ്ടുപിടിച്ച് വ്യാപകമായി പ്രചരിപ്പിക്കുക.
5. FFDA, MPEDA എന്നീ ഏജൻസികളിലെ സാങ്കേതിക വിദഗ്ദരുടെ സേവനവും അതുവഴിയുള്ള സർക്കാർ ധനസഹായവും മത്സ്യകൃഷിക്കാർക്ക് സത്വരമായി ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

വ്യവസായം, ടൂറിസ്സം

കാർഷികമേഖലയായ അയ്മനം ഗ്രാമപഞ്ചായത്തിൽ പ്രധാനമായും നെല്ലും തെങ്ങുമാണ് കൃഷി ചെയ്യുന്നുന്നത്. കൂടാതെ വാഴ, റബ്ബർ, മരച്ചീനി, കുരുമുളക്, കൊക്കോ എന്നിവയും കൃഷി ചെയ്തുവരുന്നു. വ്യവസായിക രംഗത്ത് ഇതുവരെ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വൻ വ്യവസായങ്ങൾ യാതൊന്നും തന്നെയില്ല. സഹകരണമേഖലയിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ്, അയ്മനത്ത് 19.2.'79-ൽ ആരംഭിച്ചു. ഒരേക്കർ വിസ്തീർണ്ണമുള്ള ഈ എസ്റ്റേറ്റിൽ റബ്ബർ (6) സ്നോസ്സും (2) തടി (1) ഫൈബർ ഗ്ലാസ് (1) എന്നിവയുടെ ആകെ പത്തു യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ആകെ 241 S.S.I യൂണിറ്റുകൾ രജിസ്റ്റർ ചെയ്തതായി ക്കാണുന്നുവെങ്കിലും 105 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തനം ഉള്ളത്. അവയിൽ രണ്ട് വനിതാവ്യവസായ സഹകരണ സംഘങ്ങളും കഴിഞ്ഞാൽ ശേഷിക്കുന്നവ സ്വകാര്യവ്യക്തികൾ നടത്തിവരുന്ന യൂണിറ്റുകൾ ആണ്. ഇനം തിരിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - I

1.	കാർഷികഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ളവ.	91
2.	വനവിഭവങ്ങളെ (തടി) അടിസ്ഥാനമാക്കിയുള്ളവ.	43
3.	ഡയറി.	2
4.	ടെക്സ്റ്റൈൽസ്.	32
5.	കെമിക്കൽ.	16
6.	എൻജിനിയിറിംഗ്.	10
7.	ഇലക്ട്രിക്കൽ.	2
8.	മിനറൽസ്.	2
9.	കെട്ടിടനിർമ്മാണ സാധനങ്ങൾ.	4
10.	മറ്റുള്ളവ.	39
	ആകെ.	241.

വ്യവസായരംഗത്ത് ആകെയുള്ള 1112 തൊഴിലാളികളിൽ 1029 പേർ പുരുഷൻമാരും 83 പേർ സ്ത്രീകളുമാണ്. അത് സംബന്ധിച്ച വിവരങ്ങൾ പട്ടിക II- ൽ കൊടുത്തിരിക്കുന്നു.

പട്ടിക II-

നമ്പർ	വ്യവസായങ്ങളുടെ സ്വഭാവം	പുരുഷൻ	സ്ത്രീ	ആകെ
1	കുടിൽവ്യവസായം, ബന്ധപ്പെട്ട നിർമ്മാണം, സർവ്വീസിംഗ്, റിപ്പയറിംഗ് തുടങ്ങിയവ.	101	16	117
2	കുടിൽവ്യവസായമല്ലാത്ത നിർമ്മാണം, സർവ്വീസിംഗ്, റിപ്പയർ തുടങ്ങിയവ.	928	67	995
	ആകെ	1029	83	1112

ഇത് ജനസംഖ്യയുടെ 3% മാത്രമാണ്.

പ്രശ്നങ്ങൾ

ആകെ വിസ്തീർണ്ണത്തിന്റെ 33% മാത്രം കരഭൂമിയുള്ള ഈ ഗ്രാമപഞ്ചായത്തിൽ, 6564 വീടുകളാണുള്ളത്. ജനസംഖ്യ 32566 ആണ്. അയൽ പ്രദേശങ്ങൾ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിത്യോപയോഗസാധനങ്ങൾ വിറ്റഴിക്കുന്നതിന് ഏറെ സാദ്ധ്യതകൾ ഉണ്ട്. കാർഷികോൽപന്നങ്ങൾ സുലഭമാണെങ്കിലും അതുമായി ബന്ധപ്പെട്ട ചെറുകിടവ്യവസായങ്ങൾ വളർന്നു വരുന്നില്ല. വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ ഉയർന്ന സാക്ഷരത, വൈദ്യുതി, വാർത്താവിനിമയ-ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, വിദഗ്ദരും-അവിദഗ്ദരുമായ തൊഴിലാളികൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ എന്നിവയെല്ലാം ഒരു പരിധിവരെ ഈ പഞ്ചായത്തിൽ ലഭ്യമാണ്. എന്നാൽ അതിനു അനുസരണമായ വിധം ചെറുകിട വ്യവസായങ്ങൾ വളർന്നു വരാത്തതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ വ്യവസായവളർച്ചയ്ക്ക് വിഘാതമായി കാണുന്നു.

1. മുഖ്യ കാർഷികോല്പന്നങ്ങളായ നെല്ല്, നാളീകേരം എന്നിവ വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.
2. വ്യവസായങ്ങൾ ആരംഭിക്കുന്നതിനും മറ്റും ധനസഹായം ലഭിക്കാനുള്ള സാങ്കേതികബുദ്ധിമുട്ടുണ്ട്. ദേശാസാൽകൃത ബാങ്കുകളുടെയും പ്രത്യേകിച്ച് ഷെഡ്യൂൾഡ് ബാങ്കുകളുടെയും നിസ്സഹകരണം, വ്യവസായ സംരഭകർക്ക് പ്രോൽസാഹജനകമല്ല.

3, വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ-സാങ്കേതിക പരിജ്ഞാനക്കുറവ്.

4. ചെറുകിട - പരമ്പരാഗത വ്യവസായരംഗത്തെ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കുന്നതിനുള്ള അവസരമില്ലായ്മ.

5. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കുന്നതിനും, ഗതാഗതത്തിനുമുള്ള അസൗകര്യങ്ങൾ

6. മെഴുക്, തടി, മുതലായ ചില അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

7. വ്യവസായ സംരംഭകർക്ക് വിവിധവകുപ്പുകളിൽ നിന്നും ലഭിക്കേണ്ട ലൈസൻസ്സുകളുടെ കാലതാമസവും മറ്റു ബുദ്ധിമുട്ടുകളും.

സാദ്ധ്യതകൾ

പ്രധാനകൃഷിയായ നെല്ലിന്റെ ഉൽപാദനം, 1995-96- ൽ 9730 മെട്രിക്ടൺ വരുമെന്ന് കണക്കാക്കുന്നു. അതുപോലെ തന്നെ ഏകദേശം 94 ലക്ഷത്തോളം നാളീകേരം ശരാശരി ഒരു വർഷം ഈ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നുണ്ടെന്നു കരുതുന്നു. കൂടാതെ, മറ്റു വിളകളായ റബർ, വാഴ, കൊക്കോ എന്നിവയെല്ലാം കൃഷി ചെയ്തു വരുന്നുണ്ട്. താഴെ പട്ടിക IIIൽ കാണുന്ന വിധത്തിൽ വളർത്തുമൃഗങ്ങളും വളർത്തു പക്ഷികളും ഈ ഗ്രാമത്തിൽ ഉണ്ട്.

പട്ടിക - III

1	നാടൻപശു	1410
2	സങ്കരയിനം പശു	2121
3	ആട്	1850
4	എരുമ	10
5	പോത്ത്	41
6	കാള	343
7	കോഴി	29000
8	താറാവ്	17000

പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്ത്, മത്സ്യകൃഷിയ്ക്കും വികസന സാധ്യതയുണ്ട്. അതുപോലെ തന്നെ അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരുടെ എണ്ണവും, പ്രത്യേകിച്ച് വനിതകളുടെ വളരെയേറെയാണ്. വിവര ങ്ങൾ പട്ടിക IV-ൽ ചേർത്തിരിക്കുന്നു.

പട്ടിക-IV.

	ജന സംഖ്യ	മുഖ്യ തൊഴിൽ	ഭാഗിക തൊഴിൽ	തൊഴിൽ രഹിതർ	ശതമാനം
പുരുഷൻ	16250	7299	509	8442	25.92
സ്ത്രീ	16316	2300	365	13651	41.92
ആകെ	32566	9599	874	22093	67.84

(അവലംബം -1991 സെൻസസ്)

കോട്ടയം ജില്ലയിലെ കുമരകം ടൂറസ്റ്റു കേന്ദ്രം അയ്മനം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറൻപ്രദേശത്തോട് (വിരിപ്പുകാലാ) ചേർന്നു കിടക്കുന്നു. ഇത് ടൂറിസം വികസനത്തിന് വളരെയേറെ സഹായകരമാണ്.

ഈ സാഹചര്യത്തിൽ ചെറുകിട-കുടിൽ വ്യവസായ മേഖലയിലും ടൂറിസ്സം മേഖലയിലും വികസനത്തിന് വളരെയേറെ സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ ഉണ്ടെന്ന് കാണുന്നു. താഴെപ്പറയുന്ന സാദ്ധ്യതകൾ പരിശോധനവിധേയമാക്കാവുന്നതാണ്.

1. പ്രധാന കാർഷികോല്പന്നമായ നെല്ല് സംഭരിക്കുന്നതിനും അത് സംസ്കരിച്ച് അരി, അവൽ എന്നിവ പായ്ക്കറ്റുകളിലാക്കി മിതമായ വിലയ്ക്ക് വില്പന നടത്തുന്നതിന്, സഹകരണ മേഖലയിൽ ഒരു യൂണിറ്റ് രൂപീകരിക്കാവുന്നതാണ്. ഈ യൂണിറ്റ്, ഇപ്പോൾ സ്വകാര്യവ്യക്തികൾ നടത്തിവരുന്ന റൈസ്മില്ലുകളുമായി സഹകരിച്ചു പ്രവർത്തിച്ചാൽ നെല്ലുല്പാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനും, ഉപഭോക്താക്കൾക്ക് കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഉപകരിക്കും. അതോടൊപ്പം ഏതാനും പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്.

2. മറ്റൊരു പ്രധാന കാർഷികോല്പന്നമായ നാളീകേരം സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും യൂണിറ്റ് ആരംഭിക്കാവുന്നതാണ്. അതോടൊപ്പം തന്നെ എണ്ണയാട്ടുന്നതിനും വെളിച്ചെണ്ണ വിപണനം നടത്തുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇത് സഹകരണമേഖലയിലോ, തൊഴിൽ രഹിതരുടെ ഗ്രൂപ്പ് ചേർത്തോ, S.S.I യൂണിറ്റായി ആരംഭിക്കാവുന്നതാണ്.

3. പരമ്പരാഗതമേഖലയിൽ കയർ വ്യവസായം പുനർജീവിപ്പിക്കുന്നതിനായി പച്ച ചകിരിനാര്, യന്ത്രവൽകൃതചൂടി, ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ കിടക്ക, തലയിണ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകിയും, അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്, ഗവ: പൊതുമേഖലാ

സ്ഥാപനങ്ങളുമായി ബന്ധപ്പെടുകയും ചെയ്യാവുന്നതാണ്. ഈ വ്യവസായത്തിന്റെ പുരോഗതി, തൊഴിൽരഹിതരായ സ്ത്രീകളെ വളരെയധികം സഹായിക്കും.

4. നാളീകേരത്തിന്റെ മറ്റൊരു ഭാഗമായ ചിരട്ട കൊണ്ട്, കരകൗശലവസ്തുക്കൾ, കയിൽ, ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ ഐസ് ക്രീം കപ്പ്, കപ്പും സോസറും, ഹെയർപിൻ, ക്ലിപ്പ് എന്നിവ നിർമ്മിക്കുന്ന കുടിൽവ്യവസായ സംരഭങ്ങൾ ആരംഭിക്കുവാൻ കഴിയും. ഇതു I.R.D.P പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.

5. ചിപ്പ്സ് നിർമ്മാണം, പഴം-ജാമുകൾ (കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ, കപ്പ എന്നിവയുപയോഗിച്ച്) ഫാൻസി ഫൈബർ നിർമ്മാണം, കാർഡ് ബോർഡ് നിർമ്മാണം (വാഴനാര്, കൈതനാര്, കച്ചി മുതലായവകൊണ്ട്) എന്നിവ വനിതാരംഗത്തെ കുടിൽ വ്യവസായ സംരഭമായി തുടങ്ങാൻ കഴിയും.

6. നെല്ല് കുത്തി ലഭിക്കുന്ന തവിട്, കൊപ്രാ ആട്ടികിട്ടുന്ന പിണ്ണാക്ക് മുതലായവ ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി രൂപീകരിക്കുന്നതിനും അവിടെ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ വഴി, കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുവാനും കഴിയും.

7. വെളിച്ചെണ്ണ സുലഭമായി ലഭിക്കുമെന്നതിനാൽ സോപ്പു നിർമ്മാണത്തിന്റെ ഒരു യൂണിറ്റിന് സാദ്ധ്യതയുണ്ട്. അതോടൊപ്പം തന്നെ, ക്ലീനിംഗ് പൗഡർ, ലിക്വിഡ് ഡിറ്റർജന്റ്, സോപ്പുപൊടി എന്നിവയും നിർമ്മിക്കാവുന്നതാണ്.

8. മെഴുകുതിരി നിർമ്മാണം വളരെയേറെ സാദ്ധ്യതയുള്ള ഒരു ചെറുകിട വ്യവസായമാണ്. ആവശ്യത്തിന് മെഴുകു ലഭ്യമാകുന്നപക്ഷം, ഇതു വ്യാപകമായി നടത്താവുന്ന ഒരു യൂണിറ്റാണ്.

9. തൊഴിൽരഹിതരായ വനിതകളെ ഉൾപ്പെടുത്തി ഒരു റെഡിമെയ്ഡ് ഗാർമെൻറ്സ് (Readymade Garments) ആരംഭിക്കുന്നതിന് സാദ്ധ്യതകൾ ഇവിടുണ്ട് അവർക്ക് നവീനരീതികളെപ്പറ്റിയും വികസനസാദ്ധ്യതകളെപ്പറ്റിയും വിദഗ്ദ പരിശീലനം നൽകുന്നത് നന്നായിരിക്കും.

10. ഹവായ് ചെരുപ്പുകൾ, ലതർ ചെരുപ്പുകൾ, ഫാൻസി ലതർഗുഡ്സ്, സ്കൂൾബാഗ് മുതലായവ നിർമ്മിക്കുന്നതിന് S.S.I യൂണിറ്റുകൾ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

11. കുട, നോട്ടുബുക്കുനിർമ്മാണം, റെക്സിൻ കൊണ്ടുള്ള ബാഗുകൾ, റയിൻ കോട്ടുകൾ, പംനസഹായ സാമഗ്രികൾ, എന്നിവയുടെ യൂണിറ്റ് വനിതാ സംരംഭകർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്.

12. ശാസ്ത്രീയമായ രീതിയിൽ കോഴി, പശു, താറാവ്, തേനീച്ച എന്നിവയെ വളർത്തുന്നതിന് ഈ പഞ്ചായത്തിൽ വളരെയേറെ നല്ല സാഹചര്യങ്ങൾ ഉണ്ട്. അതുപോലെതന്നെ കൂൺ വ്യവസായത്തിനും സാദ്ധ്യതകൾ ഉണ്ട്. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായസഹകരണങ്ങൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഉണ്ടാക്കണം. അതോടൊപ്പംതന്നെ ഒരു 'ഹാച്ചറി' ആരംഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

13. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ മത്സ്യകൃഷിക്ക് അനുയോജ്യമാണ്. ആയതിനാൽ, ആ ഭാഗത്ത് വനിതാസംരഭമായി ഒരു മത്സ്യ സംസ്കരണകേന്ദ്രവും മത്സ്യവിപണനകേന്ദ്രവും ആരംഭിക്കുന്നതിന് സന്നദ്ധരായവർ ഉണ്ട്.

14. പ്ളാസ്റ്റിക് സാധനങ്ങൾ, ബട്ടണുകൾ, കളിപ്പാട്ടങ്ങൾ എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റിന് ഈ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

15. തെങ്ങ്, മറ്റു തടികൾ, വേരുകൾ എന്നിവകൊണ്ട് ഫർണിച്ചർ, കരകൗശലവസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ അപ്രകാരമുള്ള ഒരു യൂണിറ്റുള്ളത് വികസിപ്പിച്ച് ഒരു പരിശീലന കേന്ദ്രം ആക്കുന്നതിനുകഴിയും.

16. സിമിൻറിഷ്ടികകൾ, സിമിൻറുകൊണ്ടുള്ള കട്ടിള, ജനൽ, കട്ടിൽ എന്നിവയുടെ നിർമ്മാണത്തിനുള്ള ഒരു യൂണിറ്റിന് വളരെയേറെ സാദ്ധ്യതകൾ ഉണ്ട്. വിപണനസാദ്ധ്യതകൾ ഉള്ള ഇനങ്ങൾ ആണിവ.

17. ഓട്ടോ ഇലക്ട്രിക്ഷോപ്പ്, ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ്, ജനറൽ എൻജിനിയറിംഗ്, ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്, ഓട്ടോമൊബൈൽ ബോഡിബിൽഡിംഗ് എന്നിവ സ്വകാര്യവ്യക്തികൾ മുഖേനയോ, തൊഴിൽ രഹിതരുടെ ഗ്രൂപ്പായിട്ടോ ആരംഭിക്കുന്നതിന് സാദ്ധ്യതകൾ ഉണ്ട്.

18. ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ, ചോക്ക് നിർമ്മാണം, ഓവർലോഡ് കട്ട് ഓഫ്, എമർജൻസി ലാമ്പുകൾ എന്നിവയുടെ ഒരു യൂണിറ്റ് സാങ്കേതിക വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരുടെ സംരഭമായി തുടങ്ങാവുന്നതാണ്.

19. കറിപൗഡർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഒരേ സാധനങ്ങൾ വിവിധ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്നത് അനാരോഗ്യകരമായ മൽസരങ്ങൾ ക്ഷണിച്ചുവരുത്തുന്നതാണ്. അതിനാൽ ഓരോ യൂണിറ്റും ഓരോയിനം നിർമ്മിച്ച് അവ ഒരു കേന്ദ്രയൂണിറ്റു വഴി വിപണനം നടത്തുന്ന

തും നന്നായിരിക്കും. (ഇനങ്ങൾ- മുളകു പൊടി, അരിപ്പൊടി, പുട്ടുപൊടി, സാമ്പാർപൊടി, ഗോതമ്പു പൊടി എന്നിങ്ങനെ)

20. തേങ്ങാ പൗഡർ/ക്രീം, തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ എന്നിവ നിർമ്മിക്കുകയും, ഒരു ഇളനീർ പന്തൽ ആരംഭിക്കുകയും ചെയ്യുന്നത്, വിദേശടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സഹായകരമാണ്.

21. ടൂറിസ്സം വികസനത്തിന്, തൊഴിൽരഹിതരുടെ ഒരു സഹകരണസ്ഥാപനം രൂപീകരിച്ച്, അംഗങ്ങൾക്ക് വിവിധയിനം ബോട്ടുകൾ, ലഭ്യമാക്കുക. പെയിംഗ് ഗസ്റ്റ് സിസ്റ്റം (Paying Guest System) പ്രോൽ സാഹിപ്പിക്കുന്നതിനു വിദേശടൂറിസ്റ്റുകളെ താമസ്സിപ്പിക്കുവാൻ കഴിയുന്ന കോട്ടേജുകൾ, മുറികൾ എന്നിവ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിന്, സാമ്പത്തിക സഹായം നൽകുക.

22. ഏഴാംവാർഡിൽ ഉള്ള കാരയ്ക്കൽകുളം വൃത്തിയാക്കി സ്വിംമ്മിംഗ്പൂൾ ആക്കുക. കല്ലുമടയാറും പുത്തൻ തോടും ആയി ബന്ധിപ്പിക്കുന്ന എല്ലാ ചെറുതോടുകളും വൃത്തിയാക്കി, ജലഗതാഗതത്തിന് യോഗ്യമാക്കുക. കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തിച്ചേരുന്ന ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇവ സഹായിക്കും.

23. അപ്ഹോൾസ്റ്ററി, കക്കാവ്യവസായം, പ്രിൻറിംഗ്, ബുക്ക് ബയൻറിംഗ്, ഗോൾഡ്കവറിംഗ് പണികൾ, ബീഡിനിർമ്മാണം എന്നിവ ഉൾപ്പെടുന്ന യൂണിറ്റുകൾക്കും സാദ്ധ്യതകൾ കാണുന്നുണ്ട്.

24. കളിമൺ വ്യവസായം, റബർ അധിഷ്ഠിതവ്യവസായങ്ങൾ, കൊക്കോ സംഭരണ കേന്ദ്രം എന്നിവ ആരംഭിക്കുന്നതിനും സാദ്ധ്യതകൾ ഉണ്ട്.

നിർദ്ദേശങ്ങൾ

1. ഇപ്പോൾ സഹകരണമേഖലയിൽ അയ്മനത്ത് ഒരേക്കർ സ്ഥലത്ത് 10 യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു മിനി വ്യവസായ എസ്റ്റേറ്റ് ഉണ്ടല്ലോ? എന്നാൽ ഇനിയും പല ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കുവാൻ ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ ഏറെയാണ്. സംരഭകർക്ക് ആവശ്യത്തിനുള്ള ഭൂമി മിതമായ വിലയ്ക്കു ലഭിക്കുന്നില്ല. ആയിതിനാൽ, രണ്ടേക്കർ എങ്കിലും വരുന്ന ഒന്നോ രണ്ടോ പ്രദേശങ്ങൾ ഏറ്റെടുത്ത്, മിനിവ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുക.

2. ഇപ്പോൾ അയ്മനം മിനി വ്യവസായ എസ്റ്റേറ്റിൽ, വിവിധ യൂണിറ്റുകളിൽ നിന്നും ഉണ്ടാകുന്ന അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. അതുണ്ടാക്കുകയും, പരിസര-അന്തരീക്ഷമലിനീകരണം ഉണ്ടാകാതിരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുകയും വേണം. അതുപോലെതന്നെ, എല്ലാ യൂണിറ്റുകളിലേയ്ക്കും വാഹന ഗതാഗതം സുഗമമാക്കണം.

3. പഞ്ചായത്തിൻെറ 8,9,10 വാർഡുകളിൽ മാത്രം പ്രവർത്തനപരിധിയുള്ള കുടമാളൂർ വനിതാവ്യവസായസഹകരണ സംഘത്തിൽ 15 അംഗങ്ങൾ ഉണ്ട്. പരിമതമായ തോതിൽ കറിപൗഡർ നിർമ്മാണം നടത്തുന്ന ഈ സ്ഥാപനം ഇപ്പോൾ വാടകക്കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ അതിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിന് വിഘാതങ്ങൾ ഉണ്ട്. ടി. സംഘത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കവറുകൾ, പലഹാരങ്ങൾ എന്നിവയുടെ നിർമ്മാണം കൂടി ഉൾപ്പെടുത്തി വിപുലീകരിക്കണം.

4. പഞ്ചായത്തിൻെറ 9-ാം വാർഡിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കുടമാളൂർ ക്ഷിരവ്യവസായ സഹകരണസംഘം ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇന്ന് അതിൻെറ സ്ഥിതി വളരെ മോശമാണ്. ധാരാളം കന്നുകാലി സമ്പത്തുള്ള ഈ പഞ്ചായത്തിൻെറ എല്ലാ ഗ്രമസഭകളിൽ നിന്നും ക്ഷീരവ്യവസായസഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ആവശ്യം പൊന്തിവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ടി. സംഘത്തിൻെറ ഇപ്പോഴത്തെ അവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തി, അതിൻെറ പ്രവർത്തനങ്ങൾ പുനർ ജീവിപ്പിക്കുന്നതിന്, അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്. ടി. സംഘത്തിൻെറ ഓരോ ശാഖ 7,8,10,11,12,13 വാർഡുകളിൽ ആരംഭിക്കണം. അതുപോലെതന്നെ വല്യാട് ക്ഷീരവ്യവസായ സഹകരണസംഘത്തിൻെറ പ്രവർത്തനം വിപുലീകരിച്ച് അതിൻെറ ശാഖകൾ 1,3,4,5,6 എന്നീ വാർഡുകളിലും ആരംഭിക്കണം

5. ഇപ്പോൾ പ്രധാനമായി നടക്കുന്ന തടി വ്യവസായത്തിന്, ആവശ്യമായ ഗതാഗതസൗകര്യവും വൈദ്യുതിയും (ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ) നൽകണം.

6. അഞ്ചാംവാർഡിൽ അടഞ്ഞുകിടക്കുന്ന റബർഫാക്ടറി തുറക്കുന്നതിനും, ഒൻപതാം വാർഡിൽ തീപിടുത്തത്തോടുകൂടി പ്രവർത്തനം നിലച്ച തടിവ്യവസായയൂണിറ്റ് പുനരാരംഭിക്കുന്നതിനും, പൊതു ഇടപെടൽ ഉണ്ടാവണം.

7. വ്യവസായ സംരഭകർക്ക് ബാങ്ക് വായ്പ ഉൾപ്പെടെ, വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ലൈസ്സൻസുകൾ അടക്കം ഒരിടത്ത് ലഭിയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.(ഏകജാലകപദ്ധതി)

8. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേശരിക്കുന്നതിനാവ ശ്യമായ പരസ്യം നൽകുകയും അതിൽനിന്ന് വ്യവ സായ സംരഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുകയും വേണം. ഇപ്പോൾ വ്യവ സായ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിലെ കോമൺ ഫസിലിറ്റി സർവ്വീസ് സെൻററിൽ (Common facility Service Centre) കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിയാൽ ഇത് സാധിക്കും.

9. കരകൗശല രംഗത്ത് വിദഗ്ദ പരിശീലനം നൽകു ന്നതിന് ജില്ലാതലത്തിൽ ഒരു ക്രാഫ്റ്റ് ഡവലപ്മെ ൻറ് സെൻറർ (Craft Development Centre) സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീ കരിക്കണം.

10. വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി, അവർക്ക് വ്യവസായസംരംഭങ്ങളെപ്പറ്റി യുള്ള സംശയങ്ങൾ അകറ്റുന്നതിനും, ഓരോ അസംസ്കൃതസാധനങ്ങളും ഏതെല്ലാം രൂപത്തിൽ ഉപയോഗപ്രദമാക്കാമെന്ന് പഠിപ്പിക്കുന്നതിനും, വിജയകരമായി നടക്കുന്ന വ്യവസായ യൂണിറ്റുകൾ കണ്ട് പഠിക്കുന്നതിനും, പരിശീലനപഠനയാത്രകൾ സംഘടിപ്പിക്കണം. ഇതിന് സംസ്ഥാന വ്യവസാ യവകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹായം ലഭ്യമാക്കണം.

11. വ്യവസായരംഗത്തേക്ക് വരുന്നവർക്ക്, വൈദ്യുതി ഉറപ്പുവരുന്നതിലേയ്ക്ക്, എല്ലാ വൈദ്യുതി ലൈനു കളും 3 phase ആക്കി മാറ്റുവാൻ നടപടി സ്വീകരി ക്കണം.

12. വ്യവസായസംരംഭകർക്ക് ബാങ്ക് വായ്പ ലഭിക്കു ന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടു ന്നതായി വ്യാപകമായ പരാതികൾ ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. പലരും ഈ ഒരൊറ്റകാരണ ത്താൽ തന്നെ പിൻവാങ്ങിയിട്ടുണ്ടെന്നും അറിയു ന്നു. ആയതിനാൾ S.S.I യൂണിറ്റുകൾക്കും, മറ്റ് കേന്ദ്ര- സംസ്ഥാന ബാങ്ക് ഗവ: കളുടെ വിവിധ പദ്ധതികൾ വഴി വ്യവസായങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കും, ലളിതമായ വ്യവസ്ഥയിൽ - സഹകരണബാങ്കുകളിലെപോലെ - ആൾ ജാമ്യ ത്തിൽ വായ്പ നൽകുന്നതിന് വ്യവസ്ഥ ചെയ്യണം. അത്തരം വായ്പകൾക്ക് ഗവൺമെൻറ് ഗാരൻറി നൽകുന്നത്, ബാങ്കുകൾ വായ്പ നൽകുന്നതിനെ പ്രോൽസാഹിപ്പിക്കും.

13. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വിവിധ പദ്ധ തികൾ മുഖേന, വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾക്ക്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നി ങ്ങനെ തരം തിരിച്ചിട്ടുണ്ട്. അതിനു നൽകിയിരുക്കുന്ന സാമ്പത്തിക പരിധി (11000/രൂപ, 22000/രൂപ) ഇന്നത്തെ അവസ്ഥയ്ക്ക് യോജിക്കുന്നതുമല്ല. എന്നു മാത്രമല്ല, രാജ്യത്തിന്റെ വ്യവസായവികസന ത്തിന്, ഇടത്തരക്കാരുടേയും,. സാമ്പത്തികശേഷിയു ള്ളവരുടേയും, പങ്കാളിത്വം ആവശ്യമാണ്. ആയതി നാൽ, പട്ടികജാതി-പട്ടികവർഗ്ഗം, ദാരിദ്ര്യരേഖയ്ക്കു താഴേയുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽ ക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നതോ ടൊപ്പം, മറ്റുവിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യവസായ സംരംഭകർക്കും ഗവ: ന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

14. വിവിധ വ്യവസായസംരഭകർക്ക്, ഗവ: നൽകുന്ന സബ്സിഡികൾ, മേലിൽ പണമായി നൽകുന്നതി നുപകരമായി, അവരുടെ ബാങ്ക് വായ്പകളുടെ പലിശയിനത്തിൽ, ഗവ: നേരിട്ടു ബാങ്കിലേക്കു അടയ്ക്കുന്നതിന് നടപടികൾ ഉണ്ടാകണം. ആയത് കൃത്യമായി വായ്പ തുക തിരിച്ച് അടയ്ക്കുന്നവർ ക്കുമാത്രമായി പലിശ ഇളവ് എന്ന സ്കീമിൽ ഉൾ പ്പെടുത്തുന്നത്, ധനകാര്യസ്ഥാപനങ്ങളെ വായ്പ നൽകുന്നതിന് പ്രോൽസാഹിപ്പിക്കുന്നതാണ്.

15. ഇങ്ങനെ കണ്ടെത്തുന്ന വ്യവസായസംരംഭകർക്ക് നിരന്തരം പ്രോൽസാഹനം നൽകി വ്യവസായം ആരംഭിക്കുന്നതിനും, അപ്രകാരം തുടങ്ങുന്ന വ്യവ സായങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനും മറ്റും സഹായിക്കുന്നതിന്, പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ വികസനസമിതി രൂപീകരിക്കണം. ടി. സമിതി മൂന്നു മാസത്തിലൊരിക്കൽ കൂടേണ്ട താണ്. പഞ്ചായത്തിലെ എല്ലാ സ്വകാര്യ-പൊതു മേഖല വ്യവസായ സ്ഥാപനങ്ങളും സന്ദർശിക്കുക, അവരുടെ പ്രയാസങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി പരിഹാരം കാണുവാൻ സഹായിക്കുക, എന്നിവ യെല്ലാം ടി. സമിതിയുടെ ചുമതലയിൽപ്പെടുത്തണം.

16. ചെറുകിട യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പ ന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണികൾ കണ്ടെത്തേ ണ്ടതായിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം പ്രദേശവും മേൽ ഉദ്ധരിച്ച ചെറുകിട വ്യവസായങ്ങൾക്ക് അനു യോജ്യമാണ്. അതുകൊണ്ടുതന്നെ ഉൽപന്നങ്ങൾ ഏറെയുണ്ടാകാം. അവയ്ക്ക് ന്യായമായ വില ലഭി ക്കുന്നതിന് അന്യസംസ്ഥാനങ്ങളേയും വിദേശ രാജ്യ ങ്ങളേയും ആശ്രയിക്കേണ്ടിവരും. അതിനാൽ, ഉൽ പ്പന്നങ്ങൾ അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യ ങ്ങളിലും വിറ്റഴിയ്ക്കുന്നതിന് ഗവൺമെൻറ് സഹായ സഹകരണങ്ങൾ നൽകണം.

17. ചെറുകിട മേഖലകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി, ജനങ്ങൾ അവ ഉപയോഗിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണവും പ്രചാരണവും നടത്തണം. കൂടാതെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന്, പഞ്ചായത്തിന്റെ പ്രാധാന കേന്ദ്രത്തിൽ ഒരു Show room ആരംഭിക്കണം. അതിനു പുറമേ, ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ ഉൽസവകാലങ്ങളിൽ ടി. ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയും പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തണം.

18. വിവിധ വ്യവസായങ്ങൾ മൂലവും കുമരകത്തെ ഹോട്ടൽ വ്യവസായം മൂലവും ഉണ്ടാകുന്ന മലിനീകരണം തടയേണ്ടതുണ്ട്. അതുപോലെതന്നെ വിവിധ വ്യവസായ യൂണിറ്റുകളിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിന് പൊതുവായ സ്ഥലം കണ്ടു പിടിച്ച് പരിസര-അന്തരിക്ഷമലിനീകരണങ്ങൾ കർശനമായും തടയണം.

19. 'വ്യവസായ കേരളം' മാസിക പഞ്ചായത്ത് ആഫീസിലും എല്ലാ വായനശാലകളിലും സൗജന്യമായി ലഭ്യമാക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ, ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞാൽ, ഈ പഞ്ചായത്തിൽ ഏതാനും വർഷത്തിനുള്ളിൽ, ചെറുകിട വ്യവസായരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം, നല്ലൊരു വിഭാഗം പേർക്ക് പ്രത്യേകിച്ച് വനിതകൾക്ക് - തൊഴിൽ നൽകാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതോടൊപ്പം ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക- സാംസ്കാരികപുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

"ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. അതുകൊണ്ടുതന്നെ ഇന്ത്യ പടുത്തുയർത്തേണ്ടതും ഗ്രാമങ്ങളിലാണ്. "

മഹാത്മാഗാന്ധി

വിദ്യാഭ്യാസം

അയ്മനം ഗ്രാമപഞ്ചായത്ത് കോട്ടയം പട്ടണത്തോടു ചേർന്നു കിടക്കുന്നു. പണ്ടുമുതൽ തന്നെ വിദ്യാഭ്യാസരംഗത്ത് വളരെ മുന്നിട്ടു നിന്നിരുന്ന ഒരു ഗ്രാമമാണിത്. തെക്കുംകൂർ രാജകുടുംബവും ചെമ്പകശേരി രാജ കുടുംബവും ഈ ഗ്രാമത്തിൽ താമസിച്ചിരുന്നു. അവർ വിദ്യാഭ്യാസ പുരോഗതിക്കു കാരണക്കാരായിട്ടുണ്ട്. ഇവിടുത്തെ വിദ്യാലയങ്ങളിൽ പലതും നൂറു വർഷത്തിനു മേൽ പഴക്കമുള്ളവയാണ്. വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനു മുൻപുതന്നെ സവർണ്ണരായ സമ്പന്നർ തങ്ങളുടെ കുട്ടികളെ വീട്ടിൽ ഇരുത്തി സംസ്കൃതവും വേദങ്ങളും മറ്റും പഠിപ്പിച്ചിരിന്നു. ഗുരുകുല സമ്പ്രദായത്തിൽ വിദ്യാഭ്യാസം നല്കിയിരുന്ന സ്ഥലങ്ങളുമുണ്ട്. കണ്ണമ്പള്ളി മാത്തു ആശാനെപ്പോലെയുള്ളവർ അതിനുദാഹരണമാണ്. കാര്യമായ വികസനം ഇന്നും എത്തിനോക്കാത്ത വരമ്പിനകം, വിരിപ്പുകാല, കരീമഠം തുടങ്ങിയ പ്രദേശങ്ങളിൽ പോലും പണ്ടുമുതലെ അനൗപചാരിക വിദ്യാഭ്യാസം നടന്നിരുന്നതായി മനസിലാക്കാൻ കഴിയും. ആശാൻ കളരി, കുടിപ്പള്ളിക്കൂടം എന്നിങ്ങനെ പല പേരുകളിലും ഇത്തരം സ്ഥാപനങ്ങൾ അറിയപ്പെട്ടു. ചുരുക്കത്തിൽ പുരാതനകാലം മുതൽ തന്നെ അയ്മനം ഗ്രാമം വിദ്യാഭ്യാസരംഗത്ത് പുരോഗതി നേടിയിരുന്നതായി കാണാം. പരിപ്പു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. കെ.സി. കേശവൻനായർ ഇൻഡ്യൻ പ്രസിഡന്റിൽ നിന്നും ദേശീയ അവാർഡു നേടുകയുണ്ടായി. ഇതുപോലെ ഈ രംഗത്ത് ദേശീയ പ്രശസ്തി നേടി പലരും ഈ പഞ്ചായത്തിന്റെ അഭിമാനസ്തംഭങ്ങളായിട്ടുണ്ട്.

പുരാതനകാലത്തു സമൂഹത്തിൽ നിലനിന്നിരുന്ന 'അയിത്തം' പിന്നോക്ക വിഭാഗങ്ങളിൽപെട്ട സാധാരണക്കാരുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. അവർക്ക് പഠിയ്ക്കണമെങ്കിൽ പിന്നോക്കക്കാർക്കുവേണ്ടി മാത്രമുള്ള സ്ഥാപനങ്ങളിൽ മാത്രമേ കഴിയുമായിരുന്നുള്ളു. എന്നാൽ ക്രിസ്ത്യൻ മിഷണറിമാർ വന്നതോടുകൂടി പല സ്ഥലത്തും ഔപചാരിക വിദ്യാലയങ്ങൾ സ്ഥാപിക്കുകയും അവിടെ എല്ലാ വിഭാഗത്തിലും പെട്ട കുട്ടികളെ പഠിപ്പിക്കുവാൻ അവർ തയാറാകുകയും ചെയ്തു. ഇതോടുകൂടി അയിത്തത്തിന്റെ പേരിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നവർക്കും പഠിക്കുവാൻ അവസരം കിട്ടി. ഇക്കാര്യത്തിൽ നമ്മുടെ ഗ്രാമത്തെ ഏറ്റവും കൂടുതൽ സഹായിച്ചിട്ടുള്ളത്. 'ചർച്ചു മിഷൻ സൊസൈറ്റി" (C.M.S) ആണ് എന്ന വസ്തുത സ്മരിക്കുന്നു. പ്രാരംഭത്തിൽ പിന്നോക്കജാതിക്കാരുടെ കുട്ടികൾ മാത്രം പഠിച്ചിരുന്ന ചില വിദ്യാലയങ്ങൾ സ്വാതന്ത്ര്യത്തോടു കൂടി നിന്നു പോവുകയുമുണ്ടായി.

ഇന്ന് ഈ പഞ്ചായത്തിൽ 3 ഹൈസ് കൂളുകളും4 U. P സ്കൂളുകളും 9 L. P സ്കൂളുകളും ഒരു അന്ധവിദ്യാലയവുമുണ്ട്. ഇതിൽ ഒരു L. P സ്കൂൾ സർക്കാർ സഹായമില്ലാത്ത Un aided Schol ആണ്. ഇവയിൽ ഒരു U.P സ്കൂളും, ഒരു Unaided School-ഉം ഒഴിച്ച് ബാക്കിയുള്ളവ ഭാരതസ്വാതന്ത്ര്യം തേടുന്നതിനും മുൻപ് സ്ഥാപിതമായിട്ടുള്ളവയാണ്. 135 വർഷം പഴക്കമുള്ള ഒളശ്ശ ഇംഗ്ലീഷ് സ്കൂളും C. EZ. M. S. L. P S. ഉം - 130 വർഷം പഴക്കമുള്ള കുടമാളൂർ ഗവണ്മെൻറ് L.P സ്കൂളും 80 വർഷം പഴക്കമുള്ള പരിപ്പ് L. P സ്കൂളും ഏതാണ്ട് അത്രയും തന്നെ പഴക്കമുള്ള സെൻറ് ജോർജ് L. P സ്കൂളും ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പഴക്കവും വിദ്യാഭ്യാസരംഗത്തെ കുലീനതവും വിളിച്ചോതുന്നു. കരീസായിപ്പിന്റെ സഹോദരി മിസ് ബേക്കർ മദാമ്മ റാവു ബഹദൂർ ജോൺ കുര്യൻ എന്നിവർ വിദ്യാഭ്യാസ പ്രോത്സാഹനത്തിന് നൽകിയിട്ടുള്ള സേവനം സ്മരണീയമാണ്. ദേശീയ സ്വാതന്ത്രത്തിനു ശേഷം രാജ്യത്തുണ്ടായ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ മുന്നേറ്റം ഇവിടെ ചെറിയ ചലനങ്ങൾ സൃഷ്ടിക്കാതിരുന്നില്ല. ഏതാനും സ്കൂളുകൾ അപ് ഗ്രേഡു ചെയ്ത് ഹൈസ്കൂളുകളും അപ്പർ പ്രൈമറികളുമാക്കിയത് ഈ കാലയളവിലാണ്.

		കുട്ടികളുടെ എണ്ണം	അധ്യാപകർ	M	F
1	ഗവ. H.S. കുടമാളൂർ	390	19	6	3
2	C.M.S. H.S. ഒളശ്ശ	772	25	6	19
3	പരിപ്പ് H.S.	1081	38	12	26
4	ഗവ. U.P.S. കരീമഠം	93	7	4	3
5	ഗവ. U.P.S. കുമ്മനം	184	9	2	7
6	P.K.M. U.P.S. അയ്മനം	91	6	4	2
7	St. Mary's U.P.S. കുടമാളൂർ	934	27	1	26
8	ഗവ. L.P.S. ഒളശ്ശ	116	4	0	4
9	ഗവ. L.P.S. കുടമാളൂർ	216	9	0	9
10	സെൻറ് ജോർജ് L.P.S.	237	9	2	7
11	C.E.Z. M.S. L.P.S. ഒളശ്ശ	69	3	0	3
12	പരിപ്പ് L.P.S.	192	6	0	6

13	C.M.S. L.P.S. കൊമ്പനാൽ	35	3	2	1
14	C.E.Z.M.S.L.P.S. കല്ലുമട	149	5	0	5
15	C.M.S. L.P.S. ഒളശ്ശ	78	3	0	3
16	സെൻറ് ആൻറണീസ് L.P.S. (Un aided)	200	-	-	-
17	അന്ധവിദ്യാലയം ഒളശ്ശ	26	8	4	4
		4883	181	43	138

സാക്ഷരതാപ്രവർത്തനം ഈ ഗ്രാമത്തിലും സജീവമായിരുന്നു. നിരക്ഷരരായി ഏതാനും പ്രായമായ ആളുകളുണ്ടായിരുന്നവർ അതോടൊപ്പം അക്ഷരജ്ഞാനം നേടുകയും ഗ്രാമം സമ്പൂർണ്ണസാക്ഷരത നേടുകയുമുണ്ടായി. എന്നാൽ അതിനു ശേഷമുള്ള തുടർ വിദ്യാഭ്യാസം ഇവിടെ സജീവമായി നടന്നില്ല. കോട്ടയം ജില്ലയിൽ ഒന്നാം കിടയിൽ നിൽക്കുന്ന വിദ്യാലയങ്ങളാണ് ഇവിടെ പലതും. അക്കാഡമിക് കാര്യങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന അത്തരം സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൻെറ അഭിമാനസ്തംഭങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. അക്കൂട്ടത്തിൽ കുടമാളൂർ ഗവണ്മെൻറു ഹൈസ്കൂൾ എടുത്തു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ S.S.L.C പരീക്ഷയിൽ കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഏറ്റവും ഉയർന്ന വിജയശതമാനം ഈ സ്കൂളിലായിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ പരിസരത്തു നിന്നു പോലും പട്ടണത്തിലെ അൺ എയിഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസത്തിനു പോകുന്ന കുട്ടികൾ കുറവല്ല. ഒരേ സിലബസാണു പഠിപ്പിക്കുന്നതെങ്കിലും ഇവിടെ നിന്നും കിട്ടുന്നതിൽ കൂടുതൽ എന്തോ പട്ടണത്തിലെ സ്കൂളിൽനിന്നും ലഭിക്കുമെന്നും ഇംഗ്ലീഷിൽ വിദ്യാഭ്യാസം ചെയ്യുന്നത് ഏതോ ഉന്നത പദവിയാണെന്നും ഉള്ള തെറ്റായ ധാരണ ചില രക്ഷകർത്താക്കളിലും കടന്നുകൂടിയിട്ടുണ്ട്. വിദ്യാഭ്യാസത്തെ സ്വാർത്ഥലക്ഷ്യത്തോടെ വീക്ഷിക്കുന്ന ചില വ്യക്തികളും സംഘടനകളും ബോധപൂർവ്വം നടത്തുന്ന പ്രചരണങ്ങളിൽ പല രക്ഷകർത്താക്കളും ആകർഷിക്കപ്പെട്ടു പോകുന്നു. അതിലൂടെ നമ്മുടെ സാമൂഹ്യരംഗത്തുണ്ടാകുന്ന അസ്വസ്ഥത വളരെ വലുതാണെന്ന വസ്തുത ഇക്കൂട്ടർ അറിയുന്നില്ല. സമൂഹത്തിൻെറ പൊതുധാരയിൽ നിന്നും അകന്നുനിന്ന് അന്യഭാഷയിൽ വിദ്യാഭ്യാസം ചെയ്ത് വളർന്ന് വരുന്ന ഒരു നൂനപക്ഷം വിദ്യാർത്ഥികളും മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്ത് നാടിൻെറ ഗുണദോഷങ്ങളെല്ലാം ഉൾക്കൊണ്ടുവരുന്ന സാധാരണക്കാരായ ഭൂരിപക്ഷം വിദ്യാർത്ഥികളും ഇവർ വിദ്യാഭ്യാസം നിർത്തി സമൂഹത്തിലേക്കു വരുമ്പോൾ പോലും സമൂഹത്തെ രണ്ടു ഗ്രൂപ്പായി വിഭജിക്കപ്പെടുകയാണു ചെയ്യുന്നത്. ഈ പ്രവണത പ്രോത്സാഹജനകമല്ല.

പ്രൈമറിതലത്തിൽ വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിൽ ആയിരിക്കേണ്ടതാണ്. അതുപോലെ തന്നെ U.P തലം മുതൽ തൊഴിൽ പരിശീലനവും നല്കേണ്ടതാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുന്ന ഒരു കുട്ടി ഏതെങ്കിലും ഒരു തൊഴിലിൽ നൈപുണ്യം നേടിയിരിക്കണം. പക്ഷെ അതിന് ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ കാതലായ മാറ്റം വേണ്ടിവരും. കാർഷിക മേഖലയായ പടിഞ്ഞാറൻ പ്രദേശങ്ങളിലെ കുട്ടികൾക്ക് കൃഷിയുമായി ബന്ധപ്പെട്ടും കാർഷികോൽപന്നങ്ങളുടെ സംസ്കരണവുമായി ബന്ധപ്പെട്ടും തൊഴിൽ പരിശീലനം നൽകുന്നത് കാർഷികരംഗത്ത് ഉണർവുണ്ടാക്കുവാൻ സഹായിക്കും. അതുപോലെ തന്നെ വേമ്പനാട്ടുകായലും ബന്ധപ്പെട്ട നിരവധി ഉൾനാടൻ ജലാശയങ്ങളുമുള്ള പടിഞ്ഞാറൻ പ്രദേശത്ത് മത്സ്യബന്ധനം സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന് സംവിധാനമൊന്നുമില്ല. ധാരാളം ആളുകൾ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്.

കലാ കായിക രംഗങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന കുട്ടികൾ പല സ്കൂളുകളിലുമുണ്ട്. എന്നാൽ അവരെ കണ്ടെത്തി ശരിയായ രീതിയിൽ പരിശീലനം നൽകുവാൻ കഴിയുന്നില്ല. ഭൗതികസൗകര്യങ്ങൾ കുറവാണെന്നത് ഒരു കാരണമാണെങ്കിലും നിലവിൽ ലഭ്യമായ സൗകര്യങ്ങൾ പോലും ഉപയോഗപ്പെടുത്താൻ വിമുഖത കാണിക്കുന്ന സ്കൂളുകളുമുണ്ട്.

പ്രീപ്രൈമറി വിദ്യാലയങ്ങൾ വിദ്യഭ്യാസരംഗത്ത് നിർണ്ണായകമായ പ്രാധാന്യം അർഹിക്കുന്നു. ഇക്കാര്യത്തിലും അയ്മനം പഞ്ചായത്ത് സമ്പന്നമാണ്. ഓരോ വാർഡിലും ഒന്നിൽകൂടുതൽ സ്ഥാപനങ്ങൾ നിലവിലുണ്ട്. എന്നാൽ ഇവയിൽ പലതും സർക്കാർ അംഗീകാരമോ സഹായമോ ലഭിക്കുന്നവയല്ല. പലതും സാമുദായിക സംഘടനകളോടു ബന്ധപ്പെട്ടാണ് സ്ഥാപിച്ചിട്ടുള്ളത്. 6 നിലത്തെഴുത്തു പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ ഗ്രാൻറു ലഭിക്കുന്നതായിട്ടുമുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഒരു സ്വാശ്രയ B. Ed സെൻറർ ഈ പഞ്ചായത്തിലെ കുടമാളൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ 4 ടൈപ്റൈറ്റിംഗ് സ്കൂളുകളും ഒരു ടെയിലറിംഗ് സ്കൂളും അയ്മനം ഗ്രാമപഞ്ചായത്തിൽ കുട്ടികളെ പരിശീലിപ്പിക്കുന്നു.

കഥകളിയിൽ ലോക പ്രശസ്തി നേടിയ കുടമാളൂർ കരുണാകരൻ നായരുടെ ചുമതലയിലുള്ള 'കലാകേന്ദ്രം' എന്ന സ്ഥാപനം കഥകളി, ശാസ്ത്രീയ നൃത്തം, നാടൻ കലകൾ എന്നീ രംഗങ്ങളിൽ കുട്ടികളെ പരിശീലിപ്പി

ക്കുന്നു. കളരിപ്പയറ്റു പരിശീലനത്തിനുള്ള സൗകര്യവും ഇവിടെയുണ്ട്. കലാരംഗത്തെ നമ്മുടെ ഗ്രാമത്തിന്റെ മികവിന് ഇതു സഹായിക്കുന്നു. സംസ്ഥാനതലത്തിൽ കലാമണ്ഡലം കഴിഞ്ഞാൽ രണ്ടാംസ്ഥാനം ഈ കലാ കേന്ദ്രത്തിനുണ്ട്. ഒറ്റയ്ക്കും, മറ്റു സ്ഥലങ്ങളിലെ കലാ സമിതികളോടു ചേർന്നും പ്രവർത്തിക്കുന്ന നിരവധി കലാകാരന്മാർ അയ്മനം പഞ്ചായത്തിലുണ്ട്. ഇവരെ യെല്ലാം കലാകേന്ദ്രത്തിന്റെ കീഴിൽ ഒരുമിപ്പിച്ചാൽ ഒന്നാംകിട പരിപാടികൾ അവതരിപ്പിക്കുവാൻ കഴിയുന്ന ഒരു വലിയ സ്ഥാപനമാക്കി ഇതിനെ ഉയർത്താൻ കഴിയും.

ഒന്നാംക്ലാസിൽ 449 കുട്ടികൾ പഠിക്കുമ്പോൾ പത്താംക്ലാസിലെ കുട്ടികളുടെ എണ്ണം 330 മാത്രമാണ്. ഇതിനിടയിൽ നല്ലൊരു ഭാഗം കുട്ടികൾ വിദ്യാഭ്യാസം നിർത്തിപോകുന്നതായി ഇതിൽ നിന്നും മനസിലാക്കാൻ കഴിയും ഈ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ പ്രൈമറി വിദ്യാഭ്യാസത്തിന് കുട്ടികൾ 4 കിലോമീറ്റർ വരെ നടന്നു പോകേണ്ട സ്ഥിതിയും നിലവിലുണ്ട്. ഈ സ്ഥിതിക്ക് പരിഹാരം കാണേണ്ടതാണ്.

ഓരോ ക്ലാസിലും പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച പട്ടിക താഴെ കൊടുത്തിരിക്കുന്നു.

Std	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
I	238	211	449
II	257	226	483
III	253	258	511
IV	279	219	498
V	287	253	540
VI	344	239	583
VII	319	293	612
VIII	216	255	471
IX	205	201	406
X	157	173	330
	2535	2328	4883

1996-97 സ്കൂൾ വർഷത്തിൽ ഈ പഞ്ചായത്തിലുള്ള വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ചു കുറഞ്ഞുവരുന്നു. ആറോ ഏഴോ വർഷം മുമ്പുവരെ പെൺകുട്ടികളായിരുന്നു മുന്നിൽ. ജന സംഖ്യയിലും ഈ മാറ്റം ദൃശ്യമാണ്. ജനസംഖ്യാശാസ്ത്രത്തിൽ പ്രത്യേക പഠനാർഹമായ പ്രതിഭാസമാണിത്.

കഴിഞ്ഞ 5 വർഷത്തെ S.S.L.C പരീക്ഷാഫലം വിജയശതമാനം

	1992	1993	1994	1995	1996
ഗവ. H.S കുടമാളൂർ	63.3	79.2	73.2	80.7	92.6
C.M.S. H.S ഒളശ്ശ	72.2	67.6	52	65	70.75
പരിപ്പ് H.S	90	91	82	72	69

(പൊതുവേ നല്ല വിജയശതമാനം പുലർത്തുന്നതായി കാണാം.)

പ്രശ്നങ്ങൾ

1. കരീമഠം സ്കൂളിൽ കളിസ്ഥലത്തിന് വാങ്ങിയ സ്ഥലം ജലനിരപ്പിനു താഴെയുള്ള ഭൂമിയാണ് കുട്ടികൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. ഇവിടെയും വല്ല്യാട്ട് St. ജോർജ് L.P സ്കൂളിലും മഴക്കാലമായാൽ വെള്ളപ്പൊക്കം മൂലം സ്കൂൾ പരിസരം വെള്ളത്തിനടിയിലാകുന്നതിനാൽ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നു. പ്രൈമറി സ്കൂളുകളിൽ പലതിനും മതിയായ കളിസ്ഥലമില്ല.
2. കുട്ടികൾക്ക് വായനാശീലം വളർത്തുന്നതിന് ഉള്ള സംവിധാനമായ വായനശാലകൾ പല സ്കൂളുകളിലും നിലവിലില്ല. പുസ്തകങ്ങളുള്ള സ്കൂളുകൾ അതു കുട്ടികൾക്കു വിതരണം ചെയ്യുന്നതിൽ കാര്യമായി ശ്രദ്ധിക്കുന്നില്ല.
3. പഠനോപകരണങ്ങളോ, പരീക്ഷണശാലയിൽ ആവശ്യമായ വസ്തുക്കളോ വളരെ കുറവാണ്. ഇത് പഠന നിലവാരത്തെ കാര്യമായി ബാധിക്കുന്നുണ്ട്.
4. സ്കൂൾ സ്ഥലം സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടുകളില്ലാത്തതിനാൽ പല സ്കൂളുകളുടെ കോമ്പൗണ്ടുകളും മലിനമാക്കപ്പെടുന്നു.
5. സാനിറ്റേഷൻ സൗകര്യങ്ങൾ പല സ്കൂളുകളിലും തൃപ്തികരമല്ല.
6. ക്ലാസുമുറികൾ തമ്മിൽ വേർതിരിക്കുവാൻ പല സ്കൂളുകളിലും സംവിധാനമില്ല.
7. ആരോഗ്യപരിശോധനക്കു സംവിധാനം ഒരു സ്കൂളിലും ഇല്ല. പല കുട്ടികളിലും സ്ഥായിയായ രോഗം പിടിച്ചാൽ പ്രാരംഭത്തിൽ തന്നെ കണ്ടുപിടിക്കുവാൻ കഴിയുന്നില്ല.
8. നേഴ്സറി സ്കൂളുകളിലും കളരികളിലും ആവശ്യമായ സൗകര്യങ്ങളില്ല. ഉപകരണങ്ങളും ആവശ്യമുള്ളത്ര ലഭ്യമല്ല.

9. വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ലാത്ത ചില സ്കൂളുകളുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

എല്ലാ സ്കൂളുകളിലും P.T.A കളുടെ പ്രവർത്തനം സജീവമാക്കണം.

കുടിവെള്ളവും, വൈദ്യുതിയും ലഭ്യമല്ലാത്ത സ്കൂളുകളിൽ ആവശ്യമായ സംവിധാനം ചെയ്യുക.

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് മതിൽകെട്ടി കോമ്പൗണ്ടു സുരക്ഷിതമാക്കേണ്ടതാണ്.

എല്ലാ പ്രൈമറി സ്കൂളിനോടും ചേർന്ന് പ്രീ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കേണ്ടതാണ്.

പടിഞ്ഞാറൻ മേഖലയായ വരമ്പിനകത്ത് ഒരു പ്രൈമറിസ്കൂൾ സ്ഥാപിക്കുക. അതോടൊപ്പം മത്സ്യ ത്തൊഴിലാളികൾക്കു വേണ്ടി ഒരു ഫിഷറീസ് സ്കൂൾ സ്ഥാപിക്കേണ്ടതാണ്.

സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചമാക്കുക. എല്ലാ സ്കൂളുകൾക്കും വായനശാല ഉണ്ടാകുകയും അദ്ധ്യാപക രുടെ ചുമതലയിൽ അതിന്റെ പ്രവർത്തനം കാര്യക്ഷമ മായി നടത്തുകയും ചെയ്യുക.

സാമ്പത്തികമായി ക്ലേശം അനുഭവിക്കുന്ന കുട്ടി കൾക്ക് മുഴുവൻ പഠനോപകരണങ്ങൾ, കുട, യൂണിഫോം ഇവ സൗജന്യമായി നൽകുക.

ആരോഗ്യസംരക്ഷണത്തിന് എല്ലാ സ്കൂളുകളിലും വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വൈദ്യപരിശോ ധന ഏർപ്പെടുത്തുക.

കരീമഠം സ്കൂളിന്റെ കളിസ്ഥലം മണ്ണിട്ടുയർത്തി ഉപയോഗപ്രദമാക്കുക.

അയ്മനത്ത് ഒരു I.T.I സ്ഥാപിക്കുക.

കുടമാളൂർ ഗവ: ഹൈസ്കൂളിൽ +2 ആരംഭിക്കു കയും പരിപ്പു ഹൈസ്കൂളിൽ വെക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങുകയും ചെയ്യുക.

അയ്മനം ഗ്രാമപഞ്ചായത്തിലെ ആകെ വിദ്യാർ ത്ഥികൾ. അധ്യാപകർ ശമ്പളച്ചെലവ് ഇവയുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു

ആകെ വിദ്യാർത്ഥികൾ	അദ്ധ്യാപകർ	ഒരു വർഷം ചെലവ് രൂപാ	ഒരു കുട്ടിക്ക് ശരാശരി ചെലവ്
4663	181	10122606	2171

വിദ്യാഭ്യാസവകുപ്പിന്റെ പൊതുച്ചെലവ്, വിവിധ വിഭാഗം വിദ്യാർത്ഥികൾക്കു കൊടുക്കുന്ന ഗ്രാൻറുകൾ, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള ചെലവ് തുടങ്ങി യവ മേൽകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

"ഈ ഭൂമി നമുക്കു മാത്രമുള്ളതല്ല. വരും തലമുറയ്ക്കു ഭദ്രമായി കൈമാറാനായി മുൻ തലമുറ നമ്മെ ഏൽപ്പിച്ച അക്ഷയഖനിയാണ്. നമുക്ക് നമുടെ കടമ നിർവ്വഹിക്കാം."

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

വെള്ളത്താൽ ചുറ്റപ്പെട്ടതും വെള്ളക്കെട്ടു നിറഞ്ഞതുമായ പ്രദേശമാണ് അയ്മനം. എങ്കിലും ശുദ്ധജലക്ഷമാമം രൂക്ഷമാണ്. തോടുകളിലും ആറുകളിലുമുള്ള ജലം മലിനമാണ്. പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള ജനങ്ങൾ കുടിവെള്ളത്തിനായി ആറുകളേയും തോടുകളേയും ശരണം പ്രാപിക്കുന്നു. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നതുമൂലം നീരൊഴുക്കു നിലയ്ക്കുകയും പായലും പാടങ്ങളിലെ കീടനാശിനിയും മറ്റും കലർന്ന മലിനജലം മാത്രം ഉപയോഗിക്കുകയും ചെയ്യുന്നതുമൂലം ജലജന്യരോഗങ്ങൾ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശളിലും വിതരണം നടത്തുന്നത് ശുദ്ധീകരിക്കാത്ത നദീജലമാണ്. സാധാരണ കിണറുകളിൽ നിന്നും ലഭിക്കുന്നതും ഉപ്പുവെള്ളമോ അശുദ്ധജലമോ ആണ്.

ഈ പഞ്ചായത്തിൽ സർക്കാർ സഹായത്തോടെ വളരെ പരിമിതമായ ശുദ്ധജലവിതരണ പദ്ധതികൾ മാത്രമേ നിലവിലുള്ളൂ. പഞ്ചായത്തിൽ അങ്ങിങ്ങായി 105 പൊതുടാപ്പുകളും നൂറോളം ഹൗസ്കണക്ഷനുകളും ഉള്ളതായി കാണുന്നു. ആറു കുഴൽകിണറുകളും 16 പൊതുകിണറുകളും ഉണ്ട്. കുടിവെള്ളം രൂക്ഷമാകുന്ന വേനൽക്കാലങ്ങളിൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വള്ളത്തിലും കിഴക്കൻ മേഖലകളിൽ ലോറികളിലും കുടിവെള്ളം എത്തിക്കാൻ നിർബന്ധിതമാകാറുമുണ്ട്. ഇതിൽ നിന്ന് പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിന്റെ രുക്ഷത അധികൃതർക്കു മനസ്സിലാക്കാവുന്നതാണ്. എട്ടോ പത്തോ വർഷം ഇപ്രകാരം ശുദ്ധജലം എത്തിക്കുന്നതിനാവശ്യമായ തുക ഉപയോഗിച്ച് ശാസ്ത്രീയമായ പദ്ധതി നടപ്പിലാക്കിയാൽ അയ്മനത്തിന്റെ കുടിവെള്ളക്ഷാമം ശാശ്വതമായി പരഹരിക്കുവാൻ കഴിയുന്നതാണ്.

മൂന്നാം വാർഡിൽ നിലവിലുള്ള വലിയമട ശുദ്ധജലപദ്ധതിയിൽ ആവശ്യത്തിനുജലം ലഭ്യമാണ്. എന്നാൽ ഈ സംഭരണിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല. നാലാം വാർഡിലെ പരിപ്പു കുന്നുംപുറത്തുള്ള ജലവിതരണ പദ്ധതിയിൽ വേനലൽക്കാലത്ത് ആവശ്യത്തിനു ജലം ലഭിക്കുന്നില്ല. പരിപ്പുക്ഷേത്രത്തിനു വടക്കുവശത്തുള്ള പമ്പ്ഹൗസിലെ ജലം ഉപയോഗയോഗ്യമല്ല.

കുടമാളൂർ ജലവിതരണപദ്ധതിയെപ്പറ്റി വലരെയധികം പരാതികൾ നിലനിൽക്കുന്നു. യാതൊരു ശുദ്ധീകരണവും നടത്താതെ ശേഖരിക്കുന്ന മലിനജലമാണ് ഇവിടെനിന്നു വിതരണം ചെയ്യുന്നത്. പഞ്ചായത്തിന്റെ കിഴക്കൻമേഖലയായ 8, 9, 10, 11, 13 വാർഡുകളിൽ ഈ പദ്ധതിയിൽപെടുത്തി വെള്ളം വിതരണം നടത്തുന്നുണ്ട്.

അയ്മനം പഞ്ചായത്തിലെ നിലവിലുള്ള പൊതുടാപ്പുകൾ, കിണർ മുതലായവയുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക

വീടുകളുടെ എണ്ണം	ജനസംഖ്യ	പൊതു ടാപ്പുകൾ	ഹൗസ് കണക്ഷൻ	പൊതു കിണർ	കുഴൽ കിണർ	കുളിക്കടവുകൾ	പൊതുകുളങ്ങൾ
6564	32566	105	99	16	6	17	3

സാദ്ധ്യതകൾ

1. ഇപ്പോൾ നിലവിലുള്ള വലിയമട ജലസംഭരണിയിൽനിന്ന് 1,3 വാർഡുകളിലും പരിപ്പ് ജലസംഭരണിയിൽ നിന്ന് 4-ാം വാർഡിലും ശുദ്ധജലം വിതരണം നടത്താൻ കഴിയുന്നതാണ്.
2. കുമാരനല്ലൂർ പഞ്ചായത്തിൽ ലോകബാങ്കിന്റെ സഹായത്തോടെ നടത്തിവരുന്ന ജലവിതരണപദ്ധതിയുടെ പരിധിയിൽ ഏറ്റവും അടുത്ത പ്രദേശമായ അയ്മനം പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ടി. പദ്ധതിയിൾ നിന്നുമുള്ള പൈപ്പ്ലൈനുകൾ പഞ്ചായത്തിന്റെ കിഴക്കേ അതിരായ തൂത്തൂട്ടിയിലും തെക്കേ അതിരായ വാരിശ്ശേരിയിലും എത്തിയിട്ടുണ്ട്. ടി. പൈപ്പുലൈനുകൾ നീട്ടിയാൽ അയ്മനം പഞ്ചായത്തിന്റെ 6,7,8,9, 10,11,12,13 വാർഡുകളിൽ ശുദ്ധജലം നൽകാൻ കഴിയും.
3. കൊമ്പനാൽ ഭാഗത്ത് (11ാം വാർഡിൽ) ഉള്ള കുളം വികസിപ്പിച്ച് ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് 11ാം വാർഡിൽ ശുദ്ധജലവിതരണം നടത്താൻ കഴിയുന്നതാണ്.
4. കുടമാളൂർ ശുദ്ധജലവിതരണപദ്ധതിയോട് അനുബന്ധിച്ച് ഒരു ഓവർഹെഡ് ടാങ്ക് പണികഴിപ്പിച്ച് നിലവിലുള്ള പൈപ്പുകൾ മാറ്റി ഇട്ടാൽ 10, 8 എന്നീ വാർഡുകളിലെ ജലക്ഷാത്തിന് (പ്രത്യേകിച്ച് വേനൽക്കാലത്തെ) പരിഹാരം കാണാൻ കഴിയും.

പ്രശ്നങ്ങൾ

ഒന്നാംവാർഡിൽ ശുദ്ധജലം ലഭ്യമല്ല. ആണ്ടിൽ രണ്ടുതവണ നെൽകൃഷി നടത്തുന്ന വയലുകളും അവയ്ക്കു ചുറ്റും താമസിക്കുന്ന ജനവിഭാഗങ്ങളുമാണ് ഈ പ്രദേശത്തുള്ളത്. നെൽപാടങ്ങളിൽ നിന്നും വെളിയിലേയ്ക്കു പമ്പുചെയ്തുവിടുന്ന ജലം മലിനവും കീടനാശിനികലർന്ന് വിഷമയവുമാണ്. റോഡുകളില്ലാത്ത ഈ മേഖലയിലെ ജനങ്ങൾ വള്ളങ്ങളിൽ മൂന്നും നാലും കിലോമീറ്റർ ദൂരെ നിന്നും വെള്ളം ശേഖരിച്ചുകൊണ്ടു വന്നുവേണം ആവശ്യങ്ങൾ നിറവേറ്റുവാൻ.

രണ്ടാംവാർഡും ഏതാണ്ട് ഇതേ സ്വഭാവമുള്ള പ്രദേശമാണ്. എന്നാൽ ചിലസ്ഥലങ്ങളിൽ കിണറിൽ നിന്നും കുറഞ്ഞകാലത്തേയ്ക്ക് ഉപയോഗിക്കുവാൻ കഴിയുന്ന ജലം ലഭിക്കും. ഇത് ഈ പ്രദേശത്തിന്റെ ആവശ്യത്തിന് പരിഹാരമല്ല. ഒരു കിലോമീറ്റർ ദൂരം വെള്ളം ചുമന്നു കൊണ്ടുവന്നു ഉപയോഗിക്കുന്ന ജനങ്ങൾ ഈ പ്രദേശത്തുണ്ട്.

മൂന്നാം വാർഡിലും നദീജലം ഉപയോഗിക്കുവാൻ കഴിയുന്നതല്ല. കുളങ്ങളിലും കിണറുകളിലും ശുദ്ധജലം ലഭ്യമല്ല. എന്നാൽ വലിയ മട കുളത്തിലെ ജലം മെച്ചപ്പെട്ടതാണ് അതിന്റെ ശുദ്ധീകരണം നടത്തി സംരക്ഷിക്കുകയും ഇപ്പോഴുള്ള വിതരണ ശൃംഖലവിപുലീകരിക്കുകയും ചെയ്യേണ്ടതാണ്.

നാലാംവാർഡിലെ പരിപ്പിൽ നിലവിൽ പരിപ്പിൻകുന്ന് ജലവിതരണ പദ്ധതി പ്രവർത്തനത്തിലുണ്ട്. ഏറ്റവും നല്ല ജലം ലഭിക്കുന്ന ഒരു കിണറും 23000 ലിറ്റർ ശേഷിയുള്ള ഒരു ടാങ്കും ഇവിടെയുണ്ട്. ഇതിൽ നിന്നും പൊതുടാപ്പുകളിലൂടെ 4ാം വാർഡിലും, 1,2,3,5 എന്നീ വാർഡുകളുടെ ചില ഭാഗങ്ങളിലും പൊതുടാപ്പുകൾ കൊടുത്തിട്ടുണ്ട്. പക്ഷേ ഈ കുളത്തിലെ വെള്ളം ഇത്രയും ഭാഗത്തു വിതരണത്തിനു മതിയാകുന്നില്ല. തൻമൂലം ഒരു പ്രദേശത്തും ശുദ്ധജലപ്രശ്നത്തിന് ഇതു പരിഹാരമാകുന്നില്ല.

അഞ്ചാംവാർഡായ ഒളശ്ശമേഖലയിൽ പലസ്ഥലത്തും കിണറിൽനിന്നും ശുദ്ധജലം ലഭിക്കും എന്നാൽ പടിഞ്ഞാറൻ മേഖലയിൽ ശുദ്ധജലം ലഭ്യമല്ല. ഇപ്പോൾ ഈ മേഖലയിൽ പരിപ്പിൽ കുന്നു പദ്ധതിയിലെ രണ്ടോ മൂന്നോ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. സെൻറ് ആൻറണീസ് പള്ളിവക ജലസംഭരണിയിൽ നിന്നും കുറച്ചു സ്ഥലങ്ങളിൽ പൊതു ടാപ്പുകളും ഏതാനും വീടുകൾക്കു പ്രതേക പൈപ്പുകളും കൊടുക്കുന്നുണ്ട്. എങ്കിലും ശുദ്ധജലം ആവശ്യമുള്ളത്ര ലഭ്യമല്ല.

ആറാം വാർഡിലും പലസ്ഥലങ്ങളിലും കിണറു കുഴിച്ചാൽ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളാണ്. ആറാം വാർഡിൽ കുടമാളൂർ ജലവിതരണപദ്ധതിയിൽ നിന്നും ഒളശ്ശ ലക്ഷംവീടു കോളനിയിൽ 3 പൊതുടാപ്പുകളുണ്ട്. 7,12 വാർഡുകൾ ഉൾപ്പെടുന്ന കുമ്മനം മേഖലയിൽ പലഭാഗങ്ങളിലും കിണറുകളിൽ ശുദ്ധജലം ലഭിക്കുന്നുണ്ട്. ഈ പ്രദേശത്ത് പൊതുജലവിതരണ പദ്ധതി ഒന്നുമില്ല. 8,9,10,11,13 വാർഡുകൾ ഉൾക്കൊള്ളുന്ന കിഴക്കൻമേഖലയിൽ കുടമാളൂർ ജലവിതരണ പദ്ധതിയിൽ നിന്നും 99 വീടുകൾക്കും പ്രതേകമായും പ്രധാനകേന്ദ്രങ്ങളിലെല്ലാം പൊതുടാപ്പുകളുണ്ട്. എന്നാൽ വട്ടക്കോട്ട മേഖലയിൽ ഈ പദ്ധതിയിൽനിന്നും സുഗമമായി ജലം ലഭിക്കുന്നില്ല. ഈ പ്രദേശം ഉയരം കൂടിയതായതിനാൽ ടാങ്കു നിറഞ്ഞിരിക്കുന്ന അവസരങ്ങളിൽ മാത്രമേ ജലം ലഭിക്കുകയുള്ളൂ. ഈ പദ്ധതി 8,9,10 വാർഡുകളുടെ ആവശ്യത്തിനുമാത്രം വിഭാവനം ചെയ്തിട്ടുള്ളതാണ്. കൂടുതൽ പ്രദേശത്ത് പൈപ്പുലൈൻ നീട്ടിയതിനാൽ പൊതുവിൽ ആവശ്യത്തിനും വെള്ളം ലഭിക്കാതെ വരുന്നു. ഈ ജലം ശുദ്ധീകരിക്കാതെ നേരിട്ടു പമ്പുചെയ്തുകൊടുക്കുന്നതിനാൽ പലപ്പോഴും ഇത് കലങ്ങിയതോ മറ്റു മാലിന്യങ്ങൾ കലർന്നതോ ആയിരിക്കും.

പരിഹാരമാർഗ്ഗങ്ങൾ

ഒന്നാം വാർഡിലെ പടിഞ്ഞാറൻ മേഖലയിൽ വലിയമട പദ്ധതിയിൽ നിന്നും കരീമഠം വരെ വന്നു നിൽക്കുന്ന പൈപ്പുലൈൻ കിഴക്ക് കൊല്ലത്തുകരി വരെയും വടക്ക് വാദ്ധ്യാമ്മേക്കരി വരെയും നീട്ടി പൊതുടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജലപ്രശ്നം പരിഹരിക്കാവുന്നതാണ്. അതൊടൊപ്പം പരിപ്പുകുന്നു പദ്ധതിയിൽ നിന്നുള്ള ലൈൻ വിച്ഛേദിക്കേണ്ടതാണ്. കൂടാതെ പുലിക്കുട്ടിശ്ശേരിയിലെ പൊതുകിണറിൽനിന്നും ഇപ്പോൾ നടപടികൾ പൂർത്തിയായിട്ടുള്ള പദ്ധതിയനുസരിച്ച് പൈപ്പുനീട്ടി കോട്ടപ്പറമ്പ് തേലക്കാട്ടുശ്ശേരി മണിയാപറമ്പ് മൂന്ന്മൂല മേഖലകളിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും. അങ്ങനെ വാർഡിന്റെ എല്ലാ ഭാഗത്തും ശുദ്ധജലപ്രശ്നത്തിനു പരിഹാരമാരമാകും.

ഇതേ പദ്ധതിയിൽനിന്നും 11ാം വാർഡിന്റെ എല്ലാ മേഖലയിലുംവെള്ളം എത്തിക്കുവാൻ കഴിയും. അതോടൊപ്പം പുലിക്കുട്ടിശ്ശേരി പദ്ധതിയിൽ നിന്നും ഒരു പൈപ്പ് വട്ടക്കാട്ടിലേക്കു നീട്ടിയാൽ 11ാം വാർഡിന്റെ പടിഞ്ഞാറുഭാഗത്ത് ജലം ലഭിക്കുന്നു.

മൂന്നാം വാർഡിലെ വലിയമട കുളം ശുദ്ധീകരിച്ച് മതിലുകെട്ടി സംരക്ഷിക്കുകയും കുളത്തിൽ ചപ്പുചവറു വീഴാതെ വലമുകളിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഇതിൽ നിന്നുള്ള ജലം ശുദ്ധീകരിച്ച് ഇപ്പോൾ മാഞ്ഞിറപാലം വരെ എത്തി നിൽക്കുന്ന പൈപ്പ് തൊള്ളായിരം പാടത്തിന്റെ ചുറ്റിലുമുള്ള സ്ഥലങ്ങളിലേക്ക് നീട്ടി വരമ്പിനകം ഭാഗത്തെ ആവശ്യം പരിഹരിക്കാൻ കഴിയും അതോടൊപ്പം പരിപ്പിൽ നിന്നുമുള്ള പൈപ്പ് പു

ത്തൻകരി മൂലയിൽ വിഛേദിക്കേണ്ടതാണ്. കൊല്ലത്ത കരിയിൽ വന്നിട്ടുള്ള പൈപ്പുലൈൻ തെക്കേക്കരയി ലേക്കു നീട്ടി ഐക്കരശാലിലും കൊടുവത്തറയുടെ പടിഞ്ഞാറും കിഴക്കും മേഖലകളിലും ശുദ്ധജലം ലഭ്യ മാക്കുവാൻ കഴിയും. ഐക്കരശാലിൽ ഭാഗത്തേക്ക് പരി പ്പിൽ നിനും വരുന്ന പൈപ്പുലൈൻ വിഛേദിക്കേണ്ട താണ്.

പരിപ്പിൻകുന്നു പദ്ധതിയിലെ ജലം 4ാം വാർഡി ന്റെ എല്ലാ ഭാഗങ്ങളിലും രണ്ടാം വാർഡിന്റെ കാവനാ ച്ചിറ മുതൽ മുട്ടേൽപാലം വരെയുള്ള ഭാഗത്തും മാത്ര മായി വിതരണം ചെയ്താൽ ഈ പ്രദേശത്തെ ആവശ്യം പരിഹരിക്കുവാൻ കഴിയും. 4ാം വാർഡിൽ കാരിചാലിൽ റോഡിലേക്കും കുഴിവേലിപ്പടി റോഡിലേക്കും പൈപ്പു ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

ഒളശ്ശ വാർഡിന്റെ പടിഞ്ഞാറൻമേഖലയിലെ ചാർത്താലി, കരിമാങ്കാവ്, കാവിൽകുന്നുംപുറം മേഖല കളിലേക്ക് ചെങ്ങളം ഭാഗത്തുള്ള തിരുവാർപ്പു പഞ്ചായ ത്തുവക ടാങ്കിൽ നിന്നും പൈപ്പു നീട്ടി ജലം എത്തി ക്കാൻ കഴിയും. ചാർത്താലി ഭാഗത്തേക്ക് പരിപ്പിൽ നിന്നും കൊടുത്തിട്ടുള്ള പൈപ്പ് വിഛേദിക്കേണ്ടതാണ്. ഇതോടൊപ്പം ചെങ്ങളം കുന്നിലെ' ടാങ്കിൽനിന്നും പള്ളിക്കവല, ഏനാദി ലക്ഷം വീടുവരെ പൈപ്പുനീട്ടി വെള്ളം എത്തിക്കാവുന്നതാണ്.

അയ്മനം പഞ്ചായത്തിന്റെ തെക്ക് അതിർത്തി യിൽ മീനച്ചിലാറിന്റെ ആഴം കൂടിയ തുരുത്തിക്കാട്ടു ഭാഗത്ത് നിന്നും ജലം അയ്മനം പഞ്ചായത്താഫീസിന്റെ പരിസരത്ത് ഏറ്റവും ഉയർന്ന ഭാഗത്ത് ഓവർ ഹെഡ് ടാങ്കു നിർമ്മിച്ച് അതിൽ ശേഖരിച്ച് 6,7,8,11,12,13 എന്നീ വാർഡുകളിൽ ആവശ്യാനുസരണം എത്തിക്കുവാൻ കഴി യും തൻമൂലം കുടമാളൂർ പദ്ധതിയുടെ അധി കബാദ്ധ്യത ഇല്ലാതാക്കുന്നതിനും 9,10 വാർഡുകളിൽ ജല ദൗർലഭ്യം പൂർണ്ണമായി പരിഹരിക്കുന്നതിനും കഴിയും.

തൂത്തൂട്ടിക്കവലവരെ കുമാരനല്ലൂർ പഞ്ചായത്തി ലെ ലോകബാങ്കു പദ്ധതിയുടെ പൈപ്പുലൈൻ എത്തി യിട്ടുണ്ട്. ഇത് പടിഞ്ഞാറോട്ടുനീട്ടിയാൽ പുളിഞ്ചുവട് കുടമാളൂർ പിച്ചനാട്ടു കോളനി മേഖലകളിൽ ജലം എത്തിക്കുവാൻ കഴിയും. വാരിശ്ശേരി ഭാഗത്തുവന്നു നിൽക്കുന്ന പൈപ്പുലൈൻ പടിഞ്ഞാറോട്ട് നീട്ടി 12ാം വാർഡിലും വടക്കഭാഗത്തേക്കു നീട്ടി മരിയാതുരുത്ത് കുടയംപടി മേഖലയിലും വെള്ളം എത്തിക്കാൻ കഴി യുന്നതാണ്.

ഇതിനു പുറമേ പരിപ്പിലെ ഉപയോഗിക്കാത്ത കുളത്തിലെ ജലം ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കിയാൽ പരിപ്പിൽ കുറെഭാഗത്തേയും 2-ാം വാർഡിന്റെ ചില ഭാഗങ്ങളിലേയും ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയു ന്നതാണ്.

പൊതുജനാരോഗ്യം

പഞ്ചായത്തിൽ ആകെ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം മാത്രമേ നിലവിൽ ഉള്ളു. സ്വകാര്യമേഖലയാണ് ഏറ്റവും കൂടുതൽ ചികൽസ ലഭ്യമാകുന്നത് അലോപതി, ആയുർവേദം, ഹോമിയോ തുടങ്ങിയ ചികിൽസാ രീതികൾ ഇവിടെ ലഭ്യമാണ്. രോഗികളെ കിടത്തി ചികി ൽസിക്കുന്ന സ്വകാര്യ ആശുപത്രികൾ പഞ്ചായത്തിൽ 5 എണ്ണം ഉണ്ട്. ആർപ്പുക്കര മെഡിക്കൽകോളജ് ഈ പ ഞ്ചായത്തുമായി വളരെ അടുത്ത് സ്ഥിതിചെയ്യുന്നു.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമല്ലാ ത്തതുകൊണ്ട് പലവിധത്തിലുള്ള അസുഖങ്ങൾ ഉണ്ടാ കുന്നു. വയറിളക്കം, ഛർദ്ദി, കോളറ, ചൊറി, ചിരങ്ങ് തുട ങ്ങിയ ജലജന്യരോഗങ്ങൾ സാധാരണയായി കണ്ടുവരു ന്നു. സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രം ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഇവിടെ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ വളരെ പരിമിതമായ സൗകര്യ ങ്ങൾ മാത്രമേ ഇവിടെയുള്ളൂ. ഈ ആരോഗ്യകേന്ദ്രത്തിന് ഗതാഗത സൗകര്യങ്ങൾ ഒട്ടും തന്നെയില്ല. ഒരു കിലോ മീറ്റർ ദൂരം കാൽനടയായി യാത്രചെയ്യണം.

വർഷകാലങ്ങളിൽ മഴയും വെള്ളപ്പൊക്കവും നിമിത്തം ഈ ആരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നില്ല. ഈ അവസ്ഥ പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തി ന്റെ പടിഞ്ഞാറൻ മേഖല വേമ്പനാട്ടുകായൽവരെ വ്യാപിച്ചുകിടക്കുന്നു. യാത്രാസൗകര്യക്കുറവു കൊണ്ടും ദൂരകൂടുതൽ ഉള്ളതുകൊണ്ടും പടിഞ്ഞാറൻ പ്രദേശങ്ങ ളിൽ ഉള്ളവർക്ക് ഈ P.H.C യിൽ വന്നുചേരാൻ കഴിയു ന്നില്ല. ഈ ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ഉണ്ടാകേണ്ടതുണ്ട്.

കക്കൂസ്

പഞ്ചായത്തിലെ 1281 വീടുകൾക്ക് നിലവിൽ ക ക്കൂസ് ഇല്ല. കക്കൂസ് ഇല്ലാത്തതുമൂലം പലതരത്തി ലുള്ള രോഗങ്ങൾ ഉണ്ടാകുന്നു. വയറിളക്കരോഗങ്ങൾ വിരശല്യം മുതലായവ കൂടുതലായി കണ്ടുവരുന്നു. 95-96 ലെ കണക്ക്പ്രകാരം പഞ്ചായത്തിൽ 490 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചിതായി പ്രാഥമികാരോഗ്യ കേന്ദ്ര ത്തിൽ രേഖപ്പെടത്തിയിരിക്കുന്നു.

പരിസരമലിനീകരണം

പൊതുവേ വ്യവസായങ്ങളും വ്യവസായവൽക്കര ണവും തീരെകുറഞ്ഞ പ്രദേശമായതിനാൽ അന്തരീക്ഷ മലിനീകരണം ഗുരുതരമല്ല. എന്നിരുന്നാൽപോലും ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ ഉള്ള വ്യവസായശാ ലകളിൽ നിന്നും വിഷാംശം കലർന്ന മലിനജലവും മറ്റ് രാസ വസ്തുക്കളും മീനച്ചിലാറിലൂടെ ഒഴുക്കിവിടുന്നതു

മൂലം കുടിവെള്ളം മലിനമാകുകയും അതു ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ മൃഗങ്ങളെ വഴിയോരങ്ങളിൽ പരസ്യമായി കശാപ്പുചെയ്തു മാംസം വിൽപനനടത്തുന്നത് നിർത്തലാക്കേണ്ടതാണ്. ഇവയുടെ അവശിഷ്ടങ്ങൾ റോഡരുകിൽ ഉപേക്ഷിക്കുന്നതു മൂലം പരിസരമലിനീകരണം വ്യാപകമാകുകയും കൊതുകളും ഈച്ചകളും മറ്റും പെരുകുന്നതിന് ഇടയാവുകയും തൽഫലമായി രോഗങ്ങൾ പടർന്ന് പിടിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ അറവുശാലസ്ഥാപിച്ച് പരിശോധനവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

രേഖപ്പെടുത്തിയ പകർച്ചവ്യാധികളുടെ വിവരം

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
93-94	310	32	7	815
94-95	298	29	10	772
95-96	490	25	13	668

മറ്റു ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ

വർഷം	ത്വക്ക് രോഗം	വാതം	പകർച്ചവ്യാധികൾ	വിഷചികിത്സ	മറ്റുള്ളവ	ആകെ
92-93	210	1545	6052	20	1591	9418
93-94	185	1417	7584	15	815	10016
94-95	180	2082	10815	35	1772	14884
95-96	95	1815	12148	52	4668	18778

	ആശുപത്രി	കിടക്ക.	ഡാക്ടർ	ഡിസ്പെൻസറി.	ഡാക്ടർ
അലോപ്പതി.	3	22	11	5	5
ആയുർവേദം	-	-	-	5	5
ഹോമിയോ	-	-	-	6	6
പ്രൈമറി ഹെൽത്ത് സെൻറർ	1		1		

കൊതുകുനിവാരണം.

ആരോഗ്യരംഗത്ത് ഏറ്റവും അധികം ശ്രദ്ധകൊടുക്കേണ്ടത് കൊതുകുനിവാരണത്തിനാണ്. കൊതുകുകൾ മൂലം പലവിധത്തിലുള്ള രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. രണ്ടാം വാർഡിലെ മുട്ടേൽ പ്രദേശത്തെ 4 സെൻറ് കോളനിയിലും 11ാം വാർഡിലെ പതിമറ്റം കോളനിയിലും മലിനജലം കെട്ടിക്കിടക്കുന്നു. ഇതു ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാകുന്നു. ഈ മലിനജലം നിർമാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം. വീടിനടുത്ത് മലിനജലം കെട്ടിക്കിടക്കുന്നതുതടയുകയും കൊതുകിന്റെ കൂത്താടികളെ മണ്ണെണ്ണ ഒഴിച്ച് നശിപ്പിക്കേണ്ടതുമാണ്. റോഡരുകിൽ നിന്നും ചപ്പുചവറുകൾ നീക്കം ചെയ്യുകയും വ്യാപാരികളെയും പൊതുജനങ്ങളേയും ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

പകർച്ചവ്യാധികൾ

പഞ്ചായത്തിൽ വർഷകാലത്തും വേനൽക്കാലത്തും പകർച്ചവ്യാധികൾ പടർന്നുപിടിക്കുക സാധാരണമാണ്. ചിക്കൻപോക്സും ചെങ്കണ്ണും ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ചൊറി, ചിരങ്ങ്, വയറിളക്കം മുതലായവ രോഗങ്ങൾ പടിഞ്ഞാറൻപ്രദേശങ്ങളിൽ കണ്ടു വരുന്നു. ഇതിനെതിരെ കിണറുകളിൽ ക്ലോറിൻ കലർത്തുകയും ഈച്ചകളെയും കൊതുകുകളെയും ഫലപ്രദമായി നശിപ്പിക്കാൻ സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും കണ്ണുകളുടെ സംരക്ഷണത്തിനുമായി പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കേണ്ടതുമാണ്. വീടുകളിലും പരിസരപ്രദേശങ്ങളിലും അനാവശ്യമായ കീടനാശിനി പ്രയോഗം തടയണം. പഞ്ചായത്തുതലത്തിൽ ദന്തരോഗാശുപത്രി സ്ഥാപിക്കേണ്ടത് വളരെ അനിവാര്യമാണ്. ഇതു കുട്ടികളുടെ ദന്തസംരക്ഷണത്തിന് ഏറ്റവും അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ കുടുംബക്ഷേമകേന്ദ്രങ്ങൾ ആരംഭിച്ച് സ്ത്രീകൾക്ക് ആരോഗ്യസംരക്ഷണം നൽകണം. എല്ലാവീടുകളിലെയും കുട്ടികൾക്ക് പ്രതിരോധകുത്തിവയ്പ് നൽകുന്ന കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കണം. അടുക്കളയിൽ നിന്നും പുറംതള്ളപ്പെടുന്ന പാഴ്വസ്തുക്കൾ വീട്ട് മുറ്റത്തോ പരിസരപ്രദേശങ്ങളിലോ വലിച്ചെറിയുന്നത് ഒഴിവാക്കി പാഴ്വസ്തുക്കൾ ഉപയോഗിച്ച കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിന് വീട്ടമ്മമാരേ പരിശീലിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ.

പഞ്ചായത്തിൽ ഉള്ള പ്രൈമറി ഹെൽത്ത് സെൻറർ ആരോഗ്യരംഗത്തെ പ്രശ്നം പരിഹരിക്കുവാൻ സഹായിക്കുന്നില്ല. ഈ P.H.C ൽ മുഴുവൻ സമയഡോ

ക്ടറുടെ സേവനം ലഭ്യമാക്കണം. ആവശ്യമരുന്നുകൾ യഥാസമയം ലഭ്യമാക്കണം. അത്യാവശ്യം രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. സ്റ്റാഫ് നേഴ്സുമാരേയും നിയമിക്കേണ്ടതാണ്. ആരോഗ്യക്ലാസുകളും ഗൃഹ സന്ദർശനവും ഉറപ്പാക്കണം.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇഴജന്തക്കളുടെ ശല്യം വളരെ കൂടുതൽ ആയതിനാലും ഇവിടെ നിന്നും വിദഗ്ദചികിൽസയ്ക്കായി 10 കിലോമീറ്ററോളം യാത്ര ചെയ്യുന്നതിന് മതിയായ ഗതാഗതസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും ഒരു വിഷചികിൽസാ സൗകര്യം കൂടി ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള കോളനികളിൽ രണ്ട് മാസത്തിൽ ഒരിക്കൽ എന്ന തോതിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. ഫീൽഡ്വർക്കർമാരുടെ ഗൃഹസന്ദർശനം വ്യാപകമാക്കണം. പൊതുജനാരോഗ്യക്ലാസുകളും മുറയ്ക്ക് നടത്തണം. മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നില്ല. ഗർഭിണികൾക്കു നൽകാനുള്ള അയൺഫോളിക്കാസിഡ് ഗുളികകൾ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിനു ലഭിക്കാറില്ല.

കുട്ടികളുടെ സംരക്ഷണത്തിനാവശ്യമായ വിറ്റാമിൻഗുളികകൾ ലഭ്യമല്ല. അന്ധതനിവാരണത്തിനുള്ള വിറ്റാമിൻ ഗുളികകൾ സ്റ്റോക്കില്ല. വയറിളക്ക നിവാരണത്തിനുള്ള O.R.S പോലും പലപ്പോഴും സ്റ്റോക്കില്ലാത്ത പ്രാഥമികാരോഗ്യകേന്ദ്രമാണ്. പഞ്ചായത്തിലുള്ളത്.

മദ്യം, മയക്കുമരുന്ന്, പുകവലി, വെറ്റലമുറുക്ക് തുടങ്ങിയ അനാരോഗ്യ പ്രവണതകളെ നിരുൽസാഹപ്പടുത്തുന്നതിനായി സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനെതിരെയും ഉള്ള ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും വാർഡുതോറും സംഘടിപ്പിക്കണം.

പൊതുസ്മശാനം

പഞ്ചായത്തിൽ മൂന്നാംവാർഡിൽ ഒരു പൊതുശ്മശാനം നിലവിൽ ഉണ്ട്. കൂടുതൽ വെള്ളക്കെട്ട് പ്രദേശമായിതനാൽ വെള്ളപ്പൊക്ക കാലഘട്ടങ്ങളിൽ വെള്ളം കയറുന്നതുകൊണ്ട് ഈ പൊതുശ്മശാനം കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. വെള്ളപ്പൊക്കകാലഘട്ടങ്ങളിൽ ഉണ്ടാകുന്ന ശവസംസ്കാര ചടങ്ങുകൾക്ക് വളരെ ബുദ്ധിമുട്ട് ഉളവാകുന്നു.

ആയതിനാൻ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കേണ്ടത് വളരെ ഗൗരമായി പരിഗണിക്കേണ്ടതാണ്.

"കേരളം വളരുന്നു, പശ്ചിമഘട്ടങ്ങളും ഹിമവനും കടന്ന്,
ജനങ്ങളുടെ കൂട്ടായ്മയിലൂടെ, അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും
സൃഷ്ടിച്ച പുതിയ ആകാശവും പുതിയ ഭൂമിയും എന്ന
നവയുഗ സത്യത്തിലേയ്ക്ക് "

ഗതാഗതം. ഊർജ്ജം. മാർക്കറ്റ്

1 ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനം പ്രധാനമായും അവിടത്തെ ഗതാഗത സൗകര്യങ്ങളെ ആശ്രയിച്ചിരുക്കുന്നു. അതുകൊണ്ടുതന്നെ ഈ മേഖലയ്ക്ക് മതിയായ ഊന്നൽ നൽകാതെയുള്ള ഏതൊരു വികസന പ്രവർത്തനവും വികലമായിരിക്കും. ദൂരത്തേയും സമയത്തേയും കീഴടക്കാൻ വെമ്പൽകൊള്ളുന്ന ജനസമൂഹമാണ് എവിടെയുമുള്ളത്. മെച്ചപ്പെട്ട റോഡുകൾക്കും വാഹനസൗകര്യത്തിനും വേണ്ടിയുള്ള മുറവിളി ഓരോ കോണിൽ നിന്നും അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വിവിധവാർഡുകളിൽ നടന്നുകഴിഞ്ഞ ഗ്രാമസഭകളിൽ ഏറ്റവും അധികം ആളുകൾ പങ്കെടുത്തത് ഗതാഗതം, ഊർജ്ജം, മാർക്കറ്റ് എന്നിവ ഉൾപ്പെട്ട ഗ്രൂപ്പിലായിരുന്നു. മെഡിക്കൽ കോളേജ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, ആർട്ട്സ്-സയൻസ് കോളേജുകൾ, കോട്ടയം പട്ടണത്തിന്റെ സാമീപ്യം എന്നിവ അയ്മനം പഞ്ചായത്തിൽ കൂടിയുള്ള റോഡുകളുടെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നു.

ഭൂപ്രകൃതിപരമായി അയ്മനം പഞ്ചായത്തിന്റെ ഭൂരിഭാഗവും അപ്പർകുട്ടനാടിന്റെ കാർഷികമേഖലയിൽ ഉൾപ്പെടുന്നു. ഗതാഗത്തിന്റെ കാര്യത്തിൽ തീരെ അവികസിതമാണ്. ഈ മേഖല.

ഈ പഞ്ചായത്തിൽ വാഹനഗതാഗത സൗകര്യമുള്ള റോഡുകൾ ആകെ 92.കി.മീ ആണ് ഇപ്പോഴുള്ളത്. അതിൽതന്നെ 22.കി.മീ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. മെറ്റൽ ചെയ്തത് വെറും 5.കി.മീ മാത്രം. ശേഷിക്കുന്ന 66. കി.മീ. മൺറോഡാണ്. അതായത് വാഹന ഗതാഗത സൗകര്യമുള്ള റോഡ് ച.കി.മീറ്ററിന് വെറും 3.കി.മീ. മാത്രമാണ്. അത് സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. ടാർറോഡിന്റെ കാര്യത്തിലാണെങ്കിൽ ച.കി.മീറ്ററിന് 0.7 കി.മീ മാത്രമേയുള്ളൂ. ഈ അവസ്ഥയായിരിക്കാം ഈ പഞ്ചായത്തിലെ എല്ലാഗ്രാമസഭകളിലും ഗതാഗതം ഉൾപ്പെടുന്ന ഗ്രൂപ്പിൽ കൂടുതൽപേർ പങ്കെടുക്കാനും ഉത്കണ്ഠാകുലരാകാനും കാരണമായത്.

റോഡുകൾ - പ്രശ്നങ്ങൾ

ടാർ റോഡുകൾ, മെറ്റൽ റോഡുകൾ, മൺറോഡുകൾ, നടപ്പാതകൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ. ടാർറോഡുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക A1-യിൽ കൊടുത്തിരിക്കുന്നു.

പട്ടിക A1 ടാർ ചെയ്ത റോഡുകൾ

	റോഡിന്റെ പേര്	ഉടമസ്ഥത	നീളം കി.മീ	വീതി	റിമാർക്സ്
1	വാരിശ്ശേരി-കുടമാളൂർ പാലം	പൊതുമരാമത്ത് വകുപ്പ്	3.500		
2	കുടയംപടി - പരിപ്പ്	,, 5.500			
3	അയ്മനം - പുത്തൻതോട്	,, 3.000			
4	ഏനാദി - ഏനാദി പാലം	,, 1.000			
5	തൂത്തൂട്ടി - പുളിഞ്ചുവട്	,, 0.250			
6	മുട്ടേൽ - പരിപ്പ്	,, 0.750			
7	പുത്തൻതോട് - മുട്ടേൽ	പഞ്ചായത്തുവക	1.000		
8	കുഴിത്താർ - പള്ളിക്കടവ്	,, 0.750			
9	കുടമാളൂർ - കുരിശുപള്ളിക്കവല-തെക്കേടത്തുമന	,, 1.000			
10	കുടമാളൂർ - ലക്ഷംവീട് റോഡ്	,, 0.500			
11	ആലുഞ്ചുവട് - ഇരവീശ്വരം	,, 1.000			
12	അമ്പാടി - ചാമത്തറ	,, 1.500			
13	പരിപ്പ് ഹൈസ്കൂൾ - കുഴിവേലിപ്പടി	,, 0.500			
14	വരകത്തിൻപടി - കുഴിത്താർ	,, 0.750			
15	കവണാറ്റിൻകര - ചീപ്പുങ്കൽ ആകെ	പൊതുമരാമത്ത്	22.000		

1. ടാർ റോഡുകൾ

നമ്മുടെ പഞ്ചായത്തിൽ ടാർ റോഡുകളുടെ ദൈർഘ്യം 2 കിലോമീറ്ററാണ്. കോട്ടയം കുടമാളൂർ വഴി മെഡിക്കൽകോളേജ് റോഡിലെ വാരിശ്ശേരി മുതൽ കുടമാളൂർ പാലം വരെ ഈ പഞ്ചയാത്തിലൂടെ കടന്നു പോകുന്ന പ്രധാന റോഡുകളിലൊന്നാണ്. ഏഴു സ്വകാര്യബസ്സുകളും ഒരു KSRTC ബസ്സും ഈത് വഴി സർവ്വീസ് നടത്തുന്നുണ്ട്. ഈ റോഡ് 1971-ലെ കോട്ടയം മാസ്റ്റർ പ്ലാനിൽ 18 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായിരന്നു. 25 വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നേവരെ നിർദിഷ്ടറോഡു വികസനം പൂർത്തിയായിട്ടില്ല. റോഡിന്ഇരുപുറവുമുള്ള വസ്തു ഉടമകൾക്ക് യാതൊരു വികസനപ്രവർത്തനവും നടത്താൻ പറ്റാത്ത അവസ്ഥയാണുള്ളത്. കോട്ടയം മുതൽ ഏറ്റുമാനൂർ വരെയുള്ള ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കാനും കഴിയും എന്നതിലുപരി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്രദമാകുകയും ചെയ്യും. കോട്ടയത്തുനിന്നും മെഡിക്കൽകോളേജ് ആശുപത്രയിലേയ്ക്ക് ഏറ്റവും എളുപ്പം എത്താൻ കഴിയുന്ന മാർഗ്ഗവും ഇതുതന്നെ.

പഞ്ചായത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട റോഡാണ് കോട്ടയം പരിപ്പ് റോഡിലെ കുടയംപടി മുതലുള്ള ഭാഗം. ഈ റോഡ് പഞ്ചായത്തിന്റെ പടിഞ്ഞാറൻ കാർഷികമേഖലയുമായി ബന്ധപ്പിക്കുന്നു. വളരെ വർഷങ്ങൾക്കുമുമ്പ് പണിതീർത്തിട്ടുള്ള റോഡാണിത്. എന്നാൽ കാലാനുസരണമായ വികസനം ഉണ്ടായിട്ടില്ല. ഒരു ഡസനോളം ബസ്സുകൾ ഇതുവഴി സർവ്വീസ് നടത്തുന്നുണ്ട്. കുഴിത്താർ പാലം നിർമ്മിക്കേണ്ടത് അടിയന്തിരപ്രാധാന്യമർഹിക്കുന്നു. അതോടൊപ്പം തന്നെ ഈ റോഡിന്റെ വീതി കൂട്ടേണ്ടതും വളരെ അത്യാവശ്യമാണ്.

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാനറോഡാണ് അയ്മനം പുത്തൻതോട് റോഡ്. ബസ്സുകൾ ധാരാളം സർവ്വീസ് നടത്തുന്ന ഈ റൂട്ടിൽ യാത്രാക്ലേശം വളരെ അനുഭവപ്പെടുന്നു.

പുത്തൻതോട് സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസ്സുകൾ ഇപ്പോൾ പരിപ്പുവരെ സർവ്വീസ് നീട്ടിയിട്ടുണ്ട്.

ടാറിംങ്ങ് നടത്തിയിട്ടുള്ള മറ്റു റോഡുകൾ കുഴിത്താർപള്ളിക്കടവ്, കുടമാളൂർ-ലക്ഷംവീട്, പാണ്ഡവം-ഇരവീശ്വരം, അമ്പാടി-ചാമത്തറ, പരിപ്പ്-മുട്ടേൽ, കുടമാളൂർ-കുരിശുപള്ളിക്കവല-തക്കേടത്തുമന, വരകത്തിൽപ്പടി-കുഴിത്താർ എന്നിവയാണ്. ഇതിൽ ബസ് സർവ്വീസുള്ളത് അമ്പാടി-ചാമത്തറ റോഡിലും കുഴിത്താർ-വരകത്തിൽപ്പടിവരെ മാത്രമാണ്.

ഈ റോഡുകളുടെ പൊതുസ്ഥിതി ഒട്ടും തൃപ്തികരമല്ല. ഈ പഞ്ചായത്തിലെ മിക്ക റോഡുകളും താഴ്ന്നതും വെള്ളക്കെട്ടുള്ളതുമായ ഭാഗങ്ങളിലൂടെ ആണെന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് പലപ്പോഴും റോഡുകൾ ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. വേണ്ടത്ര കലുങ്കുകൾ, ഓടകൾ, എന്നിവ ഇല്ലാത്തതുകൊണ്ട് ജലവാർച്ച തടസ്സപ്പെടുകയും റോഡ് എളുപ്പം കേടാകുകയും ചെയ്യുന്നു. പലസ്ഥലങ്ങളിലും റോഡിന് വീതി വളരെ കുറവാണ്. റോഡിലെ കൊടും വളവുകൾ അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ വഴിയുടെ ഓരം ചേർന്ന് സ്ഥാപിക്കാത്തതുകൊണ്ട് സുഗമമായ വാഹനഗതാഗതത്തെ തടസ്സപ്പെടുത്തുന്നു. ടെലഫോൺസ്, വാട്ടർ അതോറിട്ടി തുടങ്ങിയ വകുപ്പുകളുടെ ആവശ്യാർത്ഥം റോഡ് അവിടെഅവിടെ വെട്ടിപ്പൊളിക്കാറുണ്ട്. യഥാസമയം വേണ്ടതുപോലെ ഈ ഗർത്തങ്ങൾ നികത്താതിരിക്കുന്നത് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. വളരെ അത്യാവശ്യമായ പല ഇടങ്ങളിലും സൈൻബോർഡുകൾ (Sign Board) സ്ഥാപിച്ചിട്ടില്ല. ഉള്ളവ തന്നെ പലപ്പോഴും പരസ്യപ്പലകയായി മാറുന്നു. റോഡു പുറമ്പോക്കുകൾ അനധികൃതമായി കൈയേറി വീടുകളും കച്ചവടസ്ഥാപനങ്ങളും സ്ഥാപിക്കാറുണ്ട്. റോഡ് നിയമങ്ങൾ അനുസരിക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ റോഡ് വികസനത്തിന് തടസ്സമാകുന്നു. വഴിവാണിഭങ്ങളും വിവേചനരഹിതമായി വാഹനങ്ങൾ പാർക്കുചെയ്യുന്നതും പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നു.

മെറ്റൽ റോഡുകൾ

മെറ്റൽ റോഡുകൾ നമ്മുടെ പഞ്ചായത്തിൽ കേവലം 5 കി.മീ മാത്രമാണ് ഉള്ളത്. മെറ്റലിങ്ങ് നടന്നെങ്കിലും തക്കസമയത്ത് റിപ്പയറിങ്ങ് നടക്കാത്തതുകൊണ്ട് ഈ റോഡുകളും ദുർഘടങ്ങളാണ്. മുന്തിയ പ്രാധാന്യം നൽ കി ഈ റോഡുകൾ ടാർ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾക്ക് പട്ടിക A2 കാണുക.

പട്ടിക A2

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

വാർഡ്	റോഡിന്റെ പേര്	ഉടമസ്ഥത	നീളം
1	പരിപ്പ് - മുട്ടേൽ റോഡ്	പഞ്ചായത്ത്	
2	കുളങ്ങര റോഡ്	,,	
3	കോഴിപ്പുഞ്ച റോഡ്	,,	
4	ചാമത്തറ - ജയന്തിറോഡ്	,,	
5	പാണ്ഡവം - ഇരവീശ്വരം	,,	
6	അമ്പലക്കടവ് - ഐക്കരച്ചിറ	,,	

ഈ പഞ്ചായത്തിലെ പല റോഡുകളും മുൻഗണനാ ക്രമത്തിൽ മെറ്റൽ ഇട്ട് ടാർ ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലുള്ള റോഡുകളിൽ ബഹുഭൂരിപക്ഷവും മൺ റോഡുകളാണ്. ടാർ ചെയ്തതും മെറ്റലിട്ടതുമായ റോഡുകളുടെ ദൈർഘ്യവും മൺറോഡുകളുടെ ദൈർഘ്യവും ചേർത്തുവായിക്കുമ്പോൾ വികസനകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന റോഡുകൾ പലതുമുണ്ടെന്നു കാണാം. വിശദവിവരങ്ങൾക്ക് പട്ടിക A3 കാണുക.

മെറ്റൽ ചെയ്ത് സംരക്ഷിക്കേണ്ട റോഡുകളും ഈ പഞ്ചായത്തിൽ വളരെയധികം ഉണ്ട്. മെറ്റൽ ചെയ്യാ ത്തതു കൊണ്ട് വിശേഷിച്ചും വർഷകാലത്ത് ഈ റോഡുകൾ ചെളിക്കുണ്ടുകളായി മാറുന്നു. അതോടെ ഈ റോടഡുകളിലൂടെ കാൽനടത്തം പോലും ദുഷ്കരമാകുന്നു.

അവശേഷിക്കുന്ന റോഡുകൾ ചെറുവാഹനങ്ങൾക്കെങ്കിലും ഗതാഗതം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ പരിഷ്കരിക്കേണ്ടതാണ്. നിർമ്മാണത്തിലിരിക്കുന്നതും പൂർത്തീകരിക്കപ്പെടാത്തതുമായ ചില റോഡുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയുടെ നിർമ്മാണവും സമയബന്ധിതമായി പൂറത്തിയാക്കേണ്ടതായിട്ടുണ്ട്.

നിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തിയായിട്ടില്ലാത്ത റോഡുകളിലൊന്നാണ് കല്ലിങ്കത്തറ-കരിമംഞ്ചീർപ്പുങ്കൽ റോഡ്. 6 1/2 കി.മീ. ദൈർഘ്യമുള്ള റോഡിന്റെ പണി മന്ദഗതിയിലാണ് നടക്കുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള, വിശേഷിച്ചും മൂന്നാം വാർഡിലുള്ള ജനങ്ങൾക്കും പഞ്ചായത്ത് ആസ്ഥാനമായ അയ്മനവുമായി ബന്ധപ്പെടുന്നതിന് കുരകം, തിരുവാർപ്പ്, കുമാരനല്ലൂർ എന്നീ പഞ്ചായത്തുകളും കോട്ടയം മുനിസിപ്പാലിറ്റി പ്രദേശങ്ങളും താണ്ടി എത്തേണ്ട സ്ഥിതിയാണിന്നുള്ളത്. മുൻപ്രസ്താവിച്ച റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ അത് നമ്മുടെ പഞ്ചായത്തിന്റെ വികസനകാര്യത്തിൽ ഒരു നാഴികക്കല്ലായിരിക്കും.

പുത്തൻതോട്-പരിപ്പ്, തൊള്ളായിരം-കവണാറ്റിൻകര റോഡ് നിർമ്മാണഘട്ടത്തിലാണ്. പുത്തൻതോടു മുതൽ പരിപ്പുവരെയുള്ള ഭാഗങ്ങൾ ടാറിങ്ങ് നടന്നിട്ടുള്ളതാണ്. തൊള്ളായിരം-കവണാറ്റിൻകര ഭാഗത്തേക്കുള്ള റോഡിന്റെ നിർമ്മാണം കൂടി പൂർത്തീകരിച്ചാൽ ആ മേഖലയുടെ വികസനം ത്വരിതപ്പെടുത്തുവാൻ സഹായകമാകും.

ജലഗതാഗതം.

ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിന്റെ വിരിമാറിലൂടെയും ഓരം പറ്റിയും ഒഴുകുന്ന പുഴകളിൽ കേവുവള്ളക്കാരുടേയും യാത്ര വള്ളക്കാരുടെയും ആരവങ്ങൾ മുഴങ്ങിക്കേൾക്കുമായിരുന്നു. കല്ലുമടയിൽ നിന്നും കമ്പനി വള്ളങ്ങളും മറ്റു പല ഭാഗങ്ങളിലൂടെ യാത്രാബോട്ടുകളും സർവ്വീസ് നടത്തിയിരുന്നു. മീനച്ചിലാറിന്റെ രണ്ടു കൈവഴികൾ നമ്മുടെ പഞ്ചായത്തിന്റെ വടക്കും തെക്കും പാർശ്വങ്ങളിലൂടെ ഒഴുകുന്നു ശതകാലസ്മരണകൾ അയവിറക്കിക്കൊണ്ട്.

എന്നാൽ ഇന്നു കാലം മാറി. കാലാനുസരണമായ മാറ്റം നാട്ടിലുണ്ടായി. തലങ്ങും വിലങ്ങും ചെറുതും വലുതുമായ റോഡുകൾ ഉണ്ടായി. സമയലാഭവും സൗകര്യവും കണക്കിലെടുത്ത് ജനങ്ങൾ കരമാർഗ്ഗമുള്ള ഗതാഗതത്തെ ആശ്രയിക്കാൻ തുടങ്ങി. അതോടെ നമ്മുടെ ജലപാതകളിലെ ഒച്ചയും അനക്കവും കുറഞ്ഞു. ജലഗതാഗതത്തിന്റെ പ്രസക്തിതന്നെ നഷ്ടപ്പെട്ടു. ജലഗതാഗതത്തെ ദുഷ്കരമാക്കുന്ന കുളവാഴകൾ നീക്കം ചെയ്യാതിരുന്നാൽ ഇപ്പോഴുള്ള ജലപാതകൾ കൂടി സമീപഭാവിയിൽ ഉപയോഗ്യശൂന്യമല്ലാതായിത്തീരും. പുഴകൾക്ക് കുറുകെ നിർമ്മിക്കുന്ന പാലങ്ങളുടെ ഉയരക്കുറവും ജലഗതാഗതത്തിനു വിഘാതമാകുന്നു.

പ്രശ്നങ്ങൾ, പരിഹാരങ്ങൾ

1. റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തണം.
2. ആവശ്യമായ ഓടകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുക.
3. റോഡുകൾക്ക് വീതികൂട്ടുകയും കൊടും വളവുകൾ ഒഴിവാക്കുകയും ചെയ്യുക.
4. ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവ വഴിയുടെ ഓരം ചേർത്ത് സ്ഥാപിക്കുക.
5. ടെലഫോൺസ്, വാട്ടർഅതോറിറ്റി തുടങ്ങിയ ഡിപ്പാർട്ടുമെൻറുകൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് യഥാസമയം മൂടിക്കുക.

6. ട്രാഫിക് സിഗ്നൽ ബോർഡുകൾ ഇല്ലാത്തിടത്ത് സ്ഥാപിക്കുക. ഈ ബോർഡുകളിൽ പരസ്യം പതിക്കുന്നത് തടയുക.
7. റോഡു പുറമ്പോക്കുകൾ അനധികൃതമായി കൈയ്യേറുന്നത് തടയുക.
8. റോഡുനിയമങ്ങൾ അനുസരിക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയുക.
9 വഴിവാണിഭങ്ങൾ തടയുക
10. വിവേചനരഹിതമായി വാഹനങ്ങൾക്ക് റോഡിൽ പാർക്കിങ്ങ് അനുവദിക്കാതിരുക്കുക.
11. റോഡിന്റെ സൈഡുകൾ ഇടിഞ്ഞുപോകുന്നിടം കരിങ്കൽകെട്ടി ഉറപ്പാക്കുക.
12. ജലഗതാഗതത്തിന് വിഘ്നമായി നിനൽക്കുന്ന പായൽ നീക്കം ചെയ്യുക.
13. നദികളിലേയ്ക്ക് ചാഞ്ഞു നിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുക.
14. ജലപാതകൾക്ക് കുറുകെ നിർമ്മിക്കുന്ന പാലങ്ങൾക്ക് കൂടുതൽ ഉയരം ഉറപ്പാക്കുക.
15. പുഴയുടെ പാർശ്വങ്ങൾ കരിങ്കല്ലുകെട്ടി ബലവത്താക്കുക.
16. നിലവിലുള്ള റോഡു-കം-ബണ്ട് ഉയരവും വീതിയും കൂട്ടി കാൽനടക്കാർക്കു സൗകര്യമേർപ്പെടുത്തുക.
17. തൊള്ളായിരം പാലം എത്രയും വേഗം പൂർത്തിയാക്കുക. ചീർപ്പുങ്കൽ പാലം ഉടൻ നിർമ്മിക്കുക.
18. പുലിക്കുട്ടിശ്ശേരിയിൽ നിന്നും ആർപ്പൂക്കര പഞ്ചായത്തിലേയ്ക്കുള്ള മണലേൽ പാലം അടിയന്തിരമായി നിർമ്മിക്കുക.
19. പ്രാപ്പുഴ-ചേനപ്പാടി റോഡിലെ ചേനപ്പാടി കോവണിപ്പാലം വാഹനഗതാഗത യോഗ്യമായി നിർമ്മിക്കുക.
20. ഇളങ്കാവു പാലം നിർമ്മാണം ഉടൻ പൂർത്തിയാക്കുക.

ഗതാഗത വികസനത്തിൽ പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ നിർമ്മാണ, വികസന പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഈ രംഗത്ത് ബഹുജനപങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമസഭാ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നതാണ്.

ഊർജ്ജം

ഇന്ന് ഏറ്റവുമധികം ഉപഭോഗത്തിലുള്ള ഊർജ്ജം വൈദ്യുതിയാണ്. ഇസ്തിരിപ്പെട്ടി മുതൽ എയർ കണ്ടീഷണർ വരെ വീടുകളിൽ വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്നു. ഇതിനു പുറമേ ജലസേചനം, വ്യവസായം എന്നീ കാര്യങ്ങൾക്കും വൈദ്യുതി കൂടിയേ തീരൂ. വൈദ്യുതി പ്രതിസന്ധി ഇന്ന് നമ്മുടെ നാടിന്റെ വികസനത്തെ പിന്നോട്ടടിക്കുമോ എന്ന ആശങ്ക അസ്ഥാനത്തല്ല. ആവശ്യമായി വരുന്നത്ര വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നില്ല. ഇതിന്റെ പ്രത്യാഘാതം നമ്മുടെ പഞ്ചായത്തിലും അലയടിക്കുന്നു.

പ്രശ്നങ്ങൾ.

വോൾട്ടേജ്ക്ഷാമം, ലോഡ്ഷെഡിങ്ങ് എന്നിവ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വരുന്ന ആക്ഷേപമാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. സന്ധ്യ കഴിഞ്ഞാൽ അരണ്ട വെളിച്ചം മാത്രം നൽകി മുനിഞ്ഞു കത്തുന്ന വൈദ്യുതിവിളക്കുകളാണധികവും. പലവീട്ടുപകരണങ്ങളും വോൾട്ടേജ്ക്ഷാമം മൂലം വൈകുന്നേരം 6 മണിമുതൽ രാത്രി 10 മണിവരെ പ്രവർത്തനരഹിതമാകുന്നു.

ജലസേചനകാര്യത്തിനായി ഈ പഞ്ചായത്തിലെ നിരവധി കർഷകർ വൈദ്യുതിയെ ആശ്രയിക്കുന്നു. ചെറുകിട, ഇടത്തരം വ്യവസായങ്ങളും വൈദ്യുതിയെ ആശ്രയിച്ച് നിലകൊള്ളുന്നു. ഈ പഞ്ചായത്തിലെ വൈദ്യുതോപഭോക്താക്കളുടെ വിശദവിവരം അടങ്ങുന്ന പട്ടിക B1 കാണുക.

പട്ടിക B1

വൈദ്യുതി ഉപഭോഗ സംഗ്രഹം

ക്രമനമ്പർ	സ്വഭാവം	എണ്ണം
1	ഗാർഹികം, വ്യാപാരം	6934
2	കാർഷികം	34
3	വ്യവസായം	74
4	മറ്റുള്ളവർ	15
5	കൊമേഴ്സ്യൽ, ഇൻട്രസ്റ്റിസ് ആകെ	7054

നമ്മുടെ പഞ്ചായത്തിൽ 6921വീടുകളാണുള്ളത്. ഇതിൽ വൈദ്യുതീകരിച്ച വീടുകൾ 4931. 1990എണ്ണം വൈദ്യുതീകരിക്കാത്തത്. അതായത് ആകെ വീടുകളുടെ 28.75 ശതമാനം (പഞ്ചായത്തിലുള്ള 1996--ലെ റേഷൻ കാർഡുകൾ അടിസ്ഥാനം.)

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കോളനികളും ഇതിനോടകം വൈദ്യുതീകരിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും വൈദ്യുതീകരിക്കാത്ത വീടുകൾ ഇനിയും അവശേഷിക്കുന്നു. പൊതുവേ പറഞ്ഞാൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വൈദ്യുതിയെത്തിയിട്ടുണ്ടെങ്കിലും പടിഞ്ഞാറൻപ്രദേശത്തെ ചില മേഖലകളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

പഞ്ചായത്തിൽ ആകെ 1296 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 110 ട്യൂബ് ലൈറ്റുകളും നിരവധി തെരുവുവിളക്കുകൾ കത്തുന്നതേയില്ല. കേടായ ബൾബുകൾ യഥാസമയം മാറ്റുന്നതിന് അധികൃതർ വേണ്ടത്ര ശ്രദ്ധിക്കാറുമില്ല. ഗുണനിലവാരം കുറഞ്ഞ ബൾബുകൾ ഉപയോഗക്കുന്നത് അതിന്റെ അല്പായുസ്സിന് വഴിയൊരുക്കുന്നു.

അയ്മനം ഗ്രാമപഞ്ചായത്തിൽ വൈദ്യുതിവിതരണം ചെയ്യുന്നത് ഗാന്ധിനഗർ, അയ്മനം, കുമരകം എന്നിവിടങ്ങളിലെ സെക്ഷനാഫീസ് മുഖേനയാണ്.

നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നതു രണ്ട് സബ് സ്റ്റഷനുകൾ വഴിയാണ്. ഗാന്ധിനഗറും ചെങ്ങളവും.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 62 ട്രാൻസ്ഫോമറുകളുണ്ട്. ഇതിൽ അധികവും താങ്ങാനാവുന്നതിലുമധികം ഭാരംവഹിക്കുന്നവയാണ്. ട്രാൻസ്ഫോമറുകളുടെ എണ്ണം കപ്പാസിറ്റി എന്നിവ പട്ടിക B2- ൽ ചേർത്തിരിക്കുന്നു.

പട്ടിക B2

നമ്പർ	ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി (KWA)	എണ്ണം
1	KWA 25	1
2	,, 50	4
3	,, 63	11
4	,, 100	30
5	,, 125	2
6	,, 160	8
7	,, 250	6
	ആകെ	62

ഇതുകൂടാതെ 325 (KWA) ശക്തിയുള്ള ട്രാൻസ്ഫോമർ സ്വകാര്യവ്യക്തി സ്ഥാപിച്ചിട്ടുണ്ട്. പ്രേഷണ വിതരണ രംഗങ്ങളിലെ അധികൃതരുടെ ശ്രദ്ധക്കുറവും, ശേഷികൂടിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാത്തതും വോൾട്ടേജ്ക്ഷാമം രൂക്ഷമാക്കുന്നു.

പഞ്ചായത്തിലെ മിക്ക വീടുകളും പാചകത്തിന് ആശ്രയിക്കുന്നത് വിറകിനേയാണ്. ഇന്ന് വേണ്ടത്ര വിറക് കിട്ടാത്ത അവസ്ഥയുണ്ട്. ധാരാളം വീടുകൾ വിറകിനു വേണ്ടി ആശ്രയിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഈർച്ചമില്ലുകളേയാണ്. ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സാധ്യതകൾ ഏറെയുണ്ടെങ്കിലും ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ ഉണ്ടായിട്ടില്ല. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതായാൽ ഒരളവുവരെ ഇന്ധനം ലാഭിക്കാൻ കഴിയും ഇക്കാര്യത്തിൽ വ്യാപകമായ പ്രചരണവും ബോധവൽക്കരണവും ആവശ്യമാണ്. L.P.G കണക്ഷനുകളുള്ള വീടുകൾ 427 മാത്രമാണ്.

സാധ്യതകൾ

1. നിലവിലുള്ള ശേഷികുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കൂടതൽ കപ്പാസിറ്റിയുള്ളവ സ്ഥാപിക്കുക.
2. പ്രസരണനഷ്ടം ഒഴിവാക്കാൻ വൈദ്യുതലൈനിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.
3. ലൈനുമായി സമ്പർക്കമുള്ള മരച്ചില്ലകൾ വെട്ടിമാറ്റുക.
4. വൈദ്യുതിബോർഡുമായി ബന്ധപ്പെട്ട ആഫീസ്-ഫീൽഡ് പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുക.
5. തെരുവുവിളക്കുകൾ ഇല്ലാത്ത ഇടങ്ങളിൽ അവ സ്ഥാപിക്കുക.
6. പുളിഞ്ചുവട്, കുടയംപടി, അയ്മനം, ഒളശ്ശ, പരിപ്പ് എന്നീ പ്രധാനകേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
7. ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പ് എന്നിവയെപ്പറ്റി വ്യാപകമായ ബോധവൽക്കരണം നടത്തുകയും സാങ്കേതികസഹായവും, ഉദാര വ്യവസ്ഥയിൽ സാമ്പത്തികസഹായം എത്തിക്കുകയും ചെയ്യുക.
8. അനർട്ടിന്റെ സഹായത്തോടെ സോളാർ വിളക്കുകൾ സ്ഥാപിക്കുക.
9. KSEB പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ഗ്രാമപഞ്ചായത്ത് അംഗങ്ങളുടേയും പൊതുപ്രവർത്തകരുടേയും സമിതി രൂപീകരിക്കുക.

മാർക്കറ്റ്.

അയ്മനം ഗ്രാമപഞ്ചായത്ത് കാർഷികമേഖലയാണ്. ഇവിടെ ഉത്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു പൊതു മാർക്കറ്റ് ഇല്ല. നെല്ല്, നാളീകേരം, വാഴക്കുല, പച്ചക്കറികൾ എന്നിവയാണ് പ്രധാന കാർഷിക വിഭവങ്ങൾ. ഇവയുടെ വിപണനത്തിൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക്

ലഭിക്കുന്നതിനും പൊതു കമ്പോളം സഹായകമാണ്. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും പടിഞ്ഞാറൻമേഖലയിൽ പ്രത്യേകിച്ചും മൽസ്യബന്ധനം നടക്കുന്നുണ്ട്. അവ വിറ്റഴിക്കുന്നതിന് മൽസ്യമാർക്കറ്റുകളും സ്ഥാപിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വഴിവക്കിൽ അനധികൃതമായ ആടുമാടുകളെ കൊന്ന് മാംസവില്പന നടത്തുന്നുണ്ട്. അശാസ്ത്രീയമായ അറവുശാലകളാണിവയൊക്കെ. മാംസത്തിന് ഉപയോഗിക്കുന്ന മൃഗങ്ങളുടെ ആരോഗ്യം പരിശോധിക്കുന്നതിനോ അവ രോഗവിമുക്തമെന്ന് ഉറപ്പുവരുത്താനോ യാതൊരു സംവിധാനവും നിലവിലില്ല.

1. സസ്യ, മൽസ്യമാർക്കറ്റുകൾ പുത്തൻതോട്, കുടമാളൂർ, കുരിശുപള്ളിക്കവല എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
2. അശാസ്ത്രീയ അറവുശാലികൾ നിരോധിക്കുകയും ആടുമാടുകളുടെ മാംസം വഴിവക്കിൽ വില്പന നടത്തുന്നതു തടയുകയും ചെയ്യുക.
3. മാംസത്തിന് ഉപയോഗിക്കുന്ന മൃഗങ്ങൾ രോഗവിമുക്തമെന്ന് ഉറപ്പാക്കാൻ മൃഗ ഡോക്ടറുടെ സഹായം തേടുക. ലൈസൻസ് എടുക്കാത്ത മാംസക്കടകൾ നിരോധിക്കുക.
4. അന്തിച്ചന്തകൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
5. പൊതുവിതരണ കേന്ദ്രങ്ങളും മാവേലി സ്റ്റോറുകളും ആവശ്യമായിടത്തൊക്കെ തുടങ്ങുക.
6. മാർക്കറ്റ് ഉണ്ടാക്കുന്നതിന് പുറമ്പോക്ക് ഭൂമി കണ്ടെത്തുക.
7. പുളിഞ്ചുവട്, കുടയംപടി, അയ്മനം, അമ്പാടി, ഒളശ്ശ, പരിപ്പ്, പുലിക്കുട്ടിശ്ശേരി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

വാർഡ്	No.	റോഡ്	നീളം	വീതി	റിമാർക്ക്
1	1	മാടശ്ശേരി-പി.എച്ച്.സി. കൊല്ലത്തുകരി-കരീമഠം	5.500	5 m	മാടശ്ശേരി പി.എച്ച്.സി വരെ മണ്ണിട്ടു ഉയർത്തുക. കൊല്ലത്തുകരി - കരീമഠം വരെയുള്ള നടപ്പാത വീതികൂട്ടി മണ്ണിട്ടുയർത്തുക.
	2	മാടശ്ശേരി-മണിയാപറമ്പ്	1.500	5,,	മണ്ണിട്ടുയർത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക
	3	തൂമ്പുകൽപാലം എസ്.എൻ.ഡി.പി.- വാദ്ധ്യാമ്പേക്കരി	3.500	5,,	,,
2	1	പുലിക്കുട്ടിശ്ശേരി പാലം - പ്രാപ്പുഴ-ചേനപ്പാടി റോഡിൽ പുലിക്കുട്ടിശ്ശേരി പാലം - തുമ്പിലശ്ശേരി വരെ.	1.000 ,,	8,,	പുലിക്കുട്ടിശ്ശേരി മുതൽ പ്രാപ്പുഴ വരെ മെറ്റൽ ചെയ്ത് ടാർ ഇടുക. പ്രാപ്പുഴ മുതൽ ചേനപ്പാടി വരെ മെറ്റൽ ഇട്ട് ടാർ ഇടുക.
	2	പുത്തൻ തോട് - മുട്ടേൽപാലം	620 m	8 ,,	മണ്ണിട്ടുയർത്തി ടാർ ചെയ്യുക.
	3	പുത്തൻതോട് - കല്ലുങ്കത്ര	1.250	8 ,,	മണ്ണിട്ടുയർത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	4	പുത്തൻതോട്-മുട്ടേൽ	500 ,		മണ്ണിട്ടുയർത്തുക
	5	തോണിക്കടവ്-പതിയകം	700 m	8 അടി	വീതികൂട്ടി മണ്ണിട്ടുയർത്തുക
3	1	കവണാറ്റിൻകര-മാലികായൽ ചിറ	1.000		മണ്ണിട്ടുയർത്തുക.
	2	ചീപ്പുങ്കൽ - മാലികായൽ	1.500		മണ്ണിട്ടുയർത്തുക.
	3	ചീപ്പുങ്കൽ-കരീമംം സ്കൂൾ			
	4	തൊള്ളായിരം-വരമ്പിനകം	1.500		മണ്ണിട്ടുയർത്തുക.
4	1	കുഴിവേലിപ്പടി-കോണിപ്പടി	0.500		1 കി.മീ മണ്ണിട്ടുയർത്തി മെറ്റലിങ്ങ് ടാറിങ്ങ് നടത്തണം
	2	പരിപ്പ് തൊള്ളായിരം-ചീപ്പുങ്കൽറോഡ്	4.000		മണ്ണിട്ടുയർത്തി മെറ്റലിട്ട് ടാർചെയ്യുക..
	3	പരിപ്പ് ഹൈസ്കൂൾ-ചേനപ്പാടി	200 m		മെറ്റലിട്ട് ടാർ ചെയ്യുക
	4	ഒളശ്ശ-കാരാമച്ചിറ റോഡ്	1.000		മണ്ണിട്ടുയർത്തി മെറ്റലിട്ട് ടാർചെയ്യുക..
	5	പരിപ്പിൽപാലം-വാഴയിൽപടി	1.000		മണ്ണിട്ടുയർത്തി മെറ്റലിട്ട് ടാർചെയ്യുക..
5	1	എം.എം.എബ്രാഹം മെമ്മോറിയൽ	750 m	8 m	450 ടാർചെയ്യുക. റോഡിന്റെ ഇരുവശം 200 മീറ്റർ ഭാഗത്ത് കൽക്കെട്ട് ഉണ്ടാക്കുക.
	2	അങ്ങാടിശ്ശേരി-മണലുങ്കൽചിറ	550 m	2.50 m	മണ്ണിട്ടു പൊക്കുക.
	3	തട്ടാരത്തുകടവ്-വട്ടപറമ്പിൽ	400 m	4 m	മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	4	കോഴിപുഞ്ച-സി.എസ്.ഐ. റോഡ്	5.5 k.m	5 m	മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	5	തോണികടവ്-ഇടത്തിൽറോഡ്	750 m		മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	6	സെൻറ്ജോൺസ് പള്ളി-ചാർത്താലി	1.500		മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.

	7	തോണിക്കടവ്-സെൻറ് ആൻറണീസ് പള്ളി	750 m		മണ്ണിട്ടുയർത്തി ടാർ ചെയ്യുക. പാടശേഖരത്തിൻെറ നടുക്കൂടി പോകുന്ന റോഡിൻെറ ഭാഗം ഇരുവശവും കല്ലുകെട്ടുക.
	8	സെൻറ്ജോൺസ് ചാപ്പൽ - ചാർത്താലിൽ	1.500		മണ്ണിട്ടുയർത്തി ടാർ ചെയ്യുക.
	9	ഇല്ലത്തുപടി-ബംഗ്ലാവ്	500 m		
6	1	പള്ളിക്കടവ്-പ്രാപ്പുഴ-കുഴിത്താർ	2.00		മണ്ണിട്ടുയർത്തി മെറ്റൽ ചെയ്ത് ടാർ ഇടുക
	2	നരിക്കുഴിറോഡ്-കല്ലുമട	600 m		ടാർ ചെയ്യുക
	3	അന്ധവിദ്യാലയം-അലക്കുടവ്	1.000		ടാർ ഇടുക.
	4	വടക്കേടത്ത്പടി-അമ്പലം	400 m		മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	5	പൂന്ത്രകാവ്-കരിവേലി	250 m		
7	1	മാമ്പറമ്പ്-മൂലക്കാട്ടു കോട്ടമല	1.500	4 m	മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	2	സെൻറ് ജോർജ്	650 m	3.5 m	മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	3	വരകത്തിൽപടി-പള്ളിയാകരി ചിറ-ഏനാദി	1.000	3 m	600 മീറ്റർ ബണ്ട് കം റോഡാക്കുക.
	4	പെരുമ്പള്ളിപറമ്പ്-കുഴിത്താർ	650 m	3 m	പുഴയുടെ തീരം കല്ലുകെട്ടി മണ്ണിട്ടുയർത്തുക
	5	നമ്പേരിപടി-കോട്ടമല കോളനി	650 m	3.50 m	മണ്ണിട്ടുയർത്തി ടാർ ചെയ്യുക.
8	1	കുതിരപ്പന്തി-വട്ടക്കോട്ട-സുശീലാലയം	640 m	4 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	2	എസ്.എൻ.ഡി.പി.-പാലത്തിൻചിറ	500 m	5 m	മെറ്റലിട്ട് ടാർ ചെയ്യുക
	3	താമരശ്ശേരി-മേക്കാട്ടുപാലം-മങ്ങാട്ടുപറമ്പ് തിരുത്തിക്കുളങ്ങര റോഡ്	1.000	5 m	മണ്ണിട്ടു പൊക്കി ടാർ ചെയ്യുക.
	4	തിരുവാറ്റ-പുത്തൻമഠം	200 m	4 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	5	വട്ടക്കോട്ട-സുശീലാലയം	600 m	3.75 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	6	തിരുവാറ്റ-ചെങ്ങളകാട്ട്	500 m		മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	7	കുടയംപടിപാലം-വാലയിൽറോഡ്	800 m	7 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	8	പാലത്തിൻചിറ-കുന്നത്തുകുഴി	1.000	5 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	9	വട്ടക്കോട്ട-കരിക്കുളങ്ങര	400 m	5 m	മെറ്റലിങ്ങ്, ടാറിങ്ങ്
9	1	ചർച്ച് റോഡ് - അഞ്ചേരി	250 m	7 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	2	ഹൈസ്കൂൾ-പുളിഞ്ചുവട്	250 m	5 m	മെറ്റലിങ്ങ്, ടാറിങ്ങ്
	3	തോമായിക്കുളം-കുളത്തുംപറമ്പിൽ	350 m	5 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	4	വാസുദേവപുരം-ചുണ്ടക്കാട്ട്	300 m		മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	5	പഞ്ചായത്തുകടവ്	300 m		മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
	6	ശങ്കരമംഗലം-നെടിയകാലാ	350m	5m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

	7	അഞ്ചേരി-തുണ്ടിപ്പറമ്പ്	300 m		മെറ്റൽ ചെയ്ത് ടാർ ചെയ്യുക
10	1	തോമായിക്കുളം - തെക്കേടത്തുമന	675 m	31/4 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക
	2	കുരുക്ഷാത്രമന - തെക്കേക്കുറ്റ്	570 m	31/4 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക
	3	എൻ.എസ്.എസ്. കരയോഗം - കോട്ടയിൽ കടവ്	500 m	4 m	മെറ്റൽ ചെയ്ത് ടാർ ചെയ്യുക
	4	കുറ്റിയ്ക്കൽ - അയ്മനം	570 m	4 m	
	5	സ്കൂൾമതുമൂല - ചന്ദ്രത്തിൽറോഡ്	400 m	4 m	മെറ്റലിങ്ങ്, ടാറിങ്ങ്
	6	ഒടപുഴ - അയ്മനംറോഡ്	700 m		
11	1	പാണ്ഡവത്തുകുളം - പെരുന്താനം	600 m	3 m	ഓടകെട്ടി സ്ലാബ് ഇടണം
	2	പൂന്ത്രക്കാവ് - പ്രാപ്പുഴ	700 m	4 m	മെറ്റൽ ചെയ്ത് ടാർ ഇടുക
	3	ചാമത്തറ - ജയന്തി ജംഗ്ഷൻ	500 m	5 m	മെറ്റലിങ്ങ്, ടാറിങ്ങ്
	4	ആവന്തിറോഡ് - പവ്വത്തിപടി	750 m	4 m	മെറ്റലിങ്ങ്, ടാറിങ്ങ്
	5	യുവധാര - വട്ടയ്ക്കാട്ടുപാലം	1 k.m	5 m	മണ്ണിട്ട് ഉയർത്തി മെറ്റൽ ചെയ്ത് ടാറിടുക
	6	പോത്തടി - കടമാട്ട്റോഡ്	200 m		മണ്ണിട്ട് ഉയർത്തി മെറ്റൽ ചെയ്ത് ടാറിടുക
12	1	ഐക്കരമാലിചിറ - നന്ത്യാട്ടുപടി	500 m		വടൂർ ജംഗ്ഷൻ മുതൽ നന്ത്യാട്ടുപടിവരെ മണ്ണിട്ടുയർത്തണം, ടാർചെയ്യണം. ഇളങ്കാവു സ്കൂൾ മുതൽ പെരുന്തിട്ട വരെ മണ്ണിട്ടു പൊക്കി ടാർ ചെയ്യണം.
	2	ഇടയ്ക്കാട്ടുപള്ളിറോഡ്	200 m		
	3	വാരിശ്ശേരി-കോട്ടയ്ക്കമാലിറോഡ്	300 m		
	4	കൊച്ചാർപാലം - ഐക്കരമാലിപടി	500 m		മണ്ണിട്ടുയർത്തി ടാർ ചെയ്യണം
	5	തിരുവാറ്റ - ശ്രീകൃഷ്ണസ്വാമിക്ഷേത്രം റോഡ്	100 m		മണ്ണിട്ടുയർത്തി ടാർ ചെയ്യണം
	6	സർവ്വോദയം - ഇളംകാവ് റോഡ്	400 m		കടത്തുകടവ് വരെ മണ്ണിട്ടുയർത്തി ടാർ ചെയ്യണം
	7	തിരുവാറ്റ - മരോട്ടിക്കടവ്റോഡ്	100 m		മണ്ണിട്ടുയർത്തി ടാർ ചെയ്യണം
13	1	പാണ്ഡവം-കാഞ്ഞിരക്കാട്-മാങ്ങായിൽ-ഇല്ലത്തുകടവ്	400 m	3 m	ഓടകെട്ടണം, മാങ്ങായിൽനിന്നും ഇല്ലത്തുകടവിലേക്ക് പോകുന്ന ഭാഗം കരിങ്കല്ലുകെട്ടി മണ്ണിട്ടുയർത്തി ടാർ ചെയ്യണം
	2	പി.ജോൺ ഹോസ്പിറ്റൽ-പെരുമന	1.50 k.m	6 m	പെരുമന ഭാഗത്ത് പാടത്തിന്റെ സൈഡിൽ കരിങ്കല്ല് കെട്ടി മണ്ണിട്ടുയർത്തണം, ടാർചെയ്യണം.
	3	കൊമ്പനാൽ - പാണങ്ങാട് - പെരുമന	530 m	3 m	മണ്ണിട്ടുയർത്തണം, ടാർചെയ്യണം.
	4	കൊമ്പനാൽ- വെളുത്തേടത്തുപറമ്പ്	130 m	2.50 m	നാലുഭാഗങ്ങളിൽ കുറുകെ കരിങ്കല്ലു ഭാഗണം
	5	കാലായിൽ- തകടിപറമ്പ്	105 m	2 m	മെയിൻ റോഡിൽ നിന്നും ഇറങ്ങുന്ന ഭാഗം മണ്ണിട്ടുയർത്തി ടാർ ചെയ്യണം.
	6	പാണ്ഡവം - കുളങ്ങര റോഡ്	600 m		

പാർപ്പിടം, സാമൂഹ്യക്ഷേമം

1. പാർപ്പിടം

1991- ലെ സെൻസസ് പ്രകാരം അയ്മനം പഞ്ചായത്തിലെ കുടുംബങ്ങളുടെ എണ്ണം 6650 ആയിരുന്നു. പുതുക്കിയ റേഷൻകാർഡുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 6800- ൽ പരം കുടുംബങ്ങൾ ഉള്ളതായി കണക്കാക്കാം. എന്നാൽ ഇവിടെയുള്ള വീടുകളുടെ എണ്ണം 6564 മാത്രമാണ്. (ഈ പഞ്ചായത്തിർത്തിയിൽ 19 റേഷൻകടകളും അയൽ പഞ്ചായത്തുകളിലെ ഏതാനും കാർഡുകൾ ഉൾപ്പെടെ 6921 കാർഡുടമകളും ഉണ്ട്)

7420 ഏക്കർ ഭൂവിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ പാർപ്പിട നിർമ്മാണത്തിന് പറ്റിയ കരഭൂമി കേവലം 2441 ഏക്കറാണ്. ടി. ഭൂമി താഴെ പറയും പ്രകാരം 11555 തണ്ടപ്പേരുകളിൽ ആണ്.

10സെൻറു വരെയുള്ളവർ	5805
10-15സെൻറു വരെയുള്ളവർ	1458
25-50സെൻറു വരെയുള്ളവർ	1039
50-100സെൻറു വരെയുള്ളവർ	1628
1ഏക്കർ 2ഏക്കർ	1024
2ഏക്കർ 5ഏക്കർ	482
5ഏക്കറിനു മുകളിലുള്ളവർ	119.
ആകെ.	11555

ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 8821 ആണ്.

ബഹുനില	-	143
ഒറ്റനില ടെറസ്	-	533
ഒറ്റനില ഓട്	-	6268
ഒറ്റനില ഓല	-	1850
മറ്റുള്ളവ	-	37
		8821

(അവലംബം 1991 ലൈസെൻസസ്)

ശ്രദ്ധേയമായ മറ്റൊരു വസ്തുത വാസയോഗ്യമായ കരഭൂമിയുടെ ഭൂരിഭാഗം പ്രദേശങ്ങളും വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്നു എന്നുള്ളതാണ്. കൂടാതെ, മെഡിക്കൽകോളേജ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കുമരകം ടൂറിസ്റ്റ് കോംപ്ലക്സ് എന്നിവയുടെ സാമീപ്യവുമുണ്ട്. നഗരവത്കരണം കൊണ്ടും മേൽ പറഞ്ഞ സ്ഥാപനങ്ങളോടു ബന്ധപ്പെട്ടവർ പാർപ്പുറപ്പിക്കുവാൻ തെരെഞ്ഞെടുക്കുവാനിടയുള്ളതുകൊണ്ടും പാർപ്പിട നിർമ്മാണം ക്രമാതീതമായി വർദ്ധിക്കുവാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്. തമിഴ്നാട്ടിൽ നിന്നും മറ്റുമുള്ള നിർമ്മാണതൊഴിലാളികൾ ഇവിടെ ധാരാളമായിട്ടുള്ളത് മേൽപറഞ്ഞ വസ്തുതയെ ബലപ്പെടുത്തുന്നു.

എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാർപ്പിട നിർമ്മാണത്തിലേയ്ക്ക് കടക്കുന്നതിനു മുമ്പ് മിനിമം സൗകര്യം എന്തായിരിക്കണമെന്നു നിർവചിക്കുകയും തദനുസരണമുള്ള ഏതാനും മാതൃകാരൂപങ്ങൾ ഉണ്ടാക്കുകയും അവയുടെ എസ്റ്റിമേറ്റു തയ്യാറാക്കുകയും ചെയ്യണം. ഇപ്രകാരം നിശ്ചയിക്കുന്ന എസ്റ്റിമേറ്റു തുകയായിരിക്കണം വിവിധവകുപ്പുകൾ മുഖേന നടപ്പാക്കുന്ന എല്ലാ സൗജന്യഹൗസിംഗ് സ്കീമുകൾക്കും അനുവദിക്കേണ്ടത്. വെള്ളക്കെട്ടു പ്രദേശങ്ങളിലും ഉറപ്പു കുറഞ്ഞ ഭൂമികളിലും നിർമ്മിക്കുന്നതിന് പ്രത്യേക രൂപമാതൃകകളും എസ്റ്റിമേറ്റും ഉണ്ടാകണം.

വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന ഹൗസിംഗ് സ്കീമുകളുടെ ചട്ടങ്ങളും നിരക്കുകളും ഏകീകരിക്കണം. നടപ്പാക്കുന്ന രീതികൾക്കും ഏകീകൃത സ്വഭാവമുണ്ടാകണം. ഉദാഹരണമായി എല്ലാവകുപ്പുകളും അതതിന്റെ ഭൗതികലക്ഷ്യം ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും നിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തീകരിക്കുന്നതിനും സമയബന്ധിത പരിപാടി ആവിഷ്കരിക്കണം.

ദുർബല വിഭാഗക്കാർക്കുവേണ്ടി സബ്സിഡിയോടുകൂടിയ പദ്ധതികൾക്കും ഏകീകൃതമായ ചട്ടങ്ങളും സബ്സിഡി നിരക്കും ഏർപ്പെടുത്തണം. ഈ സ്കീമുകളുടെയും നടത്തിപ്പ് സമയബന്ധിതമാക്കണം.

വിവിധസ്കീമുകളുടെ നിരക്കുകൾ ഏകീകരിക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് കുറവായിരുന്നാൽ കുറവ് ഗ്രാമപഞ്ചായത്തുകൾ നികത്തണം. ഇതിലേക്ക് പഞ്ചായത്തുകൾ അധികവരുമാനം കണ്ടെത്തണം.

നിലവിലുള്ള പാർപ്പിടങ്ങൾ മെച്ചപ്പെടുത്തുന്നത് പ്രശ്നമായിട്ടുള്ളവരും കുറവല്ല. ഓട് മേയാനുള്ള വീടുകൾതന്നെ ധാരാളമുണ്ട്. അറ്റകുറ്റപ്പണികൾ നടത്തേണ്ട വീടുകളും ധാരാളമുണ്ട്. വീടുകൾ മോടിപിടിപ്പിക്കാൻ ആഗ്രഹിക്കുന്നവരും വിരളമല്ല. സാമ്പത്തിക ഞെരുക്കം

അനുഭവിക്കുന്ന ഇക്കൂട്ടർക്കെല്ലാം വായ്പാസൗകര്യങ്ങൾ ലഭ്യമാക്കണം. നിലവിലുള്ള വായ്പാസൗകര്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

കൂട്ടുകുടുംബങ്ങളായി താമസിക്കുന്നവർ എല്ലാം തന്നെ പുതിയ വീടുകൾ നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. ഇതിൽ രണ്ടു വിഭാഗങ്ങളെ കാണാം 1. ഭൂമിയില്ലാത്തവരും 2. സാമ്പത്തികശേഷിയില്ലാത്തവരും. 10 സെൻറിൽ താഴെ കൈവശ ഭൂമിയുള്ള കുടുംബങ്ങളിൽപെടുന്നവർക്കാണ് കുടുംബവിഭജനം ആവശ്യമായി വരുമ്പോൾ ഭൂ ലഭ്യതയില്ലാതെ വരുന്നത്. 10 സെൻറിൽ താഴെ ഭൂമിയുള്ളവരുടെ എണ്ണം 5805 ആണ്. പുതിയ വീടുകൾ ആവശ്യമായി വരുമ്പോൾ ഓരോ വീടിനും തണ്ടു തുണ്ടു ഭൂമികൾ കണ്ടെത്തുന്നതിനു പകരം കുടിവെള്ളം സാനിട്ടേഷൻ എന്നീ സൗകര്യങ്ങളോടുകൂടിയ ഫ്ലാറ്റുകൾ സൗജന്യമായി ലഭിക്കാനർഹതയുള്ളവരൊഴിച്ച് മറ്റുള്ളവരിൽ നിന്നും വാടക, സർവീസ് ചാർജ് എന്നിവ ക്രമമായി ഈടാക്കി നിർമ്മാണച്ചെലവ് പടിപടിയായി നികത്താവുന്നതാണ്.

ഈ പഞ്ചായത്തിൻെറ ഭൂസ്ഥിതിയുടെ പ്രത്യേകത കൊണ്ട് കുടിയേറ്റ താമസക്കാർ അധികരിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഫ്ലാറ്റു നിർമ്മാണം ഒരു വരുമാനമാർഗ്ഗമായി വികസ്സിപ്പിച്ചെടുക്കാവുന്നതാണ്.

ഭാരിച്ച മുതൽമുടക്കിന് സാമ്പത്തികശേഷിയില്ലാത്ത വിഭാഗക്കാർക്ക് വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കാവുന്നതാണ്. അതിൻെറ ഭാഗമായി ഹൗസിംഗ്ബോർഡിൻെറ യൂണിറ്റുകൾ പഞ്ചായത്ത് / ബ്ളോക്കു തലത്തിൽ ആരംഭിക്കുകയോ ഹൗസിംഗ് സൊസൈറ്റികൾ രൂപീകൃതമാകുകയോ വേണ്ടതാണ്. ദുർബല വിഭാഗക്കാർക്ക് പലിശനിരക്കിൽ ഇളവ് അനുവദിച്ചു കൊടുത്താൽ വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുവാൻ ധാരാളം പേർ മുന്നോട്ടു വരും. കൂടാതെ ഭവനനിർമ്മാണ വായ്പകൾ അനുവദിക്കുന്ന വിവിധ ഏജൻസികളെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകണം.

കുടുംബവിഭജനം സാർവ്വത്രികമാണ്. ഇതിനാവശ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണെന്നിരിക്കെ ഭൂവിനിയോഗം പാർപ്പിട നിർമ്മാണത്തിനു മാത്രമാണെന്നുള്ള അവസ്ഥ ഒഴിവാക്കണം. ഇതിന് ഒറ്റ നില കെട്ടിടങ്ങൾ എന്നതിനുപകരം ബഹുനില കെട്ടിടങ്ങൾ എന്ന ആശയം പ്രാവർത്തികമാക്കണം. അപ്രകാരമായാൽ കാർഷികാവശ്യങ്ങൾ (പച്ചക്കറികൃഷി, പൂകൃഷി, പുൽകൃഷി, ഔഷധസസ്യങ്ങൾ, കാലിവളർത്തൽ തുടങ്ങിയവ) വ്യവസായികാവശ്യങ്ങൾ എന്നിവയ്ക്ക് ആവശ്യമായി വരുന്ന ഭൂമിയുടെ ലഭ്യത വർദ്ധിക്കുമെന്നു കാണാം.

നിലവിലുള്ള ഒറ്റ നിലകൾ ബഹുനിലകൾ ആക്കാൻ കഴിയുമോ എന്നു പരിശോധിക്കുന്നതോടൊപ്പം, പുതിയതായി നിർമ്മിക്കുന്ന ഗവ: ആനുകൂല്യം നൽകുന്ന വയുൾപ്പെടെയുള്ള വീടുകളുടെയെല്ലാം അസ്ഥിവാരം ബഹുനിലകൾക്ക് ഉപകരിക്കുന്ന തരത്തിലുള്ളതായിരിക്കണമെന്നു നിഷ്കർഷിക്കണം. ഇത് പ്രയോഗമാക്കുന്നതിലേയ്ക്ക് എല്ലാ നിർമ്മാണ പ്രവർത്തനത്തിനും പഞ്ചായത്തിൽ നിന്ന് അനുമതി നിർബന്ധമാക്കണം. ഇങ്ങനെ നിർമ്മിക്കുന്ന വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളിൽ വിഭജനം ആവശ്യമായി വരുമ്പോൾ മറ്റൊരു നിലകൂടി പണിത് പ്രശ്നപരിഹാരമുണ്ടാക്കാം.

പുതിയ പാർപ്പിടത്തിനുള്ള ഡിമാൻറു തിട്ടപ്പെടുത്താൻ സംവിധാനമില്ല. ആകയാൽ എല്ലാവിധ വിവാഹങ്ങളും പഞ്ചായത്തിൽ റജിസ്റ്റാർ ചെയ്യിക്കണം. അതോടൊപ്പം ദമ്പതികളെക്കുറിച്ച് വിശദ്യ പാർപ്പിടത്തെ സംബന്ധിച്ചുള്ളത് രേഖപ്പെടുത്തപ്പെട്ടിരുന്നാൽ ഡിമാൻറ് സാദ്ധ്യത എന്നിവയുടെ ഏകദേശരൂപം ലഭിക്കും.

കെട്ടിടനിർമ്മിതിക്കാവശ്യമായ എല്ലാ അസംസ്കൃതസാധനങ്ങളും-കരിങ്കല്ല്, മണൽ, ഇഷ്ടിക, സിമൻറ്, തടി, ഓട്-ഈ പഞ്ചായത്തിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇവയുടെയെല്ലാം വില നിലവാരം നിയന്ത്രണവിധേയമല്ല. വിലക്കയറ്റവും മൂല്യശോഷണവും നിമിത്തം തൊഴിലാളികളുടെ വേതന നിലവാരത്തിലും വർദ്ധനയുണ്ടാകുന്നുണ്ട്. ഇതെല്ലാം കൂടി നിർമ്മാണ ചിലവ് ഭാരിച്ചതാക്കുന്നു. ഇതിൻെറ വെളിച്ചത്തിൽ ഭവനനിർമ്മാണപദ്ധതികളുടെയും വായ്പകളുടെയും പരിധി വർഷം തോറും പുതുക്കി നിശ്ചയിക്കണം.

കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് നൽകുന്ന ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ യൂണിറ്റുകൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കാവുന്നതാണ്. നിയന്ത്രിതവിലയ്ക്ക് സാധനസാമഗ്രികൾ ലഭ്യമാക്കുവാൻ ഇത് ഉപകരിക്കും. അതോടൊപ്പം നിർമ്മാണതൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തൊഴിലവസരങ്ങളുടെ വിതരണം ക്രമീകൃതമാക്കുകയും ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. മെയിൻറനൻസ് ജോലികളും ഈ സംഘങ്ങൾക്ക് നിർവഹിക്കുവാൻ കഴിയും.

പുതിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് പഞ്ചായത്തനുമതി നിർബന്ധമാക്കുന്നതിനോടൊപ്പം എസ്റ്റിമേറ്റിന് പരിധിവച്ച് അധിക തുകയ്ക്ക് സെസ് ചുമത്തി ആയിനത്തിലുള്ള അധികവരുമാനം പഞ്ചായത്തിൻെറ റവന്യൂവരുമാനത്തിൽ ഉൾക്കൊള്ളിച്ച് ദുർബല വിഭാഗങ്ങളുടെ ഭവനിർമ്മാണത്തിനും പ്രകൃതിക്ഷോഭം മൂലം വീടുകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും വിനിയോഗിക്കാം.

പരമ്പരാഗത വാസ്തുശിൽപ മാതൃകയിൽ (ചരിവുള്ള മേല്പുര) വീടുനിർമ്മാണം നടത്താനുള്ള പ്രവണത ദൃശ്യമാണ്. എന്നാൽ മുൻകാലങ്ങളിൽ സുലഭമായിരുന്ന തടി, വെട്ടുകല്ല് എന്നിവയുടെ ലഭ്യതക്കുറവും വിലക്കൂടുതലും കൊണ്ട് കോൺക്രീറ്റിന്റെ സ്വീകാര്യത വർദ്ധിച്ചു വരുന്നുണ്ട്. അതുപോലെ ആധുനികമായ ടൈൽസ് മൊസേക്ക്, മാർബിൾ എന്നിവയുടെ ഉപയോഗവും കുറവല്ല. പാരമ്പര്യമാതൃകയിലുള്ള നിർമ്മാണ ചെലവേറിയതായതുകൊണ്ടും തലചായ്ക്കാനൊരിടം എന്നു മാത്രമുള്ള സങ്കൽപത്തിന് മാറ്റം വന്നിട്ടുള്ളതുകൊണ്ടും ആധുനികനിർമ്മാണ സാമഗ്രികളോട് ആഭിമുഖ്യമുള്ളവരുടെ എണ്ണം വർദ്ധിക്കുന്നതു കൊണ്ടും ചെലവുചുരുക്കലിന്റെ പേരിൽ നിയന്ത്രണം ഒരു പരിധിവരെ പ്രായോഗികമല്ല. എന്നാൽ പരമ്പരാഗത വാസ്തു ശിൽപമാതൃകകളുടെ സംരക്ഷണം മുൻനിർത്തി പൊതുസ്ഥാപനങ്ങൾ ആ ശൈലിയിൽ നിർമ്മിക്കാവുന്നതുമാണ്.

വിസ്തൃതങ്ങളായ പുരയിടങ്ങളെ സംബന്ധിച്ച ജൈവവേലി സ്വീകാര്യമാണെങ്കിലും തുണ്ടു തുണ്ടു ഭൂമികളുടെ ആധിക്യം നിമിത്തം ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ പ്രയാസമാണ്.

മനുഷ്യജീവിതത്തോട് ബന്ധപ്പെടുത്തി പാർപ്പിടപ്രശ്നത്തെ കാണുന്നതുപോലെ, ജീവിതം അവസാനിക്കുന്ന ഘട്ടത്തിൽ സ്സ്കാരപ്രശ്നത്തെയും കാണേണ്ടതുണ്ട്. വീട്ടുവളപ്പിൽ സംസ്കാരക്രിയ നടത്തുകയെന്നതാണ് ഹൈന്ദവാചാരം. 10 സെൻറിൽ താഴെ മാത്രം കൈവശഭൂമിയുള്ള കുടുംഭങ്ങളെ സംബന്ധിച്ച് വീട്ടുമുറ്റത്തുതന്നെ സംസ്കാരക്രിയ നടത്തേണ്ടിവരുന്നു. അനുചിതമായ ഈ രീതിക്ക് മാറ്റം വരുത്തേണ്ടതുണ്ട്. ഈ സാഹചര്യം പൊതുശ്മശാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു. അതിനാൽ പൊതുശ്മശാനം ഒരണ്ണമെങ്കിലും സ്ഥാപിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ളതാണ്. മാമൂലുകളെ മറികടന്ന് പൊതുശ്മശാനം പ്രയോജനപ്പെടുത്തുന്ന സ്ഥിതിനിയമം മൂലം സംജാതമാക്കുകയും ആവശ്യമാണ്

അവസാനമായി പാർപ്പിടപ്രശ്നം ദീർഘകാലാടിസ്ഥാനത്താൽ വിലയിരുത്തുമ്പോൾ ഇന്നത്തെ പദ്ധതികൾ എല്ലാം അപര്യാപ്തമാണെന്നു കാണാം. ഈ പ്രശ്നം പരിഹരിക്കുന്നതിന് മുമ്പോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നതോടൊപ്പം, കരഭൂമിയുടെ ലഭ്യതക്കുറവ്, കൃഷിഭൂമിയുടെ ശോഷണം, ഭൂമിയുടെയും നിർമ്മാണവസ്തുക്കളുടെയും വമ്പിച്ച വിലക്കയറ്റം, ആരോഗ്യപ്രശ്നങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വിലയിരുത്തേണ്ടതുണ്ട്. ജനസംഖ്യ വർദ്ധനവ് പാർപ്പിടപ്രശ്നത്തിന് ആക്കം കൂട്ടുന്ന ഘടകമാണ്. ഈ വകപ്രശ്നങ്ങൾ മൂർച്ഛിക്കാതിരിക്കുന്നതിനും പരിഹിരിക്കപ്പെടേണ്ടതിനും ജനങ്ങളെയാകെ 'നമ്മളുമൊന്ന് നമുക്കുമൊന്ന്' എന്ന ആശയത്തിലേയ്ക്ക് എത്രയും വേഗം അണിനിരത്തേണ്ടതുമുണ്ട്.

2. സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒരു പഞ്ചായത്താണിത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ 46% വരും (6800 കുടുംബങ്ങളിൽ 3134) 1992മുതൽ 96 വരെയുള്ള കാലഘട്ടത്തിൽ IRDP സഹായം ലഭിച്ചവരുടെ എണ്ണം നാമമാത്രമാണ് എന്നുള്ളത് വിസ്മയം ജനിപ്പിക്കുന്നു. കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	പൊതുവിഭാഗം	പ.ജാതി	പ.വർഗ്ഗം	ആകെ.
92.93	20	19	5	44
93.94	45	3		48
94.95	37	9		46
95.96	30	7		37
ആകെ.	132	38	5	175 (5.6%)

വീട് കക്കൂസ് എന്നിവ അനുവദിച്ച കാര്യത്തിലും സ്ഥിതി ഭിന്നമല്ല. 1281 കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയതിനുശേഷം ധനസഹായം നൽകിയതു കേവലം 45 (3.5%) നുമാത്രം. വീടുകൾക്ക് അർഹത നിർണ്ണയിക്കപ്പെട്ടിരുന്നു 713 പേരിൽ 48 (6.7%) പേർക്ക് വീട് അനുവദിച്ചു. ഇതിൽ പൂർത്തിയായത് 7എണ്ണം മാത്രം. (0.98%) സ്വയം തൊഴിൽ പരിശീലനം (ട്രൈസം) നൽകപ്പെട്ടത് 23 പേർക്കു മാത്രം ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹതയുള്ളവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാലും ഇക്കാര്യത്തിലുള്ള ശോച്യാവസ്ഥ മൊത്തം കുടംബങ്ങളുടെ (3134) അടിസ്ഥാനത്തിൽ ഊഹിക്കാവുന്നതാണ്. ഗ്രാമീണവനിതാ ശിശുവികസന പരിപാടിയുടെ 3 യൂണിറ്റുകളുമുണ്ട്. ICDS മേഖലയായി പ്രഖ്യാപിച്ചിട്ടില്ലാത്തതുകൊണ്ട് അംഗൻവാടികൾ പ്രവർത്തിക്കുന്നില്ല. ഇമ്മാതിരി വസ്തുക്കളുടെ വെളിച്ചത്തിൽ ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വിപുലമായ തോതിൽ നടപ്പാക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് രണ്ടുതരത്തിലുള്ള പദ്ധതികൾ ഇന്നു സംസ്ഥാനത്ത് നിലവിലുണ്ട്. ഒന്നാമത്തേത് പൂർണ്ണമായും ഗവ: ഫണ്ട് ആസ്പദമാക്കിയുള്ള പെൻഷൻ പദ്ധതികൾ. ഈ പദ്ധതികളിലൂടെ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ഇപ്രകാരമാണ്.

പെൻഷന്റെ പേര് -	ലഭിക്കുന്നവരുടെ എണ്ണം -
വാർദ്ധക്യകാല പെൻഷൻ.	98
വികലാംഗപെൻഷൻ.	96
വിധവാപെൻഷൻ.	122

അവശകലാകാരൻമാർ, സാഹിത്യകാരൻമാർ.	7
ക്ഷയരോഗപെൻഷൻ.	12
കുഷ്ഠരോഗപെൻഷൻ.	1
കർഷകതൊഴിലാളിപെൻഷൻ.	560
തൊഴിലില്ലായ്മവേതനം.	353

(1996 മാർച്ച് വരെ)

വിവിധ പെൻഷൻ പദ്ധതികൾ അർഹതയുള്ള വർക്കെല്ലാം ലഭിക്കാതിരിക്കുന്നതിനുള്ള കാരണം സാമ്പത്തിക, ഭൗതിക ലക്ഷ്യം നിർണ്ണയിക്കുന്നതു കൊണ്ടാണോ എന്നു പരിശോധിക്കേണ്ടതുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾ ആവശ്യമുള്ളത്ര തോതിൽ സമ്പൂർണ്ണമായി നടപ്പാക്കേണ്ടതാണെന്നുള്ള ഒരു സംസ്കാരം വളർത്തിയെടുക്കണം. ഇക്കാര്യത്തിൽ ഊന്നൽകൊടുത്തുകൊണ്ട് ശ്രമിക്കുന്ന പക്ഷം അർഹതയുള്ള ഒട്ടേറെ വ്യക്തികളെ കണ്ടെത്തുവാൻ കഴിയും .വിവിധക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ലഘുലേഖകൾ പ്രസിദ്ധീകരിക്കുന്നതും ഗ്രാമസഭകളിൽ വിശദീകരിക്കുന്നതും ഉചിതമായിരിക്കും.

IRDP സർവെ ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കണം. ഗ്രാമസഭകൾ അംഗീകരിക്കുന്ന കുടുംബങ്ങളെ മാത്രമേ ടി. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. നാണയ മൂല്യം തുലോം കുറഞ്ഞിരിക്കുന്ന ഈ കാലയളവിൽ IRDP ലിസ്റ്റിൽപ്പെടുത്താനുള്ള അർഹതയുടെ മാനദണ്ഡം പുനർ നിർണ്ണയം ചെയ്യണം. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ തുടർന്നും ദാരിദ്ര്യരേഖയ്ക്കു താഴെയാണെങ്കിൽ അതിനുള്ള പ്രതിവിധികളെക്കുറിച്ചും മേൽപറഞ്ഞ മാദണ്ഡം പുതുക്കുമ്പോൾ പരിഗണിക്കണം. IRDP ഗുണഭോക്താക്കൾക്ക് ബാങ്കുലോൺ സുഗമമായി ലഭിക്കുവാൻ കഴിയണം.

DWCRA യൂണിറ്റുകൾ എല്ലാവാർഡിലും രൂപീകൃതമാകണം. ഗ്രാമസ്വരാജിന്റെ മേൽനോട്ടത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഹിളാസമാജങ്ങൾക്ക് വേണ്ടത്ര പ്രോൽസാഹനം നൽകണം. IRDP സർവെ ലിസ്റ്റിൽപ്പെടുന്ന കുടുംബങ്ങളിലെ സ്ത്രീകളായിരിക്കണം. DWCRA യുടെ ഗുണഭോക്താക്കൾ എന്നുള്ള വ്യവസ്ഥയിൽ അയവുവരുത്തി 20% മേൽത്തട്ടിലുള്ളവരെയും ഉൾപ്പെടുത്തി യൂണിറ്റുകൾ തുടങ്ങുന്നത് വിജയകരമായിരിക്കില്ലേ എന്നു പരിശോധിക്കണം. ഈ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ അതതു പഞ്ചായത്തതിർത്തികളിൽ തന്നെ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണം. സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന ആശയം മുന്നിൽകണ്ടുകൊണ്ട് ഡിമാൻറും ഉൽപാദനവും വിതരണവും ക്രമീകരിക്കണം.

ചെറുകിട കുടിൽവ്യവസായസർവീസ് മേഖലകളിൽ സ്വയംതൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പരിപാടി വിജയകരമാണ്. എന്നാൽ താല്പര്യമുള്ള എല്ലാ യുവതീയുവാക്കൾക്കും ഈ പരിശീലനത്തനുള്ള അവസരം ലഭിക്കാറില്ല. ഈ സ്കീം ഇപ്പോൾ IRDP കുടുംബങ്ങളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പുനരാവിഷ്ക്കരിച്ച് തൊഴിലില്ലായ്മവേതനം പറ്റുന്നവരെയും വേതനത്തിന് അർഹതയുള്ളവരെയും ഈ സ്കീമിന്റെ ഗുണഭോക്താക്കളായി നിശ്ചയിക്കണം. അപ്രകാരമുള്ളവരിൽ താൽപര്യമുള്ളവർക്കെല്ലാം പരിശീലനം നൽകുന്നതിന് മുൻഗണന നൽകണം. ഇതും സമയബന്ധിതമായി നടപ്പാക്കണം. പരിശീലനം ലഭിക്കുന്നവരെല്ലാം തൊഴിൽ രംഗത്ത് പ്രവേശിക്കുന്നതോടുകൂടി തൊഴിലില്ലായ്മാ വേതനം നൽകുന്ന ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുകയും ചയ്യാം. DWCRA യൂണിറ്റുകൾ ആരംഭിക്കുവാൻ തയ്യാറാകുന്നവർക്കും തൊഴിൽപരിശീലനം ഏർപ്പെടുത്തിക്കൊടുത്താൽ അതതുയൂണിറ്റുകൾ വിജയകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും.

സാമൂഹ്യക്ഷേമവകുപ്പുവഴി നൽകുന്ന വികലാംഗക്ഷേമത്തിനുള്ള ധനസഹായപദ്ധതികളെക്കുറിച്ച് ബോധവത്കരണം നടത്തുകയും അർഹതയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തുകൾ മുൻകൈ എടുക്കണം

ക്ഷേമപ്രവർത്തനരംഗത്ത് നിലവിലുള്ള മറ്റൊരിനമാണ് തൊഴിലാളികളുടേയും തൊഴിലുടമകളുടേയും പങ്കാളിത്വത്തോടെയുള്ള വിവിധക്ഷേമനിധി /ബോർഡുകൾ. ഇവയിലൂടെ പൊതുവേ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവയാണ്.

വയോജന പെൻഷൻ

പ്രോവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും

ഡിസെബിലിറ്റി അലവൻസ്

വിദ്യാഭ്യാസ ആരോഗ്യസഹായങ്ങൾ

കല്യാണത്തിനുള്ള സഹായങ്ങൾ

പ്രസവാനുകൂല്യങ്ങൾ

തൊഴിലില്ലായ്മാ ഇൻഷുറൻസ്

വായ്പാസൗകര്യങ്ങൾ

ഈ വക കാര്യങ്ങളെക്കുറിച്ച് ബോധവാൻമാരാകാത്ത ഒട്ടേറെ തൊഴിലാളികൾ ഉണ്ട്. ഓരോ വിഭാഗം തൊഴിലാളിക്കും ലഭ്യമാകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയും അർഹതയുള്ള മുഴുവൻ തൊഴിലാളികളെയും അനുയോജ്യമായ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനുമുള്ള തീവ്രശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു.

നിലവിലുള്ള വിവിധയിനം ധനസഹായപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും തെരെഞ്ഞെടുക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഇപ്പോൾ സുതാര്യമല്ല. മുമ്പെ സൂചിപ്പിച്ചിട്ടുള്ളതുപ്രകാരമുള്ള ലഘുലേഖകൾ പ്രചരിപ്പിക്കുകയും ഗ്രാമസഭകളിൽ വിശദീകരിക്കുകയും ചെയ്യുന്നത് മുന്നോട്ടുള്ള ഒരു ചുവടുവയ്പായിരിക്കും. ഇക്കാര്യങ്ങളെല്ലാം പൂർണ്ണമായി ഏറ്റെടുത്തു നടത്തുന്നതിന് പഞ്ചായത്തുമെമ്പർമാർക്ക് പരിമിതികളുണ്ട് അതിനാൽ ഓരോവാർഡിലും ജനസമ്പർക്ക സമിതികൾ രൂപികരിക്കണം. രാഷ്ട്രീയ കക്ഷികൾ സന്നദ്ധ സംഘടനകൾ വിവിധ ജനവിഭാഗങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്നതായിരിക്കണം ഈ സമിതികൾ. പഞ്ചായത്തു മെമ്പറുടെ അദ്ധ്യക്ഷതയിൽ രണ്ടുമാസത്തിൽ ഒരിക്കലും ഗ്രാമസഭ കൂടുന്നതിനു മുന്നോടിയായും ഇവ വിളിച്ചു ചേർക്കണം. സാമൂഹ്യ ക്ഷേമരംഗത്ത് വിപുലമായ പ്രവർത്തന സാദ്ധ്യതയുള്ളതായിരിക്കും ഈ സമിതികൾ എന്ന കാര്യം നിസ്തർക്കമാണ്. വികസനപ്രക്രിയ കളിൽ മാനുഷികാദ്ധ്വാനം ലഭ്യമാക്കുവാനും ക്ഷേമ രാഷ്ട്രം എന്ന ലക്ഷ്യത്തെ തുരങ്കം വയ്ക്കുന്ന അന്ധവിശ്വാസങ്ങൾ, ജാതിചിന്ത, അയിത്താചരണം, കള്ളക്കടത്ത്, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, നികുതിവെട്ടിപ്പ്, തുടുങ്ങിയ സാമൂഹ്യവിപത്തുകൾക്ക് എതിരായ ആശയ പ്രചരണ രംഗത്തും ഈ സമിതികളുടെ സേവനം പ്രയോജനപ്പെടുത്താം. അങ്ങിനെ സർവ്വതോൻമുഖമായ ഗ്രാമവികസനത്തിന്റെ അടിസ്ഥാനശിലയായി മാറുന്ന ജനസമ്പർക്കസമിതി സജീവമാകുന്നതനുസരിച്ച് നാടിന്റെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തികരംഗത്ത് വമ്പിച്ച പരിവർത്തനങ്ങൾ സാധിതമാകുമെന്നു പ്രതീക്ഷിക്കാം.

പൊതുവിതരണം

കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു മെച്ചപ്പെട്ടതായിരുന്നു. എന്നാൽ ഈ മേഖലയിൽ ഇന്നു പരാതികൾ മാത്രമേയുള്ളൂ. അയ്മനം ഗ്രാമപഞ്ചായത്തതൃത്തിക്കുള്ളിൽ 19 റേഷൻ കടകളാണ് നിലവിലുള്ളത്. ഈ കടകളിലെല്ലാം കൂടി 31-10-'96 ലെ കണക്കനുസരിച്ച 6921 കാർഡുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ ചില കടകളിൽ സമീപ പഞ്ചായത്തുകളിലെ ചുരുക്കം ചില കാർഡുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിനുള്ളിൽ താമസിക്കുന്ന ചിലയാളുകൾ സമീപ പഞ്ചായത്തുകളിലെ റേഷൻ കടകളിലും കാർഡു രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണാം.

നമ്മുടെ പഞ്ചായത്തിലുള്ള റേഷൻ കടകളിൽ നിന്നും 95-96 സാമ്പത്തിക വർഷത്തിൽ 30-40 ശതമാനത്തിനുള്ളിലാണ് ഭക്ഷ്യസാധനങ്ങളുടെ വില്പന നടന്നിട്ടുള്ളത്. മണ്ണെണ്ണയും പഞ്ചസാരയും മാത്രമാണ് എല്ലാ കുടുംബങ്ങളും സ്ഥിരമായി വാങ്ങുന്നത്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തുന്നതുമൂലമാണ് ചെലവു കുറഞ്ഞിട്ടുള്ളതെന്നു മനസ്സിലാക്കുന്നു. പലപ്പോഴും ഫുഡ് കോർപ്പറേഷൻ ഡിപ്പോയിൽ നിന്നും നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഗുണമേന്മ കുറഞ്ഞവയായിരിക്കും. ഗുണമേന്മ കൂടിയവ വിതരണം നടത്തിയാലും യഥാർത്ഥ ഉപഭോക്താക്കൾക്ക് അവ പലപ്പോഴും ലഭിക്കാറില്ല. ഇതുമൂലം റേഷൻകടയിലെ വില്പന കുറയുന്നു. സർക്കാർ ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി നൽകുന്നതിനായി വമ്പിച്ച സാമ്പത്തിക ബാധ്യത ഏറ്റെടുത്തിട്ടുപോലും അതിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്കു ലഭിക്കുന്നില്ല. പൊതു വിപണിയിലെ വിലനിലവാരം ഫലപ്രദമായി നിയന്ത്രിക്കാനാകുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6921 കാർഡുകളിൽ 12 വയസ്സിനു മേലുള്ള 27217 പേരും 2 നും 12 വയസ്സിനും ഇടയിൽ പ്രായമുള്ള 4208 ഉള്ളതായി കാണുന്നു. വൈദ്യുതീകരിച്ച വീടുകൾ 4931 ഉം വൈദ്യുതീകരിക്കാത്തവയായി 1990 എണ്ണവുമാണുള്ളത് .1449 പെർമിറ്റുകളിലായി 15175 ലിറ്റർ മണ്ണെണ്ണ പ്രതിമാസം ആവശ്യമുണ്ട്. വൈദ്യുതീകരിച്ച വീടിനു പ്രതിമാസം 2 ലിറ്റർ വീതവും അല്ലാത്തവയ്ക്ക് അഞ്ചു ലിറ്റർ വീതവും നൽകുന്നതിനു പുറമേയാണിത്. ഈ പഞ്ചായത്തിൽ നിലവിലുള്ള L.P.G കണക്ഷനുകളുടെ എണ്ണം 437 ആണ്. പൊതുവിതരണവിവരങ്ങൾ അടങ്ങുന്ന പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1- റേഷൻ കാർഡുകൾ, അംഗങ്ങൾ.

റേഷൻ	വീടുകൾ			അംഗങ്ങൾ		
കടകൾ	വൈദ്യുതിയുള്ളത്	വൈദ്യുതിയില്ലാത്തത്	ആകെ	മേജർ	മൈനർ	ആകെ യൂണിറ്റ്
19	4931	1990	6921	27217	4208	58642

പട്ടിക -2 1995-'96 ൽ വിതരണം നടത്തിയ ഭക്ഷ്യധാന്യങ്ങൾ

അരി	ഗോതമ്പ്	പഞ്ചസാര	മണ്ണെണ്ണ (പെർമിറ്റ് ഉൾപ്പെടെ)	L.P.J കണക്ഷൻ
11864 കി	12869 കി	1421 കി	361394 ലിറ്റർ	437

പ്രശ്നങ്ങൾ

1. റേഷൻ കടകളിൽ നിന്നും പച്ചരി, ഗോതമ്പ് എന്നിവ സ്ഥിരമായി ലഭിക്കുന്നില്ല.
2. ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരമുള്ള വയില്ല.
3. അളവിലും തൂക്കത്തിലും കുറവ് അനുഭവപ്പെടുന്നു. ബില്ലുകൾ കൃത്യമായി ലഭിക്കാറില്ല.
4. വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഇന വിവരം, വില തുടങ്ങിയവ ശരിയായി അറിയിക്കാറില്ല.
5. പെർമിറ്റു പ്രകാരം അനുവദിച്ച മണ്ണെണ്ണ മുഴുവൻ കടകളിൽ നിന്നും ലഭിക്കാറില്ല.

നിർദ്ദേശങ്ങൾ

1. ഫുഡ്കോർപ്പറേഷൻ ഡിപ്പോയിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക. ഡിപ്പോയിൽ നിന്നും വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങൾ തന്നെ ഗുണഭോക്താക്കൾക്കു ലഭിക്കുന്നു എന്നു ഉറപ്പു വരുത്തുക.
2. പൊതുവിതരണ ഡിപ്പോകളുടെ പേര് പഴയതു പോലെ റേഷൻ കടകൾ എന്നാക്കുക. റേഷൻ കട പരിശോധിക്കുവാനും കാർഡുടമകളുടെ പരാതികളെ കുറിച്ചന്വേഷിക്കുവാനും വാർഡുമെമ്പർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിക്ക് അധികാരം നൽകുക.
3. റേഷൻ കട നടത്തുന്നതിനുള്ള അപേക്ഷകൾ ശുപാർശ ചെയ്യാൻ പഞ്ചായത്തു സമിതികൾക്കധികാരം നൽകുക. (കടകൾ പരിശോധിക്കുവാനും പുതിയ കടകൾക്കുള്ള അപേക്ഷകൾ ശുപാർശ ചെയ്യാനുമുള്ള അധികാരം മുമ്പ് പഞ്ചായത്തു സമിതികൾക്കുണ്ടായിരുന്നു.)
4. റേഷൻ മൊത്തവിതരണം സിവിൾസപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കുക.
5. പച്ചരി, ഗോതമ്പ് എന്നിവയുടെ സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുക.
6. വിതരണം ചെയ്യുന്ന ഇനവിവരം, വില, തുടങ്ങിയവ എല്ലാ ആഴ്ചയിലും കാലേകൂട്ടി ഗ്രാമപഞ്ചായത്തിൽ അറിയിക്കുക.
7. മണ്ണെണ്ണയുടെ ലഭ്യത ഉറപ്പു വരുത്തുക.
8. പഞ്ചായത്തു തോറും ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിച്ച് ഉപഭോതാക്കളുടെ താല്പര്യം സംരക്ഷിക്കുക.

"നിശ്ചലമായ ലക്ഷ്യത്തോടെയുള്ള പദ്ധതികളിലൂടെ മാത്രമേ വികസനം സാധ്യമാകുകയുള്ളൂ."

സംസ്കാരം

ജനതയുടെ ജീവിതശൈലിയെ സംസ്കാരം എന്ന് വിശേഷിപ്പിക്കാം. ആചാരങ്ങളും അനുഷ്ഠാനങ്ങളും സംസ്കാരത്തിന്റെ ഭാഗമാണ്. തെക്കുംകൂർ, ചെമ്പക ശ്ശേരി എന്നീ നാട്ടുരാജ്യങ്ങളുടെ സ്വാധീനം, അവരുടെ സൃഷ്ടിയായ ജൻമി ഭൂ പ്രഭു വർഗ്ഗങ്ങളുടെ ആധിപത്യം, ഇവയുടെ ഗുണദോഷഫലങ്ങൾ ഒക്കെ അനുഭവിച്ചറിഞ്ഞ വരാണ് ഈ നാട്ടിലെ ജനങ്ങൾ. ബ്രിട്ടീഷ് കോളനിവാഴ്ച യും മിഷനറമാരുടെ പ്രവർത്തനവും നമ്മുടെ സംസ്കാര പൈതൃകത്തെ ആംഗലേയ സ്വാധീനത്തിൽ തളച്ചിടുക യുണ്ടായി. നാട്ടുരാജ്യങ്ങളുടെ പ്രഭാവകാലത്ത് ക്ഷേത്രങ്ങ ളെ കേന്ദ്രീകരിച്ചാണ് അയ്മനത്തിന്റെ സംസ്കൃതി രൂപപ്പെട്ടിട്ടുള്ളത്. ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനാ യിരുന്ന കുഞ്ചൻമ്പ്യാർ കുടമാളൂർ വാസുദേവപുരം ക്ഷേത്രത്തിന്റെ വടക്കേ ഗോപുരത്തിലിരുന്നാണ് 'കിരാതം' വഞ്ചിപ്പാട്ട് എഴുതിയിട്ടുള്ളത് എന്നു ചില രേഖകളിൽ കാണുന്നു. കുഞ്ചൻനമ്പ്യാർ അൻപതിൽപരം ഓട്ടൻതുള്ളൽ പാട്ടുകളെഴുതിയിട്ടുണ്ടെങ്കിലും വഞ്ചിപ്പാട്ട് ഇതൊന്നു മാത്രമേയുള്ളൂ എന്നു കാണുന്നു.

കുടമാളൂർ കരികുളങ്ങര ദേവീക്ഷേത്രത്തിലെ വിഷുമഹോൽസവത്തോടനുബന്ധിച്ച് പ്രത്യേകം പരി ശീലനം ലഭിച്ചവരും, വ്യതനിഷ്ഠകൾ കർശനമായി പാലിച്ചവരുമായ ദേവീഭക്തൻമാരെ മുതുകിൽ ചൂണ്ട കുത്തി തൂക്കച്ചാടിൽ എടുത്തുകൊണ്ടുവരുന്ന 'ഒറ്റതൂക്കം' എന്ന വഴിപാട് കേരളത്തിലെ അപൂർവ്വം ചില ക്ഷേത്ര ങ്ങളിൽ മാത്രം കണ്ടുവരുന്ന ഒരു പ്രത്യേക ചടങ്ങാണ്.

പരിപ്പ് ശിവക്ഷേത്രത്തിലെ മേടം തിരുവാതിര ഉൽസവം, അയ്മനം നരസിംഹപുരം ക്ഷേത്രത്തിലെ ചിങ്ങമാസത്തിലെ തിരുവോണനാളിലെ ആറാട്ട്, കുമ്മനം ഇളങ്കാവ് ക്ഷേത്രത്തിലെ മീനഭരണി ഉൽസവത്തോടനു ബന്ധിച്ച് കുത്തിയോട്ടം എന്നിവയൊക്കെ നമ്മുടെ സംസ്കാരിക പാരമ്പര്യം വിളിച്ചറിയിക്കുന്ന ഉൽസവാ ഘോഷങ്ങളാണ്.

കുടമാളൂർ സെൻറ്മേരീസ് പള്ളിയിൽ ദുഃഖവെള്ളി യാഴ്ച ദിവസം നടക്കുന്ന നീന്തുനേർച്ച വളരെ പ്രസിദ്ധ മാണ്. ദൂരെദേശങ്ങളിൽ നിന്നുപോലും ധാരാളം ഭക്തർ പങ്കെടുക്കുന്ന നേർച്ചയാണിത്. ചെമ്പകശ്ശേരി രാജാവ് പണിയിച്ചു നൽകിയതിനാലും നാനാജാതി മതസ്ഥരായ ധാരാളം പേർ പങ്കെടുക്കുന്ന നേർച്ചയായതിനാലും മത മൈത്രിയുടേയും സാഹോദര്യത്തിന്റെയും സംഗമസ്ഥാ നമാണ് ഈ ക്രൈസ്തവ ദേവാലയം.

ഹൈന്ദവരും ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാണീ ഗ്രാമത്തിലെ പ്രധാന മതവിഭാഗങ്ങൾ. അവരുടെ ആരാ ധനാലയങ്ങളെ കേന്ദ്രമാക്കി വ്യത്യസ്ഥങ്ങളും വൈവിദ്ധ്യ ങ്ങളുമായ വിവിധ ആഘോഷങ്ങൾ ആചാരവിധിപ്രകാരം നടത്തിവരുന്നു. ന്യൂനപക്ഷ സമുദായമായ മുസ്ലീങ്ങളുടെ പെരുനാളാഘോഷങ്ങളും നടക്കുന്നുണ്ട്. നമ്മുടെ ഗ്രാമ ത്തിലെ വിഭിന്നവിഭാഗങ്ങളിൽപ്പെട്ട വ്യക്തികളിൽ മത സൗഹാർദ്ദം വളർത്തിയെടുക്കുവാൻ ഈ ആഘോഷവേ ളകൾ വളരെയധികം സഹായിക്കുന്നുവെന്ന് നിശ്ശംശയം പറയാൻ കഴിയും

സാംസ്കാരിക ഉണർവിന് ആക്കം നൽകാനു തകുന്ന വിദ്യാഭ്യാസ സംവിധാനമാണ് നമ്മുടെ പഞ്ചായ ത്തിൽ നലനിന്നിരുന്നത്. സ്വാതന്ത്ര്യലബ്ദിക്കു മുമ്പു തന്നെ നിലവിൽ വന്ന വിദ്യാലയങ്ങളാണ് ഇവയിൽ പലതും. നൂറും നൂറ്റിമുപ്പതും വർഷം പിന്നിട്ടവയും ചുരുക്കമല്ല. വിദ്യാഭ്യാസരംഗത്തെ ഇവരുടെ പ്രവർത്തനം സവർണ്ണമേധാവിത്വത്തിന്റെ അവിഭാജ്യഘടകമായിരു ന്ന തീണ്ടലും തൊടീലും ഉൻമൂലനം ചെയ്യാൻ വളരെ യേറെ സഹായിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രൈമറിതലം മുതൽ ഹൈസ്കൂൾതലം വരെയുള്ള 17 വിദ്യാലയങ്ങളും ധാരാളം നേഴ്സറിസ്കൂളുകളും ആശാൻ കളരികളും ഒരു ബി.എഡ് സെൻററും പ്രവർത്തിക്കു ന്നുണ്ട്.

ഗ്രന്ഥശാലയുടേയും വായനശാലയുടേയും പ്രവർത്തനങ്ങൾ പണ്ടു മുതലേ നമ്മുടെ പ്രദേശത്ത് സജീവമായിരുന്നു. അയ്മനത്ത് പി.ജോൺ സ്മാരക ഇംഗ്ലീഷ് സ്കൂളിലെ പൂർവ്വവിദ്യാർത്ഥി സംഘടന, ആരംഭിച്ച ഗ്രന്ഥശാല ഇത്തരത്തിൽപ്പെട്ട ആദ്യ സംരംഭമാണ്. 1936-ൽ സ്ഥാപിച്ച പ്രസ്തുത ഗ്രന്ഥശാല ഇപ്പോൾ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ഏറ്റെ ടുത്ത് നല്ല നിലയിൽ പരിപാലിച്ചു പോരുന്നു. 1940-ൽ ആരംഭിച്ച കുടമാളൂർ ശ്രീ. സേതുപാർവതീഭായി ഗ്രന്ഥ ശാലയുടെ ഉത്ഘാടനം ഉള്ളൂർ എസ് പരമേശ്വരയ്യരാണ് നിർവ്വഹിച്ചത്. മുഖ്യമന്ത്രിമാരായിരുന്ന പട്ടം . എ. താണു പിള്ള, ഇ. എം. എസ് നമ്പൂതിരിപ്പാട് എന്നിവർ ഈ ഗ്രന്ഥശാല സന്ദർശിക്കുകയും അതിന്റെ പ്രവർത്തന ത്തിൽ അഭിനന്ദനം രേഖപ്പെടുത്തുകയും ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്തിട്ടുണ്ട്. 1953-ൽ സ്ഥാപിച്ച ഒളശ്ശ പബ്ളിക് ലൈബ്രറിയും ഇപ്പോൾ സ്വന്തം കെട്ടിട ത്തിൽ പ്രവർത്തിക്കുന്നു. കുടയംപടി എസ്. എൻ. ഡി. പി വക ഒരു വായനശാലയും അടുത്തകാലത്തായി

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ഗ്രന്ഥശാലകൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക

	ഗ്രന്ഥശാലയുടെ പേര്.	ആരംഭിച്ച വർഷം.	ആകെ അംഗങ്ങൾ.	പുസ്തകങ്ങളുടെ എണ്ണം.
1	അയ്മനം സർവ്വീസ് സഹകരണബാങ്ക് വക ഗ്രന്ഥശാല ആൻറ് റീഡിംഗ് റൂം	1936	899	7647
2	ശ്രീ. സേതുപാർവ്വതീ ഭായി ഗ്രന്ഥശാല കുടമാളൂർ	1940	1341	10142
3	ഒളശ്ശ പബ്ളിക് ലൈബ്രറി	1953	800	7150

കലാകായിക സമിതികൾ പല കാലങ്ങളിലായി പലയിടത്തും പ്രവർത്തിച്ചിരുന്നു. ഇവയിൽ പലതിൻെറയും പ്രവർത്തനം ക്രമേണ നിലച്ചുപോവുകയോ, മന്ദീഭവിക്കുകയോ ചെയ്തു. ചുരുക്കം ചിലതു മാത്രം ഇപ്പോഴും പ്രവർത്തിക്കുന്നു. പാണ്ഡവം കേന്ദ്രമാക്കി 'നിസരി' എന്ന പേരിൽ ഒരു കലാകായിക സാംസംകാരിക വേദി സജീവമായി പ്രവർത്തിക്കുകയും വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. പൂന്ത്രക്കാവിൽ, 'സർഗ്ഗവേദി' എന്നൊരു സമിതിയും പ്രവർത്തിക്കുന്നുണ്ട്. ഇടയ്ക്കാട്ടുപള്ളയിൽ "ലോട്ടസ്സ് കൾച്ചറൽ സൊസൈറ്റി" എന്ന പേരിൽ ഒരു സംഘടനയും 'പരിപ്പു ക്രിക്കറ്റ് ക്ലബ്' എന്ന മറ്റൊരു സംഘടനയും ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. കുടമാളൂരിൽ സി. വി. എൻ കളരിയും, കുടയംപടിയിൽ 'ഗരുഡ' ജിംനേഷ്യവും കായികരംഗത്ത് മികച്ച പരിശീലനങ്ങൾ നൽകിവരുന്നു. തിരുവാറ്റ സോഷ്യൽ ആൻറ് വെൽഫെയർ അസ്സോസിയേഷൻ എന്ന സ്ഥാപനം കഴിഞ്ഞ 20 വർഷമായി നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്നതാണ്. സ്വന്തമായി ആസ്ഥാനവും ഫർണിച്ചറും ഒക്കയുള്ള പ്രസ്തുത സ്ഥാപനം ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്.

'കുടമാളൂർ കലാകേന്ദ്രം' എന്ന സ്ഥാപനം കഴിഞ്ഞ 18 വർഷമായി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കഥകളി, ഭരതനാട്യം, മോഹിനിയാട്ടം, സംഗീതം, കർണാടകസംഗീതം തുടങ്ങിയവ അഭ്യസിപ്പിക്കുന്നതിനുള്ള വിദ്യാലയം നടത്തുന്ന കലാകേന്ദ്രത്തിന് 400 അംഗങ്ങളുണ്ട്. ഇപ്പോൾ സംഗീതനാടക അക്കാദമിഗ്രാൻറും ലഭിക്കുന്നുണ്ട്. വൈവിദ്യമാർന്ന കലാപരിപാടികൾ മാസംതോറും നടത്തിവരുന്നു. കലാകേന്ദ്രം വാങ്ങിയ 46 സെൻറ് സ്ഥലത്ത് ആഡറ്റോറിയത്തിൻെറ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

മഹാകവി നാലാങ്കൽ കൃഷ്ണപിള്ള, വെള്ളംകുളം കരുണാകരൻനായർ എന്നീ വിദ്യാഭ്യാസവിചക്ഷണൻമാർ, പ്രസിദ്ധങ്ങളായ ധാരാളം ഗ്രന്ഥങ്ങളുടെ രചയിതാക്കളാണ്. പ്രൊ: അയ്മനം കൃഷ്ണകൈമൾ പ്രസിദ്ധനായ അദ്ധ്യാപകനും അറിയപ്പെടുന്ന ഗ്രന്ഥകാരനുമാണ്. അദ്ദേഹത്തിൻെറ "ഡാക്ടർ ഫൗസ്റ്റ്" എന്ന ആട്ടക്കഥ അനുവാചകരിൽ സ്ഥിരപ്രതിഷ്ഠംനേടിയ ഗ്രന്ഥമാണ്. കേരളകലാമണ്ഡലം, കേരളസാഹിത്യഅക്കാദമി എന്നിവയുടെ ഭരണസമിതിയംഗമാണദ്ദേഹം

കഥകളി വേദകളിലെ "നിത്യയൗവ്വനകളായ സ്ത്രീ കഥാപാത്രങ്ങളെ അവിസ്മരണീയമായ വിധത്തിൽ അരങ്ങിൽ അവതിരിപ്പിച്ചിട്ടുള്ള കുടമാളൂർ കരുണാകരൻ നായർ എന്ന അനുഗ്രഹീതകലാകാരൻെറ കലാരംഗത്തെ നിസ്തുലമായ സേവനങ്ങളുടെടെ അംഗീകാരം എന്ന നിലയിൽ അദ്ദേഹത്തിൻെറ ഷഷ്ട്യബ്ദിപൂർത്തിയോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള "കുടമാളൂർ കരുണാകരൻ നായർ ഷഷ്ട്യബ്ദിപൂർത്തിസ്മാരകഹാൾ" എന്ന ദൃശ്യസ്മാരക മന്ദിരം അമ്പാടിക്കവലയ്ക്കു സമീപം തലയുയർത്തി നിൽക്കുന്നു.

അഷ്ടവൈദ്യ പ്രമുഖരിൽപ്പെട്ട കൊട്ടാരവൈദ്യനായിരുന്ന ഒളശ്ശ ചിരട്ടമൺ മൂസ്സിൻെറ പിൻതുടർച്ചക്കാരനായ നാരായണമൂസ്സും വൈദ്യശാസ്ത്രരംഗത്ത് പ്രാഗൽഭ്യം തെളിയിച്ച മഹത് വ്യക്തിയാണ്.

നാടകലോകത്തും, സിനിമാവേദിയിലും തനതായ ശൈലിയിലൂടെ വ്യക്തിമുദ്രപതിപ്പിക്കുകയും തൊട്ടതൊക്കെ പൊന്നാക്കി ജ്വലിച്ചുനിന്ന യശ്ശഃ ശരീരനായ എൻ. എൻ. പിള്ള, നമ്മുടെ ഗ്രാമത്തിൻെറ മറ്റൊരു കീർത്തിസ്തംഭമാണ്. കെ. എസ്. നീലകണ്ഠൻനുണ്ണി, കണ്ണമ്പള്ളിമാത്തുആശാൻ, ആർ. ഈശ്വരപിള്ള, അയ്മനം അപ്പുഭാഗവതർ, കുമ്മനം ഗോവിന്ദപിള്ള, എം. ആർ രാമകൈമൾ, അയ്മനം അച്ചുതൻപിള്ള തുടങ്ങി മൺമറഞ്ഞ ഒട്ടേറെ മഹത്വ്യക്തികൾ നമ്മുടെ സാംസ്കാരികപൈതൃകത്തെ ഓജസ്സുറ്റതാക്കിതീർത്തു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിൻെറ പേരിൽ ജയിൽവാസം അനുഭവിക്കേണ്ടിവന്ന കൊട്ടാരപറമ്പിൽ ജോൺ കുര്യനെപ്പോലുള്ള ദേശസ്നേഹികളും നമ്മുടെ കൂട്ടായ്മക്കും ദേശീയ ബോധത്തിനും ആക്കം വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. പ്രഗത്ഭരും പ്രശസ്തരുമായ ഇവരുടെയൊക്കെ ജൻമം കൊണ്ട് ധന്യമാണ് ഈ പഞ്ചായത്ത് പ്രദേശം.

സ്വാതന്ത്ര്യത്തിനു മുമ്പ് നമ്മുടെ നാട്ടിലെ പ്രബല രാഷ്ട്രീയകക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ഇന്ന് കോൺഗ്രസ്സിനെ കൂടാതെ സി.പി.എം, സി.പി.ഐ, ബി.ജെ.പി തുടങ്ങിയ രാഷ് ട്രീയപാർട്ടികളുമുണ്ട്. ഇവയുടെയൊക്കെ യുവജനവിഭാഗങ്ങളും സജീവമായി പ്രവർത്തിക്കുന്നു. കർഷകസംഘം, കർഷകതൊഴിലാളി യൂണിയൻ, ചുമട്ടുതൊഴിലാളി യൂണിയൻ തുടങ്ങിയവയും പ്രവർത്തന രംഗത്തുണ്ട് എൻ.എസ്.എസ്, എസ്.എൻ.ഡി.പി തുടങ്ങിയ സമുദായ സംഘടനകളും സജീവമാണ്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്നും നമ്മുടെ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം

കായികരംഗം

സംഘടിതമായ കായികപ്രവർത്തനങ്ങൾ വിരളമാണ്. ഇന്ത്യൻ ടീമിൽ അംഗങ്ങളായവരേയും അന്യസംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചവരേയും സംഭാവന ചെയ്യുവാൻ നമ്മുടെ ഗ്രാമത്തിനു സാധിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാനുള്ള പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ല. അതുകൊണ്ട് പുതിയ പ്രതിഭകളെ കണ്ടെത്താനാവുന്നില്ല. സർക്കാർ ആഭിമുഖ്യത്തിൽ നടത്തുന്ന കേരളോൽസവം ഒരു ചടങ്ങുമാത്രമായി അവശേഷിക്കുന്നു.

പ്രശ്നങ്ങൾ

1. പല വാർഡുകളിലും ഗ്രന്ഥശാലകളും വായനശാലകളും ഇല്ല.
2. പഞ്ചായത്തുവക വായനശാലയോ ഗ്രന്ഥശാലയോ ഇല്ല.
3. സൗകര്യപ്രദമായ പൊതുസ്റ്റേഡിയം ഇല്ല.
4. കലാകായിക സാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.
5. സ്കൂളുകളിൽ കലാകായിക പഠനങ്ങൾക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.
6. സ്ത്രീകളിൽ വായനാശീലം വളർത്താനുതകുന്ന പ്രവർത്തനങ്ങളില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലും ഓരോ വായനശാലയും ഗ്രന്ഥശാലയും ആരംഭിക്കുക. പ്രവർത്തനം മന്ദീഭവിച്ചവയെ പുനരുജ്ജീവിപ്പിക്കുക.
2. സാക്ഷരതാപ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. തുടർവിദ്യാഭ്യാസം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുക.
3. സ്കൂൾ ലൈബ്രറികൾ നല്ല നിലയിൽ പ്രവർത്തിപ്പിക്കുക. വിദ്യാർത്ഥികളിൽ വായനശീലം വളർത്തുവാൻ ബോധപൂർവ്വം പ്രവർത്തിക്കുക.
4. വിദ്യാർത്ഥകൾക്ക് പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും നൽകുന്നു എന്ന് ഉറപ്പുവരുത്തുവാൻ അതാത് സ്കൂളിലെ P.T.A ഭാരവാഹികൾ ശ്രദ്ധിക്കണം.
5. വിദ്യാർത്ഥികൾക്ക് സ്കൂളിൽ ഇരുന്ന് വായിക്കുവാനും റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിക്കുവാനും ഉള്ള സൗകര്യം ഉണ്ടാക്കണം.
6. സ്കൂൾ വിദ്യാഭ്യാസത്തിൽ കായികപരിശീലനത്തിന് പ്രത്യേകം പ്രാധാന്യം നൽകി നടപ്പിലാക്കുക.
7. ഗ്രാമത്തിലുള്ള മുഴുവൻ കലാകായിക വേദികളുടേയും പ്രവർത്തനങ്ങളെ ബന്ധപ്പെട്ട ഗ്രാമസഭകളിൽ കൂടി സജീവമാക്കുക.
8. പൊതുജനങ്ങൾക്ക് മൽസരങ്ങളിൽ പങ്കെടുക്കാനും സ്കൂൾകുട്ടികൾക്ക് അവധിക്കാലങ്ങളിൽ പരിശീലനം തുടരാനും പൊതുസ്റ്റേഡിയം സൗകര്യമാക്കുക.
9. ഒളശ്ശ ലൈബ്രറിയോടു ചേർന്ന സ്ഥലം ഏറ്റെടുത്ത് ഓഡിറ്റോറിയം പണിയുക.
10. 11 ാം വാർഡിലെ ജയന്തിക്കവലഭാഗത്തുള്ള തരിശ് ഏറ്റെടുത്ത് കളിസ്ഥലം നിർമ്മിക്കുക.
11. ദേശീയാഘോഷങ്ങളോടനുബന്ധിച്ച് കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുക.
12. എല്ലാവായനശാലകൾക്കും ടെലിവിഷൻ സെറ്റു ലഭ്യമാക്കുക. വീഡിയോ ക്ലബ്ബ് ആരംഭിക്കുക.

സാംസ്കാരിക സംവേദനവും വിജ്ഞാന വിപണനവും വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന മാധ്യമം ഗ്രന്ഥങ്ങളാണ്. അതുകൊണ്ടുതന്നെ വായനശീലം ചെറുപ്പത്തിലേ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമായ ഒരു കാര്യമായി തീർന്നിരിക്കുന്നു. സ്ത്രീകളിൽ വായനാശീലം വളർത്തിയെടുക്കാൻ വീടുകൾതോറും പുസ്തകങ്ങൾ എത്തിക്കുന്ന പ്രവർത്തനം ആവശ്യമാണ്. പുത്തൻ ടെലിവിഷൻ സംസ്കാരം വായനാശീലത്തെ നിരുൽസാഹപ്പെടുത്തുന്നതായി ആക്ഷേപമുണ്ട്. സാംസ്കാരിക മൂല്യച്യുതിക്ക് ഹേതുവാകുന്നുണ്ടെങ്കിൽ കൂടി ദേശീയോദ്ഗ്രഥത്തിനും അറിവിന്റെ പുതിയ വികാസങ്ങൾ സ്വായത്തമാക്കുവാനും ടെലിവിഷൻ സഹായിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ന്യൂനതകൾ പരിഹരിക്കുക. പരിവർത്തനത്തിനുവേദിയൊരുക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയും കർത്തവ്യവുമാണ്.

വനിതാക്ഷേമം

കൗമാരത്തിൽ പിതാവിന്റേയും യൗവനത്തിൽ ഭർത്താവിന്റേയും വാർദ്ധ്യക്യത്തിൽ പുത്രന്റേയും സംരക്ഷണത്തിൽ കഴിയേണ്ടവളാണ് സ്ത്രീ. അവൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ലാ ഇതായിരുന്നു ആർഷഭാരതത്തിലെ സ്ത്രീ സങ്കൽപം. ഈ സങ്കൽപം ശക്തമായി നിലനിൽക്കുന്നതു കാരണം സ്ത്രീകൾക്ക് പൊതു ധാരയിലേക്ക് കടന്നുവരുവാൻ ഉള്ള അവസരം നിഷേധിക്കപ്പെടുകയാണ്.

ജനസംഖ്യയിൽ പകുതിയിൽ അധികം വരുന്ന സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാലേ നാടിന്റെ സമഗ്രവികസനം എന്ന ലക്ഷ്യത്തിൽ നമുക്ക് എത്തിച്ചേരുവാൻ കഴിയൂ. സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകളുടെ വളർച്ച, സ്വാതന്ത്ര്യത്തിന് ശേഷമുള്ള കാലത്ത് വന്ന പരിഷ്കാരങ്ങൾ കണക്കിലെടുത്താൽപോലും ആശാവഹമല്ലാ. സാമൂഹികമായി ദേശീയ മുഖ്യധാരയിലേക്ക് അവർക്ക് കടന്നു വരാൻ കഴിയാത്ത ഘടകങ്ങൾ പലതാണ്. അവ പരിഹരിക്കപ്പെടുന്നതിന് ഏതാനും ചില നിയമനിർമ്മാണങ്ങൾ മാത്രം മതിയാവുകയില്ല. ജില്ലാകൗൺസിൽ, ത്രിതല പഞ്ചായത്ത് സംവിധാനം എന്നിവയിലൂടെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ വളരെ അധികം വനിതകൾക്ക് സാമൂഹ്യരംഗത്ത് മുൻപന്തിയിൽ വരാൻ കഴിഞ്ഞിട്ടുണ്ട് എന്നത് നമുക്ക് പ്രതീക്ഷയ്ക്ക് വക നൽകുന്ന കാര്യമാണ്. എങ്കിൽപോലും സംവരണം ചെയ്യപ്പെട്ട 30 ശതമാനം ഒഴിച്ചാൽ മറ്റു വേദികളിൽ മത്സരിക്കുവാൻ സ്ത്രീകൾ മുമ്പോട്ടു വരുന്നില്ലായെന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. സാമൂഹികമായി സ്ത്രീകളെ നിയന്ത്രിക്കുന്ന പല ബാഹ്യഘടകങ്ങളും സജീവമായി നിലനിൽക്കുന്നു എന്നതാണ് അതിന് കാരണം. സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ധാരാളം സംഘടനകൾ ഉണ്ടെങ്കിലും ചുരുക്കം ചില സംഘടനകൾ മാത്രമേ സ്ത്രീപുരുഷ സമത്വവും സ്ത്രീവിമോചനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുള്ളൂയെന്ന് കാണാം. സതി പോലെയുള്ള അനാചാരവും ദുരാചാരവും ശതാബ്ദങ്ങൾക്ക് മുമ്പുതന്നെ നിരോധിച്ചതാണെങ്കിൽപോലും ഇന്നും ചിലയിടങ്ങളിൽ ഈ കാട്ടുനീതി നിലനിൽക്കുന്നു. സ്ത്രീസ്വാതന്ത്ര്യത്തെ വികലമായി ചിത്രീകരിക്കുന്ന പ്രവണതകൾ വളർന്നു വരുന്നു. പല മാദ്ധ്യമങ്ങളും ഈ രംഗത്ത് തെറ്റായ അവബോധം വളർത്തുവാനും സ്ത്രീകളെ പ്രദർശനവസ്തുക്കളാക്കി ചിത്രീകരിക്കാനും ശ്രമിക്കുന്നു. സ്ഫടികം പോലെ തെളിഞ്ഞ ഈ പശ്ചാത്തലത്തിലാണ് വനിതാക്ഷേമത്തിന്റെ പ്രസക്തി ഉത്ഭവിക്കുന്നത്.

സ്ത്രീകളും വിദ്യാഭ്യാസവും

പണ്ട് ഗുരുകുലവിദ്യാഭ്യാസം നിലനിന്നിരുന്നു അന്നൊന്നും ഗുരുകുലത്തിൽ അയച്ച് പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചിരുന്നില്ല, സ്വാതന്ത്ര്യാനന്തര നാളുകളിൽ വിദ്യാഭ്യാസം സാർവത്രികമാക്കുകയുണ്ടായി. ഇതോടെ പെൺകുട്ടികളേയും സ്കൂളിൽ അയച്ച് പഠിപ്പിക്കുവാൻ തുടങ്ങി. പക്ഷേ അവരുടെ വിദ്യാഭ്യാസത്തിന് വേണ്ടത്ര ഊന്നൽ നൽകിയിരുന്നില്ല. കേരളത്തിൽ വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമാക്കി. ഇതോടെ പെൺകുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പിന്നോക്കവസ്ഥക്കും താരതമ്യേന മാറ്റം വന്നു.

അയ്മനം പഞ്ചായത്തിലും പ്രാപൂർത്തിക്ക് മേലുള്ള പാവപ്പെട്ട സ്ത്രീകൾ വിദ്യാഭ്യാസം ലഭിക്കാത്തവരാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ അക്ഷരം പഠിക്കുവാൻ അവർക്ക് കഴിഞ്ഞു എങ്കിലും തുടർന്ന് സാക്ഷരതാ പ്രവർത്തനം വേണ്ടവിധം നടക്കാത്തതിനാൽ അക്ഷരജ്ഞാനം കൊണ്ട് നേടേണ്ട അറിവിന്റെ മേഖല ഇന്നും അവരുടെ മുമ്പിൽ അടഞ്ഞു കിടക്കുന്നു. എങ്കിൽ പോലും പെൺകുട്ടികൾ സാമാന്യവിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ് ഉപരിപഠനത്തിനുള്ള സൗകര്യം സാമ്പത്തിക പരാധീനത മൂലം കഴിയുന്നില്ല. പടിഞ്ഞാറൻ മേഖലകളിൽ ഗതാഗത പ്രശ്നം വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ഒരു ഘടകമാണെന്ന് പറയാൻ കഴിയും.

സ്ത്രീസ്വാതന്ത്ര്യം

1947 ആഗസ്റ്റ് 15 ന് ഇന്ത്യ വിദേശാധിപത്യത്തിൽ നിന്നും മോചിതമായെങ്കിലും സ്ത്രീകൾ ഇന്നും പുരുഷ മേധാവിത്വത്തിൽ നിന്നും സ്വതന്ത്രരായിട്ടില്ല. പല രീതിയിലും രൂപത്തിലും സ്ത്രീസംഘടനകൾ പ്രവർത്തന രംഗത്ത് ഉണ്ടെങ്കിലും സ്ത്രീപുരുഷസമത്വവും സ്ത്രീവിമോചനവും എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സംഘടനകൾ ചിലത് മാത്രമേയുള്ളൂ. സ്ത്രീകളുടെ സാമൂഹിക പരിഷ്കാരങ്ങൾക്ക് എതിരായി നിൽക്കുന്ന ശക്തികളെക്കുറിച്ച് അവഗാഢം പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സ്ത്രീസ്വാതന്ത്ര്യത്തിനായുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെ സ്ത്രീകളെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാമ്പത്തിക വിദ്യാഭ്യാസം കുട്ടികളുടെ വിവാഹം തുടങ്ങി ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അവരെ ബോധവതികളാക്കുവാനും അങ്ങിനെ അവരുടെ സ്വാതന്ത്ര്യം

ഉറപ്പാക്കുവാനും നാടിന്റെ പുരോഗതിയിലേക്കുള്ള ത്വരിത പ്രയാണത്തിൽ അവരെകൂടി പൂർണ്ണ പങ്കാളികളാക്കാനും കഴിയും.

സ്ത്രീകളും തൊഴിൽ രംഗവും

അയ്മനം പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ അൽപം കൂടുതലേ ഉള്ളൂ. 16250 പുരുഷന്മാരും 16316 സ്ത്രീകളും എന്നാണ് കണക്കുകളിൽ കാണുന്നത്. തൊഴിൽ-വ്യവസായ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വ്യവസായ രംഗത്ത് അവരുടെ സാന്നിദ്ധ്യം ഇല്ലായെന്ന് തന്നെ പറയാം. കർഷകതൊഴിലാളികളിൽ മാത്രമെ കുറെയെങ്കിലും സ്ത്രീകൾക്ക് പ്രാതിനിധ്യമുള്ളു. കുടുംബപരമായ ബാദ്ധ്യതകൾ മൂലം സ്ത്രീകൾക്ക് പുരുഷന്മാരെപോലെ അന്യസ്ഥലത്ത് പോയി ജോലി ചെയ്യുവാനോ പ്രത്യേകിച്ച് നിർമ്മാണതൊഴിലിൽ ഏർപ്പെടുവാനോ കഴിയുന്നില്ല. കാർഷിക മേഖയിൽ ഉള്ള തൊഴിൽ സാദ്ധ്യതകൾ മാത്രമാണ് അവർക്ക് അവലംബം. പുരുഷന്മാരേക്കാൾ കുറഞ്ഞ നിരക്കിൽ മാത്രമേ പ്രതിഫലം അവിടെ ലഭിക്കുന്നുള്ളുയെന്നത് ആ രംഗത്തേ സ്ത്രീകളുടെ പങ്കാളിത്തം അനാകർഷമാക്കുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ വേതന നിരക്ക് കാലാനുസൃതമായി പുരുഷന്മാരുടെ വേതനനിരക്കിനോടൊപ്പം ഉയർത്തിയാൽ കാർഷിക മേഖലയിൽ ഉള്ള തൊഴിലവസരങ്ങൾ സ്ത്രീകൾക്ക് കൂടുതൽ പ്രയോജനകരമാക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ അവരുടെ സാമ്പത്തിക മായ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുവാനും കഴിയും. ജോലിയുടെ സ്വഭാവവും അതിൽ സ്ത്രീകളുടെ പങ്കാളിത്തവും വിശദമാക്കുന്ന പട്ടിക താഴെ ചേർത്തിരിക്കുന്നു.

ജോലിയുടെ സ്വഭാവം	പുരുഷൻമാർ	സ്ത്രീകൾ	ആകെ	സ്ത്രീകളുടെ പങ്കാളിത്തം
പ്രധാന ജോലികൾ	7299	2300	9599	23.96%
ഭാഗികമായ ജോലികൾ	509	365	874	41.76%
കർഷകർ	642	54	696	7.76%
കർഷകതൊഴിലാളികൾ	1866	1313	3179	41.30%
കുടിൽ വ്യവസായങ്ങൾ	473	29	502	5.78%
ഇതര മേഖലകൾ	928	67	995	6.73%

ആരോഗ്യ പരിപാലനവും സ്ത്രീകളും

കുടുംബത്തിലെ അംഗങ്ങളുടെ ആരോഗ്യപരിപാലനത്തിന്റെ മുഖ്യമായ ചുമതല സ്ത്രീകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബനാഥന്റെ അസാന്നിദ്ധ്യത്തിൽ കുട്ടികളുടെ നിസ്സാരമായ അസുഖംപോലും ശുശ്രൂഷിച്ച് ഭേദപ്പെടുത്തുവാൻ വീട്ടമ്മമാർ കൂടിയായ സ്ത്രീകൾക്ക് കടമയുണ്ട്. ശുദ്ധജലം ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം, പ്രാഥമിക ശുശ്രൂഷകൾ, സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ പ്രാരംഭനടപടികൾ തുടങ്ങിയവയെ കുറിച്ച് സ്ത്രീകൾക്ക് അറിവ് പകരുന്നതിനുള്ള ബോധവൽകരണ വേദികൾ ഏർപ്പാട് ചെയ്യുന്നത് ഉചിതമായിരിക്കും.

വനിതാമേഖലയിലെ പ്രശ്നങ്ങൾ

1. തൊഴിൽ രഹിതരുടെ വർദ്ധനവ്, വേതനവ്യവസ്ഥയിലെ തരംതിരിവ്, ഒരേ ജോലി ചെയ്യുന്ന പുരുഷനും സ്ത്രീക്കും ലഭിക്കുന്ന വേതനത്തിലെ ഏറ്റകുറച്ചിൽ, നിസ്സാരമായ കൂലികൊടുത്ത് സ്ത്രീതൊഴിലാളികളെകൊണ്ട് കൂടുതൽ സമയം ജോലി ചെയ്യിക്കൽ എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്. തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
2. സാമ്പത്തിക പരാധീനത മൂലം വ്യവസായസംരംഭങ്ങൾ നടത്തുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.
3. സർക്കാരിൽ നിന്നും വിവിധ വകുപ്പുകൾ വഴി നൽകിവരുന്ന ധനസഹായത്തെക്കുറിച്ചോ നടപ്പിലാക്കിവരുന്ന പദ്ധതികളെകുറിച്ചോ ബോധവതികളല്ല.
4. ചെറുകിട തൊഴിൽസംരഭവുമായി ബന്ധപ്പെട്ടതും അതിന് ആവശ്യമായതുമായ സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല.
5. അഭ്യസ്ഥവിദ്യരായ സ്ത്രീകളാണെങ്കിൽ കൂടിയും അവർക്ക് വരുമാനം കുറഞ്ഞ തൊഴിലിൽ ഏർപ്പെടുവാനുള്ള വൈമുഖ്യം.
6. ആരോഗ്യപരിപാലനം, പ്രത്യേകിച്ച് പ്രഥമശുശ്രൂഷ തുടങ്ങിയ അത്യാവശ്യകാര്യങ്ങളിൽ ഉള്ള അറിവില്ലായ്മ.
7. DWCRA പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ആവശ്യമായ പരിഹാര മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നില്ല.
8. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പല മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് പൊതുവായ പരിഹാര-

കണ്ടെത്തുന്നതിനും ആവശ്യമായ ഒരു കേന്ദ്ര സമിതി നിലവിലില്ല. അതുകൊണ്ട് തന്നെ അതിന് പൊതുവേദിയും ഇല്ലാതെ വരുന്നു.

പരിഹാരമാർഗങ്ങൾ

1. തൊഴിൽനിയമങ്ങൾ തൊഴിൽ അവസരങ്ങൾ തുടങ്ങിയവയെകുറിച്ച് സ്ത്രീകളെ ബോധവതികളാക്കുകയും തുല്യജോലിക്ക് തുല്യശമ്പളം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. സാങ്കേതിക പരിജ്ഞാനം ആവശ്യമായ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളെ സംഘടിപ്പിച്ച് അവർക്ക് വിദഗ്ദ്ധന്മാരുടെ ഉപദേശവും സാങ്കേതിക സഹായവും ലഭ്യമാക്കുക.

3. ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇപ്പോഴുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് വേണ്ടി ഒരു കേന്ദ്രസംഭരണ സ്ഥാനം നിർണയിക്കുക അവിടെ നിന്നും ഉപഭോക്താക്കൾക്ക് നേരിട്ട് മൊത്തമായോ അല്ലാതെയോ ഉൽപന്നങ്ങൾ വിതരണം ചെയ്യുക.

4. പച്ചക്കറിയുടെ കുതിച്ചുയരുന്ന വില തടഞ്ഞു നിർത്തുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി തരിശായി കിടക്കുന്ന പഞ്ചായത്ത് വക ഭൂമിയിലോ സ്വന്തം ഭൂമിയിലോ പച്ചക്കറി കൃഷി നടത്തുന്നതിനാവശ്യമായ വിത്ത്, വളം കീടനാശിനി, സാമ്പത്തിക സഹായം എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുക.

5. കാർഷികോൽപന്നങ്ങളുടെ വിൽപന സുഗമമാക്കുന്നതിന് വേണ്ടി സൗകര്യപ്രദമായ സ്ഥലത്ത് മാർക്കറ്റ് സ്ഥാപിക്കുക.

6. ആട്-കോഴി-കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ വായ്പകൾ യഥാവസരം ലഭ്യമാക്കുകയും ചെയ്യുക.

7. പാൽ-പാൽ ഉൽപന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിന് വേണ്ടി ഒരു കേന്ദ്ര പാൽ സംഭരണസംഘവും അതിന് പഞ്ചായത്ത് വാർഡുകൾ തോറും സംഭരണ കേന്ദ്രവും ആരംഭിക്കുക. ഈ സംഘം വഴി കോഴിതീറ്റ, കാലിത്തീറ്റ എന്നിവ സഹായനിരക്കിൽ ഉൽപാദകർക്ക് വിതരണം ചെയ്യുക.

8. വെറ്റിനറി ഡോക്ടറുടെ സേവനം ആവശ്യമുള്ളടത്തെല്ലാം ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മൃഗാശുപത്രിയുടെ സബ്സെന്റർ തുറക്കുകയും ചെയ്യുക.

9. കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇപ്പോൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. അവ മുഴുവൻ സമയവും പ്രവർത്തിക്കുകയും സ്ഥിരമായി ഡോക്ടർ, നേഴ്സ് മരുന്നുകൾ എന്നിവ ലഭിക്കത്ത വിധത്തിൽ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുക.

10. ആരോഗ്യപരിപാലനം ശിശുപരിചരണം തുടങ്ങിയ കാര്യങ്ങളിൽ വിദഗ്ദ്ധരായവരുടെ സേവനം പ്രയോജനപ്പെടുത്തി ബോധവൽകരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ പ്രോത്സഹനാർത്ഥം പംനോപകരണങ്ങൾ സ്കോളർഷിപ്പുകൾ, സാമ്പത്തികസഹായം എന്നിവ ഏർപ്പെടുത്തുക.

12. മാതൃസഹായപദ്ധതി, വിധവാപെൻഷൻ, അഗതി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി വാർഡ് മെമ്പർ കൺവീനറായി മഹിളാ സഹായസമിതികൾ രൂപീകരിക്കണം. ഈ സമിതികൾ അതത് പ്രദേശത്തെ ഗുണഭോക്താക്കളെ കണ്ടെത്തണം.

13. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപകമായ ഉപയോഗം നിയന്ത്രിക്കുന്നതിനും അനിയന്ത്രിതമായി വരുന്ന സ്ത്രീപീഡനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനും പര്യാപ്തമായ വിധത്തിൽ വനിതാക്ഷേമകേന്ദ്രങ്ങൾ ആരംഭിക്കുക.

14. നിയമനിർമ്മാണസഭകളിലേക്ക് സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

15. സ്ത്രീകളുടെ വിവാഹ പ്രായം 20 വയസ്സായി ഉയർത്തുക.

അയ്മനം ഗ്രാമപഞ്ചായത്ത്

പട്ടിക 2 കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം.

	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
പ്രായം	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഒരു വയസിൽ താഴെ	50	100	40	90	10	10		
1-3 വയസു വരെ	600	966	540	60				
3-6 വയസു വരെ	533	450						

1-ാം ഗ്രേഡ് - ലഘുവായ പോഷണകുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ.

3-ാം ഗ്രേഡ് - ഗുരുതരമായ പോഷ

പട്ടിക 3

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവയ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി.				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	289	195	205	237	219	195	205	234	245	44	139	—	—	226


പൾസ്പോളിയോ പദ്ധതിയനുസരിച്ച് 1996 ഡിസംബർ 7-ാം അയ്മനം പഞ്ചായത്തിൽ വിവിധ കേന്ദ്രങ്ങളിലായി 2263 കുട്ടികൾക്ക് മരുന്നു നൽകി.

പട്ടിക 4

ടെറ്റനസ് ടോക് സോയിസ് (TT)

ഗർഭിണികൾ	ID	2D	BD
	137	193	44

കഴിഞ്ഞവർഷം പഞ്ചായത്തുകളിലുള്ള ആശുപത്രികളിൽ നടന്ന ജനനം = 193



കോട്ടയം ലയൺസ്ക്ലബ് എലൈറ്റ്സും ഭാരത് കണ്ണാശുപത്രിയും അയ്മനം ഗ്രാമപഞ്ചായത്തും സംയുക്തമായി നടത്തിയ നേത്ര പരിശോധനാ ക്യാമ്പ്.

സഹകരണ മേഖല

സഹകരണപ്രസ്ഥാനത്തിന് സാമാന്യം നല്ല വേരോട്ടമുള്ള പഞ്ചായത്താണിത്. 1920-നു മുൻപേ സഹകരണരംഗത്തേക്ക് ഇവിടുത്തെ ജനങ്ങൾ കടന്നു വന്നതായി കാണാൻ കഴിയും. സാമുദായികാടിസ്ഥാനത്തിലാണു ആദ്യമാദ്യം സഹകരണപ്രസ്ഥാനങ്ങൾ ആരംഭിച്ചത്. സമുദായാംഗങ്ങളുടെ നിലവിലുള്ള കടങ്ങൾ വീട്ടുന്നതിന് അവരെ സാമ്പത്തികമായി സഹായിച്ചു ആശ്വസിപ്പിക്കുക എന്ന കാഴ്ചപ്പാടാണു ഇക്കാര്യത്തിൽ ഉണ്ടായിരുന്നത്.

നായർ സമുദായമാണു ഈ രംഗത്തേക്ക് ആദ്യമായി കടന്നുവന്നത്. അവരെ അനുകരിച്ച് ക്രിസ്ത്യൻ സമുദായവും ഈഴവ സമുദായവും സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ഇന്നു സാമുദായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളില്ല. അവയെല്ലാം സർവ്വീസ് സഹകരണ ബാങ്കുകളായി രൂപാന്തരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പഞ്ചവത്സര പദ്ധതിയിലും ഭരണ പരിഷ്കാര കമ്മറ്റിയിലും ജനപങ്കാളിത്തത്തിന് ഊന്നൽ കൊടുത്തതോടെയാണു സഹകരണപ്രസ്ഥാനങ്ങൾ ശക്തമായി പ്രവർത്തനരംഗത്തേക്ക് കടന്നു വന്നിട്ടുള്ളത്.

അയ്മനം പഞ്ചായത്തിൽ മൂന്നു ക്രെഡിറ്റ് സഹകരണ ബാങ്കുകളാണുള്ളത്.

1) കുടമാളൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No. 93

1919-ജൂലൈ മാസം 26-ാം തീയതിയാണു ഈ സ്ഥാപനം രജിസ്റ്റർ ചെയ്തത്. കുടമാളൂർ മര്യാത്തുരുത്തു കരമാത്രം പ്രവർത്തനപരിധി. ഈ പ്രദേശത്തുള്ള നായർ സമുദായാംഗങ്ങൾക്ക് അംഗത്വം നൽകികൊണ്ടാണു മര്യാത്തുരുത്ത് നായർ പരസ്പര സഹായ സംഘത്തിന് രൂപം നൽകിയത്. അനാചാരവും ദുരാചാരവും വ്യവഹാരവ്യഗ്രതയും കൊണ്ടു തകർന്നു തരിപ്പണമായിക്കൊണ്ടിരുന്ന സമുദായാംഗങ്ങളെ അതിൽനിന്നും മോചിപ്പിക്കുക എന്ന കാഴ്ചപ്പാടായിരുന്നു ഈ സംഘത്തിന്റെ രൂപീകരണത്തിലേക്ക് വഴി തെളിച്ചത്.

ലോക മഹായുദ്ധങ്ങളുടെ കാലത്തുണ്ടായ ഭക്ഷ്യക്ഷാമകാലത്ത് ഈ സഹകരണസംഘത്തിന്റെ നേതൃത്വത്തിൽ റേഷൻ വിതരണം ആരംഭിച്ചിരുന്നു. 1957 ഏപ്രിൽ 11-ാം തീയതി മുതൽ വിവിധോദ്ദേശ സഹകരണസംഘമായി ഇത് രൂപപ്പെട്ടു. 1961-മെയ്മാസത്തിൽ കുടമാളൂർ റീജിയണൽ സർവീസ് സഹകരണബാങ്കായി. 1966- മെയ് മാസത്തിലാണു കുടമാളൂർ സർവ്വീസ് സഹകരണബാങ്കായി ഇത് മാറിയത്. ഇപ്പോൾ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 8, 9, 10 എന്നീ വാർഡുകളാണു ഇതിന്റെ പ്രവർത്തന പരിധി.

4221 അംഗങ്ങളാണു ഇന്നു ഈ ബാങ്കിനുള്ളത്. ഓഹരി വില 10 രൂപയാണ്. അംഗീകൃത മൂലധനം 15 ലക്ഷം രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 817380 രൂപയുമാണ്. 143700 രൂപ സർക്കാർ ഓഹരിയായിട്ടുണ്ട്. ഇവിടെ നിന്നും കടം ലഭിക്കുന്ന പരമാവധി തുക Rs. 25000/- ആണ്. നിക്ഷേപമായി 95.96 കാലഘട്ടം വരെ ലഭിച്ചിട്ടുള്ളത്. 10281994 രൂപയാണ്. 8 ജീവനക്കാരാണ് ഈ ബാങ്കിലുള്ളത്. വളം ഡിപ്പോയും മാവേലി സ്റ്റോറും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

2. അയ്മനം വില്ലേജ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No. 750

10.4.1924-ൽ ആണു പ്രവർത്തനം ആരംഭിക്കുന്നത്. സവർണ്ണ ഹിന്ദു പരസ്പര സഹായ സംഘമായാണു രൂപീകരിച്ചത്. 29.8.1956-ൽ അയ്മനം വില്ലേജ് സഹകരണബാങ്കായും 1961-ൽ അയ്മനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കായും രൂപപ്പെട്ടു. 1973 - സെപ്റ്റംബർ 1-ാം തീയതി പരിപ്പിൽ പ്രവർത്തിച്ചിരുന്ന ജോയിൻറ് ഫാമിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇതിൽ ലയിപ്പിച്ചു. അംഗങ്ങൾ 12169. ഓഹരി വില Rs. 10/- അംഗീകൃത ഓഹരി മൂലധനം 30 ലക്ഷം രൂപ. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2194977/- രൂപ. പരമാവധി വായ്പ Rs. 100000/- അയ്മനം ഗ്രാമപഞ്ചായത്തിലെ 9,10 വാർഡുകളൊഴികെ 11 വാർഡുകൾ പ്രവർത്തന മേഖല. 3 ബ്രാഞ്ചുകളും ഹെഡ് ഓഫീസും 15 ജീവനക്കാർ. വളം ഡിപ്പോയും മാവേലിസ്റ്റോറും ഇതിന്റെ കീഴിലുണ്ട്.

3. മര്യാത്തുരുത്ത് സഹകരണബാങ്ക് No. 1173

പരസ്പരസഹായസംഘം എന്ന പേരിൽ 1926 ജനുവരി 26 ന് രജിസ്റ്റർ ചെയ്തു. ഫെബ്രുവരി 15-ന് പ്രവർത്തനം ആരംഭിച്ചു. മര്യാത്തുരുത്ത് കരമാത്രം പ്രവർത്തനപരിധിയായിരുന്നു. അതായത് അയ്മനം പഞ്ചായത്തിന്റെ 7,12 വാർഡുകളുടെ കുറെ ഭാഗങ്ങൾ മാത്രം. അംഗങ്ങൾ 1475. അംഗീകൃത ഓഹരി മൂലധനം 3 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം Rs. 201807/- പരമാവധി കടമെടുക്കാവുന്ന തുക Rs. 20000/- സർക്കാർ ഓഹരിയില്ല. ജീവനക്കാരുടെ എണ്ണം 2.

അയ്മനം ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ പുരോഗതിക്കായി ഗണ്യമായ തോതിൽ വായ്പകൾ നൽകുന്നത് അയ്മനം വില്ലേജ് സർവ്വീസ് സഹകരണ

പട്ടിക 1 നിക്ഷേപവും വായ്പകളും (1995-96)

	സഹകരണ ബാങ്കുകൾ	ഡിപ്പോസിറ്റ് (രൂപാ)	ആകെ വായ്പ നൽകിയത് ആരൂപാ)	കൃഷിവായ്പക്കുമാത്രം ആരൂപാ)
1	അയ്മനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്	46918443	28111455	3851200
2	കുടമാളൂർ സർവ്വീസ് സഹകരണ ബാങ്ക്	13731087	9285709	56950

ബാങ്കാണെന്നു കാണാം. എന്നാൽ അയ്മനം ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയുടെ വിസ്തൃതി പരിഗണിച്ചാൽ ഈ തുക അപര്യാപ്തമാണെന്നു കാണാം.

മറ്റു സഹകരണസ്ഥാപനങ്ങൾ

1. മര്യാത്തുരുത്ത് പട്ടികജാതി സഹകരണ സംഘം HW No. 76

കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പട്ടികജാതിക്കാരായ മുഴുവൻ ആളുകളേയും ഇതിൽ അംഗങ്ങളാക്കാനോ അവർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നേടിയെടുത്തു വിതരണം ചെയ്യാനോ കഴിഞ്ഞിട്ടില്ല. നിലവിലുള്ള അംഗസംഖ്യ 515. ചെറിയ തോതിൽ ജൗളി വ്യാപാരം നടത്തുന്നുണ്ട്.

കുടമാളൂർ ക്ഷീര വ്യവസായ സഹകരണസംഘം നമ്പർ 955

നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു ഇത്. അയ്മനം പഞ്ചായത്തിലെ 8, 9, 10, 11 വാർഡുകൾ ആർപ്പൂക്കര പഞ്ചായത്തിന്റേയും കുമാരനല്ലൂർ പഞ്ചായത്തിന്റേയും കുറെ ഭാഗങ്ങൾ എന്നിവിടങ്ങളിലെ കന്നുകാലി കർഷകരിൽ നിന്നും പാൽ സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ മാനേജ്മെൻറിന്റേയും ജീവനക്കാരുടേയും അനാവസ്ഥയും കെടു കാര്യസ്ഥതയും മൂലം ഈ സ്ഥാപനം അടച്ചിട്ടിരിക്കുകയാണ്. ഇതിന്റെ കീഴിലുള്ള ഒരു യൂണിറ്റ് ആർപ്പൂക്കരയിൽ സ്വതന്ത്രമായി പാൽ ശേഖരണവും വിതരണവും നടത്തിവരുന്നു.

വല്യാട് ക്ഷീരവ്യവസായസംഘം K No. 56

മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നു. അയ്മനം ഗ്രാമപഞ്ചായത്തിലെ 1, 2 വാർഡുകളിലെ കർഷകരിൽനിന്നും പാൽ ശേഖരിച്ച് വിതരണം ചെയ്യുന്നു. സംഘത്തിന്റെ മെമ്പറന്മാരുടെ എണ്ണം 359 ആണ്.

പരിപ്പ് മിൽക്ക് സൊസൈറ്റി K. No. 152

അതിരമ്പുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാൽ സഹകരണ സംഘത്തിന്റെ ബ്രാഞ്ചാണിത്. 2,3,4 എന്നീ വാർഡുകളിലെ കർഷകരിൽ നിന്നും പാൽ ശേഖരിച്ചു വിതരണം നടത്തിവരുന്നു.

ക്ഷീരസഹകരണസംഘം

സംഘത്തിന്റെ പേര്	മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിറ്റർ	പുറത്തേക്ക് അയയ്ക്കുന്നത് ലിറ്റർ
വല്യാട് ക്ഷീരവ്യവസായ സംഘം	63400	21600	41800
പരിപ്പ് മിൽക്ക് സൊസൈറ്റി	60000	13000	47000
ആകെ	123400	34600	88800

കുടമാളൂർ വനിതാവ്യവസായ സഹകരണസംഘം No. S.IND K. 205

1993-ൽ രൂപീകരിച്ചു. അംഗങ്ങൾ 15. ഓഹരി മൂലധനം Rs. 15000/- ഗവണ്മെൻറു ഓഹരി 66000/- വിവിധയിനം കറിപൗഡറുകൾ തയ്യാറാക്കി വിൽപ്പന നടത്തിവരുന്നു. കൂടുതൽ അംഗങ്ങളെ ചേർത്ത് വികസിപ്പിക്കേണ്ടതാണ്.

വനിതാ സഹകരണസംഘം അയ്മനം

ഈ പേരിൽ ഒരു വനിതാ സഹകരണ സംഘം കുടമാളൂർ കേന്ദ്രമായി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവർത്തനവും നടത്തുന്നില്ല. ഇതിന്റെ ഭരണചുമതല ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്തിട്ടുണ്ട്. ജനാധിപത്യപരമായി ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികൾ ഉണ്ടാകണം.

അയ്മനം വില്ലേജ് മത്സ്യ മാർക്കറ്റിംഗ് സൊസൈറ്റി K 201/95

ഇത് ഗ്രാമ സ്വരാജ് എക്സ്റ്റൻഷൻ പ്രോജക്റ്റിന്റെ കീഴിലാണ്. കയറ്റി അയയ്ക്കാൻ കഴിയുന്ന മത്സ്യങ്ങൾ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ചു വിപണനം നടത്തുന്നു. മുഖ്യമായും കൊഞ്ച് ശേഖരിച്ച് കയറ്റുമതി ചെയ്യുന്ന കമ്പനികൾക്ക് വിൽക്കുന്നു. ആസ്ഥാനം വല്യാട്ടിലാണ്.

അയ്മനം കോക്കനട്ട് ഡവലപ്മെൻറ് സെൻറർ K 131/96

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമസ്വരാജ് എക്സ്റ്റൻഷ്യൽ പ്രോജക്റ്റിന്റെ കീഴിലാണു ഈ സെൻറർ പ്രവർത്തിക്കുന്നത്. തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നാളികേര വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്കൂൾ സൊസൈറ്റികൾ

പരിപ്പ് ഹൈസ്കൂൾ, കുടമാളൂർ ഗവണ്മെൻറ് ഹൈസ്കൂൾ, ഒളശ്ശ CMS ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിലവിലുണ്ട്. സ്കൂൾ കുട്ടികൾക്കാവശ്യമായ പംനോപകരണങ്ങൾ വാങ്ങി വിതരണം നടത്തുന്നു.

ഇവ കൂടാതെ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും പണം പലിശക്ക് കൊടുക്കുന്ന വ്യക്തികളും ഉണ്ട്. ജനങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്ക് സഹായം നൽകി വർദ്ധിച്ച പലിശ ഈടാക്കുകയാണ് ഇവർ ചെയ്യുന്നത്.

ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ അയ്മനം ശാഖ, കാനറ ബാങ്കിന്റെ പരിപ്പ് ശാഖ, ലോർഡ് കൃഷ്ണ ബാങ്കിന്റെ കുടമാളൂർ ശാഖ എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.

വൻ ഡപ്പോസിറ്റുകൾ ഉള്ള ഈ ബാങ്കുകൾ കാർഷിക മേഖലയിൽ വളരെക്കുറച്ചു തുക മാത്രമേ വായ്പയായി നൽകുന്നുള്ളു. കാർഷികേതരവായ്പകൾ ക്കാണു കൂടുതൽ തുക നൽകുന്നത്. ഡപ്പോസിറ്റിലെ നല്ലൊരു പങ്കും വ്യവസായിക ആവശ്യങ്ങൾക്ക് നൽകുന്നു. ഈ പഞ്ചായത്തിൽ 50%-ൽ കുറവ് തുക മാത്രമേ വിതരണം ചെയ്യുന്നുള്ളു.

സഹകരണബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ.

നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ സഹകരണ ബാങ്കുകളിൽ 764 എണ്ണവും നഷ്ടത്തിലാണ്. 35 എണ്ണം ലാഭമോ നഷ്ടമോ ഇല്ലാതെ പ്രവർത്തിക്കുന്നു. പകുതിയലധികം സംഘങ്ങളും തുടർച്ചയായി നഷ്ടത്തിൽ തന്നെയാണ്. ഇതിനെ കുറിച്ചുള്ള പരിശോധനയിൽ മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകൾ ഇവയൊക്കെയാണ്.

1. തിരിച്ചുകിട്ടാനുള്ള വായ്പകൾ കൃത്യമായി പരിച്ചെടുക്കാനും യഥാസമയം നിയമനടപടികൾ സ്വീകരിക്കുന്നതിനും മതിയായ ശ്രദ്ധയും ശ്രമവും പല സംഘങ്ങളിലുമില്ല. നിയമനടപടികളിൽ അനാവശ്യമായ കാലതാമസം സഹകരണവകുപ്പിൽ നിന്നും ഉണ്ടാകുന്നു.
2. കാർഷിക വായ്പകൾക്ക് പ്രാമുഖ്യം നൽകാത്ത ഒരവസ്ഥ ഇന്നു പ്രാഥമിക സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്നു.
3. പ്രാഥമിക സഹകരണസംഘങ്ങൾ എടുത്തിട്ടുള്ള ഓഹരികൾക്ക് ജില്ലാ ബാങ്കുകൾ അർഹമായ ലാഭവിഹിതം നൽകാതിരിക്കുന്നു. ഇത് വരുമാനത്തെ സാരമായി ബാധിക്കുന്നു.
4. പ്രാഥമിക സഹകരണ ബാങ്കുകൾ അവയുടെ നിക്ഷേപത്തിന്റെ 25% തരള ധനമായി സൂക്ഷിക്കാൻ ബാധ്യതപ്പെട്ടതുകൊണ്ടു നിക്ഷേപത്തിന്റെ നല്ലൊരു ശതമാനം ലാഭകരമായി വിനിയോഗിക്കാൻ കഴിയാതെ വരുന്നു.
5. മൂന്നു വർഷത്തിലൊരിക്കൽ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടി വരുന്നത് സഹകരണ സംഘങ്ങൾക്കു ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയാകുന്നു.
6. നിക്ഷേപവും വായ്പയും തമ്മിലുള്ള പലിശ അനുപാതം സ്ഥിരമായി നിലനിർത്താൻ കഴിയാതെ വരുന്നു.
7. ഹ്രസ്വകാലനിക്ഷേപങ്ങളുടെ പലിശനിരക്ക് ഉയർത്തിയത് ബാങ്കിന്റെ വരുമാനത്തെ സാരമായി ബാധിച്ചിരിക്കുന്നു.
8. വസ്തു ഈടിന്മേൽ വായ്പയെടുക്കുമ്പോൾ രജിസ്ട്രേഷൻ ഫീസ് 2 % കൊടുക്കേണ്ടത് വായ്പക്കാർക്കു ബുദ്ധിമുട്ടു ഉണ്ടാക്കുന്നു.

നിർദ്ദേശങ്ങൾ

1. കാർഷികോല്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് സഹകരണ മേഖലയുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
2. വനിതാസഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുക. അവയുടെ നേതൃത്വത്തിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആവിഷ്ക്കരിക്കുക, എല്ലാ വാർഡുകളിലും ബ്രാഞ്ചുകൾ ആരംഭിക്കുക.
3. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലൂടെ മത്സ്യ സംഭരണവും വിതരണവും നടത്തുക.
4. പഞ്ചായത്ത് തലത്തിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പാൽ സംഭരണവും വിതരണവും നടത്തുന്നതോടൊപ്പം കന്നുകാലി രോഗങ്ങൾക്കു വൈദ്യസഹായവും കാലിത്തീറ്റയും വിതരണം ചെയ്യാൻ കഴിയുക. കന്നുകുട്ടികളെ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുക.
5. തരളധനം 10% ആയി കുറയ്ക്കുക.
6. വാണിജ്യബാങ്കുകൾക്കു കേന്ദ്രഗവണ്മെൻറു നൽകുന്ന ഇൻസെൻറീവ് (സഹായധനം) സഹകരണ ബാങ്കുകൾക്കും അതേ തോതിൽ നൽകുക.
7. സമൂഹത്തിൻെറ അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വായ്പാപദ്ധതികൾ നടപ്പിലാക്കുവാൻ കഴിയത്തക്കവണ്ണം പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ വിപുലീകരിക്കുവാൻ ഡിപ്പാർട്ടുമെൻറും അപ്പെക്സ് ബോഡികളും ശ്രമിക്കുക.

വായ്പ കൊടുക്കുക, മുതലും പലിശയും തിരിച്ചു വാങ്ങുക എന്നീ പരിമിതമായ കടമകൾ മാത്രമാണു ഇന്നു സഹകരണ സംഘങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിൻെറ മുഖ്യപ്രശ്നം വികസനമാണ്. സഹകരണതത്വങ്ങൾക്കനുസരിച്ച് സമസ്ത മേഖലകളിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സഹകരണ സംഘങ്ങൾക്കു കഴിയണം.

പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം

അതിപുരാതനകാലം മുതൽ സാമൂഹ്യമായും, ചരിത്രപരമായും ഈ ഗ്രാമവുമായി പലതരത്തിലും ബന്ധപ്പെട്ട് കഴിഞ്ഞു വന്ന ഒരു ന്യൂനപക്ഷ ജനവിഭാഗത്തിന്റെ പിൻതലമുറയാണ് ഇന്നിവിടെ അധിവസിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗവിഭാഗക്കാർ. 30.03 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ, നാടുവാഴികളുടേയും, നാട്ടുരാജാക്കൻമാരുടേയും, ഇട ഭൂപ്രഭുക്കൻമാരുടേയും, കുടിയാൻമാരും, അടിയാന്മാരുമായി അന്യസ്ഥലങ്ങളിൽ നിന്നും കുടിയേറി വന്നവരും ഇക്കൂട്ടത്തിൽ ഉണ്ട്.

അക്കാലങ്ങളിൽ ഇവിടെ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾ, ജാതീയമായ അധഃസ്ഥിതി കൽപ്പിച്ച്, വരേണ്യ വർഗ്ഗത്തിൽ നിന്നും ഇക്കൂട്ടരെ തീണ്ടാപ്പാടകലത്തിൽ നിർത്തിയിരുന്നു. തന്മൂലം, മറ്റു ജാതി സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട ഒരു ജീവിതചര്യയാണ് ഇവർക്ക് അവലംബിക്കേണ്ടി വന്നത്. സാമൂഹ്യപരിഷ്ക്കാരത്തിന്റെ താളലയങ്ങൾക്കൊത്ത്, മറ്റു ജനസമൂഹം വളർച്ചയിലേക്ക് നീങ്ങി, അഭിവൃദ്ധി തേടിക്കൊണ്ടിരിക്കുമ്പോഴും ഇവിടുത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആ വഴി നീങ്ങാൻ തടസ്സങ്ങൾ ഏറെയായിരുന്നു. എന്നാൽ സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം, ഹരിജനോദ്ധാരണ പരിപാടികൾ പലതും സർക്കാർ തലത്തിൽ ഉണ്ടായി.

ഈ ജനവിഭാഗത്തിന്റെ സമുദ്ധാരണത്തിനുതകുന്ന മാർഗ്ഗരേഖകൾ ഭരണഘടനയിൽ അനുശാസിക്കുന്നതനുസരിച്ചുള്ള, ഹരിജനോദ്ധാരണ നടപടികൾ ഭാരതമൊട്ടാകെ അന്നു മുതൽ നടത്തിവരുന്നു. എങ്കിലും ഫലത്തിൽ ഇതിന്റെ പ്രയോജനം ലഭിച്ച് വളർച്ചയിലെത്തിയവർ വളരെ കുറച്ചു മാത്രമായി നിലനിൽക്കുന്നു. ഇന്നത്തെ പരിഷ്കൃത കാലഘട്ടത്തിലും, സമൂഹത്തിൽ ഗണ്യമായ സ്ഥാനമോ, തുല്യമായ അധികാരമോ പൂർണ്ണമായും ഇവർക്കു ലഭിക്കുന്നുണ്ടെന്നു പറയാൻ വയ്യാ. ഈ ഗ്രാമത്തിൽ തന്നെ ഇവരുടെ കാര്യത്തിലുള്ള വിഭാഗീയത പല രംഗങ്ങളിലും ഇന്നും നിലനിൽക്കുന്നതായും കാണാം.

അയ്മനം ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള പട്ടികജാതി, പട്ടികവർഗ്ഗക്കാർ അധികവും കർഷകതൊഴിലാളികളാണ്. മറ്റു ചില ഭാഗങ്ങളിൽ, അലക്കു തൊഴിലാളികൾ, തെങ്ങുകയറ്റതൊഴിലാളികൾ, തുടങ്ങിയവരും മറ്റു പലതരം കൂലി വേല ചെയ്തു ജീവിക്കുന്നതും ഉണ്ട്. കൂടാതെ ഇവരിൽപ്പെട്ട പ്രത്യേകം ചില വിഭാഗക്കാർ, - കുലത്തൊഴിൽ ചെയ്തും ഉപജീവനം നടത്തുന്നുണ്ട്. കാലാന്തരത്തിൽ കുലത്തൊഴിലിലുള്ള പ്രസക്തി ഇല്ലാതായതോടെ ഇതര ജീവിതമാർഗ്ഗം തേടിപോയവരും ഉണ്ട്. പണ്ടുമുതൽ ഇവർ കൂട്ടു കുടുംബ വ്യവസ്ഥയിൽ മക്കത്തായ ദായക്രമത്തിൽ ജീവിച്ചു വരുന്നവരാണ്. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലുള്ള ഇവരുടെ പ്രാതിനിധ്യം ഇന്നും പരിമിതം തന്നെ. അതുപോലെ ഇവരുടെ സാമ്പത്തിക നിലവാരവും വളരെ ശോചനീയമാണ്.

അയ്മനം ഗ്രാമപഞ്ചായത്തിന്റെ മുന്നിൽ രണ്ടു ഭാഗങ്ങളും വെള്ളക്കെട്ടുപ്രദേശങ്ങളാണ്. ഇത് ഒരു കാർഷിക മേഖലയായാണ് പണ്ടുമുതൽ അറിയപ്പെടുന്നത്. പ്രകൃതി കനിഞ്ഞു നൽകിയ ഐശ്വര്യങ്ങൾ എല്ലാ വിധത്തിലും ഉണ്ടെങ്കിലും, കാലമിത്രയും കടന്നുപോയിട്ടും അവ ജനോപകാര പ്രദങ്ങളാക്കാൻ ഉള്ള ബോധ പൂർവ്വമായ ഒരു ശ്രമവും നടന്നിട്ടില്ല. ഭൂരിപക്ഷം ആൾക്കാരും ചെറുകിട കർഷകരും, കർഷകത്തൊഴിലാളികളുമാണ്. മറ്റ് ഇതര വേലകൾ ചെയ്യുന്നവരും ഈ പ്രദേശങ്ങളിൽ പലയിടത്തും ഉണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 32566 ന്റെ പകുതിയിലധികം പേരും, കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ജനസംഖ്യയുടെ 4% ത്തോളം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. ഇവരുടെ ആകെ എണ്ണം 1350 ആണ്.

പട്ടികജാതി		
പുരുഷൻമാർ	652	
സ്ത്രീകൾ	645	1297
പട്ടികവർഗ്ഗം		
പുരുഷൻമാർ	28	
സ്ത്രീകൾ	25	53

വിദ്യാഭ്യാസപരമായും, സാമൂഹ്യപരമായും സ്വയം പര്യാപ്തത നേടാൻ കഴിയാത്ത ഒരു വിഭാഗമായി സ്വാതന്ത്ര്യലബ്ധിക്കുശേഷം അര നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇവർ നില നില്ക്കുന്നു എന്ന ദുഃഖസത്യം ഇന്നും അവശേഷിക്കുകയാണ്. ഗവൺമെൻറ്, ഇവരുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നൊരു ഗുരുതരമായ സത്യവും ഉണ്ട്. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ തന്നെ അതുവേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ഒരു പക്ഷേ, പ്രായോഗിക പരിജ്ഞാനം വേണ്ടത്ര ഇല്ലാത്തതുകൊണ്ടാകാം. ജനസംഖ്യയിൽ ന്യൂന

പക്ഷമായ ഇവരുടെ പ്രശ്നങ്ങൾ സർക്കാർ ഏറ്റെടുക്കണം. പ്രത്യുൽപാദനപരങ്ങളായ തൊഴിൽ രംഗങ്ങൾ കണ്ടെത്തി, വിദഗ്ദ്ധരുടെ സഹായത്തോടെ ഇവരിൽ നിന്നും വിദഗ്ദ്ധരാക്കാൻ യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് ഏതു തൊഴിൽ രംഗത്തേയും പുഷ്ടിപ്പെടുത്താൻ പറ്റിയ വിധത്തിൽ കെൽപ്പുള്ളവരാക്കിയാൽ, തൊഴിൽ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്. ഉയർന്ന ജീവിത നിലവാരം ആഗ്രഹിക്കുന്നവരാണ് ഈ വിഭാഗത്തിലുളളവർ. പക്ഷേ, എങ്ങനെ അതു സാധിച്ചെടുക്കും എന്നതാണ് അവരുടെ ഇന്നത്തെ മുഖ്യ പ്രശ്നം.

വാർഡു തിരിച്ചുള്ള കണക്ക്

പട്ടികജാതി

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ
1	95	75
2	60	59
3	110	101
4	40	42
5	40	37
6	53	45
7	21	27
8	49	52
9	41	44
10	38	40
11	68	76
12	37	47
ആകെ	652	645

(അവലംബം 1991 സെൻസസ്)

പട്ടികവർഗ്ഗം

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ
II	2	1
VI	24	23
XI	2	1
ആകെ	28	25

(അവലംബം 1991 സെൻസസ്)

(13-ാം വാർഡ് പുതിയതായി നിലവിൽ വന്നതു കൊണ്ട് 8,11 വാർഡുകളിൽ നിന്നുള്ള കണക്കിലാണ് ഇവരെ ഉൾപ്പെടുത്തിയിരിക്കുന്നത്.)

സാമൂഹ്യ സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സ്ഥിതി വളരെ പിന്നോക്കമാണെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഈ രംഗങ്ങളിലേക്ക് കടന്നുവരാൻ എന്തുകൊണ്ടോ ഇവർക്കു കഴിയുന്നില്ല. അപകർഷതാബോധവും, ആത്മ വിശ്വാസക്കുറവും, സമൂഹത്തിന്റെ മുഖ്യധാരയിൽ ഇഴുകിചേരാനുള്ള വൈമുഖ്യവും ആയിരിക്കാം ഇതിനു കാരണം. എന്നാൽ രാഷ്ട്രീയ രംഗത്ത് ചെറിയ രീതിയിൽ ചലനം സൃഷ്ടിക്കാൻ ചിലർക്കു കഴിഞ്ഞിട്ടുണ്ട്. വിരലിൽ എണ്ണാവുന്നവർ ആണെങ്കിൽ പോലും പൊതുരംഗത്ത് ഇവർ സജീവമാണ്. കർഷകതൊഴിലാളിരംഗത്ത് കാര്യമായി മുന്നേറാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. കർഷകതൊഴിലാളികളിൽ നല്ലൊരു ഭാഗം പരമ്പരാഗതമായി പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്. ഈ പഞ്ചായത്തിൽ കർഷക തൊഴിലാളി സംഘടനകൾ വളരെ മുന്നിലാണ്. ഈ തൊഴിലാളി സംഘടനകളിലെ എല്ലാ അംഗങ്ങൾക്കും സർക്കാർ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ക്ഷേമനിധി ലഭിക്കുന്നത് കൂടുതലും ഈ വിഭാഗത്തിലെ ജനങ്ങൾക്കാണ്. കൂടാതെ, സർക്കാർ 1980 ൽ ഏർപ്പെടുത്തിയ കർഷകതൊഴിലാളി പെൻഷനും ഈ വിഭാഗത്തിനു ലഭിക്കുന്നുണ്ട്. അങ്ങനെ കർഷക തൊഴിലാളി രംഗത്ത് രാഷ്ട്രീയമായ മാറ്റം വരുത്തുന്നതിൽ ഈ വിഭാഗക്കാർ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ മറ്റു മേഖലകളിൽ ഈ മാറ്റം കാണാൻ കഴിയുന്നില്ല.

പരമ്പരാഗതമായി നിലനിന്നു പോരുന്ന സാമൂഹ്യ പിന്നോക്കാവസ്ഥയും, പൊതുരംഗത്ത് മുന്നണിയിൽ വരാനുള്ള വൈമുഖ്യവും കാരണം സാമൂഹിക, സാംസ്കാരിക, രംഗങ്ങളിൽ ഈ വിഭാഗത്തിൽപ്പെടുന്നവരുടെ പ്രാതിനിധ്യം വളരെ കുറവാണ്. സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ വേണ്ടവിധം പ്രയോജനപ്പെടുത്താത്തതു മൂലം ഉദ്ദേശിക്കുന്ന യഥാർത്ഥ സാമൂഹിക വളർച്ച ഈ വിഭാഗത്തിനു നിക്ഷേധിക്കപ്പെടുന്നു. 1992-93 മുതൽ, 1995-96 വരെയുള്ള നാലുവർഷങ്ങളിൽ ദരിദ്ര രേഖയ്ക്കു താഴെയുള്ള 108 കുടുംബങ്ങൾ ഉണ്ടായിട്ടും 43 കുടുംബങ്ങൾക്കു മാത്രമേ സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞുള്ളു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ഈ രംഗത്ത് കൂടുതൽ ശക്തമായ വികസനവും, ജാഗ്രതയും ആവശ്യമാണ്. മറ്റു മുന്നോക്കവിഭാഗക്കാരിൽ നിന്ന് വേറിട്ടുനിൽക്കാനാണ് ഇവർ എപ്പോഴും ശ്രമിക്കുന്നത്. ജാതി പേരു പറഞ്ഞു വിളിക്കുന്നത് ഇന്നും പല സ്ഥലങ്ങളിലും നിലനിൽക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ അങ്ങനെ പറഞ്ഞാലേ ഇവരെ അറിയുകയുള്ളു. ഈ രീതി പാടെ മാറ്റേണ്ടതാണ്. ജാതി പറഞ്ഞുള്ള തരം താഴ്ത്തലുകളും, ജാതിപരമായ ഉച്ചനീചത്വങ്ങളും ഇന്നും ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്.

ഈ പഞ്ചായത്തു കേന്ദ്രീകരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി ഒരു സഹകരണ സംഘമുണ്ട്. ആദ്യകാലത്ത് നല്ല രീതിയിൽ പ്രവർത്തനം നടത്തിയിരുന്നെങ്കിലും, ഇന്നത്തെ പ്രവർത്തനങ്ങൾ ഈ വിഭാഗക്കാർക്ക് ഗുണകരമായ രീതിയിലല്ല. പ്രത്യുൽപാദനപരമായ തൊഴിൽ സംരംഭങ്ങൾ നടപ്പാക്കുന്നതിൽ ഈ സംഘം ഒരു പരാജയമാണ്. പഞ്ചായത്തിലുള്ള മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരേയും ഈ സംഘത്തിൽ അംഗങ്ങളാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. തെരഞ്ഞെടുപ്പ് അടുക്കുന്ന അവസരങ്ങളിൽ മാത്രം കുറെ ആൾക്കാരെ കണ്ടെത്തി അംഗങ്ങളാക്കാൻ ശ്രമിക്കുകയാണ് പതിവ്. കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാറുണ്ട്. കൂടാതെ സർക്കാരിൽ നിന്ന് പല സഹായങ്ങളും ലഭിക്കാറുണ്ടെന്നാണ് അറിവ്. ഫണ്ടും ആവശ്യമായ തോതിൽ ഉണ്ട്. ഓഹരിക്കാർ എടുക്കുന്ന വായ്പകൾ തിരിച്ചടക്കാറില്ല എന്ന കുറ്റകരമായ അനാസ്ഥ നിലവിലുണ്ട്. വായ്പ എടുക്കുന്ന ആൾക്കാർ ദരിദ്രരാണ് എന്നൊരു പ്രശ്നവും, വായ്പ തിരിച്ചടക്കാൻ സാധിക്കാത്തതിന് കാരണമാണ്. ഇക്കൂട്ടത്തിൽ സാമ്പത്തിക ഭദ്രത ഉള്ളവരും കുടിശ്ശികക്കാരാണ്. ഇവരിൽ നിന്നും വായ്പ തിരിച്ചു ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയാൽ ഈ വിഭാഗക്കാർക്ക് ആശ്വാസമാകും ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാരുടെ മറ്റൊരു പ്രധാന പ്രശ്നം പാർപ്പിടമാണ്. വീടില്ലാത്ത എല്ലാവർക്കും സ്വന്തമായി വീടുണ്ടാകണം. കൂടാതെ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുള്ള എല്ലാവരുടെയും വീടുകൾ പൊളിച്ചു മാറ്റി പുതിയ വീടുകൾ വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം, കൊടുക്കുകയോ, സർക്കാർ നേരിട്ടു നിർമ്മിച്ചു കൊടുക്കുകയോ വേണം. റോഡു, തോടു പുറം പോക്കുകളിൽ താമസിക്കുന്ന ഈ വിഭാഗക്കാർക്ക് അവരവർ താമസിക്കുന്ന പുറം പോക്കുകളുടെ പട്ടയമോ, കൈവശാവകാശമോ നൽകി, അവിടെ ജീവിക്കുവാൻ ഉതകുന്ന വിധത്തിലുള്ള ഭവനങ്ങൾ വച്ചു കൊടുക്കണം. അതോടൊപ്പം സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാനുള്ള പദ്ധതി ഏർപ്പെടുത്തുകയും, അതിൽ വീടുകൾ നിർമ്മിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുകയും വേണം കോളനി നിവാസികളോ, അല്ലാത്തവരോ ആയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൂട്ടുകുടുംബങ്ങളെ, അവരുടെ ജീവിത ക്ലേശങ്ങൾ ഇല്ലാതാക്കാൻ പ്രത്യേകം പ്രത്യേകം പുനരധിവസിപ്പിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ച് ജീവിത സൗകര്യം വർദ്ധിപ്പിക്കണം. തീർത്തും നിർദ്ധനരായ കുടുംബങ്ങൾക്ക് സൗജന്യമായിത്തന്നെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. അടുത്ത പദ്ധതികാലത്ത് ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകളും വൈദ്യുതീകരിച്ചിരിക്കണം. ഈ പഞ്ചായത്തിൽ പട്ടികജാതി കോളനി എന്ന നിലയിൽ ഒരു കോളനി (ഒളശ്ശ, വട്ടുകളം കോളനി) മാത്രമേയുള്ളു. പഞ്ചായത്തിലെ സ്വന്തം വീടില്ലാത്ത പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമിയും, അതിൽ നല്ല വീടുകളും വച്ചു കൊടുക്കുന്നതോടൊപ്പം, ദളിതക്രൈസ്തവ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും സ്വന്തമായി വീടുവച്ചു കൊടുക്കേണ്ടതാണ്. സ്വന്തമായി വീടില്ലാത്ത ഈ വിഭാഗത്തിൽപ്പെട്ടവർ ഈ ഗ്രാമപഞ്ചായത്തിൽ ധാരാളം ഉണ്ട്. അവരുടെ സർവ്വേ എടുത്ത് കൃത്യമായും പാർപ്പിട സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്.

അയ്മനം പഞ്ചായത്തു പോലുള്ള ഒരു പ്രദേശത്ത് അത്യാവശ്യമായും വേണ്ടത് വൈദ്യുതിയാണ്. പദ്ധതി എട്ടുകഴിഞ്ഞിട്ടും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. എല്ലാ പഞ്ചായത്തു റോഡുകളിലും അൻപതു മീറ്റർ ഇടവിട്ട് വഴി വിളക്കുകൾ സ്ഥാപിക്കണം. ഒരൊറ്റ വീടുപോലും സാങ്കേതിക തടസ്സം കൊണ്ട് വൈദ്യുതീകരിക്കാതിരിക്കാൻ അവസരം ഉണ്ടാകരുത്. വഴിവിളക്കില്ലാതെ ഈ പഞ്ചായത്തിലെ പടിഞ്ഞാറൻ വാർഡുകളിൽ സഞ്ചരിക്കാൻ വലിയ ബുദ്ധിമുട്ടാണ്.

കൂടാതെ, പഞ്ചായത്തിലെ, പഞ്ചായത്തു റോഡുകളല്ലാത്ത എല്ലാ ഇടവഴികളും, അത്യാവശ്യം വാഹനങ്ങൾ കയറി വരത്തക്കവിധം വീതികൂട്ടി സഞ്ചാരയോഗ്യവും, വാഹനഗതാഗതയോഗ്യവും ആക്കണം. ഈ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കേണ്ടതാണ്. അപകടഘട്ടമുണ്ടാകുമ്പോൾ രോഗികളെ ആശുപത്രികളിൽ എത്തിക്കാൻ ഇതു കൂടിയേ തീരൂ.

ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ 96% രണ്ടു മുതൽ 10 സെൻറു വരെ അളവിൽ ഭൂമിയുള്ളവരായതുകൊണ്ട് എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം. 9-ാം വാർഡിലെ പിച്ചനാട് ലക്ഷം വീട് കോളനിയിലേക്ക് പൈപ്പ്ലൈൻ നീട്ടിക്കൊടുക്കണം. കൂടാതെ ഈ കോളനിയിൽ തന്നെയുള്ള രണ്ടു കിണറുകളും കാലാകാലങ്ങളിൽ തേകി വൃത്തിയാക്കിയാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരടക്കം വരുന്ന കോളനി നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും. ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജലസംഭരണികൾ വികസിപ്പിച്ച്, പഞ്ചായത്തിലെ പതിമൂന്നു വാർഡുകളിലും ശുദ്ധജലം എത്തിക്കാനുള്ള സത്വരനടപടികൾ ഒൻപതാം പദ്ധതിയിൽ ആവിഷ്ക്കരിക്കണം. എങ്കിൽ മാത്രമേ ഈ വിഭാഗത്തിൽപെട്ടവർക്കും കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. ഒളശ്ശയിലെ പട്ടികജാതി കോളനിയുടെ സമീപം വരെ പൈപ്പു ലൈൻ കടന്നുവന്നിട്ടുണ്ട്. ഇത് കോളനിയിലേയ്ക്കു കൂടി വ്യാപിപ്പിക്കേണ്ടതാണ്.

SC/ST വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസപുരോഗതി താഴോട്ടാണ്. ഈ രീതി തടയണം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർ വിരളമാണ്. ഉന്നത വിദ്യാഭ്യാസമോ, സാങ്കേതിക വിദ്യാഭ്യാസമോ നേടിയിട്ടുള്ളവർ തുലോം കുറവാണ്. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഉണ്ടെങ്കിൽ പോലും വിദ്യാഭ്യാസം ഇടയ്ക്കു വച്ച് നിർത്തി വയ്ക്കേണ്ടി വരുന്ന സാഹചര്യം ചില വിദ്യാർത്ഥികൾക്ക് നേരിടേണ്ടിവരുന്നു.

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള അറിവില്ലായ്മ ഇന്നും നിലനിൽക്കുന്നുണ്ട്. പത്താംതരം വരെ എത്തിയവരും അതിൽ താഴെയുള്ളവരും തൊഴിൽ രഹിതരോ, കൂലിപ്പണി ചെയ്യുന്നവരോ ആണ്. സാക്ഷരത പ്രവർത്തനത്തിലൂടെ സാക്ഷരരായവർ പോലും, തുടർ വിദ്യാഭ്യാസം കിട്ടായ്കയാൽ നിരക്ഷരരായി വീണ്ടും പിന്നോക്കം പോയി. അതിനാൽ തുടർവിദ്യാഭ്യാസം പുനരാവിഷ്ക്കരിക്കണം. ഇന്നു സ്കൂളിൽ പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗവിഭാഗം കുട്ടികൾക്ക് പഠിത്തം തുടരുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്. SC/ST വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇന്നുള്ള ആനുകൂല്യങ്ങൾ അപര്യാപ്തമാണ്. ഇവരുടെ തുടർന്നുള്ള വിദ്യാഭ്യാസത്തിന് കൂടുതൽ ആനുകൂല്യങ്ങളും സംരക്ഷണവും ആവശ്യമാണ്. പത്താം ക്ലാസ്സുവരെ സൗജന്യമായി പാഠപുസ്തകങ്ങളും, പാഠ്യോപകരണങ്ങളും, യൂണിഫോറങ്ങളും കൊടുക്കണം. കൂടാതെ യാത്രാ സൗകര്യങ്ങളും ഈ രീതിയിലാക്കണം. കരീമഠം U.P സ്കൂൾ ഹൈസ്കൂൾ ആക്കി മാറ്റിയാൽ 1,3 വാർഡുകളിലുള്ള കുട്ടികൾക്കും, സമീപ വാർഡുകളിലെ കുട്ടികൾക്കും ഉപകാരപ്രദമായിരിക്കും. അതുപോലെ, അയ്മനം PJM U.P സ്കൂൾ. ഈ വിഭാഗത്തിലെ വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് ട്യൂഷൻ ക്ലാസ്സുകൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്തുകൊടുക്കേണ്ടതാണ്. ഇത് സ്വയം തൊഴിലിന് ഒരു കാരണമാകും. ബിരുദവും, ബിരുദാനന്തരബിരുദവും, സാങ്കേതികവിദ്യാഭ്യാസവും നേടിയവർ ചുരുക്കമായിട്ടെങ്കിലും ഇവരുടെ ഇടയിൽ ഉണ്ട്.

മൊത്തത്തിലുള്ള തൊഴിലില്ലായ്മ ഇവരേയും ബാധിച്ചിട്ടുണ്ട്. എന്നാലും ബിരുദം നേടിയ തൊഴിൽ രഹിതർ കുറവാണ്. പത്താംതരം വരെ പഠിത്തമുള്ളവർ തൊഴിലില്ലാത്തവരാണ് അധികവും. ഇവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം. വിവിധയിനം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിതമായാൽ കുറെയൊക്കെ തൊഴിലില്ലായ്മ പരിഹരിക്കാം. തൊഴിൽ രഹിതർക്ക് ഈ വക സൗകര്യങ്ങൾ ഉണ്ടാകുന്നതിന് ഉദാരവ്യവസ്ഥയിൽ ധനസഹായം നൽകേണ്ടതാണ്. സർക്കാരിന്റെ ഇന്നത്തെ രീതിയിലുള്ള ആനുകൂല്യങ്ങൾ വേണ്ടവണ്ണം പ്രയോജനപ്പെടുത്തുവാനുള്ള പരിജ്ഞാനമില്ലായ്മയും ഇവർക്കുണ്ട്. പുതിയ പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ ഇവർക്ക് ലഭ്യമാക്കണം. പ്രായം ചെന്നവരെ പ്രത്യേകമായി സംരക്ഷിക്കേണ്ടതുണ്ട്. ഇന്നു കിട്ടുന്ന വാർദ്ധക്യപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ ഇവയൊന്നും ഇന്നത്തെ രീതിക്ക് ഇവർക്കുതകുന്നില്ല. ഈ വക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ക്ഷേമനിധികൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സാമ്പത്തിക പരാധിനത ഇവരുടെ ജീവിതചര്യകളെ സാരമായിത്തന്നെ ബാധിക്കുന്നു. വിവിധ തൊഴിലുകൾ സ്വീകരിച്ചിരിക്കുന്ന ഇവരുടെ കുടുംബങ്ങൾ കടുത്ത ദാരിദ്ര്യത്തെ നേരിടുകയാണ്. അതുകൊണ്ടുതന്നെ ആരോഗ്യപരമായും വളരെ മോശമാണ് ഇവരുടെ ജീവിതം. ആരോഗ്യപരിപാലനത്തെപ്പറ്റിയുള്ള ബോധവൽക്കരണം ഇവരുടെ ഇടയിൽ ഇല്ല തന്നെ. പല വിധത്തിലുള്ള ചെറുതും വലുതമായ രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുന്നവർ ധാരാളമാണ്. സ്ത്രീകളും കുട്ടികളും ആരോഗ്യപരമായി വളരെ പിന്നിലാണ്. ശുചിത്വമില്ലായ്മ ഒരു കാരണമാണെങ്കിൽ മദ്യപാനം മറ്റൊരു പ്രധാന ഘടകമാണ്. ഇതിനെല്ലാം ഉയർന്ന ബോധ വൽക്കരണം തന്നെ നൽകേണ്ടതുണ്ട്. കക്കൂസ് ഇല്ലാത്ത മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും സൗജന്യമായിത്തന്നെ കക്കൂസ് നിർമ്മിച്ചു കൊടുക്കണം. സ്ഥലക്കുറവ് ഉള്ളതുകൊണ്ട് ആധുനികരീതിയിലുള്ള മലിനീകരണമുണ്ടാകാത്ത, വെള്ളപ്പൊക്കത്തെ ചെറുക്കുന്ന കക്കൂസുകൾ തന്നെയാണ് ഇവിടുത്തെ ഭൂപ്രകൃതിക്കു പറ്റിയത്. അത്തരത്തിലുള്ള കക്കൂസുകൾ ഓരോ കുടുംബത്തിനും ഉണ്ടായിരിക്കത്തക്ക പദ്ധതികൾ തന്നെ ഉണ്ടാകണം. ആരോഗ്യപരിപാലനത്തിന്, ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. മുഴുവൻ സമയ സേവനം ലഭിക്കത്തക്കവിധം ഡോക്ടർമാരെ നിയമിക്കുക, സ്റ്റാഫ് നേഴ്സുമാരെ നിയമിക്കുക, ആശുപത്രിയിൽ ശുദ്ധജലം ലഭിക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക. ഇവയെല്ലാം യുദ്ധകാല അടിസ്ഥാനത്തിൽ തന്നെ ഉണ്ടാകേണ്ടതാണ്.

അയ്മനം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ സർവ്വേ നടത്തി, ഓരോ കുടുംബതതിലേയും, അംഗങ്ങളുടെ പേരും, തൊഴിലും, വിദ്യാഭ്യാസവും ഉൾപ്പെടുന്ന സ്ഥിതി വിവരകണക്കുകളുടെ പട്ടിക തയ്യാറാക്കി പുസ്തരൂപത്തിൽ പട്ടികജാതി / പട്ടികവർഗ്ഗ ആഫീസുകൾ വഴി വിതരണം ചെയ്താൽ; ആശുപത്രി, വില്ലേജാഫീസ്, പഞ്ചായത്താഫീസ്, താലൂക്കാഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും, സർട്ടിഫിക്കറ്റുകൾക്കും ഒരു തെളിവായി ഉപയോഗിക്കാൻ സാധിക്കും.

വിഭവസമാഹരണം

വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന മുഖ്യപ്രതിസന്ധികളിലൊന്നു കാർഷിക മേഖലയിലെ മുരടിപ്പാണ്. കാർഷികരംഗത്തെ മുതൽമുടക്കിൽ നിന്നും കൃഷിക്കാർ പിന്നോക്കം പോകുന്നതായാണു കാണുന്നത്. ആവർത്തിച്ചുണ്ടാകുന്ന കൃഷിനാശങ്ങൾ കർഷകരെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കുന്നു. കാർഷികവിളകളുടെ വിലയിലെ സ്ഥിരതയില്ലായ്മ, കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവയുടെ അമിതമായ വില, കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് ഇവ കാർഷികരംഗത്തെ മുരടിപ്പിന്റെ മുഖ്യകാരണങ്ങളാണ്. രാസവളത്തിന്റെ അശാസ്ത്രീയമായ ഉപയോഗം, കർഷകർക്കിടയിൽ ഐക്യമില്ലായ്മ ഇവയും പ്രശ്നങ്ങളാണ്.

വ്യാവസായിക മേഖല പരിശോധിച്ചാൽ കാര്യമായ വ്യവസായ സംരഭങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ട് എന്നു പറയാൻ കഴിയത്തില്ല. ഏതാനും ചെറിയ വ്യവസായ സംരംഭങ്ങളാണുള്ളത്. തടിയും റബ്ബറും ഉപയോഗിച്ചുള്ള സംരംഭങ്ങളാണു് അവയിലേറെയും. ഇവിടെയും അസംസ്കൃത വസ്തുക്കളുടെ അമിതവില വ്യവസായ മേഖലയെ മുരടിപ്പിലേക്കു നയിക്കുന്നു. വൈദ്യുതിയുടെ ലഭ്യതക്കുറവ് പ്രശ്നമാണ്.

ഈ രണ്ടു മേഖലകളിലും ഫലപ്രദമായി ഗ്രാമപഞ്ചായത്തുകൾക്കു ഇടപെടാൻ കഴിഞ്ഞാലേ മുരടിപ്പു മാറ്റി മുന്നേറാൻ കഴിയുകയുള്ളു.

ഇതോടൊപ്പം ഈ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകൾ ഇവിടെ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങളിൽ ചെറിയൊരു ശതമാനം മാത്രമേ ഇവിടെ വിവിധ ആവശ്യങ്ങൾക്കു വായ്പയായി നൽകുന്നുള്ളു. അതുമാറി സിംഹഭാഗവും ഇവിടെതന്നെ വിനിയോഗിക്കാൻ കഴിയുന്ന സ്ഥിതി ഉണ്ടാക്കണം. അതുപോലെ സഹകരണ ബാങ്കുകൾ കാർഷിക മേഖലയിലെ മുതൽ മുടക്കുകൾ വർദ്ധിപ്പിക്കാനുള്ള സമീപനവും സ്വീകരിക്കേണ്ടതാണ്.

അയ്മനം ഗ്രാമപഞ്ചായത്തിലെ 95-96 ലെ ധനസ്ഥിതി.

ഇനം	പിരിക്കേണ്ട തുക	പിരിച്ച തുക	ബാക്കി
കെട്ടിടനികുതി	482645.20	335087.70	145577.50
സർവ്വീസ് ചാർജ്	89320.40	61927.10	27393.30
തൊഴിൽ നികുതി	202525.00	127192.00	75333.00
വിനോദ നികുതി	5670.00	5670	
അധിക വിനോദ നികുതി	3517.50	3517.50	
പ്രദർശന നികുതി	1377.00	1377.00	
പ്രദർശന നികുതി സർ ചാർജ്	344.25	344.25	
ലൈസൻസ് ഫീസ്	5140.00	5140.00	
വസ്തു കൈമാറ്റ നികുതി	206682.00	206682.00	
സർക്കാർ ഗ്രാൻറുകളും മറ്റും	100000.00	100000.00	
ഡെപ്പോസിറ്റ്	14470.00	14470.00	
ആകെ	1111695.5	861407.55	250283.80

പുതിയ പഞ്ചായത്ത് രാജ് സംവിധാനപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും 95-96-ൽ അനുവദിച്ച തുകകൾ.

വകുപ്പുകൾ	പദ്ധതി വിഹിതം	പദ്ധതിയിതര വിഹിതം	ആകെ
മൃഗസംരക്ഷണം	1314	-	1314
ആരോഗ്യം	61895	1662	63557
കൃഷി	1121910	-	1121910
PWD	14600	-	14600
ഹരിജനക്ഷേമം	2000	419	2419
ആകെ	1201719	3581	1205300

ഇപ്പോൾ പഞ്ചായത്തിലുള്ള 9502 വീടുകളിൽ 6828 വീടുകൾ മാത്രമേ വീട്ടുകരം അടയ്ക്കേണ്ടതായിട്ടുള്ളു. ഈ നികുതി കൃത്യമായും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. 95-96 ലെ വീട്ടുകരത്തിൽ 22.5 ശതമാനത്തോളം തുക കുടിശികയായി നിൽക്കുന്ന സ്ഥിതിയുണ്ട്. ലൈസൻസ് ഫീസിന്റെ രംഗത്ത് മുൻവർഷത്തെ അപേക്ഷിച്ചു 57 ശതമാനം കുറവാണ്. സ്ലോൾസ്കെയിൽ ഇൻഡസ്ട്രീസ് 5 വർഷത്തെ നികുതി ഒന്നിച്ചടയ്ക്കണമെന്ന ഗവ. നിർദ്ദേശമാണ് ഈ ദുസ്ഥിതിക്കു കാരണമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്.

നമ്മുടെ പഞ്ചായത്തിൽ നിരവധി കൊച്ചുകൊച്ചു വ്യാപാരസ്ഥാപനങ്ങളും കൈത്തൊഴിൽ യൂണിറ്റുകളും ഉണ്ട്. ഇവരെയെല്ലാം നികുതിയുടെ പരിധിയിലേക്ക് കൊണ്ട്വരണം. നികുതി ഇവർക്ക് ഒരു ഭാരമായി മാറാതെ ശ്രദ്ധിക്കണം.

നികുതി പിരിവ് പൂർണ്ണമാക്കാൻ വാർഡു മെമ്പറന്മാരും ഗ്രാമസഭകളും സഹായിക്കണം.

വീട്ടുകരം അസ്സസ്സ് ചെയ്യുന്നതു ഏതു മാനദണ്ഡത്തിലാണ് എന്നു എല്ലാ വീട്ടുകാരേയും ബോധ്യപ്പെടുത്താൻ കഴിയുന്ന സമീപനം ഇന്നില്ല. അത്തരമൊരു സമീപനം ഉണ്ടായാൽ വീട്ടുകരത്തിലെ അസന്തുലിതാവസ്ഥ പരിഹരിക്കാനും മുഴുവൻ നികുതിയും പിരിച്ചെടുക്കാനും കഴിയുന്ന സ്ഥിതി ഉണ്ടാകും. അതുപോലെ ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കണം.

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണം	759409.75
പൊതുമരാമത്ത്	54187.00
വിദ്യാഭ്യാസം	10759.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	475.00
തെരുവു വിളക്കുകൾ	143136.00
മറ്റുള്ളവ	394364.55
ആകെ	1362331.30

പഞ്ചായത്തിന്റെ ഭരണച്ചെലവും വരുമാനമാർഗ്ഗങ്ങളും പരിശോധിച്ചാൽ, വികസനപ്രവർത്തനങ്ങൾക്കു കാര്യമായ തുക ലഭിക്കാത്ത സാഹചര്യമാണ് ഉള്ളത്. അക്കാര്യത്തിൽ മാറ്റമുണ്ടാകണം. ഭരണച്ചെലവ് കുറയ്ക്കാൻ കഴിയത്തില്ല. അപ്പോൾ വിഭവ സമാഹരണം ഉയരണം. ഇത് ജനങ്ങളുടെ ഒരു ഭാരമാകാൻ ഇടയാകുകയുമരുത്.

ഇത് സാദ്ധ്യമാക്കാൻ താഴെപ്പറയുന്ന സമീപനങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. ഗ്രാമീണർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവിളകളും മത്സ്യങ്ങളും വിറ്റഴിക്കുന്നതിനുള്ള ഒന്നിലധികം കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ആരംഭിക്കാവുന്നതാണ്. ഇവിടെ ജനങ്ങൾക്ക് ഇടത്തട്ടുകാരില്ലാതെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയും. ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാകും. പഞ്ചായത്തിന് ഇവരിൽ നിന്നും (കച്ചവടക്കാർ) ഒരു ചെറിയ നികുതി ഈടാക്കാൻ കഴിയും

2. കച്ചവടം തുടങ്ങുന്നതിന് ഈടാക്കുന്ന ലൈസൻസ് ഫീസ് ശരിയായ രീതിയിൽ പിരിച്ചെടുക്കാനുള്ള സംവിധാനം ഇല്ല. വാർഡുതോറും കച്ചവടക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയും ഫീസ് ഈടാക്കുകയും ചെയ്യണം.

3. സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽകരം പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

4. വിവാഹരജിസ്ട്രേഷൻ നിർബന്ധിതമാക്കി മാറ്റുകയും അതിന്റെ സർട്ടിഫിക്കറ്റിന് ഒരു ചെറിയ ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. Building rules - പഞ്ചായത്തിൽ പ്രാവർത്തികമാക്കുവാൻ കഴിയുമോ എന്നു പരിശോധിക്കണം.

6. പഞ്ചായത്തിൽ കിടന്നു ഓടുന്ന വാഹനങ്ങൾ ഫീസിന് വിധേയമാക്കണം.

7. വിനോദനികുതി ഇന്നു ഈടാക്കുന്ന രീതി അഴിമതിക്ക് ഇടയാക്കുന്നു. വരുമാനം കുറയ്ക്കാൻ ഇടവരുത്തുന്നു. അതിനാൽ ഈ രീതി മാറ്റി കോമ്പൗണ്ടിംഗ് സമ്പ്രദായം പരിശോധിക്കാവുന്നതാണ്.

8. ദേശീയ സമ്പാദ്യപദ്ധതിയിലേക്കുള്ള പിരിവിന്റെ നിശ്ചിതശതമാനം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഇന്നു ലഭിക്കുന്നുണ്ട്. ആ സാഹചര്യത്തിൽ ഇതിലേക്കുള്ള നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് സമിതി തയ്യാറാകണം. ഇത് പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് കൂടുതൽ തുക ലഭ്യമാക്കും.

9. ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകൾ അവരുടെ നിക്ഷേപത്തിന്റെ സിംഹഭാഗവും ഇവിടെത്തന്നെ ചെലവഴിക്കുവാൻ കഴിയുന്ന സ്ഥിതിയിലേക്ക് അവരുടെ പ്രവർത്തനത്തെ തിരിച്ചുവിടണം. ഇവയെല്ലാം ഡിപ്പോസിറ്റിന്റെ ചെറിയൊരു ഭാഗം മാത്രമേ ഉല്പാദന മേഖലയിൽ ഇന്നു നിക്ഷേപിക്കുന്നുള്ളു. ഈ സ്ഥിതിയിൽ മാറ്റം ഉണ്ടാക്കണം.

10. 150 ചതുരമീറ്ററിൽ കൂടുതൽ Plinth Area ഉള്ള പുതിയ വീടുകൾക്കു സെസ്സ് ഏർപ്പെടുത്താവുന്നതാണ്.

ഉപസംഹാരം

അയ്മനം ഗ്രാമപഞ്ചായത്തിന്റെ അഞ്ചാമത്തെ ഭരണസമിതി 1995 ഒക്ടോബർ 2-ാം തീയതി അധികാര മേറ്റു. പുതിയ പഞ്ചായത്തീരാജ് നിയമമനുസരിച്ച് കൂടുതൽ അധികാരങ്ങളും അതിലുപരി ചുമതലകളും ഏറ്റെടുത്തു ജനക്ഷേമകരമായി പ്രവർത്തിക്കുവാനുള്ള ആദ്യഭരണസമിതിയാണു ഞങ്ങളുടേത്. വിഭവശേഷി കുറഞ്ഞ പഞ്ചായത്താകയാൽ ജനങ്ങൾ ആഗ്രഹിക്കുന്നതു പോലെ സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല. എങ്കിലും ജനപങ്കാളിത്തത്തോടുകൂടി ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനമാണ് ഈ ഭരണസമിതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതു സോഷ്യലിസ്റ്റു പ്രക്രിയയുടെ ഭാഗവും നല്ല തുടക്കവുമായി ജനങ്ങൾ അംഗീകരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. എല്ലാ പ്രവർത്തനങ്ങളിലും ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ടും അതുപോലെ തന്നെ പഞ്ചായത്തുഭരണം അഴിമതി രഹിതമായി നടത്തുന്നതിനും ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി വിഭവശേഷി കുറവായതിനാൽ കാര്യമായ വികസനപ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ ചുരുങ്ങിയ വരുമാനം കൊണ്ടും ജെ.ആർ.വൈ, ഉപാധിരഹിതഫണ്ട് മുതലായവ ഉപയോഗിച്ചും ഏതാണ്ട് 15 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ നേടിയെടുക്കുന്നതിന് സജീവമായി പ്രവർത്തിച്ചുവരികയുമാണ്.

ഗ്രാമവാസികളുടെ കലാപരവും കായികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കേരളോത്സവം, ഓണാഘോഷം എന്നിവ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി സാക്ഷരതാ സമിതിയുടെയും പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. പുനരർപ്പണദിനവും കർഷകദിനവും വളരെ നല്ല നിലയിൽ നടത്തപ്പെട്ടു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ സ്വന്തമായി ഒരു മൃഗാശുപത്രി പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി 13 വാർഡുകളിലുമായി 26 പ്രധാന കേന്ദ്രങ്ങളിൽ വാർത്താബോർഡുകൾ സ്ഥാപിച്ചു.

മേൽ വിവരിച്ച പ്രവർത്തനങ്ങൾക്കെല്ലാം ജനങ്ങളുടേയും എന്റെ സഹപ്രവർത്തകരുടേയും നിർലോഭമായ സഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്.

ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന മഹാത്മജിയുടെ വാക്കുകളുടെ അർത്ഥവും വ്യാപ്തിയും പൂർണ്ണമായി ഉൾക്കൊണ്ട് ഈ ഗ്രാമത്തിന്റെ പുരോഗതി ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലുള്ള ഗ്രാമസ്വരാജ് എക്സ്റ്റൻഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങളും ഈ അവസരത്തിൽ വളരെ ശ്രദ്ധേയമാണ്.

അയ്മനം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗ്രാമവികസനത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ് ഈ റിപ്പോർട്ട്. വിശേഷാൽ ഗ്രാമസഭകളിലൂടെയും പഠനപര്യടനങ്ങളിലൂടെയും പുരാണഗ്രന്ഥങ്ങളിൽ നിന്നും താളിയോലകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ഈ വികസനറിപ്പോർട്ട് തയ്യാറാക്കുവാൻ സഹായകമായി. ഗ്രാമത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും അറിവു നൽകാൻ പര്യാപ്തമായ ഈ വികസന റിപ്പോർട്ടു തയ്യാറാക്കുവാൻ ജനങ്ങളുടെ പൂർണ്ണസഹകരണം ലഭിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന 12 വിഷയഗ്രൂപ്പുകളും സമഗ്രമായി ചർച്ച ചെയ്തു വികസനറിപ്പോർട്ട് സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ മെച്ചപ്പെടുത്തി ഐശ്വര്യപൂർണ്ണമായ നല്ല നാളെ നമ്മുടേതാക്കാൻ ജനങ്ങളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും എല്ലാം ഒത്തു ചേർന്ന് "ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി"യായി പ്രാവർത്തികമാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഉഷാ ബാലചന്ദ്രൻ,

പ്രസിഡൻറ്

അയ്മനം ഗ്രാമപഞ്ചായത്ത്.

പരിശീലനം ലഭിച്ച ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും

1.	ബാബു ഏബ്രാഹം	പഞ്ചായത്തു മെമ്പർ
2.	കെ.സി.ചാണ്ടി	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
3.	പുഷ്പവല്ലി രാജപ്പൻ	പഞ്ചായത്തുമെമ്പർ
4.	കുടമാളൂർ സെബാസ്റ്റ്യൻ	,,
5.	പി.വി. ശുശീലൻ	,,
6.	വി.എൻ. മുഹമ്മദ് ഇസ്മയിൽ	ഗ്രാമപ്പഞ്ചായത്ത് വികസനസമിതി കൺവീനർ (ഡി.ആർ.പി)
7.	ഒ.എൻ. ഗോപിനാഥൻ	ഡി. ആർ. പി.
8.	വി. കെ. രാജശേഖരൻ നായർ	,,
9.	കെ. കെ. കരുണാകരൻ	,,
10.	സി.പി.ദാമോദരൻ	,,
11.	പി.കെ.ഗോവിന്ദൻ	,,
12.	എം.എൻ.കമലൻ	എൽ. ആർ.പി.
13.	കെ.എ. ശശിധരൻ	,,
14.	ആർ.സി.നായർ	,,
15.	തങ്കമ്മ കുര്യൻ	പഞ്ചായത്തു മെമ്പർ

